# ആത്മാവിന്റെ നിറവിൽ–10

കേരള ലത്തീൻ കത്തോലിക്കാസഭയുടെ വിശ്വാസപരിശീലന പാഠാവലി



# ക്രിസ്തീയ യുവത്വം

# Atmavinte Niravil - 10

## Christeeya Yuvathwam



Published by
Kerala Regional Latin Catholic Bishops' Council
Commission for Catechetics
Carmelgiri, P.B. No. 620, U.C. College P.O., Aluva

First Published
May, 2010
10th Impression May 2019

Copy right
KRLCBC
Commission for Catechetics

Design & Layout
Lajan Orakle, Kochi-18

Printing
Green Offset, Mukkam

Distribution
Secretary
KRLCBC, Commission for Catechetics
Kerala Region Latin Catholic Secretariat (KRLCS)
Carmelgiri, P.B. No. 620, U.C. College P.O., Aluva
Phone : 0484 - 2603705, 09447508112

Imprimatur

Most Rev. Dr. Daniel Acharuparambil, Archbishop of Verapoly
Most Rev. Dr. Soosa Pakiam, Archbishop of Trivandrum
Rt. Rev. Dr. Francis Kallarakal, Bishop of Kottapuram
Rt. Rev. Dr. Vincent Samuel, Bishop of Neyyatinkara
Rt. Rev. Dr. Varghese Chakkalakal, Bishop of Kannur
Rt. Rev. Dr. Stephen Athipozhiyil, Bishop of Alleppy
Rt. Rev. Dr. Stanley Roman, Bishop of Quilon
Rt. Rev. Dr. Joseph Kalathiparambil, Bishop of Calicut
Rt. Rev. Dr. Joseph Kariyil, Bishop of Kochi
Rt. Rev. Dr. Sebastian Thekkathecheril, Bishop of Vijayapuram
Rt. Rev. Dr. Selvister Ponnumuthen, Bishop of Punalur
Rt. Rev. Dr. Joseph Karikassery, Auxiliary Bishop of Verapoly

# ആശംസ



"നിങ്ങൾ ലോകമെങ്ങുംപോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ. 16:15) യേശുവിന്റെ ഈ ആഹ്വാനം ശിരസ്സാവഹിച്ചുകൊണ്ട് സുവിശേഷമാകുകയും സുവിശേഷമേകുകയും ചെയ്യുന്ന ശിഷ്യന്മാരുടെ സ്നേഹസമൂഹത്തിന്, ദൈവരാജ്യത്തിന് രൂപം കൊടുക്കുന്നതിൽ സഭ എന്നും വ്യാപൃതയാണ്. യേശുവിലൂടെ ദൈവത്തെ നിരന്തരം അറിയുകയും അനുഭവിക്കുകയും ഈ അറിവും അനുഭവവും മറ്റുള്ളവർക്ക് പകർന്നുകൊടുക്കുകയും ചെയ്തുകൊണ്ട്, സമാഗതമായിക്കൊണ്ടിരിക്കുന്ന ദൈവരാജ്യത്തിന്റെ അടയാളവും കൂദാശയുമായാണ് സഭ നിലകൊള്ളുന്നത്. സഭയുടെ ഭൂമിശാസ്ത്രപരമായ വ്യാപ്തിയും സംഖ്യാപരമായ വർദ്ധനയും മാത്രമല്ല, ആന്തരികവളർച്ചയും സർവോപരി ദൈവികപദ്ധതിയോടുള്ള സഹകരണവുമെല്ലാം അടിസ്ഥാനപരമായി മതബോധനത്തെ ആശ്രയിച്ചാണിരിക്കുന്നത് (CT 13). ഈ അവബോധമാണ് മതബോധനം എല്ലാക്കാലത്തും പ്രഥമശുശ്രൂഷയായി പരിഗണിക്കാൻ സഭയെ പ്രേരിപ്പിച്ചിട്ടുള്ളത്.

കാലത്തിന്റെ ചുവരെഴുത്തുകൾ സുവിശേഷവെളിച്ചത്തിൽ വായിച്ചു മനസ്സിലാക്കാൻ ആഹ്വാനം ചെയ്ത വത്തിക്കാൻ സൂനഹദോസ്, മതബോധനശുശ്രൂഷയ്ക്ക് പുത്തൻ ഉണർവും നൂതന രൂപഭാവങ്ങളും പകർന്നുനല്കി. ഈ ചൈതന്യമുൾക്കൊണ്ടുകൊണ്ട് അടുത്തകാലത്തു പ്രസിദ്ധീകരിച്ച "കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം" വിശ്വാസപരിശീലനം സംബന്ധിച്ചിടത്തോളം ആധികാരിക സംശോധനസ്രോതസ്സായി നിലകൊള്ളുന്നു. സാർവത്രികസഭയുടെ ഈ ആധികാരിക പഠനങ്ങളും പൊതുവായ മാർഗനിർദ്ദേശങ്ങളും സ്ഥലകാലസാഹചര്യങ്ങൾക്കൊത്ത് അനുരൂപപ്പെടുത്തേണ്ടത് ഓരോ പ്രാദേശികസഭയുടെയും കടമയാണ്. ഈ ദൗത്യമാണ് "ആത്മാവിന്റെ നിറവിൽ" എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങളിലൂടെ കേരള ലത്തീൻ കത്തോലിക്കാസഭ നിർവഹിക്കുന്നത്.

ഈ വിശ്വാസപരിശീലനപാഠാവലിയിൽ, വിശ്വാസസത്യങ്ങളുടെ അവതാരണത്തോടൊപ്പം കേരള ലത്തീൻ കത്തോലിക്കാസഭയുടെ ചരിത്രവും പാരമ്പര്യവും ആരാധനക്രമത്തിലെ പ്രത്യേകതകളും ഉൾക്കൊള്ളിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. വിശ്വാസവും ആഘോഷവും ജീവിതവും പ്രാർത്ഥനയും സമന്വയിപ്പിക്കുന്ന ഒരു സമീപനം ഉള്ളടക്കത്തിലും അവതാരണത്തിലും കാണുന്നുണ്ട്. ലളിതമായ ഭാഷയും കുട്ടികളെ ആകർഷിക്കുന്ന ആധുനിക ബോധനരീതികളും ശ്രദ്ധേയമാണ്. ഇത്രയേറെ മനോഹരമായ രീതിയിൽ, അങ്ങേയറ്റം വ്യക്തതയോടെ ഈ പാഠാവലികൾ രൂപകല്പന ചെയ്തു പ്രസിദ്ധീകരിക്കാൻ സഹായിച്ച ബഹുമാനപ്പെട്ട സ്റ്റാൻലി മാതിരപ്പിള്ളി അച്ചനെയും സഹപ്രവർത്തകരെയും ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു. വിശ്വാസപരിശീലനംനേടുന്ന നമ്മുടെ കുഞ്ഞുമക്കളെല്ലാവരും യേശുവിനെപ്പോലെ "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും" (ലൂക്കാ 2:52) വളരാൻ ഇടവരട്ടെ എന്ന് ആശംസിക്കുന്നു.

**ആർച്ച്ബിഷപ്പ് സൂസപാക്യം എം.**
പ്രസിഡന്റ്, കെ.ആർ.എൽ.സി.ബി.സി.
തിരുവനന്തപുരം

തിരുവനന്തപുരം,
മേയ് 1, 2010



# സമർപ്പണം

ക്രിസ്തുവിൽ വിശ്വസിക്കുന്ന ഓരോരുത്തരും മതബോധനം വഴി വിശ്വാസജീവിതത്തിൽ ആഴപ്പെടേണ്ടത് ആവശ്യമാണ്. പക്വമായ വിശ്വാസജീവിതത്തിനും ക്രൈസ്തവസാക്ഷ്യത്തിനും ഒരുവനെ ഒരുക്കുന്ന പ്രക്രിയ എന്ന നിലയിൽ മതബോധനം സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യമാണ്.

നാമാരും സ്വകാര്യവ്യക്തികളല്ല, ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളാണ്. 'ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' എന്ന ക്രിസ്തുനാഥന്റെ ആഹ്വാനം സ്വീകരിച്ച് സത്യത്തിലും നീതിയിലും അധിഷ്ഠിതമായ ദൈവരാജ്യത്തിന്റെ പ്രഘോഷകരും പ്രചാരകരുമാകാനുള്ള നമ്മുടെ വിളിയും ദൗത്യവും നാം വിസ്മരിച്ചുകൂടാ. ക്രിസ്തുവിന്റെ മൗതികശരീരമായ സഭാംഗം എന്ന നിലയിൽ സുവിശേഷമൂല്യങ്ങൾക്കനുസരിച്ചു ജീവിക്കാനും സമൂഹത്തിൽ ക്രിസ്തുവിന്റെ പ്രതിരൂപമായി വർത്തിക്കാനും നാമോരോരുത്തരും കടപ്പെട്ടിരിക്കുന്നു.

കേരള റീജിയൻ ലാറ്റിൻ കാത്തലിക് കൗൺസിൽ മതബോധന കമ്മീഷൻ കഴിഞ്ഞ ചില വർഷങ്ങളിലായി 'ആത്മാവിന്റെ നിറവിൽ' എന്ന പേരിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന പാഠപുസ്തകങ്ങൾ വളർന്നുവരുന്ന തലമുറയിൽ ക്രിസ്തുവിനെ രൂപപ്പെടുത്തുന്നതിൽ ഏറെ ഉപകാരപ്രദമാണ്. മതബോധനകമ്മീഷന്റെ ചെയർമാൻ സാരഥ്യം ഏറ്റെടുത്തുകൊണ്ട് ഈ ചരിത്ര ദൗത്യത്തിൽ പങ്കുവഹിക്കുന്നതിൽ എനിക്ക് ഏറെ ചാരിതാർത്ഥ്യമുണ്ട്. ഒന്നുമുതൽ ആറുവരെയുള്ള പാഠപുസ്തകങ്ങളുടെ രൂപീകരണത്തിനു നേതൃത്വം വഹിച്ച അഭിവന്ദ്യ ആർച്ചുബിഷപ്പ് സൂസപാക്യത്തിന് ഹൃദയംനിറഞ്ഞ നന്ദി. കമ്മീഷൻ സെക്രട്ടറി റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളിക്കും ടീമംഗങ്ങൾക്കും എല്ലാവിധ ആശംസകളും നേരുന്നു. നവീകരിച്ച പുസ്തകങ്ങളുടെ പഠനം വഴി കേരള ലത്തീൻ സഭയിലെ എല്ലാ മതാദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ക്രിസ്തുവിന്റെ ധീരസാക്ഷികളും സുവിശേഷപ്രചാരകരുമായി മാറാൻ കഴിയട്ടെ എന്ന പ്രാർത്ഥനയോടെ ഈ പാഠപുസ്തകങ്ങൾ സർവജനസമക്ഷം സമർപ്പിക്കുന്നു.

**ബിഷപ്പ് ജോസഫ് കരിയിൽ**

ചെയർമാൻ, ബൈബിൾ-മതബോധന കമ്മീഷൻ
കെ.ആർ.എൽ.സി.ബി.സി., കൊച്ചി

കൊച്ചി,
മേയ് 1, 2010

# കൃതജ്ഞത

"പിതാവിൻ പക്കലേക്ക്," ക്രിസ്തുവിന്റെ പിന്നാലേ" എന്നീ ശീർഷകങ്ങളിൽ എറണാകുളം പി.ഒ.സി. പ്രസിദ്ധീകരിച്ച വിശ്വാസപരിശീലനപാഠാവലിയുടെ തുടർച്ചയെന്നോണമാണ് "ആത്മാവിന്റെ നിറവിൽ" എന്ന പേരിൽ കേരള ലത്തീൻ കത്തോലിക്കാ സഭയ്ക്കുവേണ്ടിയുള്ള മതപഠനപുസ്തകങ്ങൾ കെ.ആർ.എൽ.സി.ബി.സി. മതബോധനകമ്മീഷൻ പ്രസിദ്ധീകരിക്കുന്നത്.

കേരള ലത്തീൻകത്തോലിക്കാസഭയ്ക്കുവേണ്ടി തനതായ വിശ്വാസപരിശീലന പാഠാവലി തയ്യാറാക്കുന്നതിന്റെ ഒരുക്കമായി Come, See and Abide എന്ന പേരിൽ ഒരു മതബോധനഡയറക്ടറി പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത ഡയറക്ടറിയുടെ അടിസ്ഥാനത്തിലാണ് ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകൾക്കുള്ള വിശ്വാസപരിശീലന പാഠാവലി തയ്യാറാക്കിയത്. നാലു ഘട്ടങ്ങളായാണ് പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നത്. ഒന്നുമുതൽ മൂന്നുവരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ ഒന്നാം ഘട്ടത്തിലും നാലുമുതൽ ആറുവരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ രണ്ടാം ഘട്ടത്തിലും ഏഴുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ മൂന്നും നാലും ഘട്ടങ്ങളിലുമായും പ്രസിദ്ധീകരിക്കുന്നു.

കമ്മീഷന്റെ വിലപ്പെട്ട ഈ ഉദ്യമത്തിന് ആവശ്യമായ എല്ലാവിധ പ്രോത്സാഹനങ്ങളും നല്കുകയും തയ്യാറാക്കിയ പുസ്തകങ്ങൾ അംഗീകരിച്ച് പ്രസിദ്ധീകരണാനുമതി നല്കുകയും ചെയ്ത കേരള ലത്തീൻ കത്തോലിക്കാ സഭയിലെ എല്ലാ അഭിവന്ദ്യ മെത്രാന്മാർക്കും പ്രത്യേകിച്ച് ആർച്ച്ബിഷപ്പ് സൂസപാക്യം, ആർച്ച്ബിഷപ്പ് ഫ്രാൻസിസ് കല്ലറക്കൽ എന്നിവർക്കും സ്നേഹപൂർവം നന്ദി പറയുന്നു. ബൈബിൾ - മതബോധന കമ്മീഷൻ ചെയർമാൻ ബിഷപ്പ് ജോസഫ് കരിയിൽ പിതാവിന് പ്രത്യേകം നന്ദി. കെ.ആർ.എൽ.സി.ബി.സി.ക്കു വേണ്ടി പുസ്തകങ്ങൾ വേണ്ടവിധം പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ നല്കിയ ബിഷപ്പ് സ്റ്റാൻലി റോമൻ, ബിഷപ്പ് വർഗീസ് ചക്കാലക്കൽ, ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ എന്നീ അഭിവന്ദ്യപിതാക്കന്മാർക്ക് നന്ദി. മതബോധന കമ്മീഷന്റെ എല്ലാ പ്രവർത്തനങ്ങളോടും ആത്മാർത്ഥമായി സഹകരിക്കുകയും അക്ഷീണം പ്രയത്നിക്കുകയും ചെയ്യുന്ന എല്ലാ മതബോധന ഡയറക്ടർമാരെയും റിസോഴ്സ് ടീം അംഗങ്ങളെയും ഫാ. ജോയ് പുത്തൻവീട്ടിൽ, ഫാ. ജോയ് കല്ലറക്കൽ, ഫാ. സെബാസ്റ്റ്യൻ ഇരിയങ്ങലത്ത്, ഫാ. ടോം ജോസ്, ഫാ. സ്റ്റീഫൻ ജി, സി. ജെ. ഹെൻറി, സി. കാരിത്താസ് എന്നിവരെയും നന്ദിയോടെ സ്മരിക്കുന്നു.

നാലുമുതൽ പത്തുവരെയുള്ള പാഠപുസ്തകങ്ങളുടെ ഭാഷാശുദ്ധി പരിശോധിക്കുകയും അവയ്ക്കുവേണ്ട ഗാനങ്ങൾ തയ്യാറാക്കുകയും ചെയ്ത ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരിക്കും ടൈപ്പ്സെറ്റിങ് നിർവഹിച്ച ലെയിസനും, കമ്പ്യൂട്ടർ ലേഔട്ടും ഗ്രാഫിക്സും നിർവഹിച്ച ലാജൻ ഒറാക്കിലിനും പ്രിന്റിങ് നിർവഹിച്ച തിരുവനന്തപുരം സെന്റ് ജോസഫ്സ് പ്രസ് അംഗങ്ങൾക്കും ഹൃദയപൂർവം നന്ദി പറയുന്നു.

**ഡോ. സ്റ്റാൻലി മാതിരപ്പിള്ളി**
സെക്രട്ടറി, ബൈബിൾ - മതബോധന കമ്മീഷൻ
കെ.ആർ.എൽ.സി.ബി.സി., ആശീർഭവൻ, കൊച്ചി

ആശീർഭവൻ,
മേയ് 1, 2010



# ഉള്ളടക്കം


1. ക്രിസ്തുവിൽ വിരിയുന്ന യുവത്വം ........................................ 7
2. യുവജനങ്ങളും വ്യക്തിത്വവും ........................................ 18
3. യുവജനങ്ങളും പ്രവാചകനേതൃത്വവും ........................................ 26
4. ലൈംഗികത ദാനവും ഉത്തരവാദിത്വവും ........................................ 35
5. യുവജനങ്ങളും ദൈവാരാധനയും ........................................ 44
6. യുവജനങ്ങളും കൗദാശികജീവിതവും ........................................ 57
7. യുവജനങ്ങളും പ്രാരംഭകൂദാശകളും ........................................ 68
8. സൗഖ്യദായകകൂദാശകൾ ........................................ 79
9. യുവജനങ്ങളും കൂട്ടായ്മയുടെ കൂദാശകളും ........................................ 92
10. യുവജനങ്ങളും വിശുദ്ധ കുർബാനയും ........................................ 107
11. യുവജനങ്ങളുടെ അമ്മയായ മറിയം ........................................ 115
12. യുവജനങ്ങളും മാധ്യമങ്ങളും ........................................ 126

വിശുദ്ധ തോമസ് മൂർ ........................................ 134

# 1 ക്രിസ്തുവിൽ വിരിയുന്ന യുവത്വം



**ആമുഖ പ്രവർത്തനം**

"ക്രിസ്തുവിനെക്കാൾ ഏറെസുന്ദരവും ഗഹനവും അത്യാകർഷകവും ഓജസ്സുറ്റതും പരിപൂർണവുമായ ഒന്നുംതന്നെ ഈ ഭൂമുഖത്തില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. അവിടത്തെക്കാൾ ഉത്കൃഷ്ടമായി ഒന്നും ലോകത്തിൽ ഉണ്ടാകുക സാദ്ധ്യമല്ല. ഇവയൊന്നും ക്രിസ്തുവിൽ കണ്ടെത്താനാകില്ലെന്നും ക്രിസ്തു സത്യത്തിന്റെപരിധിക്ക് ഉപരിയാണെന്നും ആരെങ്കിലും തെളിയിച്ചാൽ ആ സത്യത്തെക്കാളേറെ ക്രിസ്തുവിനെ മുറുകെപ്പിടിക്കാൻ ഞാൻ ആഗ്രഹിക്കുന്നു" - ഡോസ്തയേവ്സ്കി

ഡോസ്തയേവ്സ്കി തന്റെ ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെ പരിചയപ്പെടുത്തിയ വാക്കുകളാണ് ഇവ. നാളിതുവരെ നിങ്ങളുടെ ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെ മറ്റുള്ളവർക്ക് എങ്ങനെ പരിചയപ്പെടുത്തും? ഗ്രൂപ്പ് തിരിഞ്ഞ് ചർച്ചചെയ്ത് ക്ലാസ്സിൽ റിപ്പോർട്ട് അവതരിപ്പിക്കുക.

യേശു യുവജനങ്ങൾക്ക് സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ബോധനത്തിന്റെയും സാധനയുടെയും മാതൃകയാണ്. എല്ലാ യുഗങ്ങളിലുമുള്ള എല്ലാ യുവജനങ്ങൾക്കും ക്രിസ്തു മാത്രമാണ് ഉത്തമ മാതൃക. യുവജനങ്ങളുടെ പ്രശ്നങ്ങളിലും ദൗർബല്യങ്ങളിലും ഒരേയൊരു ഉത്തരമേ തിരുസഭയ്ക്ക് നല്കാനുള്ളൂ- *യേശുക്രിസ്തു.* യുവത്വത്തിന്റെ നന്മകളെല്ലാം സമ്പൂർണതയിൽ നാം കാണുന്നത് യേശുക്രിസ്തുവിലാണ്.

## ക്രിസ്തു നേരിട്ട പ്രലോഭനങ്ങൾ

എല്ലാമനുഷ്യരും തങ്ങളുടെ യുവത്വത്തിൽ നേരിടുന്ന വ്യത്യസ്തങ്ങളായ പ്രലോഭനങ്ങൾക്കും പ്രതിസന്ധികൾക്കും കൂടുതൽ തീവ്രതയോടെ അഭിമുഖീഭവിച്ചും അവയെ അതിജീവിച്ചും ലക്ഷ്യം മുൻനിർത്തിയും കൊണ്ടാണ് യുവാവായ ക്രിസ്തുവും തന്റെ ദൗത്യമാരംഭിക്കുന്നത് (മത്താ 4:1-11). ഈ പ്രലോഭനങ്ങൾ അതിജീവിക്കാനുള്ള ശക്തി യേശു നേടിയത് മാമ്മോദീസാവേളയിൽ തന്നിലേക്കിറങ്ങിവന്ന ദൈവാത്മാവിന്റെ നിറവാലും (മത്താ 4:16) ദൈവവചനത്തിന്റെ ശക്തിയാലുമാണ്.

യേശു നേരിട്ട മൂന്നുതരത്തിലുള്ള പ്രലോഭനങ്ങളെയും അവയെ അവിടന്ന് അതിജീവിച്ച വഴികളെയും നമുക്ക് വിചിന്തനംചെയ്യാം (മത്താ 4:1-11 കാണുക).

### 1. കല്ലുകളെ അപ്പമാക്കി ഭക്ഷിക്കാനുള്ള പ്രലോഭനം

ജ്ഞാനസ്നാനവേളയിൽ (മത്താ 3:16) യേശുവിൽ ആവസിച്ച പരിശുദ്ധാത്മാവുതന്നെയാണ് അവിടത്തെ പരീക്ഷിക്കപ്പെടാനായി മരുഭൂമിയിലേക്ക് ആനയിക്കുന്നത് (മത്താ 4:1). ജ്ഞാനസ്നാനത്തിൽ പ്രഖ്യാപിക്കപ്പെട്ട യേശുവിന്റെ ദൈവപുത്രത്വം (മത്താ 3:17) പിശാച് പരീക്ഷണവിധേയമാക്കുന്നു.

ദൈവസന്നിധിയിലുള്ള അവിടത്തെ ആത്മപരിത്യാഗവും പിതൃഹിതത്തിനുള്ള സ്വയം സമർപ്പണവുമായിരുന്നു യേശുവിന്റെ ജ്ഞാനസ്നാനത്തിലൂടെ വെളിപ്പെടുത്തപ്പെട്ടത്. പിശാച് യേശുവിനോട് കല്ലുകൾ അപ്പമാക്കാൻ ആവശ്യപ്പെട്ടതിലൂടെ, സ്വാർത്ഥലക്ഷ്യം മുൻനിറുത്തി അദ്ഭുതംപ്രവർത്തിക്കാനും അതുവഴി ദൈവനിയോഗത്താൽ തനിക്കു കിട്ടിയ സഹനഭാഗധേയം മറികടക്കാനും ദൈവപുത്രനെന്ന സ്ഥാനം ദുരുപയോഗിച്ച് സാമൂഹിക രാഷ്ട്രീയ പദവി കൈയാളാനും അവിടത്തെ പ്രലോഭിപ്പിക്കുകയായിരുന്നു. പിശാചിന്റെ ഗൂഢതന്ത്രങ്ങൾ മനസ്സിലാക്കിയ യേശു, പിതൃഹിതത്തിൽ നിന്നു വ്യതിചലിക്കാനുള്ള പ്രലോഭനത്തിൽപ്പെടാൻ മനസ്സാകുന്നില്ല. "മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണു ജീവിക്കുന്നത്" (നിയമാ 8:3) എന്ന തിരുവചനം ഉദ്ധരിച്ചുകൊണ്ട് ദൈവപരിപാലനത്തിൽ തനിക്കുള്ള ഉറച്ചശരണം യേശു വ്യക്തമാക്കി.

ദൈവേഷ്ടം നിറവേറ്റേണ്ടസ്ഥാനത്ത് സ്വന്തം ഇഷ്ടം പ്രതിഷ്ഠിക്കാൻ യുവത്വത്തിലുണ്ടാകുന്ന പ്രലോഭനം അതിജീവിച്ച യുവാവായ യേശുവിനെയാണ് നാം ഇവിടെ കാണുന്നത്.

### 2. ദൈവാലയഗോപുരാഗ്രത്തിൽനിന്നു താഴേക്കുചാടാനുള്ള പ്രലോഭനം



ദൈവാലയഗോപുരാഗ്രത്തിൽനിന്നു താഴേക്കുചാടി തനിക്ക് ദൈവപരിപാലനത്തിലുള്ള ശരണം തെളിയിക്കുക എന്നതായിരുന്നു രണ്ടാമത്തെ പ്രലോഭനത്തിലൂടെ (മത്താ 4:5-6) യേശുവിനു മുമ്പിൽ പിശാചുയർത്തിയ വെല്ലുവിളി.

അദ്ഭുതമോ അത്യാശ്ചര്യകരമായ പ്രവൃത്തിയോ കൊണ്ട് തന്റെ ദൈവപുത്രത്വമോ പുത്രസഹജമായ ശരണമോ പിശാചിനെ ബോദ്ധ്യപ്പെടുത്താൻ യേശു ആഗ്രഹിച്ചില്ല. പരസ്യജീവിതാരംഭത്തിൽ മാത്രമല്ല, ശുശ്രൂഷയുടെ എല്ലാഘട്ടങ്ങളിലും, കുരിശിൽകിടക്കുമ്പോൾപ്പോലും, ഇത്തരം വെല്ലുവിളികൾ യേശുവിനു മുമ്പിൽ ഉയരുന്നുണ്ട്. കുരിശിൽ നിന്ന് താഴെയിറങ്ങി താൻ ദൈവപുത്രനാണെന്നു തെളിയിക്കാനുള്ള വെല്ലുവിളി (മത്താ 27:40) യായിരുന്നു അന്ത്യനിമിഷത്തിൽ യേശുവിനു ലഭിച്ചത്. ദൈവാലയഗോപുരാഗ്രത്തിൽ നിന്നു ചാടാൻ തയ്യാറാകാത്തതുപോലെ, കുരിശിൽനിന്നിറങ്ങാനും അവിടന്ന് സന്നദ്ധനായില്ല.

രണ്ടാമത്തെ പ്രലോഭനം വിജയിച്ചതിലൂടെ, ജീവിതത്തിൽ അദ്ഭുതങ്ങളും നേട്ടങ്ങളും ഉണ്ടായാൽ മാത്രം ദൈവത്തെ ഏറ്റു പറയാം എന്നു ശാഠ്യംപിടിക്കരുതെന്ന പാഠം യേശു നമുക്കു തരുന്നു.

### 3. ദൈവത്തിനുപകരം സാത്താനെ സാഷ്ടാംഗം പ്രണമിച്ച് ആരാധിക്കാനുള്ള പ്രലോഭനം

ലോകത്തിന്റെ സമ്പത്തും സ്ഥാനമാനങ്ങളും നേടുന്നതിനുവേണ്ടി ദൈവത്തെ മറന്ന് പൈശാചികശക്തികളെ ആശ്രയിക്കുക എന്നതായിരുന്നു യേശു നേരിട്ട മൂന്നാമത്തെ പ്രലോഭനം.

"ദൈവത്തെമാത്രമേ ആരാധിക്കുകയും സേവിക്കുകയും ചെയ്യാവൂ" (പുറ 20:2-6) എന്നു പ്രഖ്യാപിച്ച യേശു, പ്രലോഭകനോട് "സാത്താനേ, ദൂരെപ്പോകുക" (മത്താ 4:10) എന്നു കല്പിച്ച് ആട്ടിയോടിച്ചു. അങ്ങനെ ദൈവവിരുദ്ധകുട്ടുകെട്ടിന്റെയും ലൗകികമിശിഹാത്വത്തിന്റെയും പ്രലോഭനങ്ങൾ അവിടന്ന് പരാജയപ്പെടുത്തി.

യുവാവായ യേശുവിന്റെ കാലത്തെപ്പോലെ, ജീവിതാരംഭം മുതൽ അവസാനംവരെ പ്രലോഭനങ്ങളും പാപസാഹചര്യങ്ങളും നിറഞ്ഞ ലോകത്തിലാണ് നമ്മളും ജീവിക്കുന്നത്. പ്രലോഭനങ്ങൾ അതിജീവിച്ച ക്രിസ്തുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക: "പ്രലോഭനങ്ങൾ ഉണ്ടാകേണ്ടതാണ്; എന്നാൽ, പ്രലോഭനഹേതുവാകുന്നവന് ദുരിതം" (മത്താ 18:7). ഈ ചെറിയവരിൽ ഒരുവനുപോലും ദുഷ്പ്രേരണ നല്കാതിരിക്കാൻ അവിടന്ന് നമുക്കു താക്കീതു നല്കുന്നു

(മത്താ 18:6). നമ്മുടെ ശരീരത്തിലെ അവയവങ്ങൾ നമുക്ക് പാപത്തിനു കാരണമാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ക്രിസ്തു നമ്മെ ഓർമ്മപ്പെടുത്തുന്നു (മത്താ 18:8-9). ദൈവഹിതത്തിനെതിരായും സ്വാർത്ഥലക്ഷ്യം മുൻനിറുത്തിയും സഹനത്തിന്റെ വഴികൾ ഒഴിവാക്കിയും ഹൃദയത്തിൽ ദൈവത്തിനുപകരം മറ്റു വ്യക്തികൾക്കും വസ്തുക്കൾക്കും സ്ഥാനമാനങ്ങൾക്കും സുഖങ്ങൾക്കും പ്രഥമസ്ഥാനം നല്കിയും ജീവിക്കാൻ സാത്താൻ നമ്മെയും പ്രലോഭിപ്പിച്ചുകൊണ്ടിരിക്കും.

നാമെല്ലാവരും ദൈവത്തിന്റെ പുത്രന്മാരും പുത്രികളുമാണ്. ക്രിസ്തു തന്റെ ദൈവപുത്രസ്ഥാനത്തിന്റെ മഹത്ത്വം മനസ്സിലാക്കി ദൈവത്തിലാശ്രയിച്ചും പ്രാർത്ഥനയിലൂടെ ശക്തിയാർജ്ജിച്ചും പ്രലോഭനങ്ങൾ അതിജീവിച്ചും വിശുദ്ധമായ ജീവിതം നയിച്ചുകൊണ്ടും ദൈവം ഭരമേല്പ്പിച്ച ദൗത്യം വിശ്വസ്തതയോടെ നിറവേറ്റിയല്ലോ. അതുപോലെ, നമ്മുടെ ജീവിതത്തിൽ ദൈവത്തിനു പ്രഥമസ്ഥാനംനല്കി ഈ ലോകത്തിന്റെ സുഖഭോഗങ്ങളിലും മായാവലയങ്ങളിലും അകപ്പെടാതെ ക്രിസ്തുവിനെ അനുഗമിക്കാൻ യുവാവായ യേശു നമ്മെ ഓരോരുത്തരെയും വിളിക്കുന്നു.

പ്രലോഭനങ്ങളുണ്ടാകുക സ്വാഭാവികമാണ്; അവ അതിൽത്തന്നെ പാപമല്ല. എന്നാൽ, പ്രലോഭനങ്ങൾ നമ്മൾ എങ്ങനെ നേരിടുന്നു എന്നതിൽ നിന്നാണ് അത് തെറ്റോ ശരിയോ പാപമോ പുണ്യമോ ആയി മാറുന്നത്. തീയിലാണ് സ്വർണത്തിന്റെ മാറ്റ് ഏറുന്നത്. പ്രലോഭനങ്ങൾ നിറഞ്ഞ മണ്ണിലേ വിശുദ്ധി വിളയൂ എന്ന സത്യം നാം വിസ്മരിക്കരുത്.

t

## ക്രിസ്തുവിന്റെ ആദർശം : ദൈവരാജ്യം

" സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ " (മർക്കോ 1:15) എന്നുപ്രഖ്യാപിച്ചുകൊണ്ട് ദൈവരാജ്യ സംസ്ഥാപനം എന്ന ആദർശം യേശു ലോകത്തിനു പരിചയപ്പെടുത്തി.

ഭൂമിശാസ്ത്രപരമായ ഒരു പ്രദേശമോ അവിടെ അധിവസിക്കുന്ന ജനങ്ങളോ അതിനെ ഭരിക്കുന്ന ഒരു രാഷ്ട്രീയഭരണകൂടമോ അല്ല യേശു വിഭാവനംചെയ്ത ദൈവരാജ്യം. അടിസ്ഥാനപരമായി നവീനവും തികച്ചും വ്യത്യസ്തവുമായ ഒന്നാണത്. ദൈവത്തിന്റെ രക്ഷാകരവും വിമോചനാത്മകവുമായ പ്രവർത്തനംവഴി, സകല തിന്മകളിലും എല്ലാവിധ ബന്ധനങ്ങളിലും നിന്ന് മനുഷ്യരാശിയെ മോചിപ്പിക്കുന്ന ദൈവപിതാവിന്റെ നിരുപാധികവും അനന്തവുമായ സ്നേഹം - അതാണ് യേശു വിഭാവനംചെയ്ത ദൈവരാജ്യം.

ദൈവത്തിന്റെ പിതൃത്വവും വിശ്വസാഹോദര്യവുമാണ് ദൈവരാജ്യത്തിന്റെ **ദർശനം**.

ശത്രുവിനെപ്പോലും സ്നേഹിക്കുന്ന നിരുപാധികസ്നേഹമാണ്
ദൈവരാജ്യത്തിന്റെ **നിയമം**.

അനുതാപവും പ്രവൃത്തിയിൽ വിരിയുന്ന വിശ്വാസവുമാണ്
ദൈവരാജ്യപ്രവേശനത്തിനുള്ള അടിസ്ഥാന **യോഗ്യതകൾ**.

രമ്യതയിലും പങ്കുവയ്ക്കലിലും പ്രഘോഷിക്കലിലുംകൂടെ അനുഭവിക്കുന്ന ആന്തരിക സ്നേഹവും സാഹോദര്യവും സ്വാതന്ത്ര്യവുമാണ് ദൈവരാജ്യത്തിലെ മക്കൾ പുറപ്പെടുവിക്കുന്ന **ഫലങ്ങൾ**.

അസത്യത്തിൽ നിന്നു സത്യത്തിലേക്ക്, അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്ക്, മരണത്തിൽ നിന്നു ജീവനിലേക്ക് എന്നതാണ് ദൈവരാജ്യത്തിന്റെ **മുഖമുദ്ര**.

**ദൈവരാജ്യാനുഭവത്തിലൂടെ വ്യക്തികളിലും സമൂഹത്തിലും കാതലായ മാറ്റങ്ങൾ സംഭവിക്കുന്നു**

- യേശുവിലൂടെ യാഥാർത്ഥ്യമായ പിതാവായ ദൈവത്തിന്റെ നിരുപാധിക സ്നേഹം ഏവരും അനുഭവിച്ചറിയുന്നു.
- ദൈവസ്നേഹാനുഭവം വഴി വ്യക്തികളിൽ അനുതാപത്തിന്റെ സത്ഫലങ്ങൾ ഉണ്ടാകുന്നു.
- എല്ലാ മനുഷ്യരും പിതാവായ ദൈവത്തിന്റെ മക്കളും പരസ്പരം സഹോദരീസഹോദരൻമാരുമാണെന്ന ബോധ്യത്തിലേക്കു വളരുന്നു.
- മറ്റുള്ളവരെ സഹോദരീസഹോദരൻമാരായി പരിഗണിക്കുമ്പോൾ അവരോട് നിരുപാധികം ക്ഷമിക്കുകയും അവർക്കാവശ്യമായ സേവനവും സഹായവും നല്കുകയും ചെയ്യുന്നു.
- സത്യവും നീതിയും സ്നേഹവും നിറഞ്ഞ ഒരു സമൂഹം രൂപംകൊള്ളുന്നു.

യുവാവായക്രിസ്തു നെഞ്ചിലേറ്റിയ ദൈവരാജ്യത്തിന്റെ ആദർശത്തിൽ സജീവപങ്കാളികളാകേണ്ടവരാണ് യുവജനങ്ങളായ നമ്മൾ. പിതാവായ ദൈവം നമ്മെ ഓരോരുത്തരെയും വ്യക്തിപരമായി അറിയുന്നെന്നും ആഴത്തിൽ സ്നേഹിക്കുന്നെന്നും അവിടത്തെ പുത്രനായ യേശുവിന്റെ ജീവിതത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും നമുക്കു വെളിപ്പെടുത്തിത്തന്നു: "തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3:16).

സക്കേവൂസ് തന്റെ ജീവിതത്തിൽ ക്രിസ്തുവിലൂടെ ദൈവത്തിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞപ്പോൾ മാറ്റങ്ങൾ ഉണ്ടായപോലെ (ലൂക്കാ 19:1-10), ദൈവരാജ്യാനുഭവത്തിൽ പങ്കാളികളാകുന്ന യുവജനങ്ങളായ നമ്മിലും രൂപാന്തരീകരണം സംഭവിക്കും. പരസ്പരസ്നേഹത്തിലൂടെയും സേവനമനോഭാവത്തിലൂടെയും നീതിനിറഞ്ഞ സമൂഹത്തിനുവേണ്ടിയുള്ള വ്യക്തിപരവും സംഘടിതവുമായ പ്രവർത്തനങ്ങളിലൂടെയും ദൈവരാജ്യസംസ്ഥാപനമെന്ന ക്രിസ്തുവിന്റെ ആദർശസാക്ഷാൽകാരത്തിനായി യുവജനങ്ങളായ നമ്മൾ കർമ്മനിരതരാകേണ്ടിയിരിക്കുന്നു.

## ക്രിസ്തുവിന്റെ സാമൂഹിക പ്രതിജ്ഞാബദ്ധത

സമൂഹജീവിയാണ് മനുഷ്യൻ. ജനനം മുതൽ മരണംവരെ മനുഷ്യരായ നമ്മൾ സകലവ്യാപാരങ്ങളിലും സഹജീവികളോടും പ്രപഞ്ചത്തോടുതന്നെയും ബന്ധപ്പെട്ടിരിക്കുന്നു. ഈ ബന്ധം നമ്മെ സകലചരാചരങ്ങളോടും കടപ്പാടുള്ളവരാക്കുന്നു. ഈ കടപ്പാടാണ് നമ്മെ സാമൂഹിക പ്രതിജ്ഞാബദ്ധതയുള്ളവരാക്കുന്നത്. സ്രഷ്ടാവായ ദൈവം നമ്മെ ഭരമേല്പിക്കുന്ന ഒരു ദൗത്യം കൂടിയാണിത്.

ദൈവം ഏല്പ്പിച്ച ഈ ദൗത്യം മറന്ന്, സ്വാർത്ഥതയോടെ ജീവിക്കാനുള്ള പ്രവണത മനുഷ്യർക്കുണ്ടാകാറുണ്ട്. യേശു ജീവിച്ച സമൂഹത്തിലും ഈ പ്രവണത വളരെ ശക്തമായി നിലനിന്നിരുന്നു. അനാഥരെയും വിധവകളെയും ദരിദ്രരെയും പാപികളെയും ചുങ്കക്കാരെയും ദൈവത്താൽ ശപിക്കപ്പെട്ടവരായിക്കണ്ട് അവരെ തിരസ്കരിച്ചിരുന്ന ഒരു സമൂഹത്തിലാണ് യേശു ജീവിച്ചത്. മാത്രമല്ല, അന്ധമായ ആചാരാനുഷ്ഠാനങ്ങളും തെറ്റായ നിയമവാഴ്ചയും നീതിനിഷേധവും ഈ അവസ്ഥ കൂടുതൽ പരിതാപകരമാക്കി. ഈ സാഹചര്യത്തിലാണ് സാമൂഹികപ്രതിജ്ഞാബദ്ധതയോടെ യേശു തന്റെ ദൗത്യം ആരംഭിക്കുന്നത്. യേശു ഇപ്രകാരം പ്രഘോഷിച്ചു: "കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷമറിയിക്കാൻ അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18-19).

t

ജീവിച്ചിരുന്ന സമൂഹത്തിലെ പ്രശ്നങ്ങളോടും പ്രതിസന്ധികളോടും ക്രിയാത്മകമായി പ്രതികരിച്ചവനാണ് യേശുക്രിസ്തു. ദരിദ്രരെ സുവിശേഷമറിയിക്കുകയും ബന്ധിതർക്ക് മോചനം നല്കുകയും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും നല്കുകുകയാണ് തന്റെ ദൗത്യമെന്ന് യേശുവിന് ഉറച്ചബോധ്യമുണ്ടായിരുന്നു.

"അവൻ കരയ്ക്കിറങ്ങിയപ്പോൾ വലിയൊരു ജനക്കൂട്ടത്തെ കണ്ടു. അവരോട് അവന് അനുകമ്പ തോന്നി. കാരണം, അവർ ഇടയനില്ലാത്ത ആട്ടിൻപറ്റം പോലെയായിരുന്നു. അവൻ അവരെ പലകാര്യങ്ങളും പഠിപ്പിക്കാൻ തുടങ്ങി" (മർക്കോ 6:34).

മനുഷ്യജീവന്റെ മഹത്ത്വം എടുത്തുകാട്ടിക്കൊണ്ട് മനുഷ്യന്റെ സമഗ്രവിമോചനത്തിനായാണ് യേശു പ്രവർത്തിച്ചത്. വിശന്നുവലഞ്ഞ അയ്യായിരത്തെ അഞ്ചപ്പംകൊണ്ടു പോറ്റിയും (മത്താ 14:13-21), രോഗദുരിതങ്ങളാൽ വലഞ്ഞവർക്ക് സൗഖ്യം നല്കിയും (മത്താ 4:23-24) പാപഭാരത്താൽ മനംനുറുങ്ങിയവർക്ക് പാപമോചനം കൊടുത്തും (ലൂക്കാ 7:36-50) ആർത്തരായ കുടുംബാംഗങ്ങളോടൊപ്പം ലാസറിന്റെ ശവകുടീരത്തിങ്കൽ കണ്ണുനീർപൊഴിച്ചും (യോഹ 11:28-36) കാനായിലെ കല്യാണവീട്ടിലെ അപമാനകരമായ പ്രതിസന്ധി പരിഹരിച്ചും (യോഹ 2:1-11) വിധവയുടെ കാണിക്കയായ ചെറുതുട്ടിന്റെ മഹത്ത്വം ഉയർത്തിക്കാട്ടിയും (മർക്കോ 12:41-44) മനുഷ്യവംശത്തിന്റെ സമഗ്രവിമോചനത്തിനായി ക്രിസ്തു നിലകൊണ്ടു. അങ്ങനെ പ്രവാചകന്മാരിലൂടെ ദൈവം പ്രഖ്യാപിച്ച ദൈവരാജ്യം സാക്ഷാത്കരിക്കപ്പെട്ടു (ഏശ 35: 5-6; 29:18-20; ലൂക്കാ 7:22-23).




“ഞാൻ എന്റെ സഹോദരന്റെ കാവല്ക്കാരനാണോ?” (ഉൽപ 4:9) എന്നതിൽ പ്രകടമാകുന്ന കായേന്റെ നിസ്സംഗ മനോഭാവവും “ഞാൻ അവനെ നിങ്ങൾക്ക് ഏല്പ്പിച്ചുതന്നാൽ നിങ്ങൾ എനിക്ക് എന്തുതരും?” (മത്താ 26:10) എന്ന പണത്തിനു വേണ്ടി സത്യം തമസ്കരിക്കാനുള്ള യൂദാസിന്റെ വഞ്ചനാത്മകചിന്താഗതിയും ഇന്നും സമൂഹത്തിൽ വളർന്നുകൊണ്ടിരിക്കുന്നു. ആവശ്യത്തിലിരിക്കുന്ന വ്യക്തികളിലേക്കും അവസ്ഥകളിലേക്കും നിസ്വാർത്ഥസ്നേഹത്തോടെഇറങ്ങിച്ചെന്ന്, കഴിയുന്ന വിധത്തിലെല്ലാം അവരെ സഹായിക്കുകയെന്ന ക്രിസ്തു ആഗ്രഹിക്കുന്ന ‘നല്ല സമരിയാക്കാരന്റെ’ (ലൂക്ക 10:25-37) മനോഭാവമാണ് യുവജനങ്ങളിൽ ആഴപ്പെടേണ്ടത്. “ദുഷ്ടമനുഷ്യരുടെ ക്രൂരതയല്ല, നല്ല മനുഷ്യരുടെ മൗനമാണ് ഏറ്റവും വലിയ ദുരന്തം” എന്ന മഹദ്വചനം സ്മരണീയമാണിവിടെ. സഭയിലും സമൂഹത്തിലും ഇന്നും ജീവിക്കുന്ന ഉത്ഥിതനായ ക്രിസ്തുവിന്റെ നാവും കണ്ണും കാതും സജീവഅവയവങ്ങളുമായി ഇന്നത്തെ സമൂഹത്തിൽ പ്രതിജ്ഞാബദ്ധതയോടെ വ്യാപരിക്കേണ്ടത് യുവജനങ്ങൾ തന്നെയാണ്. ധീരതയോടും നിഷ്കളങ്കതയോടും വിവേകത്തോടും കൂടെ തങ്ങളുടെ ദൗത്യനിർവഹണത്തിന് ഇറങ്ങിത്തിരിക്കാൻ അപ്പസ്തോലന്മാരോട് ആഹ്വാനംചെയ്ത ക്രിസ്തുവിന്റെ വാക്കുകൾ നമുക്ക് ശക്തിയും പ്രചോദനവുമാകണം: “ചെന്നായ്ക്കളുടെ ഇടയിലേക്ക് ചെമ്മരിയാടുകളെ എന്നപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. അതിനാൽ, നിങ്ങൾ സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെപ്പോലെ  നിഷ്കളങ്കരുമായിരിക്കുവിൻ” (മത്താ 10: 16).

ക്രിസ്തു ജീവിച്ചിരുന്ന സമൂഹാന്തരീക്ഷത്തിൽനിന്നു വ്യത്യസ്തമല്ല ഇന്ന് നാം ജീവിക്കുന്ന ചുറ്റുപാടുകളും. നമുക്കു ചുറ്റും എന്തെല്ലാം വിഷലിപ്തമായ പ്രവണതകളാണ് കുമിഞ്ഞുകൂടിക്കൊണ്ടിരിക്കുന്നത്? മൂല്യച്യുതി, ആത്മഹത്യാനിരക്കിന്റെ വർദ്ധന, മദ്യപാനാസക്തിയുടെ കുതിപ്പ്, ഉപഭോഗസംസ്കാരത്തിന്റെ അമിതമായ സ്വാധീനം, തകർന്നടിയുന്ന കുടുംബ ബന്ധങ്ങൾ, ലൈംഗികഅരാജകത്വം, പ്രാർത്ഥനാ ജീവിതത്തിന്റെ അഭാവം തുടങ്ങി യുവതയുടെ പ്രയത്നവും പ്രാർത്ഥനയും പ്രതിഷേധവും  പ്രതിരോധവും  ഉയർന്നു വരേണ്ട മേഖലകൾ  നിരവധിയാണ്.

തിന്മകൾ നിറഞ്ഞ ഈ ലോകത്തിൽ ഏറ്റവും കൂടുതൽ സാമൂഹികപ്രതിജ്ഞാബദ്ധതയോടെ ശക്തമായി പ്രവർത്തിക്കാൻ കഴിയുന്നത് യുവജനങ്ങൾക്കാണ്. ക്രിസ്തുവിന്റെ തുടർച്ചയായ തിരുസഭ യുവജനങ്ങളിൽ വലിയ പ്രതീക്ഷയർപ്പിക്കുന്നുണ്ട്. ഭിന്നിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ലോകക്രമത്തിൽ യുവജനങ്ങൾ സമാധാനത്തിന്റെ സംസ്ഥാപകരും വിശ്വസാഹോദര്യത്തിന്റെ പ്രവാചകരുമായിത്തീരണമെന്നാണ് തിരുസഭ ആഗ്രഹിക്കുന്നത്.

രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ സമാപനസന്ദേശം യുവജനങ്ങൾക്കാണു നല്കപ്പെട്ടത്: "മുതിർന്ന തലമുറയിൽനിന്ന് ദീപശിഖ ഏറ്റുവാങ്ങിക്കൊണ്ട് ചരിത്രത്തിലെ ഏറ്റവും ബൃഹത്തായ മാറ്റങ്ങളുടെ കാലഘട്ടത്തിൽ ജീവിക്കേണ്ടവർ, യുവജനങ്ങളേ, നിങ്ങളാണ്. മാതാപിതാക്കളിൽ നിന്നും ഗുരുജനങ്ങളിൽ നിന്നും ലഭിക്കുന്ന വിശിഷ്ടമായ ആദർശങ്ങൾ സ്വീകരിച്ചുകൊണ്ട് നാളത്തെ സമൂഹം രൂപപ്പെടുത്തേണ്ടത് നിങ്ങളാണ്. ഈ പ്രക്രിയയിൽ ഒന്നുകിൽ നിങ്ങൾ നിങ്ങളെത്തന്നെ രക്ഷിക്കും; അല്ലെങ്കിൽ പുത്തൻ സമൂഹത്തോടൊപ്പം നിങ്ങളും നശിക്കും".

## ക്രിസ്തുവിന്റെ സ്വയം ശൂന്യവൽകരണം

സ്വയം നല്കലിന്റെയും ശൂന്യവത്കരണത്തിന്റെയും മാതൃകയാണ് ദൈവപുത്രനായ യേശുക്രിസ്തു തന്റെ ജീവിതത്തിലൂടെ നമുക്കു കാണിച്ചുതരുന്നത്:

- പ്രപഞ്ചസ്രഷ്ടാവായിരുന്നിട്ടും ജനിക്കാൻ കാലിത്തൊഴുത്തു തിരഞ്ഞെടുത്തവൻ.
- ദൈവപുത്രനായിരുന്നിട്ടും തച്ചന്റെ മകനായി വളർന്ന് മാതാപിതാക്കൾക്ക് വിധേയപ്പെട്ടു ജീവിച്ചവൻ.
- പാപമില്ലാതിരുന്നിട്ടും പാപികളോടു താദാത്മ്യപ്പെട്ട് അനുതാപത്തിന്റെ സ്നാനമേറ്റവൻ.
- ജനങ്ങൾ രാജാവാക്കാൻ മുതിർന്നപ്പോഴും ദാസന്റെജീവിതം തിരഞ്ഞെടുത്തവൻ.
- ജറുസലേമിലേക്കുള്ള രാജകീയപ്രവേശനത്തിന് വെറുമൊരു കഴുതയെ തിരഞ്ഞെടുത്തവൻ.
- സമൂഹത്തിന്റെ താഴെത്തട്ടിൽക്കിടന്നിരുന്ന ദരിദ്രരുടെയും പാപികളുടെയും രോഗികളുടെയും പക്ഷംചേർന്നവൻ.
- തലചായ്ക്കാൻ സ്വന്തമായി ഇടമില്ലാതിരുന്നവൻ.
- സമൂഹത്തിലെ ഏറ്റവും താഴ്ന്നവരെ തന്റെ സഹപ്രവർത്തകരായി തിരഞ്ഞെടുത്തവൻ.
- ശത്രുക്കളെ സ്നേഹിക്കാൻ തന്റെ ജീവിതത്തിലൂടെ മാതൃകനല്കിയവൻ.
- ഗുരുവും കർത്താവുമായിരുന്നിട്ടും ശിഷ്യരുടെപാദങ്ങൾ കഴുകി ശുശ്രൂഷകനായവൻ.
- പെസഹാവിരുന്നിൽ തന്നെത്തന്നെ മുറിച്ചുനല്കിയവൻ.

"ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിറുത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണം വരെ അതെ കുരിശുമരണം വരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി" (ഫിലിപ്പി 2:6-8).

"മനുഷ്യപുത്രൻ വന്നിരിക്കുന്നത്, ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നല്കാനുമത്രേ" (മർക്കോ 10:45) എന്നു വ്യക്തമാക്കിയ ക്രിസ്തു, തന്റെ ശിഷ്യരുടെ പാദങ്ങൾ കഴുകിക്കൊണ്ട്, "നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം" (യോഹ 13:14) എന്ന് ആഹ്വാനം ചെയ്തു.

വിജയത്തിലേക്കും പ്രശസ്തിയിലേക്കുമുള്ള സ്വാർത്ഥതയുടെ എളുപ്പവഴികൾ തേടി പാപത്തിലും ദുഃഖത്തിലും നിരാശതയിലും നിപതിക്കുന്നവർ ഇന്ന് സമൂഹത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ, ശൂന്യവത്കരണത്തിന്റെ പാത തിരഞ്ഞെടുക്കുക എളുപ്പമല്ല. "ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ, അത് ഏറെ ഫലം പുറപ്പെടുവിക്കും" (യോഹ 12:24) എന്നു പഠിപ്പിച്ച ക്രിസ്തു, വെല്ലുവിളികളും കുരിശുകളും നിറഞ്ഞ ശൂന്യവത്കരണത്തിന്റെ പാതയിലേക്ക് നമ്മെയും ക്ഷണിക്കുന്നു. ദൈവത്തിനുവേണ്ടിയും സഹോദരങ്ങൾക്കുവേണ്ടിയും ക്രിസ്തുനാമത്തിൽ ഒരു യോദ്ധാവിന്റെ തീക്ഷ്ണതയോടെ ജീവിതം സമർപ്പിച്ച പൗലോശ്ലീഹാ നമ്മെ ആഹ്വാനം ചെയ്യുന്നതു കേൾക്കുക: "ക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങൾക്കും ഉണ്ടായിരിക്കട്ടെ" (ഫിലി 2:5).



ശൂന്യവൽകരണത്തിന്റെ പാതയിൽ സാമൂഹികവും രാഷ്ട്രീയവും മതപരവുമായ പല പ്രതിസന്ധികളും യേശുവിന് നേരിടേണ്ടിവന്നിട്ടുണ്ട്. എന്നാൽ, ഇത്തരം പ്രതിസന്ധികളിൽ തളരാതെ ദൗത്യബോധത്തോടെ കുരിശുമരണംവരെ മുന്നേറാൻ യേശുവിനു കഴിഞ്ഞു. ഇപ്രകാരം പ്രതിസന്ധികളിൽ തളരാതെ ശൂന്യവത്കരണത്തിലൂടെ സമൂഹത്തിന്റെയും തങ്ങളുടെതന്നെയും സമഗ്രവിമോചനം സാധ്യമാക്കേണ്ടത് മുഖ്യമായും യുവജനങ്ങളാണ്.

## ക്രിസ്തുവിന്റെ പ്രാർത്ഥനാജീവിതം

യുവാവായ ക്രിസ്തു പ്രാർത്ഥനയുടെ ജീവിതം നയിച്ച വ്യക്തിയായിരുന്നു. ജീവിതത്തിന്റെ എല്ലാ നിർണായകനിമിഷങ്ങളിലും പ്രാർത്ഥിക്കുന്ന യേശുവിനെ സുവിശേഷങ്ങൾ നമുക്കു പരിചയപ്പെടുത്തുന്നു. അതിരാവിലേ ഉണർന്ന് പ്രാർത്ഥനയിൽ നിന്നു ശക്തിയാർജ്ജിച്ചാണ് യേശു ഓരോദിവസത്തെയും പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരുന്നത് (മർക്കോ 1:35). തന്റെ ദൗത്യാരംഭത്തിനു മുമ്പ് നാല്പതുരാവും നാല്പതുപകലും ഉപവസിച്ചു പ്രാർത്ഥിച്ച് ഒരുങ്ങുന്ന യേശുവിനെ നാം കാണുന്നു (മത്താ 4:2). അപ്പസ്തോല

ന്മാരെ തിരഞ്ഞെടുക്കുന്നതിനുമുമ്പും (ലൂക്ക 6:12-13) അവരുടെ വിശുദ്ധീകരണത്തിനുവേണ്ടിയും (യോഹ 17:1-26) അപ്പം വർദ്ധിപ്പിക്കുന്നതിനുമുമ്പും (മത്താ 14:19) ലാസറിനെ ഉയിർപ്പിക്കുന്നതിനു മുമ്പും (യോഹ 11: 41-42) വിശുദ്ധകുർബാന സ്ഥാപിക്കുന്ന വേളയിലും (ലൂക്കാ 22:17-19) ഗദ്സെമ്നിയിലും (മത്താ 26: 36-42), കുരിശിൽ കിടക്കുന്ന അവസാന നിമിഷത്തിലും (മത്താ 27:46) അവിടന്ന് പ്രാർത്ഥിക്കുന്നുണ്ട്. പ്രിയപ്പെട്ട ശിഷ്യന്മാരെയും കൂട്ടിക്കൊണ്ട് പ്രാർത്ഥിക്കാൻ പോകുന്ന യേശുവിന്റെ മാതൃകയും നമ്മൾ വിശുദ്ധ ഗ്രന്ഥത്തിൽ കാണുന്നുണ്ട് (ലൂക്കാ 9:28). യേശുവിന്റ പ്രാർത്ഥനാജീവിതം ശിഷ്യന്മാർക്ക് മാതൃകയും പ്രചോദനവുമായിരുന്നു (ലൂക്കാ 11:1-2).

ദൈവപിതാവുമായുള്ള ഐക്യമായിരുന്നു ക്രിസ്തുവിന്റെ പ്രാർത്ഥനയുടെ കാതൽ. ദൈവപുത്രനായ അവിടന്ന് ദൈവഹിതം അന്വേഷിച്ചതും നിറവേറ്റിയതും പ്രാർത്ഥനയിലൂടെയാണ്. കാപട്യമില്ലാതെ, മക്കൾക്കടുത്തസ്നേഹത്തോടെ പിതാവായ ദൈവത്തെവിളിച്ചു പ്രാർത്ഥിക്കാൻ അവിടന്നു നമ്മെയും പഠിപ്പിച്ചു (മത്താ 6: 5-15). "ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, നിങ്ങൾക്കു തുറന്നുകിട്ടും" (മത്താ 7:7) എന്നു പറഞ്ഞുകൊണ്ട് പ്രാർത്ഥനയുടെ ശക്തി യേശു വെളിപ്പെടുത്തി. ദൈവഹിതം തിരിച്ചറിയുന്നതും അതു നിറവേറ്റാനുള്ള ശക്തിയാർജ്ജിക്കുന്നതും പ്രാർത്ഥനയിലൂടെയാണ്. പ്രാർത്ഥനയിലൂടെ പ്രവർത്തനനിരതമാകുന്ന ജീവിതശൈലിയാണ് അവിടന്നു നമുക്കു നല്കുന്നത്.

ഒരിക്കൽ ഒരു ജേണലിസ്റ്റ് മദർ തെരേസയോടു ചോദിച്ചു, "അസാദ്ധ്യമെന്നു തോന്നുന്ന കാര്യങ്ങൾ പോലും ഇത്ര നിഷ്പ്രയാസം ചെയ്യാൻ കഴിയുന്നതെങ്ങനെയാണ്?. " മദർ വിശദീകരിച്ചു, "യേശുവാണ് ഞങ്ങൾക്കതിന് ശക്തിതരുന്നത്. ദിവ്യകാരുണ്യഈശോയുടെ സന്നിധിയിലിരുന്ന് വളരെ നേരം പ്രാർത്ഥിക്കാറുണ്ട്. പ്രാർത്ഥിക്കുന്നില്ലെങ്കിൽ ഞങ്ങൾ അധീരരായിപ്പോകും."

ദൈവസന്നിധിയിലുള്ള മനുഷ്യന്റെ വാസവും ഹൃദയംതുറന്ന സംഭാഷണവുമാണ് പ്രാർത്ഥന. നമ്മുടെ അനുദിനജീവിതത്തിലും പ്രാർത്ഥന ഒഴിച്ചുകൂടാനാവാത്തതാണ്. ക്രിസ്തുവിനെ അടുത്ത് അനുകരിച്ച ഗാന്ധിജി പ്രാർത്ഥനയെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്: "പ്രഭാതത്തിന്റെ താക്കോലും പ്രദോഷത്തിന്റെ ഓടാമ്പലുമാണ് പ്രാർത്ഥന". യേശുവിന് പ്രാർത്ഥന ഭോജനമായിരുന്നു (യോഹ 4:34); മദർ തെരേസയ്ക്ക് ശക്തിയായിരുന്നു; ഗാന്ധിജിക്ക് പ്രഭാതത്തിന്റെ താക്കോലും പ്രദോഷത്തിന്റെ ഓടാമ്പലുമായിരുന്നു; നമുക്കോ?

യേശുക്രിസ്തുവിൽ പരിപൂർണത പ്രാപിക്കുന്ന മനുഷ്യജീവിതത്തിലെ സുപ്രധാന കാലഘട്ടമായ 'യുവത്വം' യുവജനങ്ങൾക്ക് വലിയ വെല്ലുവിളിയും ദൗത്യവും ഏല്പ്പിച്ചുതരുന്നുണ്ട്. യുവാവായ ക്രിസ്തുവിനെ അനുകരിച്ച് യുവത്വത്തിന്റെ പൂർണതയിലേക്കു വളർന്ന് വിടരാൻ നമുക്കു കടമയുണ്ട്. ക്രിസ്തു തന്റെ ജീവിതത്തിലെ പ്രലോഭനങ്ങളെയും പ്രതിസന്ധികളെയും പിതാവിൽ ആശ്രയിച്ചുകൊണ്ട് നേരിടുകയും ദൈവരാജ്യത്തിനുവേണ്ടി സമ്പൂർണമായി സമർപ്പിക്കുകയും ചെയ്തപോലെ, സാമൂഹിക പ്രതിജ്ഞാബദ്ധതയോടെ ശൂന്യവൽകരണത്തിന്റെ പാത സ്വീകരിച്ച്, പ്രാർത്ഥനയിൽ നിന്നു ശക്തിയാർജ്ജിച്ച് കർമ്മ

നിരതരായി യുവജനങ്ങൾ സ്നേഹത്തിന്റെ ഒരു പുതിയ സംസ്കാരം കെട്ടിപ്പടുക്കാൻ ഉണർന്നെഴുന്നേല്ക്കേണ്ടിയിരിക്കുന്നു.

## ഉത്തരം കണ്ടെത്താം

1. മനുഷ്യജീവിതത്തിൽ പ്രലോഭനങ്ങളുടെ പ്രസക്തിയെന്ത്? യുവജനങ്ങളുടെ ജീവിതത്തിലെ പ്രലോഭനങ്ങൾ എങ്ങനെ നേരിടണമെന്നാണ് ക്രിസ്തു തന്റെ ജീവിതത്തിലൂടെ നമുക്കു കാണിച്ചുതരുന്നത്?
2. എന്താണ് ക്രിസ്തു വിഭാവനചെയ്ത ദൈവരാജ്യം? ദൈവരാജ്യസംസ്ഥാപനത്തിനായി യുവജനങ്ങൾ മുന്നിട്ടിറങ്ങണം എന്നു പറയുന്നതിന്റെ കാരണമെന്ത്?
3. ക്രിസ്തു തന്റെ ജീവിതത്തിലൂടെ കാണിച്ചു തന്ന സാമൂഹിക പ്രതിജ്ഞബദ്ധതയുടെ മാതൃകയെന്ത്? വിവരിക്കുക?
4. 'സ്വയം നല്കലിന്റെയും ശൂന്യവത്കരണത്തിന്റേയും മാതൃകയാണ് ദൈവപുത്രനായ യേശുക്രിസ്തു തന്റെ ജീവിതത്തിലൂടെ നമുക്കു കാണിച്ചുതരുന്നത്.' വിശദമാക്കുക.
5. 'യുവാവായ ക്രിസ്തു പ്രാർത്ഥനയുടെ ജീവിതം നയിച്ച വ്യക്തിയായിരുന്നു.' യുവജനങ്ങളുടെ ജീവിതത്തിൽ പ്രാർത്ഥനയുടെ പ്രസക്തി എന്ത്? വിവരിക്കുക?

## പ്രവർത്തനം 2

ശുന്യവൽകരണത്തിന്റെ പാതയിൽ മാതൃകാപരമായ ക്രിസ്തീയജീവിതം നയിക്കുന്നതിൽ ഇന്നത്തെ യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാമെന്നും അവയ്ക്കുള്ള പരിഹാര മാർഗങ്ങൾ എന്തെന്നും കണ്ടെത്താൻ, ക്രിസ്തീയയുവജനസംഘടനകളിൽ പ്രവർത്തിക്കുന്ന ജ്യേഷ്ഠസസഹോദരങ്ങളുമായി അഭിമുഖം സംഘടിപ്പിക്കുക.

## ഗാനം



യുവജനമാതൃക ക്രിസ്തു
നവയുഗചേതന ക്രിസ്തു
ദൈവസ്നേഹം ജീവിതമാക്കാൻ
സോദരസേവനമേകവഴി!

സമൂഹശുശ്രൂഷയ്ക്കായ് നമ്മെ
സമർപ്പണം ചെയ്തീടാം
സ്നേഹംപകരാം, ശാന്തിവിതയ്ക്കാം
നവയുഗസൃഷ്ടി നടത്താം!

നന്മകൾചെയ്യാനുള്ള കരുത്തിനു
പ്രാർത്ഥന പോഷണമാകട്ടെ
ദൈവികരാജ്യം സംസ്ഥാപിക്കാൻ
നമ്മുടെ യുവജനമുണരട്ടെ!



# 2 യുവജനങ്ങളും വ്യക്തിത്വവും

**ആമുഖ പ്രവർത്തനം**

ഓരോരുത്തരും അവരവരുടെ ജീവിതം വിലയിരുത്തി തങ്ങളിലുള്ള അഞ്ചു നല്ലശീലങ്ങൾ കണ്ടെത്തി എഴുതുകയും അടുത്തസുഹൃത്തിന് അത് കൈമാറുകയും ചെയ്യുക. സുഹൃത്ത് അത് ക്ലാസ്സിൽ ഉറക്കെ വായിക്കുന്നു. ഇങ്ങനെ എല്ലാവരുടെയും കുറിപ്പുകളിൽ വായിച്ചുകേട്ട കാര്യങ്ങൾ ക്ലാസ്സ്ലീഡർ ബോർഡിൽ എഴുതിക്കൊണ്ടിരിക്കുമ്പോൾ മറ്റുള്ളവർ തങ്ങൾക്ക് ഏറ്റവും അനുകരണീയം എന്നു തോന്നുന്ന പത്തുശീലങ്ങൾ അവയിൽ നിന്ന് തിരഞ്ഞെടുക്കുകയും സ്വന്തം നോട്ടുപുസ്തകത്തിൽ കുറിച്ചിടുകയും ചെയ്യുക.

ജോണിക്കും തോമസിനും ഇരുപതു വയസ്സാണ്. പക്ഷേ, ഇരുവരും രണ്ടു വ്യക്തികളാണ്. ഇരുവരുടെയും പെരുമാറ്റരീതികളും നടപ്പും ഇരിപ്പുമെല്ലാം വ്യത്യസ്തങ്ങളാണ്. അപ്പോൾ നാം പറയുന്നു, ജോണിയുടെ വ്യക്തിത്വമല്ല തോമസിനുള്ളതെന്ന്. ജോണിയും തോമസും മറ്റു വ്യക്തികളെപ്പോലെതന്നെ മനുഷ്യരായിരിക്കേ, ജോണിയെ തോമസിൽ നിന്നു വ്യത്യസ്തനാക്കുന്ന ചില അദൃശ്യ വൈയക്തിക ചേരുവകളുണ്ടെന്നത് ഒരു വസ്തുതയായി നമുക്ക് അംഗീകരിക്കാനാകും.

ഓരോ വ്യക്തിയിലും ബാഹ്യവും ആന്തരികവുമായ രണ്ടു മാനങ്ങൾ കുടികൊള്ളുന്നുണ്ട്. സമൂഹവുമായുള്ള സമ്പർക്കത്തിലൂടെ ആർജ്ജിക്കുന്ന ഒരുവന്റെ സ്വഭാവസവിശേഷതകളാണ് ബാഹ്യമായത്. പാരമ്പര്യമായും ജന്മസിദ്ധമായും ഒരുവനിൽ അന്തർലീനമായിരിക്കുന്ന സവിശേഷതകളാണ് ആന്തരികം. അതിനാൽ, ഒരുവൻ തന്റേതായ വഴികളിലൂടെയും സാമൂഹിക സമ്പർക്കത്തിലൂടെയും ശാരീരിക-മാനസിക-വൈകാരിക- ആദ്ധ്യാത്മിക തലങ്ങളിലൂടെയും വളർത്തിയെടുക്കുന്ന കഴിവുകളുടെയും ശീലങ്ങളുടെയും പ്രവർത്തനങ്ങളുടെയും ആകത്തുകയെ വ്യക്തിത്വം എന്നു വിളിക്കാം. ആ അർത്ഥത്തിൽ മറ്റുള്ളവരെ തന്നിലേക്ക് ആകർഷിക്കുന്നതോ വികർഷിക്കുന്നതോ ആയ കാന്തികശക്തിപോലെയാണ് വ്യക്തിത്വം എന്ന് നമുക്കു പറയാനാകും.

ഒരാളുടെ വ്യക്തിത്വരൂപീകരണപ്രക്രിയയിൽ വൈവിധ്യമാർന്ന ഘടകങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. അയാളുടെ ആശയം, ലക്ഷ്യം, കഴിവ്, വികാരം, ആഗ്രഹം, ജീവിതം, വീക്ഷണം, അഭിനിവേശം, സമീപനരീതികൾ ഇവയെല്ലാം വ്യക്തിത്വത്തിന്റെ ഭാഗങ്ങളാണ്. ഒരു വ്യക്തിയുടെ എക്കാലത്തെയും നിധിയാണിവയെന്നു പറയാം. മറ്റുള്ളവരോടും തന്നോടുതന്നെയും സമാധാനപരമായും സന്മാർഗപരമായും ഇടപെടാൻ വ്യക്തിത്വം സഹായിക്കുന്നു. ചുരുക്കത്തിൽ, വിജയകരമായ ജീവിതത്തിന് ആകർഷകമായ വ്യക്തിത്വം അനിവാര്യമാണ്.

## വ്യക്തിത്വവികാസത്തിന്റെ തലങ്ങൾ

### 1. ബൗദ്ധികപക്വത (Intellectual Maturity)

ഒരുവന്റെ യുക്തിചിന്ത (Sensible thinking), വിധിനിർണയം (Correct judgement), പ്രത്യുത്തരം (Response) എന്നീ ഘടകങ്ങൾ അടങ്ങുന്നതാണ് ബൗദ്ധികപക്വത. ബൗദ്ധികപക്വതയിലേക്കുള്ള വളർച്ചയിൽ സമപ്രായക്കാർ തമ്മിൽ ഏറ്റക്കുറച്ചിലുകളുണ്ടാകും. ഇവരുടെ അഭിരുചികളിലും താത്പര്യങ്ങളിലും വ്യത്യാസങ്ങളുണ്ടാകാം.

### 2. വൈകാരികപക്വത (Emotional Maturity)

ഒരു വ്യക്തിയുടെ വികാരങ്ങൾ ആ വ്യക്തിയെത്തന്നെ പ്രതിഫലിപ്പിക്കുന്ന ഒന്നാണ്. ഈ വികാരങ്ങൾ പ്രതിഫലിപ്പിക്കുന്നത് രണ്ടുതരത്തിലാകാം: ക്രിയാത്മകമായും നിഷേധാത്മകമായും (Positively and Negatively).

വികാരങ്ങൾ വേണ്ട സന്ദർഭത്തിൽ ശരിയായ രീതിയിൽ പ്രതിഫലിപ്പിക്കുന്നതാണ് ക്രിയാത്മക പ്രതികരണം (Positive Response). മറ്റുള്ളവരെ അവരുടെ നേട്ടങ്ങളിൽ അംഗീകരിക്കുന്നവരും അനീതിക്കെതിരേ പ്രതികരിക്കുന്നവരും നല്ല സുഹൃദ്ബന്ധങ്ങൾ സ്ഥാപിക്കുന്നവരുമൊക്കെയാണ് ഇതിൽപ്പെടുന്നത്.

ഒരുവൻ തന്റെ വികാരങ്ങൾ അടിച്ചമർത്തി സ്വന്തം നാശം വിളിച്ചുവരുത്തിയും മറ്റുള്ളവരുടെ വികാരങ്ങൾ മാനിക്കാതെയും അവർക്ക് ദോഷംചെയ്യുന്നതാണ് നിഷേധാത്മക പ്രതികരണം (Negative Response). മറ്റുള്ളവരുടെ ദുഃഖത്തിൽ സഹതപിക്കാനോ സന്തോഷത്തിൽ പങ്കുചേരാനോ കഴിയാത്ത തണുത്തുറഞ്ഞ വികാരങ്ങളുള്ളവരാണ് ഇത്തരക്കാർ. വിവേകം ബലികഴിച്ച് വികാരത്തിനടിപ്പെടുന്നവർ ഒരിക്കലും പക്വമതികളല്ല.

### 3. ആദ്ധ്യാത്മിക പക്വത (Spiritual Maturity)

ദൈവകല്പനകൾ പാലിച്ച് ധാർമ്മികജീവിതം നയിക്കുകയും ദൈവത്തോട് സഹവസിക്കുകയും അവിടത്തെ അരൂപിയാൽ നന്മയിലൂടെ ചരിക്കുകയും ചെയ്തുകൊണ്ടുള്ള ജീവിതമാണിത്. ആത്മീയപക്വമതികൾ എല്ലാത്തിലും ദൈവഹിതം ദർശിക്കുകയും പരാജയങ്ങളിൽ തളരാതെ എവിടെയും നന്മകാണുകയും നന്മപ്രവർത്തിക്കുകയും ചെയ്യുന്നു. കുടുംബാംഗങ്ങളുടെ മാതൃക, ഇടവകദൈവാലയം, മതബോധനരംഗം, ക്രൈസ്തവസംഘടനകൾ തുടങ്ങിയവയെല്ലാം ആദ്ധ്യാത്മികപക്വത പരിപോഷിപ്പിക്കുന്ന ഘടകങ്ങളാണ്.

### 4. സാമൂഹിക പക്വത (Social Maturity)

മനുഷ്യന്റെ മഹത്ത്വവും അതിൽ നിന്നുയിർക്കൊള്ളുന്ന അവകാശങ്ങളും കടമകളും മുൻനിറുത്തി സമൂഹത്തിലെ മറ്റുള്ളവരോടും സൃഷ്ടപ്രപഞ്ചം മുഴുവനോടുമുള്ള സമ്പർക്കത്തിനുള്ള ശേഷിയാണിത്. സാമൂഹിക പക്വത നിർണയിക്കുന്നത് പ്രധാനമായും മൂന്നു കാര്യങ്ങളാണ്:

t

#### അറിവ്, പ്രവൃത്തി, ഉത്തരവാദിത്വം

**അറിവ് :** പ്രത്യേകസന്ദർഭങ്ങളിൽ എന്തുചെയ്യണം, എന്തു ചെയ്യരുത് എന്നു തീരുമാനിക്കാനുള്ള കഴിവാണിത്.

**പ്രവൃത്തി :** ദൈവ-മനുഷ്യ-പ്രപഞ്ചബന്ധത്തിന്റെ സുസ്ഥിരതയ്ക്കും ഭാവിജീവിതത്തിനും വേണ്ട വൈദഗ്ധ്യം (skill) നേടാനായി ഒരാൾ വിവിധ സാമൂഹികപ്രവർത്തനങ്ങളിൽ പങ്കുപറ്റുന്നതാണ് പ്രവൃത്തി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

**ഉത്തരവാദിത്വം:** ജനങ്ങളെ പരസ്പരസഹവർത്തിത്വത്തിൽ ജീവിക്കുന്നതിനു സഹായിക്കുന്ന ധാർമ്മികബാധ്യതയാണിത്. സ്വയംപരിത്യാഗം, പരസ്പരസഹകരണം, ഉപചാരമര്യാദകൾ, വൈകാരികനിയന്ത്രണം, സഹിഷ്ണുത, നന്മചെയ്യാനുള്ള സന്നദ്ധത എന്നിവ ഉത്തരവാദിത്വത്തിന്റെ പ്രകടമായ ഭാവങ്ങളാണ്.

## ആരോഗ്യമുള്ള വ്യക്തിത്വത്തിന്

ജയിംസ് കോൾമാൻ എന്ന മനഃശാസ്ത്രജ്ഞൻ പറയുന്നതനുസരിച്ച് ആരോഗ്യമുള്ള വ്യക്തിത്വത്തിന്റെ ലക്ഷണങ്ങൾ താഴെ ചേർക്കുന്നു:

**ശരിയായ സുരക്ഷിതത്വബോധം :** ഉത്കണ്ഠയും ഭയവും ഇല്ലാത്ത അവസ്ഥയാണിത്.

**വസ്തുനിഷ്ഠമായ സ്വയംവിലയിരുത്തൽ :** മാനസികാരോഗ്യമുള്ള ഒരുവ്യക്തിക്ക് തന്റെ കഴിവുകളെയും പോരായ്മകളെയും കുറിച്ച് യഥാർത്ഥമായ അവബോധമുണ്ടായിരിക്കും.

**യഥാർത്ഥമായ ലക്ഷ്യബോധം :** പക്വത വന്ന ഒരു വ്യക്തിക്ക് തന്റെ ഭാവിയെക്കുറിച്ച് ചില ലക്ഷ്യങ്ങളും പദ്ധതികളുണ്ടായിരിക്കും.

**യാഥാർത്ഥ്യബോധം :** മാനസികാരോഗ്യമുള്ള വ്യക്തിക്ക് യാഥാർത്ഥ്യബോധമുണ്ടായിരിക്കും. മാനസികരോഗിക്കാകട്ടെ, യാഥാർത്ഥ്യം എന്താണെന്നറിഞ്ഞുകൂടാ.

**പെരുമാറ്റത്തിലെ ഐക്യവും ദാർഢ്യവും :** ആശയങ്ങളും പെരുമാറ്റരീതികളും വികാരങ്ങളും എപ്പോഴും മാറിക്കൊണ്ടിരിക്കുന്ന വ്യക്തിത്വം ആരോഗ്യമുള്ളതല്ല.

**പഴയ അനുഭവങ്ങളിൽ നിന്ന് പഠിക്കാനുള്ള കഴിവ് :**

**വ്യത്യസ്ത സാഹചര്യങ്ങൾ മനസ്സിലാക്കി പെരുമാറാനുള്ള കഴിവ് :**

**വികാരങ്ങൾ ശരിയായി കൈകാര്യം ചെയ്യാനുള്ള കഴിവ് :** വികാരങ്ങൾ അവയിൽത്തന്നെ നല്ലതോ മോശമോ അല്ല. പ്രകടിപ്പിക്കുന്ന രീതിയിലാണ് വികാരങ്ങൾ നല്ലതോ മോശമോ ആകുന്നത്.

**സാമൂഹിക പ്രതിജ്ഞാബദ്ധത :** ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം മേല്പറഞ്ഞ എല്ലാ ലക്ഷണങ്ങളും ഉണ്ടായിരുന്നാലും സമൂഹത്തിന്റെ നിയമങ്ങളും ആവശ്യങ്ങളുമായി ഒത്തുപോകാൻ സാധിക്കുന്നില്ലെങ്കിൽ അയാൾ മാനസികമായി വളർച്ച പ്രാപിച്ച വ്യക്തിയാകുന്നില്ല. പക്വതവന്ന വ്യക്തിത്വത്തിന്റെ ഈ ലക്ഷണങ്ങൾ യുവജനങ്ങൾ മനസ്സിലാക്കി അവനേടിയെടുക്കാൻ പരിശ്രമിക്കേണ്ടതാണ്.

### പ്രവർത്തനം 2

താഴെപ്പറയുന്ന സ്വഭാവമുള്ളവരെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു?

Possessive Nature: ഉപഭോഗമനഃസ്ഥിതിക്കാരും കാര്യസാദ്ധ്യത്തിനുവേണ്ടി മാത്രം എന്തും ചെയ്യുന്നവരുമാണ് ഈ ഗണത്തിൽപ്പെടുന്നത്.

Clinging Nature: ഇക്കൂട്ടർ എപ്പോഴും എല്ലാക്കാര്യത്തിനും മറ്റുള്ളവരെ ആശ്രയിക്കുന്നു.

Down with Criticism: ചെറിയ വിമർശനം വരുമ്പോൾത്തന്നെ ഇവർ തളർന്നുപോകും.

Up with flattery: മുഖസ്തുതിയിൽ സ്വയംമറക്കുന്നവർ. സ്വയാവലംബബോധവും യാഥാർത്ഥ്യബോധവും ഇവർക്കില്ല.

### യേശു നല്ക്കുന്ന മാതൃക

വ്യക്തിത്വത്തിന്റെ മഹനീയ മാതൃകയായി എന്നും നമ്മുടെ മുന്നിൽ തിളങ്ങി നില്ക്കുന്നത് യേശുക്രിസ്തുവാണ്. യേശുവിന്റെ ജീവിതമാതൃകയിലാണ് വ്യക്തിത്വത്തിന്റെ പരിപൂർണത നാം കാണുന്നത്. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8:32) എന്നു പഠിപ്പിച്ച യേശു തന്റെ ആദർശത്തിനൊത്തു പ്രവർത്തിക്കുന്നതിൽനിന്ന് ഒരിക്കലും വ്യതിചലിച്ചിട്ടില്ല. താൻ ചെയ്യാനുറച്ച കാര്യത്തിൽ നിന്ന് യേശുവിനെ പിന്തിരിപ്പിക്കാൻ അധികാരികൾക്കോ ജനക്കൂട്ടത്തിനോ കഴിഞ്ഞിരുന്നില്ല. യേശു തന്റെ ശത്രുക്കളുടെ കുതന്ത്രങ്ങളുടെ മുന്നിൽ മുട്ടുകുത്തുകയോ ചഞ്ചലചിത്തനാകുകയോ ചകിതനാകുകയോ ചെയ്തി

ട്ടില്ല. കീഴടങ്ങേണ്ട സമയത്തു കീഴടങ്ങാനും ചെറുത്തുനില്ക്കേണ്ടസ്ഥലത്ത് ചെറുത്തുനില്ക്കാനും കഴിയുകയെന്നത് അസാധാരണമായ ഗുണമാണ്.



ജീവിതത്തിലെ ഏതു സാഹചര്യത്തിലും, അത് എത്ര സങ്കീർണമായിരുന്നാലും, തീർത്തും പക്വമായ നിലപാട് യേശു അപ്പോഴെല്ലാം സ്വീകരിക്കുന്നത് നാം കാണുന്നു, യേശുവിന്റെ പരസ്യജീവിതകാലത്തെ ഏതാനും ചില സംഭവങ്ങളും പ്രബോധനങ്ങളും നമുക്കു പരിശോധിക്കാം.

**മത്താ 4:1-11:** ജീവിതത്തിലെ പ്രലോഭനങ്ങളും വെല്ലുവിളികളും വിജയപൂർവം തരണം ചെയ്യുന്ന യേശുവിനെ നാം ഇവിടെ കാണുന്നു.

**മത്താ 5:23-24:** "നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ, നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധമുണ്ടെന്ന് അവിടെവച്ച് ഓർത്താൽ കാഴ്ചവസ്തു അവിടെ ബലിപീഠത്തിനു മുന്നിൽവച്ചിട്ട് പോയി സഹോദരനോട് രമ്യതപ്പെടുക; പിന്നെവന്ന് കാഴ്ചയർപ്പിക്കുക"- ദൈവ-മനുഷ്യ ബന്ധത്തിന്റെ അടിസ്ഥാനം, നമ്മോടോത്തു വസിക്കുന്ന സഹോദരങ്ങളുമായുള്ള ആരോഗ്യകരമായ ബന്ധത്തിലാണെന്ന് യേശു സ്ഥാപിക്കുന്നു.

**മത്താ 5:37:** "നിങ്ങളുടെ വാക്ക് അതേ, അതേ എന്നോ അല്ല, അല്ല എന്നോ ആയിരിക്കട്ടെ" എന്നു പഠിപ്പിച്ച യേശു, തന്റെ ജീവിതത്തിൽ അനാവശ്യമായ ഒരു വാക്കുപോലും പറയുന്നില്ല.

**മത്താ 5:39:** 'ദുഷ്ടനെ എതിർക്കരുത്, വലത്തുകരണത്തടിക്കുന്നവന് മറ്റേ കരണം കൂടി കാണിച്ചുകൊടുക്കുക"- തിന്മയെ നന്മകൊണ്ടു ജയിക്കാനും നീതിക്കുവേണ്ടി പീഡകൾ സഹിക്കാനും യേശു ആവശ്യപ്പെടുന്നു.

**ലൂക്കാ 6:35:** " നിങ്ങൾ ശത്രുക്കളെ സ്നേഹിക്കുവിൻ"-സ്നേഹത്തിലധിഷ്ഠിതമായ ദർശനമാണ് യേശു മുന്നോട്ടുവയ്ക്കുന്നത്. കുരിശിൽ കിടക്കുമ്പോഴും ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന യേശുവിന്റെ സ്നേഹം വ്യക്തമാണ്.

**മത്താ 6:6:** "നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച്, രഹസ്യത്തിൽ നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക". യേശു പ്രാർത്ഥനയുടെ മനുഷ്യനാണ്. അവിടത്തെപ്പോലെ ഏകാഗ്രതയോടെ പ്രാർത്ഥിക്കുമ്പോഴാണ് നമ്മുടെ അനുദിനപ്രവർത്തന

ങ്ങൾക്ക് ശക്തിലഭിക്കുന്നത്.

**ലൂക്കാ 6:42:** "ആദ്യമേ നിന്റെ കണ്ണിലെ തടിക്കഷണം എടുത്തുമാറ്റുക. അപ്പോൾ നിന്റെ കാഴ്ച തെളിയും" – മറ്റുള്ളവരെ വിമർശിച്ചു നടക്കാതെ, ഓരോ വ്യക്തിയും പരിപൂർണത കൈവരിക്കാൻ അവിടന്ന് ആവശ്യപ്പെടുന്നു.

**മർക്കോ 6:34:** "അവൻ കരയ്ക്കിറങ്ങിയപ്പോൾ വലിയ ഒരു ജനക്കൂട്ടത്തെ കണ്ടു. അവരോട് അവന് അനുകമ്പതോന്നി. കാരണം, അവർ ഇടയനില്ലാത്ത ആട്ടിൻപറ്റം പോലെയായിരുന്നു". അനുകമ്പ എന്ന പുണ്യം യേശു എല്ലാവരോടും, പ്രത്യേകിച്ച് ദരിദ്രരോടും, വിശക്കുന്നവരോടും പീഡിതരോടും രോഗികളോടും പാപികളോടും ചുങ്കക്കാരോടും പ്രദർശിപ്പിക്കുന്നു.

**യോഹ 13:5:** "അനന്തരം, ഒരു താലത്തിൽ വെള്ളമെടുത്ത് യേശു തന്റെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകാനും അരയിൽ ചുറ്റിയിരുന്ന തൂവാലകൊണ്ട് തുടയ്ക്കാനും തുടങ്ങി" – തന്നത്തന്നെ വിനീതനാക്കിക്കൊണ്ട് എളിമയുടെപാഠം യേശു നമ്മെ പഠിപ്പിക്കുന്നു.

**ലൂക്കാ 13:32:** യേശുപറഞ്ഞു: "നിങ്ങൾ പോയി ആ കുറുക്കനോടു പറയുവിൻ: ഞാൻ ഇന്നും നാളെയും പിശാചുകളെ പുറത്താക്കുകയും രോഗശാന്തി നല്കുകയും ചെയ്യും"– തന്റെ ബോധ്യങ്ങളിൽ എപ്പോഴും, ജീവനു ഭീഷണിയായ ഹേറോദേസിന്റെ മുമ്പിലും, ഉറച്ചുനില്ക്കുന്ന യേശുവിന്റെ വ്യക്തിമാഹാത്മ്യമാണ് ഇവിടെ പ്രകടമാകുന്നത്.

യേശുവിന്റെ ജീവിതത്തിൽ ദർശിക്കുന്ന വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിലെ പ്രതികരണങ്ങളെല്ലാം വെളിവാക്കുന്നത് അവിടത്തെ ദൃഢതയുള്ള വ്യക്തിമാഹാത്മ്യമാണ്. വ്യക്തിക്കു മാർഗദീപമായി, എന്നും ജ്വലിക്കുന്ന പ്രകാശമായി, പ്രചോദനമായി യേശുവിന്റെ വ്യക്തിത്വം നിലകൊള്ളുന്നു.

പക്വതവന്ന വ്യക്തിത്വത്തിന്റെ ലക്ഷണങ്ങൾ മുഴുവനും അവയുടെ പൂർണമായ അർത്ഥത്തിലും അളവിലും യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തിൽ നാം കണ്ടുകഴിഞ്ഞു. ദൈവം മനുഷ്യനെ സൃഷ്ടിച്ചതുതന്നെ അവിടത്തെ ഛായാസാദൃശ്യങ്ങൾ നല്കിക്കൊണ്ടാണ്. ഈ ഛായാസാദൃശ്യങ്ങൾ ഉൾച്ചേർന്ന നമ്മുടെ വ്യക്തിത്വം ദൈവദത്തവുമാണ്. ക്രിസ്തുവിന്റെ കണ്ണുകളിലൂടെ നോക്കുമ്പോൾ യഥാർത്ഥമനുഷ്യനായി ജീവിക്കുക എന്നതാണ് പക്വതയുള്ള മനുഷ്യവ്യക്തിത്വം. സ്നേഹിക്കാത്തവരെ സ്നേഹിക്കുകയും ദ്രോഹിക്കുന്നവർക്കു നന്മചെയ്യുകയും മറ്റുള്ളവരുടെ തെറ്റുകൾ നല്ലമനസ്സോടെ ക്ഷമിക്കുകയും ചെയ്യുന്നതിലൂടെ ഒരാൾ നല്ല വ്യക്തിയായി മാറും. യേശുവിന്റെ വ്യക്തിത്വത്തിൽ നിന്നു പ്രചോദനം ഉൾക്കൊണ്ട് നമുക്കും സ്വയം പ്രകാശിക്കുന്നവരായി, മറ്റുള്ളവർക്ക് മാർഗദീപങ്ങളായി ഈ ലോകത്തിൽ വിരാജിക്കാം.

### വ്യക്തിത്വവികാസത്തിന്റെ വഴികൾ

- വിവിധ പക്വതാതലങ്ങളെ (Realms of Maturity) സമീകരിച്ചുകൊണ്ടുപോകണം. ഒന്നിനു മാത്രം ഊന്നൽ കൊടുക്കവേ, മറ്റൊന്നു പാളിയാൽ വ്യക്തിത്വം വികലമായേക്കാം. അതിനാൽ സമതുലിതവളർച്ചയുണ്ടാകണം.

- പക്വത എന്നത് ആർജ്ജിച്ചെടുക്കേണ്ടതും ശ്രമകരവുമാണ്. അതു നേടിയെടുക്കുന്നതിന് നിരന്തരപരിശ്രമവും കഠിനാദ്ധ്വാനവും വേണം.
- വ്യക്തിത്വവികാസം സാധ്യമാകുന്നത് മാതാപിതാക്കളും അദ്ധ്യാപകരുമായി സഹകരിച്ചു ജീവിക്കുകയും പ്രശ്നങ്ങൾ തുറന്ന് ചർച്ചചെയ്യുകയും ചെയ്യുമ്പോഴാണ്.
- ഓരോരുത്തർക്കുമുണ്ടാകുന്ന ഭയദുഃഖാദികൾ നിയന്ത്രണവിധേയമാക്കേണ്ടതാണ്.
- വികാരങ്ങൾ ബോധപൂർവം നേർവഴിക്കു തിരിച്ചുവിടാൻ നിരന്തരം പരിശ്രമിക്കേണ്ടിയിരിക്കുന്നു.
- മറ്റു വ്യക്തികളുമായുള്ള സംസർഗത്തിലൂടെയും പൊതുപ്രവർത്തനങ്ങളിലൂടെയും ഭയവും ലജ്ജയും അകറ്റുക.
- നാം വളരെ വിലപ്പെട്ടവരാണ് (self- esteem) എന്ന ബോധ്യത്തിൽ ഉറച്ചുനിന്നുകൊണ്ട് അപകർഷബോധം അകറ്റുക.
- പ്രതിസന്ധികളിൽ തളരാതെ ദൈവത്തിൽ ആശ്രയിക്കുക.
- പ്രശ്നങ്ങൾക്ക് അഭിമുഖീഭവിക്കുമ്പോൾ പക്വതയുള്ളവരോട് മാർഗനിർദ്ദേശം തേടുക.
- സ്വയം മനസ്സിലാക്കുകയും സ്വയം അംഗീകരിക്കുകയും ചെയ്യുക.

## പ്രവർത്തനം 3

ഒരാളുടെ വ്യക്തിത്വം ശരിയായി വിലയിരുത്താനുപകരിക്കുന്ന ചോദ്യങ്ങളാണ് താഴേ കൊടുത്തിരിക്കുന്നത്. ചോദ്യങ്ങൾ ശ്രദ്ധാപൂർവം വായിച്ച്, Yes/No കോളത്തിൽ അടയാളപ്പെടുത്തുക. ലഭിക്കുന്ന ഉത്തരങ്ങളുടെ അനുപാതമനുസരിച്ച് സ്വന്തം വ്യക്തിത്വം വിലയിരുത്തുക.

| | | |
|---|---|---|
| സ്വന്തം ബലഹീനതയും ശക്തിയും അറിയാമോ? | Yes | No |
| ജീവിതലക്ഷ്യമുണ്ടോ? | Yes | No |
| പോതുവേ ആത്മവിശ്വസമുണ്ടോ? | Yes | No |
| വികാരങ്ങൾ നിയന്ത്രിക്കാറുണ്ടോ? | Yes | No |
| ധർമ്മബോധം വളർത്തിയെടുക്കാറുണ്ടോ? | Yes | No |
| ഉത്തരവാദിത്വബോധമുണ്ടോ? | Yes | No |
| മറ്റുള്ളവരോടൊത്തു പ്രവർത്തിക്കാൻ കഴിയുന്നുണ്ടോ? | Yes | No |
| സ്വന്തം ബോധ്യങ്ങളിൽ മാത്രം ഉറച്ചുനില്ക്കാറുണ്ടോ? | Yes | No |
| തെറ്റുകൾ ചൂണ്ടിക്കാണിക്കുമ്പോൾ ക്ഷുഭിതരാകാറുണ്ടോ? | Yes | No |
| പ്രത്യേകഹോബിയോ താത്പര്യങ്ങളോ ഉണ്ടോ? | Yes | No |

| | | |
|---|---|---|
| സമയം അലസമായി ചെലവഴിക്കാറുണ്ടോ? | Yes | No |
| പ്രാർത്ഥനയ്ക്കു പ്രാധാന്യംകൊടുക്കാറുണ്ടോ? | Yes | No |
| അനുഭവങ്ങളിൽനിന്ന് പാഠം പഠിക്കാറുണ്ടോ? | Yes | No |
| സാഹചര്യങ്ങൾക്കനുസരിച്ച് പ്രതികരിക്കാൻ കഴിയാറുണ്ടോ? | Yes | No |
| മറ്റുള്ളവരുടെ ദുഃഖങ്ങളിൽ പങ്കുചേരാറുണ്ടോ? | Yes | No |
| മറ്റുള്ളവരുടെ വളർച്ചയിൽ അസൂയതോന്നാറുണ്ടോ? | Yes | No |
| മറ്റുള്ളവരെക്കാൾ ഉന്നതനാണെന്ന് തോന്നാറുണ്ടോ? | Yes | No |
| മാന്യമായി വസ്ത്രധാരണം നടത്താറുണ്ടോ? | Yes | No |
| പങ്കുവയ്ക്കാനിഷ്ടമാണോ? | Yes | No |
| തെറ്റുപറ്റിയാൽ മാപ്പുചോദിക്കാറുണ്ടോ? | Yes | No |

## ഉത്തരം കണ്ടെത്താം

1. വ്യക്തിത്വം എന്നാൽ എന്ത്?
2. വ്യക്തിത്വവികാസത്തിന്റെ തലങ്ങൾ ഏവ?
3. ആരോഗ്യമുള്ള വ്യക്തിത്വത്തിന്റെ ലക്ഷണങ്ങൾ ഏവ?
4. വ്യക്തിത്വവികാസത്തിനുള്ള വഴികൾ വിവരിക്കുക.
5. യുവജനവ്യക്തിത്വത്തിന്റെ മഹനീയമാതൃകയാണ് യേശു എന്നു പറയുന്നതെന്തുകൊണ്ട്?

## ഗാനം



എന്നിലെയെന്നെ പ്രതിഫലിപ്പിക്കുന്ന-
തെന്നിലെ വ്യക്തിത്വമല്ലോ
എന്നെയെപ്പോഴും വ്യത്യസ്തനാക്കുന്ന-
തെന്നിലെ വ്യക്തിത്വമല്ലോ

ആദരണീയമാം വ്യക്തിത്വമുണ്ടാകാ-
നാദ്യമേ നമ്മൾ ശ്രമിച്ചിടേണം
പക്വതയോടെ നാം നീങ്ങുമ്പോൾ വ്യക്തിത്വം
ആകർഷകം തന്നെയാകും

ആദർശവ്യക്തിത്വം കാണുവാനേശുവിൻ
ജീവിതം നോക്കണം നമ്മൾ
സംശുദ്ധവ്യക്തിത്വം സ്വന്തമാക്കീടുവാൻ
യേശുവിൻ കാലടി പിഞ്ചെല്ലണം

# 3 യുവജനങ്ങളും പ്രവാചകനേതൃത്വവും



**ആമുഖ പ്രവർത്തനം**

നിരനിരയായി പറന്നുനീങ്ങുന്ന പക്ഷിക്കൂട്ടങ്ങളുടെയും “മുമ്പേ ഗമിക്കുന്ന ഗോവുതന്റെ പിൻപേ ഗമിക്കും ബഹുഗോക്ക”ളുടെയും കാഴ്ചകൾ നമ്മിൽ കൗതുകം ജനിപ്പിക്കുന്നവയാണ്. അതുപോലെ സുപരിചിതമായ മറ്റൊന്നാണ്, നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയുടെ പിന്നിൽ അണിനിരന്ന് സ്വാതന്ത്ര്യസമരത്തിനായി ഇറങ്ങിത്തിരിച്ച് ജീവൻ ഹോമിച്ചവരുടെ ചിത്രം. ഈ രണ്ട് പിന്നാലേപോക്കിലുമുള്ള വ്യത്യസ്തത എന്താണെന്ന് ചർച്ച ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുക.

നേതൃത്വഗുണം എല്ലാ മനുഷ്യരിലുമുണ്ടെന്നു പറയാം. കാരണം, എല്ലാ മനുഷ്യരും തങ്ങളുടെ അനുദിനജീവിതത്തിൽ എപ്പോഴെങ്കിലുമൊക്കെ തങ്ങളുടെ ഇന്ദ്രിയങ്ങളെ നന്മയിക്കു തിരിച്ചുനിറുത്താൻ ശേഷിയുള്ളവരാണ്. ഇപ്രകാരം, വിശാലാർത്ഥത്തിൽ നേതൃഗുണം എല്ലാവരിലുമുണ്ടെങ്കിലും എല്ലാവരും നല്ല നേതാക്കളാകണമെന്നില്ല. യുവതീ യുവാക്കളായ നമ്മിൽ രൂപപ്പെടേണ്ട പ്രവാചക നേതൃത്വത്തെക്കുറിച്ചാണ് ഈ പാഠത്തിൽ ചർച്ചചെയ്യുക.

## നേതൃത്വം ഒരു യാഥാർത്ഥ്യം

വാസനകൾ (Instincts) ക്കു വിധേയരായി ജിവിക്കുന്നവയാണ് പക്ഷികളും മൃഗങ്ങളും. വിചാരങ്ങളുടെ ലോകം അവയ്ക്ക് പൊതുവേ അന്യമാണ്. അതുകൊണ്ടുതന്നെ, ഒരു മൃഗത്തിന് മറ്റു മൃഗങ്ങളെയോ ഒരു പക്ഷിക്ക് മറ്റുപക്ഷികളെയോ ശരിയായ അർത്ഥത്തിൽ നയിക്കുക സാദ്ധ്യമല്ല. അവയെ നയിക്കാൻ അവയെക്കാൾ ഉന്നതനായ മനുഷ്യൻ തന്നെ വേണം.

എന്നാൽ മനുഷ്യന്റെ കാര്യം വ്യത്യസ്തമാണ്. വികാരങ്ങൾക്കുപരിയുള്ള വിചാരശേഷി (Intelligence), മനക്കരുത്ത് (Willpower) എന്നീ സവിശേഷതകളാൽ മനുഷ്യന് അവനെത്തന്നെയും മറ്റുള്ളവരെയും ക്രിയാത്മകമായി നയിക്കാൻ സാധിക്കും. മനുഷ്യനെ മൃഗങ്ങളിൽനിന്നു വേർതിരിച്ചുനിറുത്തുന്ന ഈ രണ്ട് ആന്തരികയാഥാർത്ഥ്യങ്ങളും മനുഷ്യനെ മനുഷ്യനാക്കുന്ന ആത്മാവിന്റെ സവിശേഷതകളാണ് (മർക്കോ 8:36-37 കാണുക).

മറ്റുവാക്കുകളിൽ പറഞ്ഞാൽ, ശരീരത്തിലെ ഓരോ അവയവവും നിർവഹിക്കുന്ന തനിമയാർന്ന പ്രവർത്തനങ്ങൾ ശരീരത്തിന്റെ മുഴുവൻ വളർച്ചയ്ക്കും ഉതകുമാറ് ഏകോപിപ്പിക്കുന്നതു ശിരസ്സാണ്. അതുപോലെ, വിവിധ വ്യക്തികളുടെ തനതായ ശേഷികളും പ്രവർത്തനങ്ങളും സമൂഹംമുഴുവന്റെയും സമഗ്രമായ വളർച്ചയ്ക്കുതകുമാറ് ഏകോപിപ്പിക്കുന്നത് ഒരു നല്ല നേതാവാണ്. നല്ല നേതാക്കൾ എക്കാലവും സമൂഹത്തിനാവശ്യമാണ്. അങ്ങനെയുള്ളവരുടെ ദൗത്യം കാലദേശഭേദമെന്യേ സമൂഹത്തിന്റെ നിലനില്പിനും സമഗ്രവളർച്ചയ്ക്കും അനിവാര്യമാണുതാനും.

ഒരു വാഹനം സുരക്ഷിതസ്ഥാനത്തെത്തുന്നത് ഡ്രൈവർ ജാഗ്രതയോടെ അതു നിയന്ത്രിക്കുമ്പോഴാണ്; ഒരു കുടുംബം ഭദ്രമായി നിലനില്ക്കുന്നതും വളരുന്നതും അതിന്റെ നാഥനും നാഥയും മനപ്പൊരുത്തത്തോടെ ഉത്തരവാദിത്വങ്ങൾ ശരിയാംവണ്ണം കൈകാര്യം ചെയ്യുമ്പോഴാണ്; രാഷ്ട്രങ്ങൾ സമഗ്രവളർച്ച കൈവരിക്കുന്നത് ദിശാബോധവും ഉൾക്കാഴ്ചയുമുള്ള വിവേകമതികൾ ഭരണചക്രം തിരിക്കുമ്പോൾ മാത്രമാണ്. അതിനാൽ, നേതൃത്വമെന്നത് മനുഷ്യജീവിതത്തിലെ അനിഷേധ്യയാഥാർത്ഥ്യമാണ്.

## നേതൃത്വം : വികലവും അവികലവുമായ കാഴ്ചപ്പാടുകൾ

ഒരു വശത്ത്, ആരോഗ്യമുള്ള വ്യക്തികളെയും ഭദ്രമായ കുടുംബങ്ങളെയും പുരോഗമിക്കുന്ന രാഷ്ട്രങ്ങളെയും കാണുമ്പോഴും മറുവശത്ത് രോഗാതുരമായ ശരീരവും മനസ്സും തകർന്നടിയുന്ന കുടുംബബന്ധങ്ങളും അഴിമതിയിലും കെടുകാര്യസ്ഥതയിലും ഭീകരവാ

ഴ്ചയിലും ശിഥിലീകൃതമാകുന്ന രാഷ്ട്രങ്ങളും നമ്മുടെ അനുദിനകാഴ്ചകളായി മാറിയിരിക്കുന്നു. എന്തുകൊണ്ടായിരിക്കാം?

നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി രാഷ്ട്രത്തെ നയിച്ചത് സ്വാതന്ത്ര്യത്തിലേക്കായിരുന്നു. അഹിംസയുടെ പടവാളേന്തിയാണ് അതു നിർവഹിച്ചത്. അഡോൾഫ് ഹിറ്റ്ലർ ജർമ്മനിയെ നയിച്ചതോ? നാസിതടങ്കൽപാളയത്തിൽ ലക്ഷക്കണക്കിന് യഹൂദരെ നിഷ്ഠൂരമായി വധിച്ചുകൊണ്ട്. ഇരുവരും കാലങ്ങളേറെയായിട്ടും ലോകമറിയുന്ന നേതാക്കളല്ലേ? ഒരാൾ ജനതകളെ നന്മയിൽ പണിതുയർത്താൻ ആത്മസമർപ്പണം ചെയ്തപ്പോൾ അപരൻ ഭ്രാന്തമായ നരഹത്യയ്ക്കായി അധികാരം ദുർവിനിയോഗം ചെയ്തു. ഒരു കാര്യം സത്യമാണ്: ലോകം കണ്ട നല്ല നേതാക്കളിലെ നന്മ അവരുടെ ലക്ഷ്യത്തിലും അവർ അവലംബിച്ച മാർഗത്തിലും ഒന്നുപോലെ ദൃശ്യമായിരുന്നു.

## എന്താണ് നേതൃത്വം? ആരാണു നേതാവ്? ചില കണ്ടെത്തലുകൾ :

ഏകാധിപത്യത്തിന്റെയും ജനാധിപത്യത്തിന്റെയുമൊക്കെ വ്യത്യസ്തനേതൃത്വശൈലികൾ നമുക്കിന്നു കാണാനാകും.

- മറ്റുള്ളവരെ തന്നെക്കാൾ പ്രാപ്തികുറഞ്ഞവരായിക്കണ്ട് താൻ കല്പിക്കുന്നവ അനുസരിപ്പിച്ച് സമൂഹത്തെ നയിക്കുന്നവരുടെ നേതൃത്വശൈലിയുണ്ട്.
- പലവിധത്തിലുമുള്ള സമ്മർദ്ദതന്ത്രങ്ങൾ പ്രയോഗിച്ചോ മറ്റുള്ളവരുടെ സഹതാപം പിടിച്ചുപറ്റിയോ കാര്യങ്ങൾ നേടുന്ന നേതൃത്വശൈലിയുണ്ട്.
- അടിയന്തരസാഹചര്യങ്ങളിൽ ഫലപ്രദമായ തീരുമാനങ്ങൾ പൊടുന്നനേ കൈക്കൊണ്ട് സ്വയം സാഹചര്യങ്ങൾ നിയന്ത്രണവിധേയമാക്കുന്ന നേതൃത്വപാടവം കാണിക്കുന്നവരുണ്ട്.
- കാര്യകാരണസഹിതം വസ്തുതകൾ സംബന്ധിച്ച് അണികളെ ബോധ്യപ്പെടുത്തി അവരുടെ സഹകരണം ഉറപ്പാക്കി നയിക്കുന്നവരുമുണ്ട്.

ഇവയെല്ലാം അന്ധമായി അനുകരിക്കേണ്ടവയല്ല; സാഹചര്യാനുസൃതം ചില ശൈലികളിലെ നന്മകൾ നമുക്ക് അവലംബിക്കാനാവും. എങ്കിലും, പൊതുവേ എല്ലാ മനുഷ്യരുടെയും തുല്യമഹത്ത്വവും അതിൽ നിന്നുയിർക്കൊള്ളുന്ന അവകാശങ്ങളും കടമകളും സ്വാതന്ത്ര്യത്തിന്റെ മഹാത്മ്യവും മുൻനിറുത്തി നല്ലൊരു നേതൃത്വത്തെ ചുവടേ ചേർക്കുംവിധം നിർവചിക്കാവുന്നതാണ്:

ഒരു ദർശനത്തിന്റെ വെളിച്ചത്തിൽ ഒരു സമൂഹത്തെ, അതിലെ വ്യക്തികളുടെ ക്രിയാത്മകശേഷികൾ സമാഹരിച്ച് അവരുടെതന്നെ സഹകരണത്തോടും ഒത്താശയോടും കൂടെ, ഒരാളോ വിവിധ വ്യക്തികൾ ഒന്നിച്ചോ, നിയതവും നന്മനിറഞ്ഞതുമായ ഒരു ലക്ഷ്യത്തിലേക്ക്, നിശ്ചിതവും ക്രിയാത്മകവുമായ മാർഗത്തിലൂടെ നയിക്കുന്ന പ്രക്രിയയാണ് യഥാർത്ഥത്തിലുള്ള നേതൃത്വം.

## നേതൃത്വത്തിലെ ഘടകങ്ങൾ

നേതൃത്വം നല്ലതാകണമെങ്കിൽ ചുവടേ ചേർക്കുന്ന ഘടകങ്ങൾ ഉണ്ടാകണം:

- സത്യം, ധർമ്മം, നീതി എന്നിവയിലധിഷ്ഠിതമായ ദർശനമുണ്ടായിരിക്കണം.
- നിയതമായൊരു ലക്ഷ്യമുണ്ടായിരിക്കണം; ലക്ഷ്യം നന്മനിറഞ്ഞതായിരിക്കണം.
- അണികളുടെ ക്രിയാത്മകശേഷികൾ സമാഹരിക്കാൻ പ്രാപ്തിയുണ്ടായിരിക്കണം.
- അണികളുടെ സഹകരണം ഉറപ്പാക്കണം.
- അണികളുമായി ലക്ഷ്യവും മാർഗവും സംബന്ധിച്ച് ചർച്ചചെയ്തു ധാരണയിലെത്തണം.
- അവലംബിക്കുന്ന മാർഗം നന്മനിറഞ്ഞത്/ക്രിയാത്മകം ആയിരിക്കണം.
- തങ്ങൾക്കുശേഷവും നേതാക്കളുണ്ടാകാൻ അവസരങ്ങളൊരുക്കണം.

## നല്ല നേതൃത്വത്തിന്റെ ഗുണവിശേഷങ്ങൾ

ഒരു നല്ല നേതാവിനുണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങൾ സംബന്ധിച്ച് ചില മഹാന്മാരുടെ മൊഴികൾ ചുവടേ ചേർക്കുന്നു. ഓരോന്നും അതിൽത്തന്നെ പൂർണമല്ലെങ്കിലും അവയെല്ലാം ചേരുമ്പോൾ നല്ലൊരു നേതൃത്വത്തിനു വെളിച്ചമാകുന്നു.

**ദർശനശേഷിയുള്ളയാൾ, ലക്ഷ്യബോധമുള്ളയാൾ, ശ്രവിക്കുന്നയാൾ, സംവദിക്കുന്നയാൾ:**

"നേതൃത്വമെന്നാൽ മനുഷ്യർ സ്വയം ആന്തരികമായി ഉണരുമാറ് അവരിൽ ചലനങ്ങൾ സൃഷ്ടിക്കാനുള്ള പ്രാപ്തിയാണ്. അവരെ ത്രസിപ്പിക്കുന്ന ലക്ഷ്യങ്ങൾ നിർദ്ദേശിക്കുകയും അവരുടെ ദർശനനിലവാരം ഉയർത്തുകയുമാണത്. ഉഭയസംവേദനത്തിലൂടെ (പരസ്പര ശ്രവണവും സംസാരവും) പ്രവർത്തനങ്ങളിൽ തീക്ഷ്ണത ഉറപ്പാക്കുന്ന സ്വന്തം മാതൃക നല്കുക എന്നതുമാകുന്നു." (Frederick R. Kappel).

**അധികാരം ശുശ്രൂഷയാണെന്നു ബോധ്യമുള്ളയാൾ, യാഥാർത്ഥ്യബോധമുള്ളയാൾ, കൃതജ്ഞതാബോധമുള്ളയാൾ:**

"നേതാവിന്റെ പ്രഥമ ഉത്തരവാദിത്വം യാഥാർത്ഥ്യം തിരിച്ചറിയുക എന്നതാണ്, അവസാനത്തേത് നന്ദി പറയുകയും ഇവയ്ക്കിടയിൽ അയാൾ ഒരു സേവകനായിത്തീരുകയും വേണം" (Max De Pree).

"നേതാക്കൾ ഉന്നതരായ സേവകരായതിനാലാണ് അവർ നേതാക്കളായിരിക്കുന്നത്" (Francis M.Cosgrove JR).

"നേതൃത്വം പ്രവർത്തനമാണ്; പദവിയല്ല" (Donald H. Mc Gannon).

"ഒരുവൻ നേതാവാകാൻ ആശിച്ചാൽ നിരാശപ്പെടാൻ ആശിക്കുന്നുവെന്നേയുള്ളൂ. ഒരുവൻ സേവകനാകാശിച്ചാലോ, ഒരിക്കലും നിരാശപ്പെടുകയില്ല" (Frank F. Warren).

**എല്ലാവരെയും അറിയുന്നയാൾ, സഹാനുഭൂതിയുള്ളയാൾ, മറ്റുള്ളവരെ കർമ്മനിരതരാക്കുന്നയാൾ:**

"ചെറുതും വലുതുമായ പ്രവർത്തനങ്ങളിൽ മനുഷ്യസമ്പർക്കത്തിന്റെ കലയാണ് നേതൃത്വം. സ്ഥിരോത്സാഹത്തോടെ മനുഷ്യർക്കുവേണ്ടി പ്രവർത്തിക്കുന്നതും അവരോടുകൂടെ ആയിരിക്കുന്നതും എന്നാൽ അവർതന്നെ അവരുടെ പ്രശ്നങ്ങൾക്ക് ശരിയാംവണ്ണം അഭിമുഖീഭവിക്കണമെന്ന് നിർബന്ധിക്കുന്നതുമായൊരു കലയാണത്" (S.L.A. Marshall).

"താൻ ചെയ്യാൻ ആഗ്രഹിക്കുന്നത് അപരനും ചെയ്യാനാഗ്രഹിക്കുന്നെന്നു തിരിച്ചറിഞ്ഞാൽ അത് അപരനെക്കൊണ്ടുതന്നെ ചെയ്യിക്കുന്ന കലയാണ് നേതൃത്വം" (Dwight D. Eisenhower).

**മറ്റു നേതാക്കളെ വളർത്തുന്നയാൾ:**

"ഒരുവൻ നേതാവാണെന്നതിനുള്ള അന്തിമമാനദണ്ഡം, തനിക്കുശേഷവും കാര്യങ്ങൾ തുടർന്നുകൊണ്ടുപോകാനുള്ള ബോധ്യവും മനഃശക്തിയും മറ്റുള്ളവരിൽ അവശേഷിപ്പിക്കുക എന്നതാണ്" (Walter Lippmann).

"ജനങ്ങളെ വളർത്തുന്ന നേതാക്കൾ കൂട്ടുന്നു (add); മറ്റു നേതാക്കളെക്കൂടി വളർത്തുന്ന നേതാക്കൾ പെരുപ്പിക്കുന്നു (multiply)" (John C. Maxwell).

**ബുദ്ധിയും സാഹചര്യങ്ങൾ നിർവചിക്കാൻ കഴിവുമുള്ളയാൾ:**

"ബുദ്ധിയും നിർവചനശേഷിയുമാണ് ഒരു നേതാവിന്റെ ഗുണങ്ങൾ" (Tacitus).

**ത്യാഗശീലമുള്ളയാൾ:**

"ക്രിസ്തുവിനെപ്പോലെ നയിക്കാൻ ശ്രമിക്കുന്ന ഒരു ക്രിസ്ത്യാനി ക്രിസ്തുവിന്റെ അനുഭവം ഏറ്റെടുക്കാൻ തയ്യാറാകണം. കുറച്ചുപേർ അവനെ അനുഗമിക്കും, ബാക്കിയുള്ളവർ കല്ലെറിയും" (C. Gene Wilkes).

**ആവശ്യങ്ങൾ തിരിച്ചറിയുന്നയാൾ:**

"നേതൃത്വം ജനിക്കേണ്ടത് അതിന്റെ സ്വാധീനത്തിൽവരുന്ന എല്ലാവരുടെയും ആവശ്യങ്ങളെക്കുറിച്ചുള്ള തിരിച്ചറിവിൽ നിന്നാണ്" (Marian Anderson).

**അവസരങ്ങൾ പാർത്തിരിക്കുന്നയാൾ, നന്മയ്ക്കായി മാറ്റങ്ങൾ സ്വാഗതം ചെയ്യുന്നയാൾ:**
"നേതാക്കളില്ലാത്ത കാലഘട്ടത്തിൽ സമൂഹം നിശ്ചലമാകുന്നു. ധൈര്യശാലികളും പ്രാപ്തരുമായ നേതാക്കൾ വസ്തുതകൾ നന്മയ്ക്കായി മാറ്റിയെടുക്കാൻ അവസരങ്ങൾ തേടുമ്പോൾ പുരോഗതി കൈവരുന്നു" (Harry S. Truman).

## പ്രവാചകനേതൃത്വം

വിശുദ്ധഗ്രന്ഥത്തിലെ പ്രവാചകന്മാരിലും പ്രത്യേകമാംവിധം ക്രിസ്തുവിലും ദൃശ്യമായ ഒരു സവിശേഷശൈലിയാണ് പ്രവാചകനേതൃത്വം. മനുഷ്യവർഗത്തിന്റെയും സർവപ്രപഞ്ചത്തിന്റെതന്നെയും നേതാവായ ദൈവത്തിന്റെ ശബ്ദമായിത്തീരുന്നയാളാണ് പ്രവാചകൻ. പ്രവാചകദൗത്യത്തിന് മനുഷ്യനോളം പഴക്കമുണ്ട്. ജനങ്ങൾക്കോ നേതാക്കൾക്കോ തെറ്റുപറ്റുന്ന വേളയിലൊക്കെ ശരിയായ ദിശ കാണിക്കാൻ ദൈവം പ്രവാചകന്മാരെ നിയോഗിച്ചിരുന്നു. മോശ, ഏലിയാ, നാഥാൻ, ഏശയ്യാ, ജറെമിയ, എസെക്കിയേൽ തുടങ്ങി അനേകം പ്രവാചന്മാരെ ദൈവം തിരഞ്ഞെടുത്തെന്ന് താഴ്ന്നക്ലാസ്സുകളിൽ നാം മനസ്സിലാക്കിയിട്ടുണ്ട്. പ്രവാചകനേതൃത്വം മനുഷ്യരിൽ നിന്നുള്ളതല്ല; ദൈവം ഭരമേല്പിക്കുന്നതാണ്.




t

ഇസ്രായേൽ ജനം ഈജിപ്തിലെ ഫറവോയുടെ അടിമത്തത്തിൽ കഴിഞ്ഞിരുന്ന കാലത്ത് തന്റെ ജനത്തെ മോചിപ്പിക്കാൻ ദൈവം തിരഞ്ഞെടുത്ത മോശയിൽ വിരിഞ്ഞ പ്രവാചക മാതൃക നമുക്കു മനസ്സിലാക്കാൻ ശ്രമിക്കാം.

**ദൈവം മോശയെ തിരഞ്ഞെടുക്കുന്നതിനു മുമ്പ്:**

- മോശ കൊട്ടാരത്തിലാണു വളർന്നതെങ്കിലും ഫറവോയുടെ ഏകാധിപത്യപ്രവണത മോശ വെറുത്തിരുന്നു.
- കൊട്ടാരത്തിന്റെ സുഖലോലുപതയല്ല, പീഡിപ്പിക്കപ്പെട്ട ഹെബ്രായസഹോദരങ്ങളുടെ രോദനമാണ് മോശയെ കൂടുതൽ സ്വാധീനിച്ചത് (പുറ 2:11).
- ഹെബ്രായസഹോദരനെ ദ്രോഹിച്ചവനെ വധിക്കാനിടയായ സംഭവം, ഉത്തമനേതൃത്വത്തിന് താൻ ഇനിയും പാകമായിട്ടില്ലെന്ന തിരിച്ചറിവിലേക്കാണ് മോശയെ നയിച്ചത്.
- തന്നിലും തനിക്കുചുറ്റും സംഭവിക്കുന്നവയെക്കുറിച്ചുള്ള സത്യം മരുഭൂമിയിലെ നിശ്ശബ്ദതയിലിരുന്ന് തിരിച്ചറിയുന്ന മോശയെ നാം കാണുന്നു.
- ദൈവാശ്രയബോധത്തിൽ വ്യാപരിച്ച മോശയുടെ മുന്നിൽ ദൈവം സ്വയം വെളിപ്പെടുത്തുന്നവനായി ഇറങ്ങിവരുന്നു.

### മോശയുടെ തിരഞ്ഞെടുപ്പിന്റെ അനുഭവവും തുടർന്നു പ്രകടമാകുന്ന നേതൃത്വവും:

- കത്തിയിട്ടും ചാമ്പലാകാത്ത മുൾപ്പടർപ്പിന്റെ ദൃശ്യം മോശയെ നേതൃത്വത്തിന്റെ സുപ്രധാന പാഠങ്ങൾ പഠിപ്പിക്കുന്നു (പുറ 3 കാണുക).
  - ദൈവമാണ് യഥാർത്ഥനേതാവ്, താൻ അയയ്ക്കപ്പെടുന്നവനും അവിടത്തെ അധികാരത്തിൽ പങ്കുപറ്റുന്നവനും മാത്രമാണ്.
  - ജനത്തെ നയിക്കാൻ ആത്മാവിന്റെ അഗ്നി തന്നിൽ നിറയ്ക്കുന്നത് ദൈവമാണ്.
  - നല്കപ്പെടുന്ന അധികാരം ജനത്തെ ചാമ്പലാക്കാനല്ല; നയിക്കാനും വിശുദ്ധീകരിക്കാനും സംരക്ഷിക്കാനും പരിപോഷിപ്പിക്കാനും മോചിപ്പിക്കാനും ശുശ്രൂഷിക്കാനുമാണ്.
  - ജനം വേദനിക്കുമ്പോൾ അകലങ്ങളിലിരിക്കുന്നതല്ല നേതൃത്വം. മറിച്ച്, വെളിച്ചത്തിന്റേതും ശുദ്ധീകരിക്കലിന്റേതും നന്മയെ നശിപ്പിക്കാത്ത ശക്തിയുടേതുമായ അഗ്നിയായി ജനമദ്ധ്യേ പടരേണ്ടവനാണ് നേതാവ്.
  - സ്വന്തം ബലഹീനത തിരിച്ചറിഞ്ഞ് അവ അതിജീവിക്കാൻ തന്നെ അയച്ചവന്റെ ശക്തിയിലാശ്രയിക്കുന്നവനാണ് യഥാർത്ഥനേതാവ്.
  - കടലിന്റെ ഭീഷണി, മരുഭൂമിയിലെ ദുരന്താനുഭവങ്ങൾ, ശത്രുവിന്റെ വാൾ, വിശപ്പും ദാഹവും, ഒറ്റപ്പെടൽ, കുറ്റപ്പെടുത്തലുകൾ ഇവയെല്ലാം കൂദാശയുടെ അനുഭവമാണെങ്കിലും ദൈവത്തിന്റെ ശക്തമായ കരങ്ങൾ അതെല്ലാം അതിജീവിക്കാൻ മോശയെ സഹായിക്കുന്നു.
  - ദൈവത്തിനും ജനത്തിനുമിടയിൽ സ്നേഹത്തിന്റെ ഉടമ്പടിസ്ഥാപിക്കാൻ ഉപകരണമാകുന്നവനാണ് നേതാവ്.
  - തനിക്കുമാത്രമല്ല, മറ്റുള്ളവർക്കും സമൂഹത്തിന്റെ സമഗ്രമായവളർച്ചയ്ക്കുതകുംവിധം വിവിധ തലങ്ങളിൽ നേതൃത്വം നല്കാൻ, ദൈവം ദാനങ്ങൾ നല്കിയിട്ടുണ്ട് (പുറ 18:19-26 കാണുക).
  - മറ്റുള്ളവരെ കാനാൻദേശത്തേക്കു നയിച്ചെങ്കിലും മോശയ്ക്ക് അവിടെ പ്രവേശിക്കാനായില്ല. 'തനിക്കെന്തുകിട്ടും?' എന്നചോദ്യം ഒരു നേതാവിൽനിന്ന് ഒരിക്കലും കേൾക്കേണ്ടിവരില്ല.

## യേശുവിന്റെ നേതൃത്വം

നാമിതുവരെ, നമ്മുടെ സമൂഹത്തിൽ കണ്ട ചിലവ്യക്തികളിൽ പ്രകടമായ നേതൃത്വ സവിശേഷതകൾ കണ്ടെത്തി; നേതൃത്വം സംബന്ധിച്ച് ചില ഉന്നതരായ ചിന്തകർ പറഞ്ഞുവച്ച സവിശേഷതകൾ കണ്ടു. കൂടാതെ, മോശയിൽ വിളങ്ങിനിന്ന പ്രവാചകചൈതന്യമുള്ള നേതാവിനെയും നമ്മൾ പരിചയപ്പെട്ടു. ഇവിടെയൊക്കെയും നേതൃത്വത്തിന്റെ പല സവിശേഷതകളും കണ്ടെത്തിയെങ്കിലും യഥാർത്ഥപ്രവാചകചൈതന്യമുള്ള നേതാവിനെക്കുറിച്ച് പൂർണവും വ്യക്തവുമായ ചിത്രം യേശുവിലാണ് നാം കണ്ടെത്തുക.

## പ്രവർത്തനം 2

ചുവടേ ചേർക്കുന്ന തിരുവചനഭാഗങ്ങൾ ഗ്രൂപ്പുതിരിഞ്ഞു വായിച്ച് യേശുവാകുന്ന ഉത്തമ നേതാവിൽക്കാണുന്ന സവിശേഷതകൾ ക്ലാസ്സിൽ അവതരിപ്പിക്കുക. ഓരോ ഗ്രൂപ്പും ഏതെങ്കിലും ഒരു സുവിശേഷകനെ ചർച്ചയ്ക്കായി എടുക്കുക.

| മത്തായി | മർക്കോസ് | ലൂക്കാ | യോഹന്നാൻ |
|---|---|---|---|
| 5:13–16 | 1:35 | 4:14 | 10:1–18 |
| 5:38–42 | 6:34 | 4:18–19 | 13:14 |
| 10:1–4 | 8:34 | 6:11 | 17:21–23 |
| 18:10–14 | 10:42–45 | 6:27–36 | 20:21–23 |
| 18:15–17 | | 12:4 | 21:15–17 |
| 28:18–20 | | 13:31–32 | |
| | | 22:19–20 | |

## യേശുവിൽ വെളിപ്പെട്ട നേതൃത്വസവിശേഷതകൾ

- യേശുവാകുന്ന നേതാവിന്റെ ദർശനം, ദൈവരാജ്യസംസ്ഥാപനമാണ്.
- പരിശുദ്ധാത്മാവിന്റെ നിറവിൽ ദൈവത്തിന്റെ പിതൃത്വം ഏറ്റുപറഞ്ഞ് വിശ്വസാഹോദര്യം ജീവിതംകൊണ്ടും പ്രബോധനംകൊണ്ടും ക്രിസ്തു ഉറപ്പാക്കുന്നതാണ് ഈ ദൈവരാജ്യം.
- താൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനാണെന്ന അസ്തമിക്കാത്ത ബോധ്യത്തോടെ, അയച്ചവന്റെ ഹിതമന്വേഷിക്കാൻ നിരന്തരം ഉപവസിച്ചും പ്രാർത്ഥിച്ചും പ്രവൃത്തിയിലേക്കു നീങ്ങുന്ന നേതാവാണ് ക്രിസ്തു.
- സ്വന്തം കുടുംബത്തിലെ അംഗവിഹീനരോടും ശിശുക്കളോടും മാതാപിതാക്കൾ കാട്ടുന്ന പ്രത്യേകസ്നേഹം, മറ്റുള്ളവരോടുള്ള അവഗണനയായി ആരും തെറ്റിദ്ധരിക്കാറില്ലല്ലോ! അതുപോലെ, ദൈവത്തിന്റെ കുടുംബത്തിലെ മനുഷ്യമക്കളിൽ അനാഥരോടും വിധവകളോടും രോഗികളോടും അംഗവിഹീനരോടും പാപികളോടും ചുങ്കക്കാരോടും യേശുകാട്ടിയ സവിശേഷസ്നേഹം ഈ ദൈവരാജ്യത്തിന്റെ ഒരു പ്രത്യേകതയാണ് (ലൂക്കാ 7:22–23).
- ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിക്കുന്ന, ശക്തരെ സിംഹാസനത്തിൽ നിന്നു മറിച്ചിടുന്ന, എളിയവരെ ഉയർത്തുന്ന, വിശക്കുന്നവരെ വിശിഷ്ടവിഭവങ്ങൾകൊണ്ടു സംതൃപ്തരാക്കുന്ന, സമ്പന്നരെ വെറുംകൈയോടെ പറഞ്ഞയയ്ക്കുന്ന നയങ്ങൾ ദൈവരാജ്യത്തിന്റെ സവിശേഷതകളാണ് (ലൂക്കാ 1:5–53). എല്ലാം സൃഷ്ടിച്ചവനായിരുന്നിട്ടും പുല്ക്കൂട്ടിൽപ്പിറന്ന ദാരിദ്ര്യവും, ജീവൻ നഷ്ടപ്പെട്ടവർക്ക് അതു തിരിച്ചുനല്കാൻ കഴിഞ്ഞിട്ടും സ്വന്തം ജീവൻ മറ്റുള്ളവർക്കായി കുരിശിൽ ഹോമിച്ച ത്യാഗോജ്ജ്വലമായ ലാളിത്യവും, അധികാരം ശുശ്രൂഷിക്കാനാണെന്ന് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിക്കാട്ടിയ എളിമയും (ലൂക്ക 13:14), ഇന്നത്തെ പാപിയിൽ നാളത്തെ പുണ്യവാനെക്കണ്ട് പാപം വലിച്ചെറിഞ്ഞ് പാപിയെ ആശ്ലേഷിച്ച കാരുണ്യവും (ലൂക്ക 19:10) ദൈവരാജ്യത്തിന്റെ അടിസ്ഥാനതത്ത്വങ്ങളാണ്. ശത്രുവിനുവേണ്ടിക്കൂടി പ്രാർത്ഥിക്കുകയും നന്മചെയ്യുകയും ചെയ്യുന്ന രമ്യതയുടെയും പങ്കുവയ്ക്കലിന്റെയും സ്നേഹം, ക്രിസ്തുവാഴുന്നരാജ്യത്തിലെ നിയമമാണ് (മത്താ 5:3–48).

- സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുക്കുക എന്നത് ഈ ദൈവരാജ്യത്തിലെ നീതിയാണ് (മത്താ 22:21).
- ദൈവരാജ്യം എന്ന തന്റെ ദർശനം പൂർത്തീകരിക്കാൻ അവിടന്ന് അവലംബിച്ച മാർഗം കുരിശിന്റേതാണ് (മർക്കോ 8:31; 9:31; 10:33-34)
- യേശുവിൽ സംജാതമായ ഈ രാജ്യം എക്കാലവും എവിടെയും അനുഭവവേദ്യമാക്കാൻ അവിടന്ന് അപ്പസ്തോലന്മാരെ തിരഞ്ഞെടുത്ത്, ആത്മാവാൽ നിറച്ച് അവിടത്തെ അതേ അധികാരത്തോടെ അയയ്ക്കുന്നു (യോഹ 20:21, മത്താ 28:19-20).

## ഉത്തരം കണ്ടെത്താം

1. നല്ല നേതാക്കളുണ്ടാകേണ്ടത് സമൂഹത്തിന്റെ ആവശ്യമാണെന്നു പറയുന്നതെന്തു കൊണ്ട്?
2. ഒരു നല്ല നേതാവിനുണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങൾ ഏതെല്ലാം?
3. സാധാരണ നേതൃത്വത്തിൽ നിന്ന് പ്രവാചകനേതൃത്വത്തെ വ്യത്യസ്തമാക്കുന്ന ഘടകങ്ങളേവ?
4. മോശയുടെ നേതൃത്വത്തിന്റെ പ്രത്യേകതകളെന്തെല്ലാം?
5. ഒരു യഥാർത്ഥനേതാവിന്റെ പൂർണവും വ്യക്തവുമായ ചിത്രം നാം യേശുവിൽ കാണുന്നു. എങ്ങനെ?

## പ്രവർത്തനം 3

ടീച്ചറും വിദ്യാർത്ഥികളും ചേർന്ന് തങ്ങളുടെ ഇടവകയിലെ കുടുംബക്കൂട്ടായ്മകളുടെ നേതാവുമായോ സജീവമായി ഇടവകയിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ നേതാക്കളിൽ ചിലരുമായോ അഭിമുഖം സംഘടിപ്പിച്ച് സംഘടനാപ്രവർത്തനങ്ങളിൽ മുഴുകേണ്ടതിന്റെ ആവശകത തിരിച്ചറിയുക.

## ഗാനം



നന്മകൾ ചെയ്യാനും ത്യാഗം വരിക്കാനും
സന്നദ്ധരാകണം നേതാക്കന്മാർ
നേടുവാനായല്ല, നല്കുവാനായെന്നും
മനസ്സുള്ളോരാകണം നേതാക്കന്മാർ
അപരന്റെ നേട്ടങ്ങളെന്നും കൊതിക്കുന്ന
സുമനസ്സായ്ത്തീരണം നേതാക്കന്മാർ
സത്യം പറഞ്ഞിടാൻ നിഷ്ഠവച്ചീടുന്ന
ധീരന്മാരാകണം നേതാക്കന്മാർ
സ്നേഹകാരുണ്യങ്ങളെന്നും പുലർത്തുവാൻ
ബോധനം നല്കണം നേതാക്കന്മാർ
ശുശ്രൂഷ ചെയ്യുവാൻ, യേശുവാം ദൈവത്തെ
മാതൃകയാക്കണം നേതാക്കന്മാർ.

# 4 ലൈംഗികത ദാനവും ഉത്തരവാദിത്വവും



**ആമുഖ പ്രവർത്തനം**

തീ നല്ലതുതന്നെ. എന്നാൽ സൂക്ഷിച്ച് ഉപയോഗിച്ചില്ലെങ്കിൽ അത് സർവത്തെയും ചാമ്പലാക്കും. ജലമില്ലാതെ നമുക്കു ജീവിക്കാനാവില്ല. എന്നാൽ, ഒരു ബക്കറ്റ് വെള്ളത്തിന് ഒരു കുഞ്ഞിനെ ശ്വാസം മുട്ടിച്ചുകൊല്ലാനാവും. അതുപോലെ, ദൈവികദാനമായ ലൈംഗികത നല്ലതാണ്. എന്നാൽ സൂക്ഷിച്ചു കൈകാര്യം ചെയ്തില്ലെങ്കിൽ അപകടം ക്ഷണിച്ചുവരുത്തും.

ദൈവികദാനമായ ലൈംഗികത ഉത്തരവാദിത്വത്തോടെ ഉപയോഗിച്ചില്ലെങ്കിൽ സംഭവിക്കാവുന്ന അപകടങ്ങളെക്കുറിച്ച് ഗ്രൂപ്പുതിരിഞ്ഞ് ചർച്ചചെയ്യുക.

ലൈംഗികത എന്നത് സദാചാരങ്ങളുടെ പിന്നാമ്പുറങ്ങളിൽമാത്രം ചർച്ചചെയ്യപ്പെടുന്ന വിഷയം എന്ന സാമൂഹികവ്യവസ്ഥിതിയിൽ നിന്നു മാറി, അത് സ്വതന്ത്രമായി ചർച്ചചെയ്യപ്പെടുന്ന പശ്ചാത്തലത്തിലേക്കാണ് നാം ഇന്നു നീങ്ങിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ ലൈംഗികതയുടെ അർത്ഥവും ലക്ഷ്യവും മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.

ലൈംഗികതയെന്നത് സൃഷ്ടിയുടെ ആരംഭത്തിൽത്തന്നെ ദൈവം മനുഷ്യനു നല്കിയ വലിയ നന്മയാണ്. അതുകൊണ്ടുതന്നെ, അവന്റെ ജീവിതത്തിലെ സമസ്തമേഖലകളെയും സ്വാധീനിക്കുന്ന ഒന്നായി ഇതിനെ കാണാവുന്നതാണ്. ലൈംഗികത മാറ്റിനിറുത്തിയാൽ മനുഷ്യന്റെ അസ്തിത്വം പൂർണമാകുകയില്ല. മനുഷ്യന്റെ ശാരീരികവും മാനസികവും വൈകാരികവും ആത്മീയവുമായ എല്ലാ വ്യാപാരങ്ങളിലും ലൈംഗികതയുടെ സ്വാധീനമുണ്ട്.

## മനുഷ്യൻ: സ്ത്രീയും പുരുഷനും

"ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഛായയിൽ അവിടന്ന് അവനെ സൃഷ്ടിച്ചു; അവിടന്ന് സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു" (ഉത്പ 1:27). ആദിയിലേ ഉള്ളതും അവസാനംവരെ നിലനില്ക്കുന്നതുമായ ഈ സ്ത്രീ പുരുഷ വ്യത്യാസം പരസ്പരപൂരകമാണ്. അതായത്, അവർ ദൈവത്തിന്റെ നിശ്ചയപ്രകാരം സൃഷ്ടിക്കപ്പെടുന്നവരാണ്. ഒരു ഭാഗത്ത്, മനുഷ്യവ്യക്തികൾ എന്ന നിലയിൽ അവർ സമത്വമുള്ളവരാകുന്നു; മറുഭാഗത്ത്, അവരുടെ പ്രത്യേക ഉണ്മകളിൽ അവർ പുരുഷനും സ്ത്രീയും ആകുന്നു. പുരുഷനും സ്ത്രീയും എടുത്തുമാറ്റാനാകാത്ത അനന്യമായ മാഹാത്മ്യത്തിന്റെ ഉടമകളാണ്. ഈ മാഹാത്മ്യം സ്രഷ്ടാവായ ദൈവത്തിൽ നിന്ന് അവർക്ക് നേരിട്ടു ലഭിക്കുന്നതുമാണ്. സ്ത്രീയും പുരുഷനും ദൈവത്തിന്റെ ജ്ഞാനത്തെയും നന്മയെയുമാണ് പ്രതിഫലിപ്പിക്കുന്നത്.

## പരസ്പരപൂരകത്വം (Complementarity)

മനോഹരമായ ഈ പ്രപഞ്ചത്തിലേക്കു നോക്കിയാൽ നമുക്കു മനസ്സിലാക്കാൻ കഴിയുന്ന ഒരു യാഥാർഥ്യം, മനുഷ്യർ മാത്രമല്ല, സർവജീവജാലങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് ലിംഗപരമായ വ്യത്യസ്തതകളോടുകൂടെയാണ്. അത് അവ പരസ്പരപൂരകങ്ങളായി വർത്തിച്ച് പ്രത്യുൽപാദനം എന്ന ലക്ഷ്യം സാധ്യമാക്കാനാണ്. സ്ത്രീ-പുരുഷസൃഷ്ടിയുടെ സഹജമായ ലക്ഷ്യം സാധ്യമാകുന്നത്, അവർ തമ്മിലുള്ള അവിഭാജ്യവും ഗാഢവുമായ ബന്ധത്തിലൂ



ടെയും പങ്കുവയ്പിലൂടെയുമാണ്. ഉദാഹരണമായി, ഒരു പക്ഷിക്കുള്ള രണ്ടു ചിറകുകളുടെ കാര്യമെടുക്കാം. ഇടുതുചിറകിന്റെ സ്ഥാനത്ത് ഇടതുചിറകുതന്നെ ഇരിക്കണം; വലതു ചിറകിന്റെ സ്ഥാനത്ത് വലതുചിറകും. പ്രവൃത്തിയിൽ രണ്ടു ചിറകുകളും തുല്യമായാണു കാണപ്പെടുന്നത്, വർത്തിക്കുന്നത്. അങ്ങനെ തുല്യമായി പ്രവർത്തിക്കാൻ സാധിക്കുമ്പോഴാണ് പക്ഷിക്കു പറക്കാൻ കഴിയുന്നതും പൂർണതയുള്ളതാകുന്നതും. ഇതുപോലെതന്നെ, സ്ത്രീയും പുരുഷനും പരസ്പരപൂരകങ്ങളായതുകൊണ്ട് ഒന്നാകലിലൂടെ അവർ പൂർണതയിലെത്താൻ ശ്രമിക്കുന്നു. ഈ ഒന്നാകലിനുവേണ്ടിയുള്ള ചലനങ്ങൾ അവരുടെ ജീവിതത്തിലെങ്ങും കാണാനാകുന്നതാണ്. "മനുഷ്യർ ഏകനായിരിക്കുന്നതു നന്നല്ല; അവനു ചേർന്ന ഇണയെ ഞാൻ നല്കും" (ഉത്പ 2:18) എന്ന വിശുദ്ധഗ്രന്ഥഭാഗവും സ്ത്രീപുരുഷന്മാർ പ്രകൃത്യാ ഒന്നാകലിലൂടെ പൂർണരാകാൻ വിളിക്കപ്പെട്ടവരാണെന്ന സന്ദേശമാണു നല്കുന്നത്.

## ലൈംഗികത: ദൈവദാനം

മനുഷ്യനെ ദൈവം സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു എന്ന വിവരണത്തിൽത്തന്നെ, അവർ സ്നേഹബന്ധത്തിൽ ഒരുമിച്ചു ജീവിക്കേണ്ടവരാണെന്ന അടിസ്ഥാനതത്ത്വം ദൈവം ഉൾച്ചേർത്തിട്ടുണ്ട്. ദാനമായി നല്കിയ ലൈംഗികതയിലൂടെ മക്കൾക്കു ജന്മംനല്കുകവഴി ഭാര്യാഭർത്താക്കന്മാർ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേരുന്നു.

**ലൈംഗികതയ്ക്ക് പ്രധാനമായും മൂന്നു ലക്ഷ്യങ്ങളാണുള്ളത്:**

**1. വിവാഹം മുതൽ സ്ത്രീപുരുഷന്മാർ ദാമ്പത്യസ്നേഹബന്ധത്തിൽ വളരുക.**

**2. ദാമ്പത്യബന്ധത്തിലൂടെ മക്കൾക്ക് ജന്മംനല്കുക.**

**3. ദമ്പതികൾ പരസ്പരസന്തോഷത്തിന് നിദാനമാകുക.**

ഈ ലക്ഷ്യങ്ങൾ സാധ്യമാകത്തക്കവിധമാണ് ലൈംഗികത ദൈവം ക്രമീകരിച്ചിരിക്കുന്നത്. തന്മൂലം ലൈംഗികത നല്ലതും വിശുദ്ധവുമാണ്. ഇതിന്റെയെല്ലാം വെളിച്ചത്തിൽ ദൈവത്തെ നിസ്വാർത്ഥമായി സ്നേഹിക്കാനും പുതിയ തലമുറയ്ക്ക് ജന്മംകൊടുക്കാനും ദൈവം മനുഷ്യരിൽ നിക്ഷേപിച്ച വാസനകളുടെയും അനുഭൂതികളുടെയും ആകത്തുകയാണ് ലൈംഗികത.

ലൈംഗികതയുടെ സമഗ്രമായ കാഴ്ചപ്പാട് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരമാണു പ്രതിപാദിക്കുന്നത്: "വിവാഹജീവിതത്തിന്റെമാത്രം പ്രത്യേകതയായ ദമ്പതിമാരുടെ ലൈംഗികസംയോഗംവഴി അവരുടെ ദാമ്പത്യപ്രേമം അന്യാദൃശമാംവിധം പ്രകാശിപ്പിക്കപ്പെടുകയും പരിപൂർണമാക്കപ്പെടുകയും ചെയ്യുന്നു." തന്മൂലം ഭാര്യാഭർത്താക്കന്മാരുടെ ഗാഢവും നിർമ്മലവുമായ ലൈംഗികവേഴ്ച ശ്രേഷ്ഠവും ആദരണീയവുമാകുന്നു. ഈദൃശ പ്രവൃത്തികൾ മനുഷ്യോചിതമായി നിർവ്വഹിക്കപ്പെടുമ്പോൾ അവ ദമ്പതിമാർ സന്തോഷത്തോടും കൃതജ്ഞതയോടുംകൂടെ അന്യോന്യം സമ്പന്നരാകുന്ന പരസ്പരദാനം സൂചിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു (സഭ ആധുനികലോകത്തിൽ, 49). അതുകൊണ്ട്

ലൈംഗികത അർത്ഥസമ്പൂർണവും സുഖദായകവുമായ അനുഭവത്തിന്റെ ഉറവിടമാണ്. സ്രഷ്ടാവിന്റെ മഹത്തായ ദാനത്തിന്റെ ആഴം ഉത്തരവാദിത്വത്തോടെ നിറവേറ്റാൻ കഴിയുന്നത് ദാമ്പത്യജീവിതത്തിലാണ്.

## ലൈംഗിക പ്രവൃത്തി: ദാനവും ഉത്തരവാദിത്വവും



പുരുഷനും സ്ത്രീയുമായ മനുഷ്യർക്ക് ലൈംഗികത എന്ന നന്മ ദൈവം തന്റെ മഹത്തായ ദാനമായി നല്കിയതാണ് എന്ന് നാം മനസ്സിലാക്കിക്കഴിഞ്ഞു. വിവാഹജീവിതംവഴി ഇവർ തമ്മിലുള്ള നൈസർഗികമായ ഒന്നാകലിലൂടെ പുതിയൊരു ജീവനാണ് രൂപംകൊള്ളുന്നത്. അങ്ങനെ, ഇവരുടെ പവിത്രമായ സ്നേഹം ലൈംഗികസ്നേഹപ്രവർത്തനങ്ങളിലൂടെ മാംസം ധരിക്കുന്നു; ജീവനുണ്ടാകുന്നു. ഇത് ദൈവത്തിന്റെ പദ്ധതിയാണ്; സൃഷ്ടിയുടെ വൈശിഷ്ട്യവും. വൈവാഹിക ബന്ധത്തിലൂടെ ഒന്നായിത്തീരുന്ന സ്ത്രീയുടെയും പുരുഷന്റെയും ജീവിതത്തിലേക്ക് ദൈവം തന്റെ ദാനമായി നല്കുന്നതാണ് മക്കൾ. സ്ത്രീപുരുഷബന്ധത്തിന്റെ പവിത്രതയെയും ആത്യന്തികമായ ലക്ഷ്യത്തെയും മക്കൾ എന്ന അനുഗ്രഹത്തിലൂടെ ദൈവം മനുഷ്യരെ ഓർമ്മപ്പെടുത്തുന്നു. മക്കൾ ദൈവത്തിന്റെ ദാനമായതുകൊണ്ട് അവിടത്തെ ഹിതമനുസരിച്ച് മക്കളെ വളർത്താനുള്ള ദൗത്യവും മക്കൾക്ക് മാതൃകയാകത്തക്കവിധമുള്ള ഉത്തരവാദിത്വപൂർണമായ ജീവിതം നയിക്കാനുള്ള കടമയും ദമ്പതിമാർക്കുണ്ട്.

## ശുദ്ധത എന്ന പുണ്യത്തിന്റെ പ്രധാന്യം:

ലൈംഗികതയുടെ ദൗത്യവും ഉത്തരവാദിത്വവുമായി ബന്ധപ്പെട്ടുതന്നെ മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട ഒരു വസ്തുതയാണ് 'ശുദ്ധത'. വിശുദ്ധ മരിയ ഗൊരേത്തിയുടെ ജീവചരിത്രം നാം വായിച്ചിട്ടുണ്ടല്ലോ. ദൈവസ്നേഹത്തെപ്രതി പാപത്തെ വെറുത്ത് ശുദ്ധതകാത്തുസൂക്ഷിക്കുന്നതിനുവേണ്ടി രക്തംചിന്തി മരിച്ച വിശുദ്ധയാണ് മരിയ ഗൊരേത്തി. അശ്ളീലത്തിൽ ആനന്ദംകൊള്ളുന്ന ഇന്നത്തെ ലോകത്തിൽ, ജീവൻ ഹോമിക്കേണ്ടിവന്നാലും പാപത്തിനു കൂട്ടുനില്ക്കില്ല എന്നു പറയുന്ന മരിയ ഗൊരേത്തിയെപ്പോലെയുള്ളവരുടെ ജീവിതം ശുദ്ധത എന്ന പുണ്യത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്നു.

ലൈംഗികകഴിവുകൾ ദൈവം ഉദ്ദേശിച്ചിരിക്കുന്ന ലക്ഷ്യത്തിനുവേണ്ടി മാത്രം വിനിയോഗിക്കുന്ന മനോഭാവത്തിനാണ് ശുദ്ധത എന്നു പറയുന്നത്. ദാമ്പത്യസ്നേഹത്തിലും ഒരുമയിലും പ്രകാശിതമാകേണ്ട ലൈംഗികത വികാരാവേശത്തിന്റെ ശമനത്തിനും സുഖാസ്വാദനത്തിനും വേണ്ടി ദുർവിനിയോഗിക്കുമ്പാൾ അതു തിന്മയാകുന്നു.

ശുദ്ധതയിൽ സ്വയം നിയന്ത്രണത്തിനുള്ള പരിശീലനം, അതായത്, മനുഷ്യസ്വാതന്ത്ര്യം

ശരിയായ രീതിയിൽ ഉപയോഗിക്കുന്നു എന്നത് ഉൾപ്പെടുന്നുണ്ട്. വികാരങ്ങൾ നിയന്ത്രിക്കാനും മനുഷ്യോചിതമായ പ്രവർത്തനങ്ങളിൽ മുഴുകാനും ശുദ്ധതയെന്ന പുണ്യം നമ്മെ വളരെയേറെ സഹായിക്കുന്നു.

ക്രൈസ്തവരായ നമ്മൾ ജ്ഞാനസ്നാനത്തിലൂടെ ശരീരത്തെയും ആത്മാവിനെയും ദൈവത്തിനു സമർപ്പിച്ചവരാണ്. ഈ കൂദാശവഴി നമ്മൾ പരിശുദ്ധാത്മാവിന്റെ ആലയങ്ങളും യേശുവിന്റെ മൗതികശരീരത്തിലെ അവയവങ്ങളുമായിത്തീരുന്നു.

“നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ, പരിശുദ്ധാത്മാവിന്റെ ആലയമാണു നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്കറിഞ്ഞുകൂടേ?” (1കൊറി 6.19).

“ആസക്തിയോടെ സ്ത്രീയ നോക്കുന്ന ആരും ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു” (മത്താ 5:28).

വിശുദ്ധിയിൽ ഉറച്ചുനില്ക്കാൻ ഉത്തമമായമാർഗം പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് നമ്മെത്തന്നെ സമർപ്പിക്കുകയാണ്. ക്രൈസ്തവർ എല്ലാ ശുദ്ധതയുടെയും മാതൃകയായ ക്രിസ്തുവിനെയാണു ധരിച്ചിരിക്കുന്നത് (ഗലാ 3:27). അതുകൊണ്ട് തങ്ങളുടെ പ്രത്യേക ജീവിതാവസ്ഥയ്ക്കു യോജിച്ചവിധം നിർമ്മലജീവിതം നയിക്കാൻ എല്ലാ ക്രൈസ്തവ വിശ്വാസികളും വിളിക്കപ്പെട്ടിരിക്കുന്നു.

## ലൈംഗിക തിന്മകൾ

t

ലൈംഗികത മനുഷ്യാസ്തിത്വത്തിന്റെ അവിഭാജ്യഘടകമായ ശക്തിയാണെന്നും അതുകൊണ്ട് അതിനെ ശരിയായവിധത്തിൽ ഉപയോഗിക്കേണ്ടത് മനുഷ്യന്റെ ഉത്തരവാദിത്വമാണെന്നും നാം മനസ്സിലാക്കിക്കഴിഞ്ഞു. ലൈംഗികതയിലൂടെ ദൈവം ലക്ഷ്യംവയ്ക്കുന്ന നന്മകൾ അവഗണിച്ചു പ്രവർത്തിക്കുമ്പോഴാണ്, ലൈംഗികതിന്മകൾ രൂപം കൊള്ളുന്നത്. ഇവ സമൂഹത്തിൽ അരാജകത്വം സൃഷ്ടിക്കുകയും മനുഷ്യനിലുള്ള ദൈവഛായാ-സാദൃശ്യങ്ങൾ മറന്നുകൊണ്ട് മനുഷ്യമഹത്വം തരംതാഴ്ത്തുകയും ചെയ്യുന്നു.



ദൈവസ്നേഹത്തിൽ നിറയാനും ആ സ്നേഹം ദാമ്പത്യബന്ധത്തിലൂടെ ജീവിതപങ്കാളിയിലേക്കു പകർന്ന് സൃഷ്ടി കർമ്മത്തിൽ പങ്കുചേരാനുമുള്ള കഴിവായ ‘ലൈംഗികത’ ഇന്ന് ഏറെ ദുരുപയോഗം ചെയ്യപ്പെടുന്നു എന്ന് ചർച്ചയിലൂടെ മനസ്സിലായിക്കാണുമല്ലോ. ചില ടി.വി.ചാനലുകൾ, അശ്ലീലസിനിമകൾ, ഇന്റർനെറ്റ്, മൊബൈൽഫോൺ എന്നിവയുടെ ദുരുപയോഗം ഇന്ന് ഒത്തിരി യുവതീ

യുവാക്കളെ വഴിതെറ്റിക്കുന്നു. സ്വന്തം ശരീരത്തിന്റെ പവിത്രത കാത്തുസൂക്ഷിക്കേണ്ടതാണെന്ന സത്യം മറന്ന് ശരീരത്തെ വെറുമൊരു ഉപഭോഗവസ്തുവായി കാണുന്നതിന്റെ അനന്തരഫലങ്ങളാണ് ഇവ.

**സമൂഹത്തിൽ നിലനില്ക്കുന്ന, മനുഷ്യാന്തസ്സിനെ ഹനിക്കുന്ന ലൈംഗികതിന്മകൾ താഴേ വിവരിക്കുന്നു:**

### 1. വിഷയാസക്തി

ലൈംഗികസുഖത്തിനുവേണ്ടിയുള്ള അമിതമായ ആഗ്രഹമോ അതിന്റെ അനിയന്ത്രിതമായ ആസ്വാദനമോ ആണ് വിഷയാസക്തി. ലൈംഗികസുഖം അതിന്റെ ലക്ഷ്യങ്ങളായ സന്താനോത്പാദനത്തിൽ നിന്നും ദാമ്പത്യസ്നേഹത്തിൽ നിന്നും വേർതിരിച്ച് ശാരീരിക സന്തോഷത്തിനുവേണ്ടിമാത്രം തേടുമ്പോൾ, അത് ധാർമ്മികമായി ക്രമംതെറ്റിയതാകുന്നു.

### 2. സ്വയംഭോഗം

ലൈംഗികസുഖം ലഭിക്കുന്നതിനുവേണ്ടി ജനനേന്ദ്രിയങ്ങളെ മനഃപൂർവം ഉദ്ദീപിപ്പിക്കുന്നതിനാണ് സ്വയംഭോഗം എന്നു പറയുന്നത്. സ്വാഭാവിക പ്രകൃതിനിയമങ്ങൾക്കു വിരുദ്ധമായി ലൈംഗികകഴിവുകൾ ഉപയോഗിക്കുമ്പോൾ അത് ലൈംഗികതയുടെ ആത്യന്തികമായ ലക്ഷ്യം തടയുന്നു. ലൈംഗികത ലക്ഷ്യമിടുന്ന സ്നേഹത്തിന്റെ പൂർണതയിൽ സംഭവിക്കേണ്ട പരസ്പരസമർപ്പണവും സന്താനോൽപാദനത്തിനുള്ള ആഗ്രഹവും സ്വയംഭോഗത്തിൽ അസാദ്ധ്യമാണ്.

t

### 3. അവിവാഹിത വേഴ്ച

അവിവാഹിതരായ സ്ത്രീ പുരുഷന്മാർ തമ്മിലുള്ള ലൈംഗികബന്ധമാണ് അവിവാഹിത വേഴ്ച. അത് ദൈവികപദ്ധതിക്കും വ്യക്തികളുടെ മാഹാത്മ്യത്തിനും സ്വാഭാവികമായി ദമ്പതികളുടെ നന്മ, സന്താനോൽപാദനം, സന്താനങ്ങളുടെ വിദ്യാഭ്യാസം എന്നീ ലക്ഷ്യങ്ങൾക്കും വിരുദ്ധമാണ്.

### 4. അശ്ലീലകല

യാഥാർത്ഥ്യമോ ഭാവനാസൃഷ്ടിയോ ആയ ലൈംഗികക്രിയകൾ അവയുടെ പങ്കാളികളുടെ സ്വകാര്യതയിൽ നിന്നു വേർപെടുത്തി മറ്റുള്ളവരുടെ മുൻപിൽ മനഃപൂർവം പ്രദർശിപ്പിക്കുന്നതാണ് അശ്ലീലകല. ദമ്പതികളുടെ ഏറ്റവും രഹസ്യമായ പരസ്പരദാനത്തിന്റെ പ്രകടമായ ദാമ്പത്യപ്രവൃത്തിയെ വികലമാക്കുന്നതിനാൽ അത് ശുദ്ധതയുടെ ഭഞ്ജനമാണ്.

### 5. വ്യഭിചാരം

ദാമ്പത്യത്തിലല്ലാതെ പുരുഷൻ അന്യസ്ത്രീയുമായോ സ്ത്രീ അന്യപുരുഷനുമായോ ഏർപ്പെടുന്ന ലൈംഗികവേഴ്ചയെ വ്യഭിചാരം എന്നുപറയുന്നു. ഇത് വ്യക്തിയുടെ മാഹാത്മ്യം കളങ്കപ്പെടുത്തുന്നു. കാരണം, അത് വ്യക്തിയെ ലൈംഗികസുഖത്തിനുള്ള ഉപകരണമായി തരംതാഴ്ത്തുന്നു. ജ്ഞാനസ്നാനത്തിൽ താൻ വാഗ്ദാനം ചെയ്ത വിശുദ്ധി ഭഞ്ജി

ക്കുകയും അതുവഴി പരിശുദ്ധാത്മാവിന്റെ ആലയമായ ശരീരം മലിനമാക്കുകയും ചെയ്യുന്നു.

**6. ബലാൽസംഗം**

ബലപ്രയോഗത്തിലൂടെ മറ്റൊരാളുടെ ലൈംഗികസ്വകീയത ഭഞ്ജിക്കുന്നതാണിത്. അത് നീതിയുടെയും സ്നേഹത്തിന്റെയും ലംഘനമാണ്. ഏതൊരു വ്യക്തിക്കും അവകാശപ്പെട്ടിരിക്കുന്ന ആദരം, സ്വാതന്ത്ര്യം, ശാരീരിക-ധാർമ്മിക സമഗ്രത എന്നിവയെ ഈ പ്രവൃത്തി ആഴത്തിൽ വ്രണപ്പെടുത്തുന്നു.

**7. സ്വവർഗഭോഗം**

സ്വവർഗത്തിൽപ്പെട്ട ആളുകളോടുമാത്രമോ, അല്ലെങ്കിൽ പ്രബലമായ ലൈംഗിക ആകർഷണം അനുഭവപ്പെടുന്ന പുരുഷന്മാർ തമ്മിലോ സ്ത്രീകൾ തമ്മിലോ ഉള്ള ബന്ധമാണ് സ്വവർഗഭോഗം. സ്വാഭാവിക പ്രകൃതിനിയമങ്ങൾക്കു വിരുദ്ധമായതും ദൈവദൃഷ്ടിയിൽ ഹീനമായതുമാണ് ഈ പ്രവൃത്തി. ഇത് ലൈംഗികത ലക്ഷ്യമിടുന്ന സ്നേഹത്തിന്റെ പൂർണതയിൽ സംഭവിക്കേണ്ട പരസ്പരസമർപ്പണവും സന്താനോത്പാദനവും അസാദ്ധ്യമാക്കുന്നു. കാരണം, സ്വാഭാവികപ്രകൃതിനിയമങ്ങൾക്കു വിരുദ്ധമായി ലൈംഗികകഴിവുകൾ ഉപയോഗിക്കുമ്പോൾ അത് ലൈംഗികതയുടെ ആത്യന്തികമായ ലക്ഷ്യം തടയുന്നു.

**8. വിവാഹത്തിനു പുറമേയുള്ള ലൈംഗിക ബന്ധം** (Extra Marrital Sex)

വിവാഹിതരായ വ്യക്തികൾ അന്യവ്യക്തികളുമായി നടത്തുന്ന ലൈംഗികബന്ധം നിഷിദ്ധമാണെന്ന് ആറാം പ്രമാണം വ്യക്തമായി പഠിപ്പിക്കുന്നു. വിവാഹബന്ധത്തിലെ ലൈംഗികപ്രവൃത്തിയിൽ ഒരാൾ തന്റെ പങ്കാളിക്ക് സമ്പൂർണമായി സമർപ്പിക്കുന്നു. വിവാഹേതര ലൈംഗികബന്ധത്തിൽ ഈ സമർപ്പണം സാധ്യമല്ല. തന്മൂലം അന്യരുമായുള്ള ലൈംഗിക ബന്ധം കടുത്ത വഞ്ചനയും പാപവുമാണ്.

മുകളിൽപ്പറഞ്ഞ തിന്മകളെല്ലാം എല്ലാ മനുഷ്യരെയും സമൂഹത്തെയും നാശത്തിലേക്കു നയിക്കുന്ന ഹീനമായ പ്രവൃത്തികളാണ്. ഈ തിന്മകൾക്കെതിരേ നാം പോരാടേണ്ടവരാണ്.

വിശുദ്ധ പൗലോസ് അപ്പസ്തോലൻ നമ്മെ ഓർമ്മപ്പെടുത്തുന്നു:

"അതിനാൽ, ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. തിന്മയുടെ ദിനത്തിൽ ചെറുത്തു നില്ക്കാനും എല്ലാ കർത്തവ്യങ്ങളും നിറവേറ്റിക്കൊണ്ട് പിടിച്ചു നില്ക്കാനും അങ്ങനെ നിങ്ങൾക്കു സാധിക്കും. അതിനാൽ സത്യംകൊണ്ട് അരമുറുക്കി, നീതിയുടെ കവചം ധരിച്ച് നിങ്ങൾ ഉറച്ചുനില്ക്കുവിൻ. സമാധാനത്തിന്റെ സുവിശേഷത്തിനുള്ള ഒരുക്കമാകുന്ന പാദരക്ഷകൾ ധരിക്കുവിൻ. സർവോപരി, ദുഷ്ടന്റെ ജ്വലിക്കുന്ന കൂരമ്പുകൾ കെടുത്തുന്നതിന് നിങ്ങളെ ശക്തരാക്കുന്ന വിശ്വാസത്തിന്റെ പരിച എടുക്കുവിൻ. രക്ഷയുടെ പടത്തൊപ്പി അണിയുകയും ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുക്കുകയും ചെയ്യുവിൻ" (എഫേ 6:13-17).

ഈ വചനത്തിന്റെ അർത്ഥം ഉൾക്കൊണ്ട് തിന്മകൾക്കെതിരേ പോരാടി നന്മയിൽ ഉറച്ചുനില്ക്കാൻ നമുക്ക് ജാഗരൂകരാകാം.

## ലൈംഗിക തിന്മകൾ അതിജീവിക്കാൻ ചില കുറുക്കുവഴികൾ

- നിരന്തരമായ പ്രർത്ഥന
- കൗദാശികജീവിതത്തിലുള്ള സജീവ പങ്കാളിത്തം
- നല്ല വായനകൾ
- ശരിയായ ലക്ഷ്യബോധം
- നല്ല ശീലങ്ങൾ
- നല്ല കൂട്ടുകാർ
- സമയത്തിന്റെ ശരിയായ വിനിയോഗം



ക്രിസ്തുവിന്റെ ധാർമ്മിക പഠനങ്ങളുടെ അന്തഃസത്തയിൽ നിന്നുതന്നെയാണ് സഭ ലൈംഗിക ധാർമ്മികതയെക്കുറിച്ചു പഠിപ്പിക്കുന്നത്. സുവിശേഷമൂല്യങ്ങൾക്ക് അനുസൃതമായി സഭ മുന്നോട്ടുവയ്ക്കുന്ന ലൈംഗികതയെക്കുറിച്ചുള്ള പഠനങ്ങൾ മനുഷ്യന്റെ യാഥാർത്ഥ മഹത്ത്വം തിരിച്ചറിഞ്ഞ് അവനെ സ്വാതന്ത്ര്യത്തിലേക്കു നയിക്കാൻ പര്യാപ്തമായതാണ്. യഥാർത്ഥ ലൈംഗികസ്വാതന്ത്യം സാധ്യമാകുന്നത് വികാരങ്ങൾ അടിച്ചമർത്താതെ അവയെ യഥാർത്ഥസ്നേഹത്തിലേക്ക് വഴി തിരിച്ചുവിടുമ്പോൾ മാത്രമാണ്. ഇപ്രകാരമുള്ള ലൈംഗികസ്വാതന്ത്ര്യം അനുഭവിക്കുന്ന വ്യക്തിക്ക് പൂർണ സന്തോഷത്തോടെ സമൂഹനന്മയ്ക്കുവേണ്ടി തന്റെ ലൈംഗികകഴിവുകൾ വിനിയോഗിച്ച് ആത്മസംതൃപ്തി നേടാനാകും. പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കുകയും ചെയ്ത യേശുവിന്റെ മനോഭാവമായിരിക്കണം ഓരോ ക്രൈസ്തവവിശ്വാസിയുടെയും മുഖമുദ്ര. ദൈവം മനുഷ്യന് നന്മയായി നല്കിയ ലൈംഗികത അവിടത്തെ മഹത്തായ ദാനവും ദൈവത്തോടുള്ള നമ്മുടെ വലിയ ഉത്തരവാദിത്വവുമായി കണ്ടുകൊണ്ട് യേശുവിനെപ്പോലെ ആത്മസായൂജ്യത്തിന്റെയും നിസ്വാർത്ഥ സ്നേഹത്തിന്റെയും വ്യക്തിത്വങ്ങൾക്ക് ഉടമകളായി മാറാൻ നമുക്കു ശ്രമിക്കാം.

## ഉത്തരം കണ്ടെത്താം

1. എന്താണ് ലൈംഗികത?
2. ലൈംഗികത ദൈവദാനമാകുന്നതെങ്ങനെ?
3. ലൈംഗികത ദുരുപയോഗപ്പെടുന്ന മേഖലകൾ ഏവ?
4. 'ശുദ്ധത' എന്ന പുണ്യത്തിന്റെ പ്രാധാന്യമെന്ത്?
5. ലൈംഗികതിന്മകൾ എങ്ങനെ അതിജീവിക്കാനാകും?

## പ്രവർത്തനം

താഴേ കൊടുത്തിരിക്കുന്ന തിരുവചനഭാഗങ്ങൾ അടിസ്ഥാനമാക്കി ഇന്ന് സമൂഹത്തിൽ നിലനില്ക്കുന്ന ലൈംഗികതിന്മകളെക്കുറിച്ച് ഗ്രൂപ്പുതിരിഞ്ഞ് ചർച്ച ചെയ്ത് റിപ്പോർട്ട് അവതരിപ്പിക്കുക.

"ഒരുവന്റെ ഉള്ളിൽനിന്നു പുറപ്പെടുന്ന കാര്യങ്ങളാണ് അവനെ അശുദ്ധനാക്കുന്നത്. എന്തെന്നാൽ, ഉള്ളിൽനിന്നാണ്, മനുഷ്യന്റെ ഹൃദയത്തിൽനിന്നാണ് ദുശ്ചിന്ത, പരസംഗം, മോഷണം, കൊലപാതകം, വ്യഭിചാരം, ദുരാഗ്രഹം, ദുഷ്ടത, വഞ്ചന, ഭോഗാസക്തി, അസൂയ, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നത്. ഈ തിന്മകളെല്ലാം ഉള്ളിൽനിന്നുവരുന്നു. അവ മനുഷ്യനെ അശുദ്ധനാക്കുകയും ചെയ്യുന്നു" (മർക്കോ 7:20-23). "അതുകൊണ്ട് ജഡമോഹങ്ങൾ നിങ്ങളെ കീഴ്പ്പെടുത്താൻ തക്കവിധം പാപം നിങ്ങളുടെ മർത്ത്യ ശരീരത്തിൽ ഭരണം നടത്താതിരിക്കട്ടെ" (റോമാ [illegible]:12).

"നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്കറിഞ്ഞുകൂടേ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല, നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. ആകയാൽ, നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ" (1 കൊറി 6:18-20).

## ഗാനം



പരിശുദ്ധാത്മാവിന്റെ ആലയമാകുന്നു
ഭൂമിയിൽ, മർത്ത്യശരീരം
ജീവിതാന്തംവരെ പാവനമായതു
സൂക്ഷിക്കുവാൻ ശ്രമം വേണം

ശുദ്ധതയെന്നുള്ള പുണ്യത്തെയെപ്പൊഴും
ശ്രേഷ്ഠമായ് നമ്മൾ കരുതിടേണം
ശുദ്ധത പാലിക്കാൻ ജീവിതം ഹോമിച്ച
പുണ്യചരിതരെയോർത്തിടേണം

നല്ലതു മാത്രമേ കാണാവൂ, കേൾക്കാവൂ
സംശുദ്ധമായതേ ചിന്തിക്കാവൂ
ഭാവനയിൽ ദൈവം മാത്രമായീടണം
പാവനമാനസരായിടേണം

# 5 യുവജനങ്ങളും ദൈവാരാധനയും



**ആമുഖ പ്രവർത്തനം**

മനുഷ്യർ പൊതുവേ ദൈവത്തെ വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്നവരാണ്. ക്രൈസ്തവരായ നാം ഏകസമൂഹമായി ദൈവാരാധനയിൽ പങ്കുചേരുന്നു. നമ്മുടെ ദൈവാരാധന മറ്റു മതങ്ങളിലെ ദൈവാരാധനയിൽനിന്നു വ്യത്യസ്തമായിരിക്കുന്ന മേഖലകൾ ഏതെല്ലാമെന്ന് ചർച്ചചെയ്ത് കണ്ടെത്തുക.

പ്രാചീനമനുഷ്യൻ പ്രകൃതിശക്തികളെ അദ്ഭുതത്തോടും ഭയത്തോടും കൂടെയാണ് നോക്കിക്കണ്ടത്. ഈ ആശ്ചര്യവും ഭയവും പ്രകൃതിശക്തികളെ ദൈവങ്ങളായിക്കണ്ട് പ്രീതിപ്പെടുത്താനും ആരാധിക്കാനും മനുഷ്യനെ പ്രേരിപ്പിച്ചു. ഈ ആരാധനയുടെ ഭാഗമായി, പക്ഷിമൃഗാദികളും ഫലമൂലാദികളും ബലിയർപ്പിക്കുന്ന രീതികളുണ്ടായി.

വ്യത്യസ്തരീതികളിലുണ്ടായ ദൈവാരാധനയുടെ അടിസ്ഥാനത്തിൽ വിവിധ മതങ്ങൾ രൂപപ്പെട്ടു. എല്ലാ മതങ്ങളിലും ആരാധനയുടെ പ്രധാനഘടകം ബലിയർപ്പണമായിരുന്നു. ആരാധനയിലൂടെയും ബലിയർപ്പണത്തിലൂടെയും മനുഷ്യൻ ഈശ്വരാനുഭവം നുകർന്നു. ദൈവപ്രീതിയും തന്മൂലമുള്ള പാപമോചനവും നേടുക, കൃതജ്ഞതയർപ്പിക്കുക, അനുഗ്രഹങ്ങൾ പ്രാപിക്കുക എന്നിവയാണ് ദൈവാരാധന ലക്ഷ്യംവയ്ക്കുന്നത്.

കാലക്രമേണ രൂപപ്പെട്ട എല്ലാ സംഘടിതമതങ്ങളിലും വിശ്വാസസത്യങ്ങൾ (Creed), നിയമസംഹിത (Code), ആരാധനക്രമം (Cult), സമൂഹം (Community) എന്നീ നാലു ഘടകങ്ങൾ അടങ്ങിയിരിക്കുന്നു.

മനുഷ്യൻ ദൈവത്തെ ആരാധിക്കണമെന്ന് പഴയനിയമത്തിൽ പലവട്ടം ആവർത്തിച്ചു പ്രഖ്യാപിക്കുന്നുണ്ട്. ഉദാഹരണത്തിന്, "നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണആത്മാവോടും പൂർണശക്തിയോടും കൂടെ സ്നേഹിക്കണം" (നിയമാ 6:5; മത്താ 22: 37-38). "നിന്റെ ദൈവമായ കർത്താവിനെ നീ ആരാധിക്കണം. അവനെ മാത്രമേ പൂജിക്കാവൂ എന്ന് എഴുതപ്പെട്ടിരിക്കുന്നു" (ലൂക്കാ 4:8). വിശ്വാസസത്യങ്ങളും നിയമസംഹിതയും സമൂഹത്തിൽ ഫലദായകമാകുന്നത് ആരാധനാനുഭവത്തിലൂടെയാണ്.

## ക്രൈസ്തവാരാധന

ആദിപാപം മൂലം വന്നുചേർന്ന നിത്യനാശത്തിൽനിന്ന് മനുഷ്യകുലം വീണ്ടെടുക്കപ്പെട്ടത് ദൈവപുത്രനായ ക്രിസ്തുവിന്റെ പീഡാസഹനവും മരണവും ഉത്ഥാനവും വഴിയാണല്ലോ. ക്രിസ്തുവിന്റെ മൗതികശരീരമായ സഭ തന്റെ ആരാധനാകർമ്മങ്ങൾവഴി അവിടത്തെ സഹനം, മരണം, ഉത്ഥാനം, സ്വർഗാരോഹണം എന്നീ പെസഹാരഹസ്യങ്ങൾ ആഘോഷിച്ചുപോരുന്നു. ക്രിസ്തുവിന്റെ പെസഹാരഹസ്യം (Paschal Mystery) സഭയിലൂടെ ആഘോഷിക്കുകയും അനുഭവിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നതാണ് ക്രൈസ്തവാരാധന. ഇപ്രകാരം സഭ ആരാധനയിലൂടെ ക്രിസ്തുവിന്റെ പെസഹാരഹസ്യം പ്രഖ്യാപിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നത് ക്രിസ്തുവിശ്വാസികൾ അതിൽനിന്നു ജീവൻസ്വീകരിക്കുന്നതിനും ലോകത്തിൽ ക്രിസ്തുവിനു സാക്ഷ്യംവഹിക്കുന്നതിനും വേണ്ടിയാണ്.

## ആരാധനക്രമം പരിശുദ്ധത്രിത്വത്തിന്റെ പ്രവൃത്തി

ക്രിസ്തുവിന്റെ സഭയിൽ ദൈവാരാധന എന്നത് ത്രിതൈ്വകദൈവത്തിന്റെ പ്രവൃത്തിയാണ്.

- പിതാവാണ് ആരാധനക്രമത്തിന്റെ ഉറവിടവും ലക്ഷ്യവും.
- മഹത്ത്വീകൃതനായ ക്രിസ്തുവഴിയാണ് ഈ ആരാധന സാധ്യമാകുക.

- ആരാധനക്രമം പരിശുദ്ധാത്മാവിന്റെ സഹായത്താൽ സഭ ചെയ്യുന്ന വിശുദ്ധവും വിശുദ്ധീകരിക്കുന്നതുമായ പ്രവൃത്തിയാണ്.

ത്രിയേകദൈവത്തിന്റെ ജീവനിലും ഐക്യത്തിലും പങ്കുകാരാകുന്നതിനും സഭാംഗങ്ങൾ ഏകസമൂഹമായി ജീവിക്കുന്നതിനും ക്രിസ്തുവിന്റെ സജീവസാക്ഷികളായിത്തീരുന്നതിനും ആരാധനക്രമം സഹായിക്കുന്നു. ക്രിസ്തുരഹസ്യങ്ങളും തിരുസഭയുടെ യഥാർത്ഥസ്വഭാവവും തങ്ങളുടെ ജീവിതത്തിൽ പ്രകാശിപ്പിക്കാനും മറ്റുള്ളവർക്ക് വെളിപ്പെടുത്താനും ക്രിസ്തുവിശ്വാസികൾ പ്രാപ്തരാകുന്നത് സഭയുടെ ആരാധനക്രമത്തിലൂടെയാണ്.

## ആരാധനയുടെ ഫലങ്ങൾ

- ആത്മാവിലുള്ള നവജീവൻ
- സഭയുടെ ദൗത്യത്തിലുള്ള പങ്കുചേരൽ
- സഭൈക്യത്തിനുവേണ്ടിയുള്ള ശുശ്രൂഷ

## ആരാധനക്രമം (Liturgy)

ഗ്രീക്കിലെ 'ലൈത്തൂർഗിയ' (Leiturgia) എന്ന പദത്തിൽ നിന്നാണ് ലിറ്റർജി (Liturgy) അഥവാ 'ആരാധനക്രമം' എന്ന പദം വരുക. 'പൊതുവായ ഒരു പ്രവൃത്തി' അഥവാ 'ജനങ്ങളുടെ നാമത്തിലോ ജനങ്ങളെപ്രതിയോ ഉള്ള ശുശ്രൂഷ' എന്നാണ് ഈ പദത്തിനർത്ഥം. ദൈവത്തിന്റെ പ്രവൃത്തിയിലുള്ള t ദൈവജനത്തിന്റെ പങ്കുചേരൽ എന്നാണ് ക്രൈസ്തവപാരമ്പര്യത്തിൽ ലിറ്റർജിയെ വിവരിക്കുക. അതുകൊണ്ടുതന്നെ, ആരാധനകർമ്മങ്ങൾ ഒരിക്കലും സ്വകാര്യകർമ്മങ്ങളല്ല. ക്രിസ്തുവിന്റെ കൂദാശയായ സഭയിൽ മെത്രാന്മാരുടെ അധികാരത്തിൽ ഒന്നിപ്പിക്കപ്പെടുകുയും ക്രമീകരിക്കപ്പെടുകയും ചെയ്യുന്ന ദൈവജനത്തിന്റെ ആഘോഷങ്ങളാണിവ.

ക്രിസ്തുവിന്റെ പ്രവൃത്തി എന്ന നിലയിൽ ആരാധനക്രമം അവിടത്തെ സഭയുടെ പ്രവൃത്തികൂടിയാണ്. തന്റെ കർത്താവായ ഏകശുശ്രൂഷക (Leitourgos) ന്റെ സാദൃശ്യത്തിൽ സഭ ശുശ്രൂഷകയായി വർത്തിക്കുന്നു. ലിറ്റർജിയിലൂടെ നമ്മുടെ രക്ഷകനും പ്രധാന പുരോഹിതനുമായ ക്രിസ്തു തന്റെസഭയിൽ, സഭയോടൊത്ത്, സഭയിലൂടെ മനുഷ്യകുലത്തിന്റെ രക്ഷാകരകർമ്മം തുടർന്നുകൊണ്ടിരിക്കുന്നു. വിശുദ്ധ കുർബാന, മറ്റ് കൂദാശകൾ, ആരാധനാവത്സരം, കൂദാശാനുകരണങ്ങൾ, യാമപ്രാർത്ഥനകൾ തുടങ്ങിയവയെല്ലാം ലിറ്റർജിയിൽപ്പെടുന്നു.

ദൈവാരാധനയും സുവിശേഷപ്രഘോഷണവും മാത്രമല്ല, ദൈവത്തിനും അയല്ക്കാരനുമുള്ള ശുശ്രൂഷകൂടിയാണ് ലിറ്റർജി. സഭയിലെ ആരാധനക്രമത്തിൽ പങ്കുചേരുകവഴി ദൈവജനം ക്രിസ്തുവിന്റെ പ്രവാചകപരവും (പ്രഘോഷണം) രാജകീയവു (പരസ്നേഹശുശ്രൂഷ) മായ പൗരോഹിത്യത്തിൽ പങ്കുചേരുന്നു. മാത്രമല്ല, ഈ ആരാധന സഭാമക്കൾക്ക് സ്വർഗീയാരാധനയുടെ മുന്നാസ്വാദനം കൂടിയാണ്.

## ആരാധനക്രമത്തിലെ അടയാളങ്ങളും പ്രതീകങ്ങളും

ദൈവം മനുഷ്യനോട് സൃഷ്ടവസ്തുക്കളി (Natural Signs)ലൂടെ സംസാരിക്കുന്നു. പ്രകാശം, അന്ധകാരം, വായു, അഗ്നി, ജലം, മണ്ണ്, മരം, ഫലങ്ങൾ എന്നിങ്ങനെ ഈ പ്രപഞ്ചം മുഴുവൻ ദൈവത്തെപ്പറ്റി മനുഷ്യരോട് സംസാരിക്കുന്നു. അവിടത്തെ മഹത്ത്വം വെളിപ്പെടുത്തുകയും ചെയ്യുന്നു.

ദൈവമക്കൾ ക്രിസ്തുവിലും പരിശുദ്ധാത്മാവിലും തങ്ങളുടെ പിതാവിനെ കണ്ടുമുട്ടുന്ന കൗദാശികആഘോഷങ്ങൾ, പ്രതീകാത്മകമായ അടയാളങ്ങളിലൂടെയും പ്രവൃത്തികളിലൂടെയും ഉച്ചരിക്കപ്പെടുന്ന വാക്കുകളിലൂടെയുമാണു പ്രകടമാക്കുന്നത്. ക്രിസ്തുതന്നെ നല്കിയിരിക്കുന്ന കൗദാശികഅടയാളങ്ങളി (Sacramental Signs) ലൂടെയാണ് ഇതു സാധിക്കുക.

## ആരാധനക്രമത്തിലെ കാലങ്ങൾ

ക്രിസ്തുവിന്റെ ഒന്നാംവരവായ തിരുപ്പിറവിക്ക് ഒരുക്കമായുള്ള ഒന്നാമത്തെ ഞായറാഴ്ചയോടുകൂടെയാണ് ആരാധനക്രമവത്സരം ആരംഭിക്കുന്നത്. നവംബർ 30-നോ അതിനടുത്തതോ ആയ ഞായറാഴ്ചയിലെ ഒന്നാം സായാഹ്നപ്രാർത്ഥനയോടെ ഈ കാലത്തിന് തുടക്കം കുറിക്കുന്നു. ആണ്ടുവട്ടത്തിലെ അവസാനത്തെ ഞായറാഴ്ച, വിധിയാളനായി വരുന്ന ക്രിസ്തുവിന്റെ രണ്ടാംവരവിനെ സൂചിപ്പിക്കുന്നു. ക്രിസ്തുരാജന്റെ തിരുനാളോടുകൂടെ ഈ കാലം അവസാനിക്കുന്നു. ചുരുക്കത്തിൽ, ക്രിസ്തുവിന്റെ ഈ രണ്ട് ആഗമനങ്ങൾക്കുമിടയിലെ പെസഹാരഹസ്യങ്ങളുടെ ആഘോഷങ്ങtളുടെ കാലമാണ് ആരാധനക്രമവത്സരം.

**സഭയിൽ ക്രിസ്തുരഹസ്യത്തിന്റെ ആഘോഷത്തിന് പ്രധാനമായും ആറു ഘട്ടങ്ങളുണ്ട്:**

1. ആഗമനകാലം
2. തിരുപ്പിറവിക്കാലം
3. നോമ്പുകാലം (തപസ്സുകാലം)
4. പെസഹാത്രിദിനം
5. പെസഹാക്കാലം
6. ആണ്ടുവട്ടം

### ആഗമനകാലം

നവംബർ അവസാനവാരത്തിലോ അതിനുശേഷം വരുന്ന ഞായറാഴ്ചയോ ആരംഭിക്കുന്ന ആഗമനകാലം ക്രിസ്തുമസ്സിന് തലേദിവസം അവസാനിക്കുന്നു. ഉണ്ണിയേശുവിന്റെ പിറവിത്തിരുനാളിനൊരുങ്ങുന്ന കാലഘട്ടമാണിത്. ആഗമനകാലഘട്ടത്തിൽ നാലു ഞായറാഴ്ചകളാണുള്ളത്. മനുഷ്യരുടെ ഇടയിലേക്ക് ദൈവപുത്രൻ ആദ്യമായി ഇറങ്ങിവന്നതിന്റെ അനുസ്മരണമാണിത്. ഈ അനുസ്മരണംവഴി ലോകാവസാനത്തിൽ സംഭവിക്കാനിരിക്കുന്ന ക്രിസ്തുവിന്റെ രണ്ടാംവരവിലേക്ക് വിശ്വാസികളെ സഭ ക്ഷണിക്കുകയും ചെയ്യുന്നു.

## തിരുപ്പിറവിക്കാലം

ക്രിസ്തുമസ് മുതൽ കർത്താവിന്റെ ജ്ഞാനസ്നാനത്തിരുനാൾ വരെയുള്ള ദിവസങ്ങളാണ് തിരുപ്പിറവിക്കാലമായി ആചരിക്കുന്നത്. ആരാധനക്രമവർഷത്തിൽ ഈ കാലഘട്ടത്തിന് രണ്ടാം സ്ഥാനമാണുള്ളത്. വളരെ പ്രധാനപ്പെട്ടതിരുനാളുകൾ തിരുപ്പിറവിക്കാലത്താണ് ആഘോഷിക്കുന്നത്. തിരുകുടുംബതിരുനാൾ, പ്രഥമരക്തസാക്ഷിയായ വിശുദ്ധ സ്റ്റീഫന്റെ തിരുനാൾ, അപ്പസ്തോലനായ വിശുദ്ധ യോഹന്നാന്റെ തിരുനാൾ, വിശുദ്ധ പൈതങ്ങളുടെ തിരുനാൾ, ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാൾ എന്നിവയും ജനുവരി 6-നു ശേഷമുള്ള ഞായറാഴ്ചയിലെ കർത്താവിന്റെ ജ്ഞാനസ്നാന തിരുനാളും ഈ കാലഘട്ടത്തിലാണ് ആഘോഷിക്കുന്നത്.



## നോമ്പുകാലം (തപസ്സുകാലം)

വിഭൂതി ബുധൻ മുതൽ പെസഹാ വ്യാഴാഴ്ചയിലെ കർത്താവിന്റെ തിരുവത്താഴപൂജാസമയം വരെയുള്ള കാലഘട്ടം. പെസഹാ ആഘോഷത്തിനുള്ള ഒരുക്കത്തിന്റെ കാലഘട്ടമാണിത്. പരസ്യജീവിതത്തിനൊരുക്കമായി നാല്പതുരാവും പകലും ക്രിസ്തു ഉപവാസത്തിലും പ്രാർത്ഥനയിലും മരുഭൂമിയിൽ കഴിഞ്ഞുകൂടിയ മാതൃക സ്വീകരിച്ചുകൊണ്ടാണ് ഈ കാലഘട്ടം നമ്മൾ ആചരിക്കുന്നത്. അതിനാൽ പ്രാർത്ഥന, ഉപവാസം, ദാനധർമ്മം എന്നിവ നോമ്പുകാലാനുഷ്ഠാനത്തിന്റെ പ്രത്യേകതയാണ്. തപസ്സനുഷ്ഠിച്ച് തങ്ങളെത്തന്നെ ഒരുക്കുന്ന ഈ കാലഘട്ടം തപസ്സുകാലം എന്നും അറിയപ്പെടുന്നു. വിശ്വാസികളുടെ നെറ്റിയിൽ ചാരംപൂശിക്കൊണ്ട് വിഭൂതി ബുധനാഴ്ച നോമ്പുകാലം ആരംഭിക്കുന്നു.

## പെസഹാത്രിദിനം

പെസഹാവ്യാഴാഴ്ചയിലെ തിരുവത്താഴപൂജയോടെ ആരംഭിച്ച് ഉയിർപ്പ് ഞായറാഴ്ചയിലെ സായാഹ്നപ്രാർത്ഥനയോടെ അവസാനിക്കുന്നതാണ് പെസഹാത്രിദിനം. ആരാധനക്രമവത്സരത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന കാലഘട്ടമാണിത്. ക്രിസ്തു തന്റെ പീഡാസഹനം, മരണം, ഉത്ഥാനം എന്നീ പെസഹാരഹസ്യംവഴി മനുഷ്യകുലത്തെ വീണ്ടെടുത്തതിന്റെ സജീവമായ അനുസ്മരണവും ആഘോഷവുമാണ് ഈ കാലഘട്ടത്തിന്റെ കേന്ദ്രബിന്ദു. ദുഃഖവെള്ളി യേശുനാഥന്റെ പീഡാസഹനവും കുരിശുമരണവും അനുസ്മരിക്കുന്നു. വലിയശനിയാഴ്ച കല്ലറയിലുള്ള യേശുവിന്റെ വിശ്രമത്തെ ഓർമ്മിക്കുന്നു. അവിടത്തെ ഉയിർപ്പിനായി സഭ കാത്തിരിക്കുന്നു. ക്രിസ്തുവിന്റെ ഉത്ഥാനം പ്രതീക്ഷിച്ചുകൊണ്ട് ദൈവജനം ഈ സമയത്ത് ഉപവാസത്തിലും പ്രാർത്ഥനയിലും വ്യാപരിക്കുകയും ജാഗരണത്തിലായിരിക്കുകയും കൂദാശകൾ അനുഷ്ഠിക്കുകയും ചെയ്യുന്നു.

പെസഹാജാഗരം - ആരാധനക്രമവത്സരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആഘോഷമാണിത്. തന്റെ പെസഹാരഹസ്യത്തിന്റെ പാരമ്യമായി ക്രിസ്തു മരിച്ചവരിൽനിന്ന് ഉത്ഥാനംചെയ്ത പരിശുദ്ധരാത്രിയാണിത്.

## പെസഹാക്കാലം



ഉയിർപ്പുഞായറാഴ്ചയ്ക്കും പെന്തക്കോസ്താ ഞായറാഴ്ചയ്ക്കും ഇടയ്ക്കുള്ള അമ്പത് ദിവസമാണ് പെസഹാക്കാലഘട്ടം. ക്രിസ്തുവിന്റെ ഉത്ഥാനം കഴിഞ്ഞ് അപ്പസ്തോലന്മാർ പരിശുദ്ധ മറിയത്തോടൊപ്പം, സഹായകനായ പരിശുദ്ധാത്മാവിന്റെ വരവിനു കാത്തിരുന്നപോലെ, ഉത്ഥാനത്തിന്റെ സന്തോഷത്തിൽ ദൈവജനം മുഴുവൻ ഈ അമ്പതുദിവസങ്ങൾ പരിശുദ്ധാത്മാവിന്റെ വരവിനു കാത്തിരിക്കുന്നു. ഏഴു ഞായറാഴ്ചകളാണ് പെസഹാക്കാലത്തിലുള്ളത്. ഇവ ഉയിർപ്പുകാലഞായറാഴ്ചകളായി അറിയപ്പെടുന്നു. പെസഹാക്കാലത്തെ അമ്പത് ദിവസങ്ങൾ പെന്തക്കോസ്താ ഞായറാഴ്ചയോടെ അവസാനിക്കുന്നു.

## ആണ്ടുവട്ടം

ക്രിസ്തുവിന്റെ രക്ഷാകരസംഭവങ്ങളുടെ മേല്പറഞ്ഞ ആഘോഷങ്ങൾക്കുപുറമേ വരുന്നതും ക്രിസ്തുവിന്റെ ധീരസാക്ഷികളായ വിശുദ്ധരുടെ ഓർമ്മയാചരണത്തിന്റെയും സഭാമക്കളുടെ വിശ്വാസവളർച്ചയുടെയുമായ കാലഘട്ടമാണ് ആണ്ടുവട്ടം. ക്രിസ്തുരഹസ്യം അതിന്റെ പൊതുവായ അർത്ഥത്തിൽ ആഘോഷിക്കുന്ന കാലഘട്ടമാണ് ആണ്ടുവട്ടം. ആരാധനക്രമവർഷത്തിലെ ഏറ്റവും നീണ്ട കാലഘട്ടമാണിത്. ജനുവരി 6-ാം തീയതി കഴിഞ്ഞുവരുന്ന ഞായറാഴ്ചയ്ക്കുശേഷമുള്ള തിങ്കളാഴ്ച ആരംഭിച്ച് വിഭൂതി ബുധനുമുമ്പുള്ള ചൊവ്വാഴ്ച അവസാനിക്കുന്നു. പെന്തക്കോസ്താ കഴിഞ്ഞുവരുന്ന തിങ്കളാഴ്ച വീണ്ടും ആണ്ടുവട്ടം ആരംഭിക്കുകയും ആഗമനകാലത്തിലെ ഒന്നാം ഞായറാഴ്ചയ്ക്കുമുമ്പുള്ള ശനിയാഴ്ച അവസാനിക്കുകയും ചെയ്യുന്നു. മുപ്പത്തിമൂന്നോ മുപ്പത്തിനാലോ ഞായറാഴ്ചകൾ ഈ കാലഘട്ടത്തിലുൾപ്പെടുന്നു.

## ആരാധനക്രമത്തിലെ നിറങ്ങൾ

ആരാധനക്രമവർഷത്തിലുപയോഗിക്കുന്ന വ്യത്യസ്ത നിറങ്ങളിലുള്ള തിരുവസ്ത്രങ്ങൾ ആരാധനാവത്സരത്തിലെ വ്യത്യസ്തങ്ങളായ കാലഘട്ടങ്ങളെയും ആ കാലഘട്ടത്തിനനുസരിച്ച് ക്രൈസ്തവജീവിതത്തിൽ വരുന്ന വ്യത്യസ്തങ്ങളായ സന്ദർഭങ്ങളെയും അനുഭവങ്ങളെയും സൂചിപ്പിക്കുന്നു.

### വെളുപ്പുനിറം

വിശുദ്ധിയുടെയും നൈർമ്മല്യത്തിന്റെയും അടയാളമാണ് വെളുപ്പുനിറം. ഉയിർപ്പുകാലത്തും പിറവിക്കാലത്തും കർത്താവിന്റെ തിരുനാളുകളിലും സ്മരണകളിലും പരിശുദ്ധ കന്യകാമറിയം, ദൈവദൂതന്മാർ, രക്തസാക്ഷികളല്ലാത്ത വിശുദ്ധർ എന്നിവരുടെ തിരുനാളുകളിലും സ്മരണകളിലും സകലവിശുദ്ധരുടെ തിരുനാൾ, വിശുദ്ധ സ്നാപകയോഹന്നാന്റെ ജനനത്തിരുനാൾ, വിശുദ്ധ യോഹന്നാന്റെ തിരുനാൾ, വിശുദ്ധ പത്രോസ് അപ്പസ്തോലന്റെ സിംഹാസനത്തിരുനാൾ, വിശുദ്ധ പൗലോസിന്റെ മാനസാന്തരത്തിരുനാൾ എന്നീ ദിവസങ്ങ

ളിലും വെളുപ്പു നിറത്തിലുള്ള പൂജാവസ്ത്രം (ചോസിബിൾ) തിരുകർമ്മങ്ങളിൽ ഉപയോഗിക്കുന്നു.

### ചെമപ്പുനിറം

രക്തത്തിന്റെ നിറമായ ചെമപ്പ് സഹനത്തിന്റെയും വേദനയുടെയും രക്തസാക്ഷിത്വത്തിന്റെയും പ്രതീകമാണ്. കുരുത്തോല ഞായറാഴ്ച, ദുഃഖവെള്ളിയാഴ്ച, പെന്തക്കോസ്താ മഹോത്സവത്തിരുനാൾ, കർത്താവിന്റെ പീഡാസഹന അനുഷ്ഠാന തിരുകർമ്മം, അപ്പസ്തോലന്മാരുടെയും സുവിശേഷകന്മാരുടെയും തിരുനാളുകൾ, രക്തസാക്ഷികളുടെ തിരുനാളുകൾ എന്നീ അവസരങ്ങളിൽ ചെമപ്പുനിറത്തിലുള്ള പൂജാവസ്ത്രങ്ങളാണ് ഉപയോഗിക്കാറുള്ളത്.

### പച്ചനിറം

പ്രകൃതിയുടെ നിറമായ പച്ച കണ്ണുകൾക്ക് കുളിർമ്മയേകുന്നതും പ്രത്യാശയുടെ പ്രതീകമായി കരുതപ്പെടുന്നതുമാണ്. ഈ നിറം യേശുവിന്റെ രണ്ടാംവരവിനായി പ്രത്യാശയോടെ കാത്തിരിക്കുന്ന സഭാസമൂഹത്തെ പ്രതിനിധാനം ചെയ്യുന്നു. സഭയുടെ പ്രത്യാശ പ്രകടിപ്പിക്കുന്നവിധത്തിൽ തിരുനാളുകൾ ഒഴിച്ചുള്ള സാധാരണ ദിവസങ്ങളിൽ പച്ചനിറത്തിലുള്ള പൂജാവസ്ത്രങ്ങളാണ് ഉപയോഗിക്കാറുള്ളത്.

### വയലറ്റ് നിറം

പശ്ചാത്താപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും പ്രതീകമാണ് ധൂമ്രനിറം (വയലറ്റ്). നോമ്പുകാലത്തും ആഗമനകാലത്തും പരേതർക്കുവേണ്ടിയുള്ള തിരുകർമ്മങ്ങളിലും ഈ നിറത്തിലുള്ള പൂജാവസ്ത്രങ്ങൾ ഉപയോഗിക്കുന്നു.

### റോസ് നിറം

ആഗമനകാലത്തെ മൂന്നാം ഞായറാഴ്ചയിലും തപസ്സുകാലഘട്ടത്തിലെ നാലാം ഞായറാഴ്ചയിലും റോസ്നിറം ഉപയോഗിച്ചുവരുന്നു.

### സ്വർണനിറം

സുപ്രധാനതിരുനാളാഘോഷാവസരങ്ങളിൽ സ്വർണനിറമാണ് ഉപയോഗിക്കാറുള്ളത്. വെള്ളനിറത്തിലെ തിരുവസ്തങ്ങൾക്കു പകരമാണ് ഇന്ന് സാധാരണമായി സ്വർണനിറം ഉപയോഗിക്കുന്നത്.

## അൾത്താരയിലെ പൂജാപാത്രങ്ങൾ

### കാസ (chalice)



കാസ എന്ന വാക്കിന്റെ അർത്ഥം 'കോപ്പ' (chalice) എന്നാണ്. അന്ത്യഅത്താഴസമയത്ത് പരിശുദ്ധകുർബാന സ്ഥാപിക്കുന്നവേളയിൽ യേശു കാസ ഉപയോഗിച്ചതുകൊണ്ടാണ് പരമ്പരാഗതമായി ദിവ്യബലിയർപ്പണത്തിന് നാം കാസ ഉപയോഗിക്കുന്നത്. അൾത്താരയിൽ ഉപയോഗിക്കുന്ന പൂജാപാത്രങ്ങളിൽ ഏറ്റവും കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് കാസ.



## കുസ്തോതി (Ciborium)

ജനങ്ങൾക്ക് സ്വീകരിക്കാനുള്ള ചെറിയ ഓസ്തികൾ വയ്ക്കുന്ന പാത്രമാണ് സിബോറിയം. കുസ്തോദി അഥവാ 'കുസ്തോദിയ' എന്ന ലത്തീൻ പദത്തിൽ നിന്നാണ് ഈ പദം രൂപപ്പെട്ടത്. 'കാത്തുസൂക്ഷിക്കൽ' എന്നാണ് ഈ പദത്തിന്റെ അർത്ഥം.



## പീലാസ (Paten)

ദിവ്യബലിയർപ്പണസമയത്ത് വൈദികൻ ഉപയോഗിക്കുന്ന വലിയ ഓസ്തി വയ്ക്കാനുള്ള ചെറിയ പാത്രത്തിനാണ് പാറ്റേൺ അഥവാ തളിക എന്നു പറയുന്നത്.

## തിരുശീല (Corporal)



തിരുകർമ്മങ്ങൾ പരികർമ്മം ചെയ്യുന്ന സമയത്ത് ബലിപീഠത്തിനു മുകളിൽ വിരിക്കുന്ന ചതുരാകൃതിയിലുള്ള വെളുത്തതുണിയാണ് കോർപൊറൽ. കോർപൊറലിനു മുകളിലാണ് കാസയും സിബോറിയവും പാറ്റേണും പുരോഹിതൻ ദിവ്യബലിയർപ്പണസമയത്തു വയ്ക്കുന്നത്.



## മാർജനശീല (Purificator)

കാസയുടെമുകളിൽ നെടുകേ ഇടുന്ന ടവ്വലിന്റെ രൂപത്തിലുള്ള വെളുത്ത തുണിയെയാണ് പ്യൂരിഫിക്കേറ്റർ എന്നു പറയുന്നത്. സാധാരണ, നീളത്തിൽ മൂന്നായി മടക്കിയാണ് ഇത് ഉപയോഗിക്കുന്നത്. കാസ തുടച്ചുവൃത്തിയാക്കുന്നതുകൊണ്ടാണ് ഇതിനെ പ്യൂരിഫിക്കേറ്റർ അഥവാ മാർജനശീല എന്നുവിളിക്കുന്നത്.

## അരുളിക്കാ (Monstrance)



പരിശുദ്ധകുർബാന പരസ്യമായി എഴുന്നള്ളിച്ചുവയ്ക്കുന്നതിനാണ് അരുളിക്കാ ഉപയോഗിക്കുന്നത്.



## ധൂപക്കുറ്റി (Turible)

തിരുകർമ്മങ്ങളിൽ ധൂപാർച്ചനയ്ക്ക് ഉപയോഗിക്കുന്ന ധൂപപാത്രമാണ് ധൂപക്കുറ്റി. ധൂപക്കുറ്റിയിൽ എരിയുന്നകനലിലേക്ക് കുന്തിരിക്കമിട്ടാണ് ധൂപമുണ്ടാക്കുന്നത്. കുന്തിരിക്കം സൂക്ഷിക്കുന്ന പാത്രത്തെ 'കപ്പൽ' എന്നാണ് പറയുന്നത്.

## ക്രൂവെറ്റ്സ് (Cruets)



വിശുദ്ധ കുർബാനയ്ക്കുള്ള വെള്ളവും വീഞ്ഞും വയ്ക്കാനുപയോഗിക്കുന്ന പാത്രങ്ങളാണിത്. ഇവയുടെ കൂടെ ചെറിയ ഒരു സ്പൂണും സൂക്ഷിക്കാറുണ്ട്. ചില ക്രൂവെറ്റ്സ്പാത്രങ്ങളിൽ (Acqua = വെള്ളം) എന്നും (Vino = വീഞ്ഞ്) എന്നും എഴുതിയിരിക്കുന്നതു കാണാം. 'A'

വെള്ളം സൂക്ഷിക്കാനും 'V' വീഞ്ഞ് സൂക്ഷിക്കാനും ഉപയോഗിച്ചുവരുന്നു.

### പാൾ (Pall)



ദിവ്യബലിയർപ്പിക്കുന്നസമയത്ത് കാസയിലുള്ള വീഞ്ഞിൽ പ്രാണികളോ പൊടിയോ വീഴാതെ മൂടിസൂക്ഷിക്കുന്നതിനാണ് പാൾ ഉപയോഗിക്കുന്നത്.



### പിക്സ് (Pyx)

രോഗികൾക്ക് ദിവ്യകാരുണ്യം നല്കാനുപയോഗിക്കുന്ന ചെറിയ ദിവ്യകാരുണ്യച്ചെപ്പിനെയാണ് പിക്സ് എന്നു വിളിക്കുന്നത്.



### സ്പ്രിംഗ്ളർ (Sprinkler)

വിശുദ്ധജലം ജനങ്ങളുടെമേലും വസ്തുക്കളിലും തളിക്കാൻ ഉപയോഗിക്കുന്നു.

### പള്ളിമണികൾ (Bells)





ദൈവാലയത്തിലെ തിരുകർമ്മങ്ങളുടെ സമയം അറിയിക്കുന്നതിനും തിരുകർമ്മധ്യത്തിലെ പ്രധാനഭാഗങ്ങൾ അറിയിക്കുന്നതിനും വിശ്വാസികളെ പ്രാർത്ഥനയ്ക്കായി ആഹ്വാനം ചെയ്യുന്നതിനും സഭാപരമായ പ്രത്യേക പ്രഖ്യാപനങ്ങൾ നടത്തുന്നതിനും സംഭവങ്ങൾ അറിയിക്കുന്നതിനും പള്ളിയിലെ വലിയമണികൾ അടിക്കുന്നു. ദൈവാലയത്തിനകത്ത് പ്രധാനസമയങ്ങൾ അറിയിക്കാൻ ചെറിയ മണികൾ ഉപയോഗിക്കുന്നു.

## ദൈവാലയത്തിനകത്തെ മറ്റ് വിശുദ്ധ സ്ഥലങ്ങൾ

### ബലിപീഠം (Altar)

വിശുദ്ധ കുർബാന അർപ്പിക്കാനുള്ള ബലിപീഠം ദൈവാലയത്തിന്റെ കേന്ദ്രമാണ്. അത് കർത്താവിന്റെ ഭക്ഷണമേശയാണ്. അതിലേക്കു ദൈവജനം ക്ഷണിക്കപ്പെട്ടിരിക്കുന്നു. ബലിപീഠം കർത്താവിന്റെ കുരിശുമാണ്. അവിടെ നിന്ന് പെസഹാരഹസ്യത്തിന്റെ കൂദാശകൾ പുറപ്പെടുന്നു. ദൈവാലയത്തിന്റെ കേന്ദ്രമാകുന്ന ബലിപീഠത്തിൽ കൗദാശികഅടയാളങ്ങളിലൂടെ കുരിശിലെയാഗം സന്നിഹിതമാക്കപ്പെടുന്നു.

### വചനപീഠം (Ambo)

ദൈവവചനപാരായണത്തിനും പ്രഘോഷണത്തിനുമുള്ള വേദിയാണ് വചനവേദി. ജനങ്ങളുടെ ശ്രദ്ധ എളുപ്പത്തിൽ ആകർഷിക്കുന്നവിധത്തിൽ ദൈവത്തിന്റെ സന്ദേശമറിയിക്കാൻ ഉചിതമായ ഒരു സ്ഥാനം ദൈവാലയത്തിൽ ഉണ്ടായിരിക്കണമെന്ന് ദൈവവചനത്തിന്റെ മഹത്ത്വം ആവശ്യപ്പെടുന്നു.

### ക്രൂശിതരൂപം (Crucifix)

ബലിപീഠത്തോടു ചേർന്ന് കർത്താവീശോമിശിഹായുടെ ക്രൂശിതരൂപം ഏറ്റവും പ്രധാന സ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു. അതുവഴി, അൾത്താരയിൽ അർപ്പിക്കുന്നബലിയും കുരിശിലെബലിയും ഒന്നുതന്നെയാണെന്ന മഹനീയസമൃതി ഏവർക്കും ലഭിക്കുന്നു.

### സക്രാരി (Tabernacle)

ദിവ്യകാരുണ്യം സൂക്ഷിക്കുന്ന വിശുദ്ധ പേടകമാണ് സക്രാരി. ദൈവാലയത്തിനകത്ത് സക്രാരി ഏറ്റവും യോഗ്യമായ സ്ഥലത്ത്, ഏറ്റവും കൂടുതൽ ആദരവോടെ പ്രതിഷ്ഠിക്കപ്പെടണം എന്ന് സഭ പഠിപ്പിക്കുന്നു. ദിവ്യകാരുണ്യസക്രാരിയുടെ മാഹാത്മ്യം, സ്ഥാനം, സുരക്ഷിതത്വം എന്നിവ അൾത്താരയിൽ കൂദാശാപരികർമ്മസമയത്ത് യഥാർത്ഥത്തിൽ സന്നിഹിതനാകുന്ന കർത്താവിനോടുള്ള ആരാധനയെ പരിപോഷിപ്പിക്കണമെന്നുസാരം.

### അദ്ധ്യക്ഷപീഠം (Presidential Chair)

മെത്രാന്റെ സിംഹാസനം (Cathedra) അല്ലെങ്കിൽ വൈദികന്റെ ഇരിപ്പിടം തക്ക പ്രാധാന്യത്തോടെ ദൈവാലയത്തിലുണ്ടാകവണം. വിശ്വാസികളുടെ സമ്മേളനത്തിൽ അദ്ദേഹം അധ്യക്ഷസ്ഥാനം വഹിക്കുന്നതിന്റെയും പ്രാർത്ഥന നയിക്കുന്നതിന്റെയും ധർമ്മത്തെ ഇത് പ്രകടമാക്കുന്നു.

### കുമ്പസാരക്കൂട് (Confessional)

ക്രൈസ്തവജീവിതം എപ്പോഴും നവീകരണം ആവശ്യപ്പെടുന്നു. അതുകൊണ്ടുതന്നെ, ദൈവാലയം അനുതാപികളെ സ്വീകരിക്കാൻ ഉചിതമായ  സ്ഥാനത്ത് കുമ്പസാരക്കൂടുകൾ പ്രതിഷ്ഠിക്കുന്നു.

### ജ്ഞാനസ്നാനനീർത്തൊട്ടി (Baptistery / Baptismal Font)

ദൈവജനത്തിന്റെ സമ്മേളനം ജ്ഞാനസ്നാനത്തോടുകൂടെ തുടങ്ങുന്നു. ദൈവാലയത്തിൽ ജ്ഞാനസ്നാനാഘോഷത്തിനുള്ള സ്ഥലം (ജ്ഞാനസ്നാനത്തൊട്ടി) ഉണ്ടായിരിക്കണം. ജ്ഞാനസ്നാനവ്രതങ്ങളുടെ സ്മരണ പരിപോഷിപ്പിക്കുകയും വേണം.

### ദൈവാലയം (church)

'വിശുദ്ധ കുർബാന ആഘോഷിക്കുകയും കാത്തുസൂക്ഷിക്കുകയും വിശ്വാസികൾ സമ്മേളിക്കുകയും ചെയ്യുന്ന പ്രാർത്ഥനാഭവനമാണ് ദൈവാലയം. യാഗപീഠത്തിൽ വിശ്വാസികളുടെ സഹായത്തിനും ആശ്വാസത്തിനുമായി സമർപ്പിക്കപ്പെട്ട രക്ഷകനായ ക്രിസ്തുവിന്റെ സാന്നിധ്യം ദൈവജനം ഇവിടെ അനുഭവിക്കുന്നു. ഈ ഭവനം ഭംഗിയുള്ളതും തിരുകർമ്മങ്ങൾക്കിണങ്ങുന്നതുമായിരിക്കണം. വിശ്വാസികൾക്ക് ദൈവസാന്നിധ്യം വെളിപ്പെടുത്തിക്കൊടുക്കാൻ ഉതകുന്നതാകണം ഈ ഭവനം.

## അൾത്താരയിലെ പൂജാവസ്തുക്കൾ

വെള്ളം, വീഞ്ഞ്, ഓസ്തി, കുന്തിരിക്കം, വിശുദ്ധതൈലങ്ങൾ, മെഴുകുതിരികൾ, ഭസ്മം എന്നിവയാണ് അൾത്താരയിൽ ഉപയോഗിക്കുന്ന പൂജാവസ്തുക്കളിൽ പ്രധാനപ്പെട്ടവ. പ്രതീ

കാത്മകതയോടെയാണ് ഇവ തിരുകർമ്മങ്ങളിൽ ഉപയോഗിക്കുന്നത്.

## ആരാധനക്രമ ഗ്രന്ഥങ്ങൾ

### ദിവ്യപൂജാഗ്രന്ഥം (Missal)

ദിവ്യബലിയർപ്പിക്കുന്നതിനുപയോഗിക്കുന്ന ഗ്രന്ഥമാണിത്. 1570-ൽ അഞ്ചാം പീയൂസ് പാപ്പായുടെ കാലത്താണ് ഈ ഗ്രന്ഥം തയ്യാറാക്കി (റോമൻ അഥവാ ലത്തീൻ) സഭയിൽ ആദ്യമായി ഉപയോഗിച്ചുതുടങ്ങിയത്. (റോമൻ അഥവാ ലത്തീൻ) സഭയുടെ പ്രാർത്ഥനാരീതികളുടെ മാതൃക കൂടിയാണ് ദിവ്യപൂജാഗ്രന്ഥം. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം പുതുക്കിയ ദിവ്യപൂജാഗ്രന്ഥം 1970 ലാണ് പ്രസിദ്ധം ചെയ്തത്.

### വേദപാഠകങ്ങൾ (Lectionary)

**വായനകൾ**: ആരാധനക്രമവർഷകലണ്ടറനുസരിച്ച് വിശുദ്ധഗ്രന്ഥത്തിലെ വായനകൾ ക്രമീകരിച്ചിരിക്കുന്ന പുസ്തകങ്ങളാണ് വായനഗ്രന്ഥങ്ങൾ. മൂന്നു തരത്തിലുള്ള വായനഗ്രന്ഥങ്ങളാണുള്ളത്. ഞായറാഴ്ചകളിലും തിരുനാളുകളിലും ഇടദിവസങ്ങളിലും വ്യത്യസ്തമായ ഗ്രന്ഥങ്ങളാണ് വായനയ്ക്ക് ഉപയോഗിക്കാറുള്ളത്. ഞായറാഴ്ചതോറുമുള്ള വായനകൾ A,B,C എന്ന മൂന്ന് ചക്രങ്ങ (Cycles)ളാക്കി ക്രമപ്പെടുത്തിയിരിക്കുന്നു. 2010-ൽ 'A' യാണ് വായിക്കുന്നതെങ്കിൽ, 2011-ൽ B യും 2012-ൽ C യും വായിക്കുന്നു. A ചക്രത്തിലെ സുവിശേഷവായനകൾ മത്തായിയുടെ സുവിശേഷത്തിൽ നിന്നും B യിലേത് മർക്കോസിന്റെ സുവിശേഷത്തിൽനിന്നും C യിലേത് ലൂക്കായുടെ സുവിശേഷത്തിൽനിന്നുമായിരിക്കും നടത്തുക. യോഹന്നാന്റെ സുവിശേഷം ആരാധനക്രമവർഷത്തിലെ മറ്റു കാലങ്ങളിൽ വായിക്കുന്നു.

**സാധാരണ ദിവ്യബലിയിൽ:** സുവിശേഷത്തിൽ നിന്നും ലേഖനത്തിൽ നിന്നും രണ്ടു വായനകളാണുള്ളത്. രണ്ടുവർഷത്തിനുള്ളിൽ വിശുദ്ധഗ്രന്ഥത്തിലെ മുഖ്യപങ്കും വായിച്ചു കേൾക്കുന്നരീതിയിൽ ഇടദിവസവായനകൾ ക്രമീകരിച്ചിരിക്കുന്നു.

**ഞായറാഴ്ചകളിലും തിരുനാളുകളിലും:** സുവിശേഷത്തിൽനിന്നും ലേഖനത്തിൽനിന്നും ഓരോ വായനയും പഴയനിയമത്തിൽ നിന്ന് ഒരു വായനയും നടത്തപ്പെടുന്നു.

**ഗ്രന്ഥങ്ങൾ**: ലത്തീൻ റീത്തിൽ വായനകൾക്കായി ഏഴ് ഗ്രന്ഥങ്ങളാണുള്ളത്. ഞായറാഴ്ചകളിലും, തിരുനാളുകളിലും വായിക്കുന്ന മൂന്നു വായനഗ്രന്ഥങ്ങൾ A,B,C എന്ന പേരിലറിയപ്പെടുന്നു. മറ്റുള്ളവ താഴേ ചേർക്കുന്നു:

**Lcetionary L I :** തിരുനാളുകളിലും ഭക്തിപൂജകളിലും വിവിധ ആവശ്യങ്ങൾക്കുവേണ്ടിയുള്ള ദിവ്യപൂജയിലുള്ള വായനകൾ

**Lcetionary L II :** ആഗമനകാലം, തിരുപ്പിറവിക്കാലം, തപസ്സുകാലം, പെസഹാക്കാലം എന്നീ കാലങ്ങളിലെ ഇടദിവസങ്ങളിലെ വായനകളാണിവ.

**Lcetionary L III :** ആണ്ടുവട്ടത്തിലെ ഇടദിവസങ്ങളിലെ ഒന്നുമുതൽ 17 വരെയുള്ള വാരങ്ങളിലെ വായനകൾ.

**Lcetionary L IV:** ആണ്ടുവട്ടത്തിലെ ഇടദിവസങ്ങളിലെ 18 മുതൽ 34 വരെയുള്ള ആഴ്ചകളിലെ വായനകൾ ഇതിൽപ്പെടുന്നു.

## ദിവ്യബലിയിലെ പ്രതീകങ്ങൾ

[redacted]

## സ്തോത്രയാഗ കർമ്മം

കൃതജ്ഞതകളും കൂദാശാകർമ്മങ്ങളുമടങ്ങുന്ന സ്തോത്രയാഗപ്രാർത്ഥന വിശുദ്ധ കുർബാനയുടെ ഹൃദയഭാഗമാണ്. ക്രിസ്തുവിലൂടെ മനുഷ്യകുലത്തിനു വെളിപ്പെട്ട ദൈവത്തിന്റെ അതിമഹത്തായ പ്രവർത്തനങ്ങൾക്ക് (സൃഷ്ടി, വീണ്ടെടുപ്പ്, വിശുദ്ധീകരണം) എല്ലാവരും ഒന്നുചേർന്ന് ഈ സമയത്ത് കൃതജ്ഞതയർപ്പിക്കുന്നു.

കാഴ്ചവസ്തുക്കൾ തയ്യാറാക്കൽ, നൈവേദ്യപ്രാർത്ഥന (Offertry Prayer), സ്തോത്രയാഗ പ്രാർത്ഥന (Eucharistic Prayer), ആമുഖഗീതി (Preface), പരിശുദ്ധൻ, പരിശുദ്ധാത്മാവിന്റെ വരവിനായുള്ള പ്രാർത്ഥന (Epiclesis), കൂദാശാവചനപ്രാർത്ഥന, കല്പനാനുസരണപ്രാർത്ഥന, കർത്തൃപ്രാർത്ഥന (Lord's Prayer) സമാധാനാശംസ, ദിവ്യകാരുണ്യ സ്വീകരണം (Communion) എന്നിവയാണ് സ്തോത്രയാഗകർമ്മത്തിന്റെ ഭാഗങ്ങൾ.

[redacted]

## ഉത്തരം കണ്ടെത്താം

[redacted]

## പ്രവർത്തനം 2

യേശുവിന്റെയും അപ്പസ്തോലന്മാരുടെയും ആദിമസഭയുടെയും ജീവിതത്തിൽ ദൈവാരാധനയിൽ പങ്കുചേരുന്ന സന്ദർഭങ്ങൾ സുവിശേഷങ്ങളുടെയും അപ്പസ്തോലപ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിൽ കണ്ടുപിടിച്ചെഴുതുക.

## തിരുവസ്ത്രങ്ങൾ


നെടിയങ്കി
(Alb)


ഉത്തരീയം
(Stole)


പൂജാവസ്ത്രം
(Chasuble)


ചെറിയങ്കി
(Surplice)


ചരട്
(Cincture)


കാപ്പ, തോൾവിരി
(Cope, humeral veil)


ചെറുപൂജാവസ്ത്രം
(Dalmatic)

## ഗാനം



രക്ഷാകരമാം പെസഹാരഹസ്യങ്ങൾ
ആഘോഷിക്കണം നമ്മൾ
അതുപ്രഖ്യാപിക്കുമ്പോൾ, നമ്മൾ നടത്തുന്നു
ആരാധന, ക്രൈസ്തവാരാധന!
ക്രിസ്തുവിൻ മരണവും തിരുവുത്ഥാനവും
മാനവരക്ഷ സാധിച്ചു
ആദിപാപത്തിന്റെ നിത്യമാം നാശത്തിൽ
നിന്നുനാം മോചിതരായി
ആരാധനയിൽ നാം പങ്കുചേരുമ്പോൾ
ക്രിസ്തുവിൻ സാക്ഷികളാകും
പാപവിമോചിതരായിടും, നമ്മൾ
നിത്യമാം ജീവൻ കൈവരിക്കും



# 6 യുവജനങ്ങളും കൗദാശിക ജീവിതവും

## ആമുഖപ്രവർത്തനം

വിശുദ്ധ പത്താംപീയൂസ് 1884 നവംബർ 16-ാം തീയതി മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടശേഷം (പാപ്പായാകുന്നതിനു മുമ്പ്) വത്സലമാതാവിനെ സന്ദർശിച്ചപ്പോൾ അദ്ദേഹം ധരിച്ചിരുന്ന മുദ്രമോതിരം സന്തോഷത്തോടെ അമ്മയെ കാണിച്ചുകൊടുത്തു. അപ്പോൾ ആ അമ്മ അവരുടെ കൈവിരലിൽ അഭിമാനപൂർവം ധരിച്ചുനടന്നിരുന്ന വിവാഹമോതിരം ഉയർത്തിക്കാണിച്ചിട്ട് ഇപ്രകാരം പറഞ്ഞു: "മകനേ, ഞാനിതു ധരിച്ചില്ലായിരുന്നെങ്കിൽ നിനക്ക് അതു ലഭിക്കില്ലായിരുന്നു." വിവാഹാവസരത്തിലും സഭാധികാരികളുടെ സ്ഥാനാരോഹണാവസരത്തിലും ധരിക്കുന്ന മോതിരങ്ങൾക്ക് മറ്റു മോതിരങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തമായ അർത്ഥം നമ്മൾ കല്പിക്കുന്നു.

അതുപോലെ, ഉദ്യാനം നിറയെ വിരിഞ്ഞുനില്ക്കുന്ന പുഷ്പങ്ങൾ, മനോഹരങ്ങളാണെങ്കിലും അവയിലൊന്ന് ഇറുത്തെടുത്ത് നമ്മുടെ സുഹൃത്തിന് ജന്മദിനത്തിൽ നല്കുമ്പോൾ മറ്റു പുഷ്പങ്ങളിൽ നിന്നു വ്യത്യസ്തമായതും ആഴമേറിയതുമായ ഒരർത്ഥം അതിനു കൈവരുന്നു.

മേല്പ്പറഞ്ഞ പ്രതീകങ്ങൾക്ക് നമ്മൾ കല്പിക്കുന്ന അർത്ഥങ്ങൾ എന്തൊക്കെയാണ്? ഇവ കൂടാതെ, നമ്മൾ അനുദിനജീവിതത്തിലും കൗദാശികജീവിതത്തിലും ഉപയോഗിക്കുന്ന മറ്റു പ്രതീകങ്ങളും അടയാളങ്ങളും, അവയുടെ അർത്ഥങ്ങളും എന്തെന്ന് ഗ്രൂപ്പ്ചർച്ചയിലൂടെ കണ്ടെത്തി റിപ്പോർട്ട് അവതരിപ്പിക്കുക.

പ്രപഞ്ചത്തിലൂടെ അതിന്റെ സ്രഷ്ടാവിന്റെ അടയാളങ്ങൾ വായിക്കാൻ കഴിയത്തക്കവിധമാണ് ദൈവം പ്രപഞ്ചത്തെ മനുഷ്യബുദ്ധിക്കുമുമ്പിൽ ഒരുക്കിയിട്ടുള്ളത്. പ്രകാശവും അന്ധകാരവും വായുവും അഗ്നിയും ജലവും മണ്ണും മരവും ഫലവും ദൈവത്തെപ്പറ്റി സംസാരിക്കുന്നു; അവിടത്തെ മഹത്ത്വവും സാമീപ്യവും സൂചിപ്പിക്കുകയും ചെയ്യുന്നു (CCC 1147). അങ്ങനെ, ഈ ദൃശ്യയാഥാർത്ഥ്യങ്ങളെല്ലാം മനുഷ്യനെ വിശുദ്ധീകരിക്കുന്ന ദൈവത്തിന്റെ പ്രവൃത്തിയെയും ദൈവത്തിന് ആരാധനസമർപ്പിക്കുന്ന മനുഷ്യരുടെ പ്രവൃത്തിയെയും പ്രകാശിപ്പിക്കാനുള്ള വേദികളായി വർത്തിക്കുന്നു (CCC 1148). ചുരുക്കത്തിൽ, ദൃശ്യമായ ഈ സൃഷ്ടലോകംവഴി ദൈവം നമ്മോടു സംസാരിക്കുന്നു.

മറ്റുള്ളവരുമായി ആശയവിനിമയം ചെയ്യാൻ നമുക്ക് ഭാഷ, ആംഗ്യങ്ങൾ, പ്രവൃത്തികൾ എന്നിവ മാത്രം പോരാ; അടയാളങ്ങളും, പ്രതീകങ്ങളും ആവശ്യമാണ്. ദൈവവുമായുള്ള നമ്മുടെ ബന്ധത്തിലും ഇതു ശരിയാണ്.

## അടയാളങ്ങൾ

അടയാളങ്ങൾ പൊതുവേ രണ്ടായി തിരിക്കാം: സ്വാഭാവികഅടയാളം, കല്പിതഅടയാളം.

**സ്വാഭാവികഅടയാളം:** യാഥാർത്ഥ്യവുമായി സ്വാഭാവികബന്ധമുള്ളത് സ്വാഭാവികഅടയാളം. ഉദാ: തീ എന്ന യാഥാർത്ഥ്യത്തിന്റെ സ്വാഭാവികമായ അടയാളമാണ് പുക.

**കല്പിതഅടയാളം:** മനുഷ്യൻ കല്പിച്ചുനല്കുന്ന ബന്ധമുള്ളത് കല്പിതഅടയാളം. ഉദാ: ദേശീയപതാക

## അടയാളങ്ങളും പ്രതീകങ്ങളും

അടയാളങ്ങളും പ്രതീകങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. പ്രതീകങ്ങളെല്ലാം അടയാളങ്ങളാണ്; എന്നാൽ അടയാളങ്ങളെല്ലാം പ്രതീകങ്ങളാകണമെന്നില്ല.

**അടയാളങ്ങൾ:** ദിശകാണിക്കുന്ന ബോർഡുകളും കവലകളിൽ സ്ഥാപിച്ചിരിക്കുന്ന സിഗ്നൽ ലൈറ്റുകളും അടയാളങ്ങളാണ്.

**പ്രതീകങ്ങൾ:** കണ്ണുകൾ കെട്ടി കൈയിൽ ഉയർത്തിയ ത്രാസുമേന്തി നില്ക്കുന്ന സ്ത്രീരൂപം, ആരുടെയും മുഖം നോക്കാതെ നടപ്പാക്കുന്ന നീതിയുടെ പ്രതീകമാണ്. അതുപോലെ, ഒലിവില കൊത്തിപ്പറക്കുന്ന പ്രാവ് സമാധാനത്തിന്റെ പ്രതീകമാണ്.

## കൗദാശിക അടയാളങ്ങൾ

- കൂദാശകളുടെ ആഘോഷം അടയാളങ്ങൾകൊണ്ടും പ്രതീകങ്ങൾ കൊണ്ടും നെയ്യപ്പെട്ടതാണ്.
- അവയുടെ അർത്ഥം സൃഷ്ടികർമ്മത്തിലും മാനവസംസ്കാരത്തിലും വേരുറച്ചതാണ്.
- അവ പഴയ ഉടമ്പടിയിലെ സംഭവങ്ങളിൽ അധിഷ്ഠിതവും പുതിയ ഉടമ്പടിയിൽ ക്രിസ്തുവിലൂടെയും അവിടത്തെ പ്രവൃത്തികളിലൂടെയും പൂർണമായി വെളിവാക്കപ്പെട്ടവയുമാണ്.

[redacted]

ക്രിസ്തു തന്റെ ദൈവരാജ്യപ്രഘോഷണവേളയിൽ, ഭൗതികമായ അടയാളങ്ങളോ പ്രതീകാത്മകമായ പ്രവൃത്തികളോ കൊണ്ട് രോഗശാന്തികൾ നല്കുകയും തന്റെ പ്രഘോഷണം വിശദീകരിക്കുകയും ചെയ്യുന്നതായി സുവിശേഷങ്ങളിൽ നാം കാണുന്നു. ഉദാഹരണത്തിന്, യോഹ 9:6-7-ൽ ഇപ്രകാരം കാണുന്നു:

"ഇതു പറഞ്ഞിട്ട് അവൻ നിലത്തുതുപ്പി; തുപ്പൽകൊണ്ടു ചളിയുണ്ടാക്കി, അവന്റെ കണ്ണുകളിൽ പൂശിയിട്ട് അവനോടു പറഞ്ഞു: നീ പോയി സീലോഹ - അയയ്ക്കപ്പെട്ടവൻ എന്നർത്ഥം - കുളത്തിൽ കഴുകുക. അവൻ പോയി കഴുകി, കാഴ്ചയുള്ളവനായി തിരിച്ചുവന്നു."

തിരുവുത്ഥാനത്തിനുശേഷം പെന്തക്കോസ്തായിലൂടെ രൂപീകൃതമായ ആദിമസഭയിലും പരിശുദ്ധാത്മാവുവഴിയുള്ള വിശുദ്ധീകരണകർമ്മം ക്രിസ്തു തുടർന്നുപോന്നത് കൂദാശകളിലൂടെയാണ്.

കൗദാശിക ആഘോഷങ്ങളിലൂടെ സഭചെയ്യുന്നത്, പ്രപഞ്ചത്തിലും സാമൂഹിക ജീവിതത്തിലുമുള്ള അടയാളങ്ങളുടെ സമ്പത്ത് ഇല്ലാതാക്കുകയല്ല; മറിച്ച്, അവയെ വിശുദ്ധീകരിക്കുകയും പൂർത്തീകരിക്കുകയുമാണ്.

## 'കൂദാശ' എന്ന പദം

[redacted]

അക്കേഡിയൻഭാഷയിൽ 'കൂദാഷു' എന്നൊരു പദമുണ്ട്. 'തിളങ്ങുക, പ്രകാശിക്കുക' എന്നൊക്കെയാണ് ഈ പദത്തിനർത്ഥം. ഒരു വ്യക്തിയിലെ തിന്മയുടെ അന്ധകാരം നീക്കി വ്യക്തിയെ പ്രകാശിപ്പിക്കുക എന്നതാണല്ലോ കൂദാശകളിലൂടെ നിർവഹിക്കപ്പെടുന്നത്.

ഗ്രീക്ക് ഭാഷയിലെ 'മിസ്ത്തേരിയോൺ' എന്നത് കൂദാശയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു മറ്റൊരു പദമാണ്. 'വെളിപ്പെടുത്തുന്നത്' എന്നാണ് ഈ പദത്തിനർത്ഥം. കൂദാശയിൽ സൂചിപ്പിക്കുന്ന യഥാർത്ഥ്യം അവയുടെ അനുഷ്ഠാനങ്ങൾ വഴി നമുക്ക് വെളിപ്പെട്ടുകിട്ടുന്നു.

ലത്തീനിലെ 'സാക്രമേന്തും' എന്ന പദത്തിൽ നിന്നാണ് ഇംഗ്ലീഷിലെ 'സാക്രമെന്റ്' എന്ന പദത്തിന്റെ ഉദ്ഭവം. 'വിശുദ്ധമാക്കുക, പവിത്രീകരിക്കുക' എന്നൊക്കെയാണ് ഈ പദത്തിനർത്ഥം. വിശുദ്ധീകരിക്കുക എന്നാൽ അഴുക്ക് ഇല്ലായ്മ ചെയ്യുക എന്നു മാത്രമല്ല, പൂർണത നല്കി ധന്യമാക്കുക എന്നും അർത്ഥമുണ്ട്. അതായത്, കൂദാശകൾവഴി ദൈവികജീവൻ ലഭിക്കുന്നതിലൂടെ ഒരു വ്യക്തി പൂർണതയിലേക്കും വിശുദ്ധിയിലേക്കും വളരുന്നു എന്നർത്ഥം.

## കൂദാശകൾ : നിർവചനം

കൂദാശകൾ തിന്മയുടെ ശക്തികളിൽനിന്ന് നമ്മെ വേർതിരിച്ചുനിറുത്തുന്നതും നമുക്ക് പൂർണതയും ധന്യതയും നല്കുന്നതും ദൈവികസത്യങ്ങൾ വെളിപ്പെടുത്തിത്തരുന്നതും ക്രിസ്തുവിൽ നമ്മെ പ്രകാശിപ്പിക്കുന്നതുമായ രക്ഷാകരഅടയാളങ്ങളാണ്.

"നമ്മെ പുണ്യപൂർണരാക്കുന്ന അദൃശ്യമായ ദൈവവരപ്രസാദം നമുക്കു നല്കുന്നതിന് യേശുക്രിസ്തു സ്ഥാപിച്ചതും സഭയെ ഏല്പിച്ചതുമായ ദൃശ്യഅടയാളങ്ങളാണ് കൂദാശകൾ."

കൂദാശ ക്രിസ്തുവിന്റെ രക്ഷാകരമായ പെസഹാരഹസ്യം അനുസ്മരിപ്പിക്കുകയും പെസഹാരഹസ്യത്തിലൂടെ നമ്മിൽ നിറവേറിയതിനെ, അതായതു കൃപാവരത്തെ, നമ്മിൽ സന്നിപാതമാക്കുകയും ഭാവിമഹത്ത്വം മുൻകൂട്ടി ചിത്രീകരിക്കുകയും ചെയ്യുന്നു (വിശുദ്ധ തോമസ് അക്വിനാസ്).

## കൂദാശകളുടെ ഫലദായകത്വം

### പരിശുദ്ധാത്മാവിന്റെ പ്രവർത്തനം

അഗ്നി അത് തൊടുന്നതിനെയെല്ലാം ദഹിപ്പിച്ച് രൂപാന്തരപ്പെടുത്തുന്നപോലെ, പരിശുദ്ധാത്മാവ് അവിടത്തെ ശക്തിക്കു വിധേയമാക്കപ്പെടുന്ന എന്തിനെയും ദൈവികമായി രൂപാന്തരപ്പെടുത്തുന്നു. കൂദാശകളിലെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും ഇപ്രകാരം തന്നെ.

വിശുദ്ധ തോമസ് അക്വിനാസ് പഠിപ്പിക്കുന്നപോലെ, കൂദാശ കാർമ്മികന്റെയോ സ്വീകരിക്കുന്ന വ്യക്തിയുടെയോ നീതിയാലല്ല, പിന്നെയോ ദൈവത്തിന്റെ ശക്തിയാലാണു പ്രവർത്തിക്കുന്നത്. കൂദാശകൾ അനുഷ്ഠാനത്താൽത്തന്നെ (ex opere operato) അതായത്,

കർമ്മം അനുഷ്ഠിക്കപ്പെടുന്നു എന്ന വസ്തുതകൊണ്ടുതന്നെ, പ്രവർത്തിക്കുന്നു. എന്നാലും കൂദാശകളുടെ ഫലങ്ങൾ അവ സ്വീകരിക്കുന്ന വ്യക്തിയുടെ മനോഭാവത്തെക്കൂടി ആശ്രയിച്ചിരിക്കുന്നു.

പുതിയ ഉടമ്പടിയിലെ കൂദാശകളെല്ലാംതന്നെ വിശ്വാസികളുടെ രക്ഷയ്ക്ക് അത്യന്താപേക്ഷിതമാണെന്ന് സഭ ഉറപ്പിച്ചു പറയുന്നു. കൗദാശികവരപ്രസാദം, ക്രിസ്തുവാൽ നല്കപ്പെടുന്നതും ഓരോ കൂദാശയ്ക്കും സവിശേഷമാംവിധം ലഭിക്കുന്നതുമായ പരിശുദ്ധാത്മാവിന്റെ കൃപാവരമാണ്. തന്നെ സ്വീകരിക്കുന്നവരെ പരിശുദ്ധാത്മാവ് ദൈവപുത്രനായ ക്രിസ്തുവിനോട് അനുരൂപരായി രൂപാന്തരപ്പെടുത്തുകയും സജീവമായ ഐക്യത്തിൽ ഒന്നിപ്പിക്കുകയും ദൈവികതയിൽ പങ്കുകാരാക്കുയും ചെയ്യുന്നു. ഇതാണ് കൗദാശികജീവിതത്തിന്റെ ഫലം.

### വിശ്വാസത്തിന്റെ പ്രവർത്തനം

കൂദാശാനുഷ്ഠാനത്തിൽ വിശ്വാസം ഒരു സുപ്രധാനഘടകമാണ്. വിശ്വാസത്തോടും പ്രാർത്ഥനയോടുംകൂടെയാണ് കൂദാശകൾ അനുഷ്ഠിക്കേണ്ടത്. കൂദാശകൾ അനുഷ്ഠിക്കുമ്പോൾ അപ്പസ്തോലൻമാരിൽ നിന്നു സ്വീകരിച്ച വിശ്വാസം സഭ ഏറ്റുപറയുന്നു. അങ്ങനെയാണ് പുരാതനമായ ഈ ചൊല്ലുണ്ടായത്: പ്രാർത്ഥനയുടെനിയമം വിശ്വാസത്തിന്റെ നിയമം (lex orandi, lex credendi) അഥവാ പ്രാർത്ഥനയുടെ നിയമം വിശ്വാസത്തിന്റെ നിയമം സ്ഥാപിക്കുന്നു (Legem credendi lex statuat supplicandi). പ്രാർത്ഥനയുടെ നിയമം വിശ്വാസത്തിന്റെ നിയമമാണ്. സഭ പ്രാർത്ഥിക്കുന്നതുപോലെ വിശ്വസിക്കുകയും ചെയ്യുന്നു.

## കൂദാശകളുടെ ലക്ഷ്യങ്ങൾ

മനുഷ്യരെ വിശുദ്ധീകരിക്കുക, ക്രിസ്തുവിന്റെ മൗതികശരീരം പടുത്തുയർത്തുക, ദൈവത്തിന് ആരാധന സമർപ്പിക്കുക എന്നിവയാണ് കൂദാശകളുടെ പൊതുവായ ലക്ഷ്യം.

കൂദാശകൾ ഓരോന്നും സവിശേഷമായ കൃപാവരമാണ് വിശ്വാസികൾക്കു പ്രദാനം ചെയ്യുന്നത്. മനുഷ്യജീവിതത്തിലെ അതിപ്രധാനമായ സന്ദർഭങ്ങളിലെല്ലാം വിവിധ കൂദാശകളിലൂടെ നമുക്ക് ആവശ്യമായ കൃപാവരങ്ങൾ ലഭിക്കുന്നു.

## കൂദാശകളുടെ വിഭജനം

കൂദാശകളെ അവയിലൂടെ ലഭിക്കുന്ന കൃപാവരത്തിന്റെ അടിസ്ഥാനത്തിൽ പൊതുവേ മൂന്നു ഗണങ്ങളായി തിരിക്കാം.

### പ്രാരംഭ കൂദാശകൾ

ക്രൈസ്തവജീവിതത്തിന് മുഴുവൻ അടിസ്ഥാനമിടുന്ന ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, പരിശുദ്ധദിവ്യകാരുണ്യം എന്നീ കൂദാശകളെയാണ് പ്രാരംഭകൂദാശകൾ എന്നു വിളിക്കുന്നത്.

ജ്ഞാനസ്നാനത്തിലൂടെ പുനർജന്മം സിദ്ധിക്കുകയും സ്ഥൈര്യലേപനത്തിലൂടെ ശക്തരാക്കപ്പെടുകയും ചെയ്യുന്ന ക്രിസ്തുശിഷ്യർ, ദിവ്യകാരുണ്യസ്വീകരണംവഴി അനുദിനജീവിതത്തിൽ പരിപോഷിതരാകുകയും ചെയ്യുന്നു.

പ്രാരംഭകൂദാശകളിൽ ഓരോന്നും പരിശുദ്ധത്രിത്വവുമായി നമ്മെ പ്രത്യേകമാംവിധം ബന്ധിപ്പിക്കുന്നു.

- ജ്ഞാനസ്നാനസ്വീകരണംവഴി നാം പിതാവായ ദൈവത്തിന്റെ മക്കളായി പുനർജനിക്കുന്നു.
- സ്ഥൈര്യലേപനം എന്ന കൂദാശയിലൂടെ പരിശുദ്ധാത്മാവായ ദൈവം ക്രിസ്തീയ പക്വതയിലേക്ക് വളർത്തുന്നു.
- ദിവ്യകാരുണ്യസ്വീകരണംവഴി പുത്രനായ ദൈവത്താൽ അനുദിനം പരിപോഷിതരാകുന്ന നാം ദൈവികജീവനിൽ പങ്കുപറ്റുകയും ചെയ്യുന്നു.

## സൗഖ്യദായക കൂദാശകൾ

അനുരഞ്ജനം അഥവാ കുമ്പസാരം, രോഗീലേപനം എന്നീ കൂദാശകളെയാണ് സൗഖ്യദായകകൂദാശകൾ എന്നുവിളിക്കുന്നത്. മൺപാത്രത്തിൽ സംവഹിക്കപ്പെടുന്ന നിധി എന്നപോലെയാണ് നമ്മുടെ നശ്വരമായ ശരീരത്തിൽ ദൈവത്തിന്റെ കൃപാവരം നാം സംവഹിക്കുന്നത്. ദൈവം നമുക്ക് ദാനമായി നല്കിയ കൃപാവരങ്ങളെല്ലാംതന്നെ പാപം മൂലം ദുർബലപ്പെടാനും നഷ്ടപ്പെടാനും സാധ്യതയുണ്ട്. ഇത്തരം സാധ്യതകളിൽനിന്ന് നമ്മെ പരിരക്ഷിക്കുന്നത് സൗഖ്യദായകകൂദാശകളാണ്.

അതിനാൽ, പാപത്തിൽ നിന്നും രോഗത്തിൽ നിന്നും നമ്മെ മോചിപ്പിക്കാൻ ക്രിസ്തു സ്ഥാപിച്ച കൂദാശകളാണ് സൗഖ്യദായകകൂദാശകൾ.

## കൂട്ടായ്മയുടെ ശുശ്രൂഷയ്ക്കുള്ള കൂദാശകൾ

തിരുപ്പട്ടം, വിവാഹം എന്നീ കൂദാശകളെ കൂട്ടായ്മയുടെ ശുശ്രൂഷയ്ക്കുള്ള കൂദാശകൾ എന്നു വിളിക്കാം. വ്യക്തിപരമായ രക്ഷയ്ക്ക് ഉപകരിക്കുന്നതാണെങ്കിലും മറ്റുള്ളവരുടെ രക്ഷയെയും മുൻനിറുത്തിയുള്ളതാണ് ഈ രണ്ടുകൂദാശകളും. മറ്റുള്ളവരുടെ ശുശ്രൂഷയെ മുൻനിറുത്തി സകലജനത്തിന്റെയും വിശുദ്ധിക്കും ലോകത്തിന്റെ സുവിശേഷവത്കരണത്തിനുമായി നാം പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

തിരുപ്പട്ട കൂദാശ സ്വീകരിക്കുന്നവർ ക്രിസ്തുവിന്റെ നാമത്തിൽ വചനവും കൃപയും കൊണ്ട് സഭയെ മേയിക്കുന്നതിന് പ്രതിഷ്ഠിക്കപ്പെടുന്നു.

ദാമ്പത്യത്തിന്റെ കടമകൾ നിർവഹിക്കുന്നതിനും അതിന്റെ മഹത്ത്വം കാത്തുസൂക്ഷിക്കുന്നതിനും വിവാഹം എന്ന കൂദാശയിലൂടെ ക്രൈസ്തവദമ്പതിമാർ ശക്തരാക്കപ്പെടുകയും പ്രതിഷ്ഠിക്കപ്പെടുകയും ചെയ്യുന്നു.

## കൗദാശിക ജീവിതം

കൂദാശകളിലൂടെ ദൈവം ചൊരിയുന്ന വരപ്രസാദത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ജീവിതം ക്രമീകരിക്കാനും ഓരോ കൂദാശയും പകർന്നുനല്കുന്ന കൃപാവരത്തിനനുസൃതം ജീവിച്ച് ക്രിസ്തുവിന്റെ സജീവസാക്ഷികളാകാനും നമുക്കു കടമയുണ്ട്.

മനുഷ്യജീവിതത്തിലെ വ്യത്യസ്ത കാലഘട്ടങ്ങളും അവയ്ക്കുനുസൃതമായി നാം സ്വീകരിക്കുന്ന കൂദാശകളും കൂദാശകൾ നല്കുന്ന ദൈവികജീവനിലൂടെ നമ്മിൽ സംഭവിക്കുന്ന പരിവർത്തനങ്ങളും താഴേ കാണുന്ന പട്ടികയിലൂടെ മനസ്സിലാക്കാം.

| മനുഷ്യജീവിതത്തിലെ പ്രധാന സന്ദർഭങ്ങൾ | കൂദാശകൾ | ദൈവികജീവൻ നല്കി പരിവർത്തനപ്പെടുത്തുന്നു |
|---|---|---|
| ജനനം | ജ്ഞാനസ്നാനം | ക്രിസ്തുവിൽ പുനർജനിക്കുന്നു |
| പക്വത പ്രാപിക്കൽ | സ്ഥൈര്യലേപനം | പക്വതയാർജിച്ച് ക്രിസ്തുസാക്ഷിയായിത്തീരുന്നു |
| പോഷണം (ഭക്ഷണം + അറിവ്) | ദിവ്യകാരുണ്യം | ക്രിസ്തുവിന്റെ ശരീരവും രക്തവും ആത്മീയഭക്ഷണമായി സ്വീകരിച്ച് ദൈവികരായിത്തീരുന്നു |
| ചികിത്സ | കുമ്പസാരം | പാപത്തിൽ നിന്ന് മോചിതരാക്കി ദൈവവും സഹോദരങ്ങളുമായുള്ള ബന്ധത്തിൽ കൂട്ടിച്ചേർക്കുന്നു. |
| വിശ്രമം | രോഗീലേപനം | രോഗാവസ്ഥയിൽ സൗഖ്യം ലഭിക്കുകയും സഭയുടെ കൂട്ടായ്മയിൽ ആത്മീയവും ശാരീരികവുമായ ആരോഗ്യം നേടുകയും ചെയ്യുന്നു. |
| ചുമതല (ജോലി), ഉത്തരവാദിത്വം | തിരുപ്പട്ടം, വിവാഹം | സമൂഹത്തെ (ഇടവക, കുടുംബം) ശുശ്രൂഷിക്കാൻ ഉത്തരവാദിത്വമേറ്റെടുക്കുന്നു. |

താഴേകാണുന്ന പട്ടിക നോക്കി ഓരോരോ കൂദാശയും അവയിലെ അടയാളങ്ങൾ, കർമ്മികർ, പ്രാർത്ഥനാരൂപം, ഫലങ്ങൾ എന്നിവയും ശ്രദ്ധിച്ച് മനസ്സിലാക്കുക

| കൂദാശ | അടയാളങ്ങൾ | കാർമ്മികൻ | അനുഷ്ഠാനകർമ്മം | ഫലങ്ങൾ |
|---|---|---|---|---|
| ജ്ഞാനസ്നാനം | ജലം, പ്രാരംഭകൂദാശാർത്ഥികളുടെ തൈലം, പ്രതിഷ്ഠാ തൈലം, തിരി, വെള്ള വസ്ത്രം | മെത്രാൻ, വൈദികൻ, ഡീക്കൻ, അത്യാവശ്യ സന്ദഭങ്ങളിൽ ഏതുവ്യക്തിക്കും, ജ്ഞാനസ്നാനം സ്വീകരിച്ചിട്ടില്ലാത്തവർക്കുപോലും, സഭാനിയോഗമനുസരിച്ച് ത്രിതൈ്വക ദൈവത്തിന്റെ നാമത്തിൽ നല്കാവുന്നതാണ്. | അർത്ഥിയുടെ ശിരസ്സിൽ മൂന്നുപ്രാവശ്യം ജലം ഒഴിച്ചുകൊണ്ട് കാർമ്മികൻ ഇപ്രകാരം പറയുന്നു: "(അർത്ഥിയുടെ പേര്), പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിന്നെ ഞാൻ ജ്ഞാനസ്നാനപ്പെടുത്തുന്നു." | ഉദ്ഭവപാപത്തിൽ നിന്നും കർമ്മപാപത്തിൽ നിന്നുമുള്ള മോചനം ലഭിക്കുന്നു. ദൈവപിതാവിന്റെ ദത്തുപുത്രരും ക്രിസ്തുവിന്റെ അവയവങ്ങളും (സഭാംഗത്വം) പരിശുദ്ധാത്മാവിന്റെ ആലയങ്ങളുമായിത്തീരുന്നു. ആത്മാവിൽ മായാത്ത മുദ്രപതിക്കപ്പെടുന്നു. |
| സ്ഥൈര്യലേപനം | വിശുദ്ധ തൈലം (ക്രിസം) | മെത്രാൻ, അത്യാവശ്യ സന്ദർഭങ്ങളിൽ മെത്രാൻ അധികാരപ്പെടുത്തുന്ന വൈദികൻ. | "പരിശുദ്ധാത്മാവാകുന്ന ദാനത്തിന്റെ മുദ്ര സ്വീകരിക്കുക" എന്ന വാക്കുകൾ ഉച്ചരിച്ചുകൊണ്ടുള്ള ലേപനവും കൈവയ്പുശുശ്രൂഷയും | ആത്മാവിൽ മായാത്ത മുദ്ര, ദൈവത്തെ പിതാവേ എന്നു വിളിക്കാനുള്ള യോഗ്യത, ക്രിസ്തുവിനോടുള്ള ഗാഢമായ ഐക്യം, പരിശുദ്ധാത്മദാനങ്ങളുടെ വർദ്ധന, സഭയോടുള്ള ബന്ധത്തിന്റെ പൂർണത, ക്രിസ്തുവിന്റെ ധീരസാക്ഷിയാകാനുള്ള കൃപ. |
| ദിവ്യകാരുണ്യം | അപ്പവും വീഞ്ഞും | മെത്രാൻ, വൈദികൻ | ദിവ്യബലിയുടെ സ്ഥാപനവചനങ്ങൾ: "എല്ലാവരും ഇതു വാങ്ങി ഭക്ഷിക്കുവിൻ; ഇതെന്റെ ശരീരമാകുന്നു; നിങ്ങൾക്കുവേണ്ടി അർപ്പിക്കാനിരിക്കുന്ന എന്റെ ശരീരം." "എല്ലാവരും വാങ്ങി ഇതിൽ നിന്നു കുടിക്കുവിൻ; ഇതെന്റെ രക്തം ആകുന്നു; നവീനവും സനാതനവുമായ ഉടമ്പടിയുടെ രക്തം. നിങ്ങൾക്കും എല്ലാവർക്കുവേണ്ടി പാപമോചനത്തിനായി ചിന്താനിരിക്കുന്ന എന്റെ രക്തം. ഇതു നിങ്ങൾ എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ." | ക്രിസ്തുവിന്റെ ശരീരരക്തങ്ങളുടെ സ്വീകരണം വഴിലഭിക്കുന്ന ക്രിസ്തുവുമായുള്ള ഗാഢ ഐക്യം, ലഘുപാപങ്ങളിൽ നിന്നുള്ള പൊറുതിയും മാരകപാപങ്ങളിൽ നിന്നുള്ള സംരക്ഷണവും, സഭാംഗങ്ങൾ തമ്മിലെ ഐക്യത്തിലുള്ള ദൃഢത, സ്വർഗീയ മഹത്ത്വത്തിലുള്ള മുന്നാസ്വാദനം എന്നിവ ലഭിക്കുന്നു. |

| കൂദാശ | അടയാളങ്ങൾ | കാർമ്മികൻ | അനുഷ്ഠാനകർമ്മം | ഫലങ്ങൾ |
|---|---|---|---|---|
| കുമ്പസാരം | പാപങ്ങളുടെ ഏറ്റുപറച്ചിൽ | മെത്രാൻ, വൈദികൻ | കാരുണ്യവാനായ ദൈവപിതാവ് തന്റെ പുത്രന്റെ മരണവും ഉത്ഥാനവും വഴി ലോകത്തെ തന്നോടുതന്നെ രമ്യതപ്പെടുത്തി; പാപങ്ങളുടെ പൊറുതിക്കായി പരിശുദ്ധാത്മാവിനെ നമ്മുടെ ഇടയിലേക്ക് അയയ്ക്കും. സഭയുടെ ശുശ്രൂഷയിലൂടെ ദൈവം നിനക്ക് പാപമോചനവും സമാധാനവും നല്കട്ടെ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിനക്ക് പാപമോചനം നല്കുന്നു. | ദൈവവുമായുള്ള അനുരഞ്ജനം വഴി കൃപാവരത്തിന്റെ വീണ്ടെടുപ്പും സഭയുമായുള്ള അനുരഞ്ജനവും; മാരക പാപങ്ങളുടെ ഫലമായുണ്ടാകുന്ന നിത്യശിക്ഷയിൽ നിന്ന് ഇളവ്. പാപം മൂലമുണ്ടാകുന്ന കാലികശിക്ഷകളിൽ നിന്ന് ഭാഗികമായിട്ടെങ്കിലുമുള്ള ഇളവ്, സമാധാനവും മനസ്സാക്ഷിയുടെ സ്വച്ഛതയും, ആദ്ധ്യാത്മികാശ്വാസവും ധീരമായ ക്രിസ്തുസാക്ഷ്യത്തിനുള്ള ആദ്ധ്യാത്മിക ശക്തികളുടെ വർദ്ധനയും. |
| രോഗീലേപനം | കൈവയ്പു പ്രാർത്ഥനയും നെറ്റിയിലും കൈകളിലുമുള്ള രോഗികളുടെ തൈലത്തിന്റെ ലേപനകർമ്മം | മെത്രാൻ, വൈദികൻ | വിശുദ്ധമായ ഈ അഭിഷേകത്തിലൂടെ കർത്താവ് തന്റെ കാരുണ്യത്തിലും സ്നേഹത്തിലും പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ നിന്നെ സഹായിക്കട്ടെ. അവിടന്ന് നിന്നെ പാപത്തിൽ നിന്നു മോചിപ്പിച്ച് രക്ഷിക്കുകയും എഴുന്നേല്പിക്കുകയും ചെയ്യട്ടെ. | രോഗിയുടെയും സഭയുടെയും നന്മയ്ക്കായി ക്രിസ്തുവിന്റെ പീഡാസഹനത്തോടുള്ള രോഗിയുടെ ഐക്യപ്പെടൽ ക്രിസ്തീയമാതൃകയിൽ സഹനങ്ങളെ നേരിടാനുള്ള ശക്തിയും ധൈര്യവും സമാധാനവും നല്കുന്നു. പാപങ്ങളുടെ മോചനം, രോഗിയുടെ ആത്മരക്ഷയ്ക്ക് ഉതകുന്ന പക്ഷം, ആരോഗ്യത്തിന്റെ വീണ്ടെടുപ്പ്, മരണാസന്നരെങ്കിൽ നിത്യജീവനിലേക്കു കടന്നുപോകുന്നതിനുള്ള ഒരുക്കം. |

| കൂദാശ | അടയാളങ്ങൾ | കാർമ്മികൻ | അനുഷ്ഠാനകർമ്മം | ഫലങ്ങൾ |
|---|---|---|---|---|
| തിരുപ്പട്ടം | അർത്ഥിയുടെ ശിരസ്സിൽ മെത്രാന്റെ കൈവയ്പു ശുശ്രൂഷ | മെത്രാൻ | പരിശുദ്ധാത്മാവിന്റെ വർഷിക്കലിനും അർത്ഥി നിയോഗിക്കപ്പെടുന്ന ശുശ്രൂഷയ്ക്കാവശ്യമായ ദാനങ്ങൾക്കും വേണ്ടിയുള്ള പ്രതിഷ്ഠാപനപ്രാർത്ഥന. | പരിശുദ്ധാത്മാവിന്റെ മായാത്ത ആത്മീയ മുദ്ര, പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ പുരോഹിതനും ഗുരുവും അജപാലകനുമായ പുരോഹിത- പ്രവാചക- രാജകീയ ദൗത്യങ്ങളിലൂടെ ക്രിസ്തുവിനോടുള്ള അനുരൂപപ്പെടൽ. |
| വിവാഹം | പരസ്പര സമ്മതം, വലത്തുകൈ ചേർത്തുപിടിക്കൽ | വധൂവരന്മാർ | ഞാൻ നിങ്ങളെ എന്റെ ഭാര്യയായി/ ഭർത്താവായി സ്വീകരിക്കുന്നു. ഈ നിമിഷം മുതൽ മരണം നമ്മെ വേർപെടുത്തുംവരെ, സന്തോഷത്തിലും സന്താപത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും വിശ്വസ്തതയോടെ സ്നേഹിച്ചും ആദരിച്ചും ഒന്നിച്ച് ജീവിക്കാമെന്നു വാഗ്ദാനം ചെയ്യുന്നു. | ദമ്പതികളുടെ പരസ്പര സമ്മതത്തിന് ദൈവം നല്കുന്ന അംഗീകാരമുദ്ര, ദമ്പതികൾ തമ്മിലുള്ള സ്നേഹത്തെ പൂർണമാക്കാനും അവിഭാജ്യമായ അവരുടെ ഐക്യം ശക്തിപ്പെടുത്താനുമുള്ള കൃപാവരം, തങ്ങളുടെ വിവാഹജീവിതത്തിൽ വിശുദ്ധി പ്രാപിക്കാനും തങ്ങളുടെ മക്കളെ സ്വീകരിക്കാനും പരിശീലിപ്പിക്കാനും, പരസ്പരം സഹായിക്കാനുമുള്ള കൃപാവരം. |

ക്രൈസ്തവജീവിതത്തിൽ കൂദാശകളുടെ സ്വീകരണവും ഫലങ്ങളും എത്രമാത്രം അഭികാമ്യമാണ് എന്നു നാം കണ്ടുകഴിഞ്ഞു. ക്രിസ്തുസ്ഥാപിച്ചതും സഭയിലൂടെ പരികർമ്മം ചെയ്യപ്പെടുന്നതുമായ കൂദാശകൾ സ്വീകരിച്ച് അനുദിനം വിശുദ്ധിയിൽ വളരാനും ക്രിസ്തുവിന്റെ സജീവസാക്ഷികളായി സമൂഹത്തിൽ വർത്തിക്കാനും നിത്യരക്ഷപ്രാപിക്കാനും യുവജനങ്ങളായ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

## ഉത്തരം കണ്ടെത്താം

1. എന്താണ് കൗദാശികഅടയാളങ്ങൾ? അവ മറ്റ് അടയാളങ്ങളിൽനിന്നു വ്യത്യസ്തമായിരിക്കുന്നതെങ്ങനെ?
2. കൂദാശകൾ വിഭജിക്കപ്പെട്ടിരിക്കുന്നതെങ്ങനെ? അവയുടെ വിഭജനത്തിന്റെ അടിസ്ഥാനമെന്ത്?
3. ഓരോ കൂദാശയും മനുഷ്യജീവിതത്തിലെ വ്യത്യസ്തകാലഘട്ടങ്ങളുമായി എങ്ങനെയെല്ലാം ബന്ധപ്പെട്ടിരിക്കുന്നെന്ന് വിവരിക്കുക.
4. തിരുപ്പട്ടം, വിവാഹം എന്നീ കൂദാശകളെ കൂട്ടായ്മയുടെ ശുശ്രൂഷയ്ക്കുള്ള കൂദാശകൾ എന്നു വിളിക്കുന്നതെന്തുകൊണ്ട്?
5. സൈഥര്യലേപനം, തിരുപ്പട്ടം, വിവാഹം എന്നീ കൂദാശകളിലെ കാർമ്മികർ, അടയാളങ്ങൾ, ഫലങ്ങൾ എന്നിവ വിവരിക്കുക.

t

## ഗാനം



കൂദാശകൾ നമ്മെ, തിന്മയിൽനിന്നും
അകറ്റിനിർത്തും നിത്യം
കാണാനാവാത്ത വരപ്രസാദം
കരളുകളിൽ നിറയ്ക്കും

കൂദാശകൾ നമ്മെ, പരിശുദ്ധാത്മാവിൻ
ദാനങ്ങളാൽ നിറയ്ക്കും
കൃപാവരത്തിൻ മായാമുദ്രകൾ
ആത്മാവിൽ പതിക്കും

കൂദാശകൾ നമ്മെ, സമ്പൂർണമായും
പവിത്രമാക്കീടും
ക്രിസ്തുസാക്ഷികളാകാൻതുണയ്ക്കും
കൗദാശികജീവിതം!



# 7 യുവജന ജീവിതവും പ്രാരംഭകൂദാശകളും

**(ജ്ഞാനസ്നാനം, പരിശുദ്ധ ദിവ്യകാരുണ്യം, സ്ഥൈര്യലേപനം)**

**ആമുഖ പ്രവർത്തനം**

ദാസും പീറ്ററും ഇക്കൊല്ലം പത്താം ക്ലാസിലാണ്. ദാസ് നല്ല കുട്ടിയാണ്. സഹപാഠികൾക്ക് നന്മചെയ്തു ശീലിച്ച അവൻ സമൂഹത്തിനു വേണ്ടി കൂടുതൽ നന്മചെയ്യാൻ ഇടവകയിലെ ഒരു സംഘടനയിൽ ചേർന്നു പ്രവർത്തിക്കാൻ തുടങ്ങിയിരുന്നു. എന്നാൽ പീറ്റർ അങ്ങനെയായിയിരുന്നില്ല. അവനെ കാണുമ്പോൾ എല്ലാവരുടെയും മുഖത്ത് ഒരേയൊരു ചോദ്യം: 'എന്തേ ഈ പയ്യൻ ഇങ്ങനെയായിത്തീർന്നു?'

എന്നാൽ, സ്ഥൈര്യലേപന കൂദാശയുടെ ഒരുക്കവും സ്വീകരണവും വഴി പീറ്റർ പുതിയൊരു മനുഷ്യനായിത്തീർന്നു. അവനും ദാസിനെപ്പോലെ നന്മചെയ്യാൻ തുടങ്ങി.

നാളിതുവരെ സ്വീകരിച്ച കൂദാശകളുടെ ഫലങ്ങൾ ഒരിക്കലും നഷ്ടപ്പെടാതിരിക്കാനും പരിപോഷിപ്പിക്കാനും നമുക്ക് എന്തുചെയ്യാനാവുമെന്ന് ഗ്രൂപ്പുതിരിഞ്ഞ് ചർച്ചചെയ്യുക.

ക്രൈസ്തവജീവിതത്തിലെ പ്രാരംഭകൂദാശകളായ ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, പരിശുദ്ധ ദിവ്യകാരുണ്യം എന്നിവയെക്കുറിച്ചാണ് ഈ പാഠത്തിൽ നമ്മൾ പഠിക്കുന്നത്. **ജ്ഞാനസ്നാനം** നമ്മെ പിതാവായ ദൈവത്തിന്റെ മക്കളാക്കിത്തീർക്കുന്നു; **സ്ഥൈര്യലേപനം** പരിശുദ്ധാത്മാവായ ദൈവത്തിന്റെ പ്രത്യേകശക്തിയാൽ നമ്മെ നിറയ്ക്കുന്നു. **പരിശുദ്ധ ദിവ്യകാരുണ്യം** നമ്മെ ദൈവപുത്രനായ യേശുക്രിസ്തുവിന്റെ ശരീരരക്തങ്ങളാൽ പരിപോഷിതരാക്കുന്നു. ഈ ത്രിവിധഅനുഭവങ്ങളിലൂടെയാണ് നമ്മൾ ത്രിയേക ദൈവത്തിന്റെ ജീവനിൽ ആദ്യമായി പങ്കുകാരാകുന്നത്. അതിനാൽ ഇവയെ പ്രാരംഭകൂദാശകൾ എന്നു വിളിക്കുന്നു.

## പ്രാരംഭകൂദാശകൾ: ക്രിസ്തുവിലൂടെ സഭയിൽ

ദൈവാത്മാവാൽ ശക്തിപ്രാപിച്ചാണ് ക്രിസ്തു തന്റെ ജീവിതത്തിൽ പിതാവ് ഭരമേല്പ്പിച്ച ദൗത്യം നിർവഹിച്ചത്. ക്രിസ്തുവിന്റെ വാഗ്ദാനമനുസരിച്ചു നല്കപ്പെട്ട പരിശുദ്ധാത്മാവിന്റെ സ്വീകരണത്തിലൂടെയാണ് ശിഷ്യന്മാർ സുവിശേഷദൗത്യം നിർവഹിച്ചത്. എക്കാലത്തുമുള്ള ജനങ്ങൾക്ക് പരിശുദ്ധാത്മാവിനെനല്കി സുവിശേഷദൗത്യം സഭയിലൂടെ തുടരാൻ അവിടന്ന് ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, പരിശുദ്ധ ദിവ്യകാരുണ്യം എന്നീ കൂദാശകൾ സ്ഥാപിച്ചു.

## 1. ജ്ഞാനസ്നാനം

ജ്ഞാനസ്നാനമെന്ന കൂദാശ ക്രൈസ്തവജീവിതം മുഴുവന്റെയും മർമ്മസ്ഥാനമാണ്, ആത്മീയജീവനിലേക്കു പ്രവേശിക്കാനുള്ള കവാടവും മറ്റു കൂദാശകളെ സമീപിക്കാനുള്ള വാതിലുമാണത്.

ജ്ഞാനസ്നാനസ്വീകരണത്തോടെയാണ് യേശു തന്റെ പരസ്യജീവിതം തുടങ്ങുന്നത് (മത്താ 3:13). യേശുവിന്റെ ജ്ഞാനസ്നാനത്തിന് നമ്മുടെ ജ്ഞാനസ്നാനത്തിൽ നിന്നു വ്യത്യസ്തമായൊരു അർത്ഥതലമുണ്ട്. സ്നാപകയോഹന്നാൻ പാപികൾക്കുനല്കിയ അനുതാപത്തിന്റെ ജ്ഞാനസ്നാനമാണ് പാപരഹിതനായ ക്രിസ്തു സ്വീകരിച്ചത്. ദൈവപുത്രനായിരുന്നിട്ടും പാപികളോടു താദാത്മ്യപ്പെട്ട് തന്നത്തന്നെ ശൂന്യനാക്കുന്നതിന്റെ ഒരു പ്രകാശനമായിരുന്നു അത് (ഫിലി 2:7). ആദിമസൃഷ്ടിയിൽ ജലത്തിനുമേൽ ചലിച്ചുകൊണ്ടിരുന്ന പരിശുദ്ധാത്മാവ് ജ്ഞാനസ്നാനവേളയിൽ ക്രിസ്തുവിൻമേൽ പുതിയ സൃഷ്ടിയുടെ നാന്ദിയായി ഇറങ്ങിവന്നു. യേശുവിനെ തന്റെ പ്രിയപുത്രനായി പിതാവ് വെളിപ്പെടുത്തുകയും ചെയ്തു (മത്താ 3:16-17).

### ജ്ഞാനസ്നാനം എന്നാൽ എന്ത്?

ഉദ്ഭവപാപവും, കർമ്മപാപമുണ്ടെങ്കിൽ അതും നീക്കി നമ്മെ ദൈവമക്കളും സ്വർഗരാജ്യത്തിന് അവകാശികളുമാക്കിത്തീർക്കുന്നതും നിത്യരക്ഷയ്ക്ക് ആവശ്യവുമായ കൂദാശയാണ് ജ്ഞാനസ്നാനം.

## ജ്ഞാനസ്നാനം സഭയിൽ

പെന്തക്കോസ്തായുടെ ദിവസംമുതൽതന്നെ സഭ ജ്ഞാനസ്നാനം ആഘോഷിക്കുകയും നല്കുകയും ചെയ്തിരുന്നു. ഇത് യേശുവിന്റെ ഉത്ഥാനശേഷമുള്ള ആഹ്വാനമനുസരിച്ചായിരുന്നു (മത്താ 28:19-20).

പത്രോസ് പറഞ്ഞു: "നിങ്ങൾ പശ്ചാത്തപിക്കുവിൻ; പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനംസ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്കുലഭിക്കും. ഈ വാഗ്ദാനം നിങ്ങൾക്കും നിങ്ങളുടെ സന്താനങ്ങൾക്കും വിദൂരസ്ഥർക്കും നമ്മുടെ ദൈവമായ കർത്താവ് തന്റെ അടുക്കലേക്കു വിളിക്കുന്ന എല്ലാവർക്കും ഉള്ളതാണ്..." അവന്റെ വചനം ശ്രവിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസംതന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു" (അപ്പ 2:38-41).

## ദൈവരാജ്യപ്രവേശനവും ശിശുജ്ഞാനസ്നാനവും

"ജലത്താലും ആത്മാവാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല" (യോഹ 3:5) എന്നു യേശു പഠിപ്പിച്ചതിന്റെ അർത്ഥം ശിശുക്കളുൾപ്പെടെ എല്ലാവരും രക്ഷയുടെ ഈ കൂദാശ സ്വീകരിക്കണം എന്നതാണ്. മുതിർന്നവർക്ക് സ്വാതന്ത്ര്യത്തോടെ തീരുമാനങ്ങളെടുക്കാനുള്ള പക്വതയുള്ളതിനാൽ അവരുടെ അറിവും സമ്മതവും ദൈവം പ്രതീക്ഷിക്കുന്നു. എന്നാൽ അറിവും സമ്മതം നല്കാനുള്ള പ്രാപ്തിയും ഇല്ലാതിരിക്കേ, കുഞ്ഞുങ്ങളിൽ നിന്നു ദൈവം അതു പ്രതീക്ഷിക്കുന്നില്ല. ഭൗതികമായ കാര്യങ്ങളിലുള്ള വളർച്ച ഉറപ്പാക്കാൻ പക്വതയാർജ്ജിക്കാത്തവർക്കായി മുതിർന്നവർ വാക്കുനല്കാറുണ്ടല്ലോ. അങ്ങനെയെങ്കിൽ, ആദ്ധ്യാത്മികകാര്യങ്ങളിലുള്ള വളർച്ച ഉറപ്പാക്കാൻ കുട്ടികൾക്കുവേണ്ടി വാക്കുനല്കാൻ കൂടുതൽ ഉത്തരവാദിത്വം മുതിർന്നവരായ മാതാപിതാക്കൾക്കുണ്ട്. അതുകൊണ്ട് ജ്ഞാനസ്നാനവേളയിൽ മാതാപിതാക്കളും ജ്ഞാനസ്നാന മാതാപിതാക്കളും കുഞ്ഞിനുവേണ്ടി വാക്കുനല്കിയാൽ മതിയാകും. കുഞ്ഞ് മുതിർന്നു വരുമ്പോൾ ഈ തിരിച്ചറിവിൽ കുഞ്ഞിനെ വളർത്തണമെന്നേയുള്ളൂ. മാത്രമല്ല, ഈ തിരിച്ചറിവ് ഉറപ്പാക്കാനാണ് ഈസ്റ്റർജാഗരസമയത്ത് തിരികൊളുത്തിപ്പിടിച്ച് ഓരോരുത്തരും താന്താങ്ങളുടെ ജ്ഞാനസ്നാനാനുഭവവും വാഗ്ദാനവും നവീകരിക്കുന്നത്.

### ശിശുജ്ഞാനസ്നാനം വിശുദ്ധഗ്രന്ഥത്തിൽ

- കൊർണേലിയൂസിന്റെ കുടുംബത്തിലുണ്ടായിരുന്ന എല്ലാവരും ബന്ധുമിത്രാദികളടക്കം ജ്ഞാനസ്നാനം സ്വീകരിച്ചു (അപ്പ 10:24,48).
- ലിദിയ കുടുംബസമേതം ജ്ഞാനസ്നാനം സ്വീകരിച്ചു (അപ്പ 16:15).
- സ്തേഫാനോസിന്റെ കുടുംബം മുഴുവൻ ജ്ഞാനസ്നാനം സ്വീകരിച്ചു (1 കൊറി 1:16).
- "കർത്താവായ യേശുവിൽ വിശ്വസിക്കുക; നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും" എന്ന് ഫിലിപ്പിയായിലെ തടവറകാവല്ക്കാരനോടു പൗലോസ് പ്രഖ്യാപിച്ചു. അപ്പോൾത്തന്നെ അദ്ദേഹവും കുടുംബം മുഴുവനും ജ്ഞാനസ്നാനം സ്വീകരിച്ചു (അപ്പ 16:31-33 കാണുക).

ഇങ്ങനെ കുടുംബസമേതം ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ കുട്ടികളെ ഒഴിവാക്കിയ തായി ഒരിടത്തും നമ്മൾ കാണുന്നില്ല.

- പാപം മൂലം അധഃപതിച്ച മനുഷ്യപ്രകൃതിയോടും ഉദ്ഭവപാപത്തിന്റെ കളങ്കത്തോടും കൂടെ ജനിക്കുന്നവരാകയാൽ കുട്ടികൾക്കും ജ്ഞാനസ്നാനത്തിലൂടെയുള്ള പുതിയ ജനനത്തിന്റെ ആവശ്യമുണ്ട്.
- രക്ഷയുടെ കൃപാവരം തികച്ചും ദൈവത്തിന്റെ സൗജന്യദാനമാണ്. അതുകൊണ്ടുതന്നെ പ്രായപരിധി ഒരു പ്രശ്നമാകുന്നില്ല.
- ശിശു ജനിച്ചുകഴിഞ്ഞ ഉടൻതന്നെ ശിശുവിനു ജ്ഞാനസ്നാനം നല്കാതിരുന്നാൽ ദൈവത്തിന്റെ അമൂല്യമായ ദാനങ്ങളെയും കൃപാവരത്തെയും സഭയും മാതാപിതാക്കളും ആ ശിശുവിന് നിഷേധിക്കുകയാകും ചെയ്യുന്നത്.
- ശിശുജ്ഞാനസ്നാനം എന്ന പതിവ് സഭയുടെ അതിപുരാതനമായ ഒരു പാരമ്പര്യമാണ്. രണ്ടാംനൂറ്റാണ്ടുമുതൽ ഈ പതിവിനെപ്പറ്റി സുദൃഢമായ സാക്ഷ്യം ലഭിച്ചിട്ടുണ്ട്. രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന റോമിലെ വിശുദ്ധ ഹിപ്പോളിറ്റസ് അപ്പസ്തോലിക പാരമ്പര്യം എന്ന കൃതിയിൽ ഇങ്ങനെ പറയുന്നു: "ആദ്യം ശിശുക്കളെ സ്നാനപ്പെടുത്തുന്നു. അവർക്കതിന് ഉത്തരംനല്കാൻ കഴിയുമെങ്കിൽ അവർതന്നെ നല്കട്ടെ. അവർക്കു സാധ്യമല്ലെങ്കിൽ അവരുടെ മാതാപിതാക്കളോ അവരുടെ കുടുംബത്തിൽപ്പെട്ട മറ്റുള്ളവരോ ഉത്തരംനല്കട്ടെ".

t

## ജ്ഞാനത്തിൽ സ്നാനം ചെയ്യപ്പെട്ടവനും പ്രകാശിതനും

സ്നാനപ്പെടുത്തുക എന്നതിന് (ഗ്രീക്ക് ഭാഷയിൽ, Baptizein) "മുക്കുക", "താഴ്ത്തുക" എന്നാണർത്ഥം. സാധാരണഗതിയിൽ സാഹചര്യാനുസൃതം സ്നാനാർത്ഥിയെ വെള്ളത്തിൽ മുക്കുകയോ അർത്ഥിയുടെ ശിരസ്സിൽ വെള്ളമൊഴിക്കുകയോ ചെയ്താണ് ജ്ഞാനസ്നാനം നല്കുന്നത്. വെള്ളത്തിലുള്ള മുക്കൽ ക്രിസ്തുവിന്റെ മരണത്തിലുള്ള സ്നാനാർത്ഥിയുടെ കബറടക്കത്തെയും വെള്ളത്തിൽ നിന്നുള്ള ഉയർച്ച ആ വ്യക്തി ക്രിസ്തുവിനോടൊപ്പം പുതിയ സൃഷ്ടിയായുള്ള ഉയിർത്തെഴുന്നേല്പിനെയും സൂചിപ്പിക്കുന്നു. ഈ കൂദാശയെ ക്രിസ്തുവിൽ സ്നാനപ്പെടുന്നയാളുടെ "പുനർജനനത്തിന്റെ ക്ഷാളനവും പരിശുദ്ധാത്മാവിലുള്ള നവീകരണവു"മായി കണക്കാക്കുന്നു.

ഓരോ മനുഷ്യനെയും പ്രകാശിപ്പിക്കുന്ന വെളിച്ചവും വചന(ജ്ഞാന)വുമായ ക്രിസ്തുവിൽ സ്നാനം ചെയ്യപ്പെടുന്നു എന്നതിനാൽ ഈ സ്നാനത്തെ ജ്ഞാനസ്നാനം എന്നു വിളിക്കുന്നു.

## ജ്ഞാനസ്നാനത്തിന്റെ ആവശ്യകത

യോഹ 9:1-7-ലെ 'സീലോഹ' എന്ന പദത്തിന് 'അയയ്ക്കപ്പെട്ടവൻ' എന്നാണർത്ഥം. യേശുവാണ് പിതാവായദൈവത്താൽ അയയ്ക്കപ്പെട്ടവൻ. ദൈവത്താൽ അയയ്ക്കപ്പെട്ടവനും ലോകത്തിന്റെ പ്രകാശവുമായ ക്രിസ്തുവിൽ പ്രകാശിതരാകേണ്ടവരാണ് നമ്മൾ.

ജീവിതം അതുവരെ ഇരുളിൽ കഴിച്ചുകൂട്ടിയവനോട് (അന്ധനോട്) സീലോഹയിൽ (അയയ്ക്കപ്പെട്ടവനിൽ) പോയി കഴുകാൻ യേശു ആവശ്യപ്പെടുന്നു. അതായത്, ദൈവത്താൽ അയയ്ക്കപ്പെട്ടവനായ യേശുവിൽ ക്ഷാളനംചെയ്യാനാണ് യേശു ആവശ്യപ്പെടുന്നത്. അങ്ങനെ അന്ധനായവന്റെ കണ്ണുകൾ തുറക്കുന്നു; അവൻ പ്രകാശം കണ്ടുതുടങ്ങുന്നു; ക്രിസ്തുവിനുവേണ്ടി ഭയമില്ലാത്ത സാക്ഷിയാകുന്നു. ഈ സംഭവത്തിൽ യഥാർത്ഥത്തിലുള്ള തിരിച്ചറിവിന്റെ/ ജ്ഞാനത്തിന്റെ വെളിച്ചവും ശുദ്ധീകരിക്കുന്ന വെള്ളത്തിലുള്ള ക്ഷാളനവും സുവ്യക്തമാണ്. അതിനാൽ, നാം ജ്ഞാനസ്നാനം സ്വീകരിക്കുമ്പോൾ ക്രിസ്തുവിൽ പ്രകാശിതരും ക്രിസ്തുവാകുന്ന ജ്ഞാനത്തിൽ സ്നാനംചെയ്യപ്പെട്ടവരും ആയിത്തീരുന്നു.



## ജ്ഞാനസ്നാനം സ്വീകരിക്കുന്നയാൾ

- ക്രിസ്തുവിന്റെ മരണവുമായി ഐക്യപ്പെടുന്നു.
- ക്രിസ്തുവിനോടൊപ്പം സംസ്കരിക്കപ്പെടുന്നു (റോമാ 6:3-4; കൊളോ 2:12).
- ക്രിസ്തുവിനെ ധരിക്കുന്നു (ഗലാ 3:27).
- പരിശുദ്ധാത്മാവിലൂടെ നീതിമത്കരിക്കപ്പെടുന്നു.
- പരിശുദ്ധാത്മാവിലൂടെ പവിത്രീകരിക്കപ്പെടുന്നു (1 കൊറി 6:11;12:13).

## ജ്ഞാനസ്നാനമെന്ന കൂദാശവഴി

- ഉദ്ഭവപാപത്തിൽനിന്നും വ്യക്തിപരമായ പാപങ്ങളുണ്ടെങ്കിൽ അവയിൽ നിന്നും മോചനം സിദ്ധിക്കുന്നു.
- പാപത്തിനുള്ള ശിക്ഷ ഒഴിവാക്കപ്പെടുന്നു.
- പുതിയജീവനിലേക്കുള്ള ജനനം നടക്കുന്നു.
- ദൈവപിതാവിന്റെ ദത്തുപുത്രനോ പുത്രിയോ ആയിത്തീരുന്നു.
- ദൈവപുത്രനായ ക്രിസ്തുവിന്റെ ശരീരത്തിലെ അവയവമാക്കപ്പെടുന്നു.
- ക്രിസ്തുവിന്റെ കൂട്ടവകാശിയാക്കപ്പെടുന്നു.
- പരിശുദ്ധാത്മാവായ ദൈവത്തിന്റെ ആലയമാക്കപ്പെടുന്നു.
- ക്രിസ്തുവിന്റെ ശരീരമായ സഭയിലെ അംഗമാക്കപ്പെടുന്നു.
- സഭാഗാത്രം പടുത്തുയർത്താൻ വിളിക്കപ്പെടുന്നു.
- ക്രിസ്തുവിന്റെ പൗരോഹിത്യ, രാജകീയ, പ്രവാചക ദൗത്യങ്ങളിൽ ഭാഗഭാക്കാക്കപ്പെടുന്നു.
- നിത്യജീവനിലേക്കുള്ള വാതിൽ തുറന്നുകിട്ടുന്നു.

## ജ്ഞാനസ്നാനം സ്വീകരിച്ചയാളുടെ കടമകളും അവകാശങ്ങളും

### കടമകൾ

- ജ്ഞാനസ്നാനം സ്വീകരിച്ചയാൾ സഭാംഗമാകുകവഴി തന്റേതല്ല, തനിക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്ത ക്രിസ്തുവിന്റേതാണ് (1 കൊറി 6:19; 2 കൊറി 5:15)
- ജ്ഞാനസ്നാനസ്വീകരണസമയം മുതൽ അയാൾ സഭാകൂട്ടായ്മയിൽ മറ്റുള്ളവർക്കായി സേവനംചെയ്യാനും സഭാംഗമെന്നനിലയിൽ സഭാധികാരികളെ അനുസരിക്കാനും സഭയോട് വിധേയത്വം പുലർത്താനും ഏവരോടും ബഹുമാനവും സ്നേഹവും പ്രകടിപ്പിക്കാനും വിളിക്കപ്പെട്ടിരിക്കുന്നു.
- സഭയിലൂടെ ദൈവത്തിൽനിന്നു സ്വീകരിച്ച വിശ്വാസം മനുഷ്യരുടെ മുമ്പിൽ ഏറ്റുപറയാനും ദൈവജനത്തിന്റെ അപ്പസ്തോലികവും പ്രേഷിതപരവുമായ പ്രവർത്തനങ്ങളിൽ പങ്കുകൊള്ളാനും കടപ്പെട്ടിരിക്കുന്നു.

### അവകാശങ്ങൾ

കൂദാശകൾ സ്വീകരിക്കുക; ദൈവവചനത്താൽ പരിപോഷിപ്പിക്കപ്പെടുക; സഭയുടെ മറ്റ് ആദ്ധ്യാത്മികസഹായങ്ങളാൽ സംരക്ഷിക്കപ്പെടുക എന്നിവ ജ്ഞാനസ്നാനം സ്വീകരിച്ച വ്യക്തിയുടെ അവകാശങ്ങളാണ് (ജനതകളുടെ പ്രകാശം, 37).

## പ്രത്യേകമറിയാൻ

### ജ്ഞാനസ്നാനം വീണ്ടും സ്വീകരിക്കാമോ?

ജ്ഞാനസ്നാനം നമ്മുടെ ആത്മാവിൽ മായ്ക്കാനാവാത്ത ഒരു ആദ്ധ്യാത്മിക മുദ്രപതിക്കുന്നു. അതു ജ്ഞാനസ്നാനം സ്വീകരിച്ച വ്യക്തിയെ ക്രൈസ്തവാരാധനയ്ക്കായി പ്രതിഷ്ഠിക്കുന്നു. ആ മുദ്രമൂലം ജ്ഞാനസ്നാനം ആവർത്തിക്കപ്പെടാൻ പാടില്ല.

### ജ്ഞാനസ്നാനം സ്വീകരിക്കാത്തവർക്ക് രക്ഷയുണ്ടോ?

വിശ്വാസത്തിനുവേണ്ടി മരിക്കുന്ന സ്നാനാർത്ഥികളും സഭയെപ്പറ്റി അറിയാതിരിക്കുകയും എന്നാൽ കൃപാവരത്തിന്റെ പ്രചോദനത്തിൻ പ്രവർത്തിച്ചുകൊണ്ട് ദൈവത്തെ ആത്മാർത്ഥമായി അന്വേഷിക്കുകയും അവിടത്തെ ഇഷ്ടം നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്യുന്ന എല്ലാവരും, അവർ മാമ്മോദീസാ സ്വീകരിച്ചിട്ടില്ലെങ്കിലും, രക്ഷപ്പെടാൻ സാധ്യതയുണ്ട് (ജനതകളുടെ പ്രകാശം, 16).

### ജ്ഞാനസ്നാനം നല്കാൻ ആർക്കൊക്കെ കഴിയും?

ജ്ഞാനസ്നാനത്തിന്റെ സാധാരണകാർമ്മികർ മെത്രാനും പുരോഹിതനും ഡീക്കനുമാണ് (സുറിയാനി സഭയിൽ ഡീക്കൻ സാധാരണ കാർമ്മികനല്ല). അത്യാവശ്യസമയത്ത് ഏതു വ്യക്തിക്കും ജ്ഞാനസ്നാനം നല്കാം. സഭ ഈ പ്രവൃത്തിയിലൂടെ എന്തുദ്ദേശിക്കുന്നുവോ അതു താൻ ചെയ്യുന്നു എന്ന നിയോഗം ഉണ്ടായിരിക്കുകയും അർത്ഥിയുടെ പേരുവിളിച്ച്, “പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിന്നെ ഞാൻ ജ്ഞാന

സ്നാനപ്പെടുത്തുന്നു" എന്നു പറഞ്ഞുകൊണ്ട് അർത്ഥിയുടെ ശിരസ്സിൽ ജലം ഒഴിക്കുകയും ചെയ്യണമെന്നേയുള്ളൂ.

**പ്രവർത്തനം 2**

ജ്ഞാനസ്നാനം സ്വീകരിച്ചവ്യക്തി എന്ന നിലയിൽ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ നിങ്ങളുടെ സഹപാഠികളിൽ നിന്നു നിങ്ങളെ വ്യത്യസ്തരാക്കുന്ന മനോഭാവങ്ങളും പ്രവർത്തനശൈലികളും ഏവയെന്നു ചർച്ചചെയ്തു കണ്ടെത്തുക.

## 2. പരിശുദ്ധ ദിവ്യകാരുണ്യം

പരിശുദ്ധ ദിവ്യകാരുണ്യസ്വീകരണം ക്രൈസ്തവപ്രാരംഭം പൂർത്തീകരിക്കുന്നു. ജ്ഞാനസ്നാനംവഴി രാജകീയപൗരോഹിത്യത്തിന്റെ മഹത്ത്വത്തിലേക്ക് ഉയർത്തപ്പെടുകയും സ്ഥൈര്യലേപനംവഴി ക്രിസ്തുവിനോടു കൂടുതൽ അഗാധമായി അനുരൂപപ്പെടുകയും ചെയ്തവർ, മുഴുവൻസമൂഹത്തോടുംകൂടെ കർത്താവിന്റെ ബലിയിൽ ദിവ്യബലിയർപ്പണം വഴി പങ്കുചേരുന്നു.

### ദിവ്യകാരുണ്യത്താൽ പരിപോഷിതരാകുന്ന ശിഷ്യന്മാരും വിശ്വാസിസമൂഹവും

ജ്ഞാനസ്നാനസ്വീകരണത്തിലൂടെ പരിശുദ്ധാത്മാവിൽനിന്ന് ശക്തിപ്രാപിച്ച് കൂട്ടായ്മയായിത്തീർന്ന ആദിമക്രൈസ്തവസമൂഹം അപ്പംമുറിക്കൽശുശ്രൂഷയിൽ പങ്കുചേർന്ന് യേശുവിന്റെ തിരുശരീരരക്തങ്ങളാൽ പരിപോഷിതരായി ജീവിച്ചു (അപ്പ 2:42). ആദിമസഭയിലെ അപ്പംമുറിക്കൽശുശ്രൂഷ ഇന്നത്തെ ബലിയർപ്പണത്തിന്റെ പ്രഥമരൂപമായിരുന്നു.



"നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം അവന്റെ പ്രത്യാഗമനംവരെ പ്രഖ്യാപിക്കുകയാണു ചെയ്യുന്നത്" (1 കൊറി 11:26) എന്ന പൗലോസപ്പസ്തോലന്റെ വാക്കുകൾ ദിവ്യകാരുണ്യത്തിലുള്ള വിശ്വാസിസമൂഹത്തിന്റെ പങ്കാളിത്തത്തെയും അതു പ്രഖ്യാപിക്കുന്ന രക്ഷാകരരഹസ്യങ്ങളെയും ഈ പങ്കാളിത്തം കർത്താവിന്റെ പ്രത്യാഗമനംവരെ തുടരേണ്ട ആവശ്യകതയെയും കുറിച്ച് വിശ്വാസികളെ ബോധ്യപ്പെടുത്തുന്നു.

### അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ നല്കപ്പെട്ട ഈ സ്മാരകം :

- സ്നേഹത്തിന്റെ കൂദാശയാണ്
- ഐക്യത്തിന്റെ അടയാളമാണ്
- ഉപവിയുടെ ബന്ധമാണ്
- പെസഹാവിരുന്നാണ്
- സഭാജീവിതത്തിന്റെ ഉറവിടവും അത്യുച്ചസ്ഥാനവുമാണ്.

"നിങ്ങൾ പോയി ലോകമെങ്ങും സർവസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എല്ലാവരെയും ജ്ഞാനസ്നാനപ്പെടുത്തുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ (മത്താ 28,19-20) എന്നു യേശു കല്പിച്ചയച്ച അപ്പസ്തോലന്മാരിൽ നിന്ന് അനേകംപേർ ജ്ഞാനസ്നാനം സ്വീകരിക്കുകയും പരിശുദ്ധാത്മാവിൽ നിറയുകയും ചെയ്തു. അതുപോലെ, പ്രാരംഭകൂദാശകളായ ജ്ഞാനസ്നാനം, സ്ഥൈര്യലേപനനം, പരിശുദ്ധ ദിവ്യകാരുണ്യം എന്നിവ ഇന്നു സ്വീകരിക്കുന്നവർക്ക് ആദിമസഭയുടെ അനുഭവം ഒരു നല്ല കണ്ണാടിയാണ്. മാത്രമല്ല, അവർ നയിച്ച കൂട്ടായ്മയുടെ ജീവിതം നമുക്കൊരു വെല്ലുവിളിയുമാണ്.

## 3. സ്ഥൈര്യലേപനം

പഴയനിയമജനത പ്രതീക്ഷിച്ചിരുന്ന മിശിഹാ, ആത്മാവിന്റെ നിറവിൽ സമ്പന്നനായിത്തീരുമെന്നും അവിടന്ന് വാക്കിലും പ്രവൃത്തിയിലും ദൈവത്തെ ഏറ്റുപറയുമെന്നും അങ്ങനെ ദൈവജനത്തിന്റെ രക്ഷകനായിരിക്കുമെന്നും യേശുവിനുമുമ്പ് 700-നും 600-നും ഇടയ്ക്കു ജീവിച്ചിരുന്ന പ്രവാചകന്മാർ പറഞ്ഞുവച്ചു.

ഈ പ്രാവാചകവചനങ്ങളുടെ പൂർത്തീകരണമെന്നോണം യേശുവിന്റെ ജീവിതത്തിൽ പരിശുദ്ധാത്മാവ് ജ്ഞാനസ്നാനവേളയിൽ പ്രത്യേകമാംവിധം നിറയുന്നതും അവിടന്ന് ദൈവരാജ്യസംസ്ഥാപനദൗത്യം ധൈര്യസമേതം നിർവഹിക്കുന്നതും നമ്മൾ പുതിയ നിയമത്തിൽ വായിക്കുന്നു.

പരിശുദ്ധാത്മാവിന്റെ സവിശേഷശക്തിയാൽ വിശ്വാസികളെ സമ്പന്നരാക്കി അവരെ സഭയോടു പൂർണമായി ബന്ധിപ്പിച്ച് ക്രിസ്തുവിലുള്ള വിശ്വാസം വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും പ്രഘോഷിക്കുന്ന യഥാർത്ഥസാക്ഷികളാക്കിത്തീർക്കുകയും അതുവഴി ജ്ഞാനസ്നാനത്തിലൂടെ അവർക്കു ലഭിച്ച കൃപാവരത്തിന്റെ പൂർണതയിലേയിക്ക് അവരെ നയിക്കുകയും ചെയ്യുന്ന കൂദാശയാണ് സ്ഥൈര്യലേപനം.

### ആത്മാവിന്റെ നിറവിലുള്ള യേശുവിന്റെ ജീവിതം

ജനം പ്രതീക്ഷിച്ചിരുന്ന മിശിഹായുടെമേൽ അവിടത്തെ രക്ഷാകരദൗത്യത്തിനായി കർത്താവിന്റെ ആത്മാവ് ആവസിക്കുമെന്നു പഴയനിയമത്തിൽ പ്രവാചകൻമാർ അറിയിച്ചിരുന്നു

(ഏശ 11:2; 61:1; ലൂക്കാ 4:16-22). യേശു യോഹന്നാനിൽ നിന്നു ജ്ഞാനസ്നാനം സ്വീകരിച്ച സമയത്ത് പരിശുദ്ധാത്മാവ് അവിടത്തെമേൽ ഇറങ്ങിവന്നത്, വരാനിരിക്കുന്ന ദൈവപുത്രനായ മിശിഹാ അവിടന്നുതന്നെയാണ് എന്നതിന്റെ അടയാളമായിരുന്നു (മത്താ 3:13-17; യോഹ 1:33-34). യേശു പരിശുദ്ധാത്മാവാൽ ഗർഭസ്ഥനാകുകയും അവിടത്തെ ജീവിതവും ദൗത്യവും പിതാവുനല്കിയ പരിശുദ്ധാത്മാവിനോടുള്ള സമ്പൂർണസംസർഗത്തിൽ നിർവഹിക്കപ്പെടുകയും ചെയ്തു.

## പരിശുദ്ധാത്മാവാൽ നിറഞ്ഞ ശിഷ്യന്മാരും വിശ്വാസിസമൂഹവും

യേശു തന്റെ പരസ്യജീവിതത്തിന്റെ അവസാനനാളുകളിൽ ശിഷ്യന്മാരുടെമേൽ അയയ്ക്കാനിരുന്ന പരിശുദ്ധാത്മാവിനെ - സഹായകനെ - വാഗ്ദാനം ചെയ്യുന്നുണ്ട് (യോഹ 16:7,13; ലൂക്കാ 24:49). യേശുവിന്റെ കുരിശുമരണത്തിനുശേഷം ചകിതരായിക്കഴിഞ്ഞിരുന്ന ശിഷ്യന്മാരുടെമേൽ അവിടത്തെ വാഗ്ദാനമനുസരിച്ച് ആത്മാവ് നിറയുകയും (അപ്പ 12:3-4) അവർ ധൈര്യസമേതം തീക്ഷ്ണതയോടെ യേശുവിന്റെ സുവിശേഷം പ്രഘോഷിച്ചുതുടങ്ങുകയും ചെയ്തു.

യേശുവിലും അപ്പസ്തോലന്മാരിലും വന്നുനിറഞ്ഞ പരിശുദ്ധാത്മാവ് പ്രാരംഭകൂദാശകളിലൂടെ വിശ്വാസികളുടെ മേലും വന്നുനിറയുന്നതായും നാം കാണുന്നുണ്ട്. അപ്പസ്തോലപ്രമുഖനായ പത്രോസിന്റെ വാക്കുകൾ കേൾക്കുക:

"പത്രോസ് മറ്റു പതിനൊന്നുപേരോടുമൊപ്പം എഴുന്നേറ്റുനിന്ന് ഉച്ചസ്വരത്തിൽ അവരോടു പറഞ്ഞു: യഹൂദജനങ്ങളേ, ജറുസലേമിൽ വസിക്കുന്നവരേ, ഇതു മനസ്സിലാക്കുവിൻ; എന്റെ വാക്കുൾ ശ്രദ്ധിക്കുവിൻ. നിങ്ങൾ വിചാരിക്കുന്നപോലെ ഇവർ ലഹരി പിടിച്ചവരല്ല. കാരണം, ഇപ്പോൾ ദിവസത്തിന്റെ മൂന്നാം മണിക്കൂറല്ലേ ആയിട്ടുള്ളൂ? മറിച്ച്, ജോയേൽ പ്രവാചകൻ പറഞ്ഞതാണിത്: ദൈവം അരുൾചെയ്യുന്നു: അവസാനദിവസങ്ങളിൽ എല്ലാ മനുഷ്യരുടെയുംമേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ യുവാക്കൾക്കു ദർശനങ്ങളുണ്ടാകും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും... കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവർ രക്ഷപ്രാപിക്കും... ഇതുകേട്ടപ്പോൾ അവർ ഹൃദയം നുറുങ്ങി പത്രോസിനോടും മറ്റ് അപ്പസ്തോലന്മാരോടും ചോദിച്ചു: സഹോദരന്മാരേ, ഞങ്ങൾ എന്താണുചെയ്യേണ്ടത്? പത്രോസ് പറഞ്ഞു: നിങ്ങൾ പശ്ചാത്തപിക്കുവിൻ, പാപമോചനത്തിനായി എല്ലാവരും യേശുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്കു ലഭിക്കും. ഈ വാഗ്ദാനം നിങ്ങൾക്കും നിങ്ങളുടെ സന്താനങ്ങൾക്കും വിദൂരസ്ഥർക്കും നമ്മുടെ ദൈവമായ കർത്താവ്

തന്റെ അടുക്കലേക്കു വിളിക്കുന്ന എല്ലാവർക്കുമുള്ളതാണ്... അവന്റെ വചനം ശ്രവിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസം തന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു. അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താൽപര്യപൂർവം പങ്കുചേർന്നു" (അപ്പ 2:14-18, 21, 37-42).

പരിശുദ്ധാത്മാവിന്റെ ഈ അഭിഷേകം മെസ്സയാനികയുഗത്തിന്റെ അടയാളമാണെന്നു പത്രോസ് പഠിപ്പിച്ചു (അപ്പ 2:11; 2:17-18). അപ്പസ്തോലന്മാരുടെ പ്രസംഗത്തിൽ വിശ്വസിച്ചു ജ്ഞാനസ്നാനം സ്വീകരിച്ചവർ പരിശുദ്ധാത്മാവിന്റെ ദാനംസ്വീകരിക്കുകയും ചെയ്തു ( അപ്പ 2:38).

## സ്ഥൈര്യലേപനത്തിന്റെ ഫലങ്ങൾ

- പരിശുദ്ധാത്മാവിന്റെ സവിശേഷശക്തിയാൽ സമ്പന്നരാക്കപ്പെടുന്നു.
- സഭയോടു കൂടുതൽ പൂർണമായി ബന്ധിക്കപ്പെടുന്നു.
- വിശ്വാസ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും പ്രഘോഷിക്കുന്ന ക്രിസ്തുവിന്റെ യഥാർത്ഥ സാക്ഷികളാക്കപ്പെടുന്നു.
- ജ്ഞാനസ്നാനത്തിൽ ലഭിച്ച കൃപാവരത്തിന്റെ പൂർത്തീകരണം നടക്കുന്നു.

## സ്ഥൈര്യലേപനം ആര്, ആർക്ക്, എപ്പോൾ നല്കുന്നു?

റോമൻ അഥവാ ലത്തീൻ റീത്തിൽ ജ്ഞാനസ്നാനത്തിൽ തുടങ്ങുന്ന ക്രൈസ്തവ പ്രാരംഭം സ്ഥൈര്യലേപനത്തിൽ പൂർത്തീകരിക്കപ്പെടുംമുമ്പ് പല വർഷത്തെ വിശ്വാസ പരിശീലനം ആവശ്യപ്പെടുന്നു. അപ്രകാരം പരിശീലനം നേടിയവർക്കാണ് സ്ഥൈര്യലേപനവും ദിവ്യകാരുണ്യവും നല്കപ്പെടുന്നത്.

റോമൻ റീത്തിൽ സ്ഥൈര്യലേപനത്തിന്റെ സാധാരണ കാർമ്മികൻ മെത്രാൻ മാത്രമായതിനാൽ സഭയിലെ അംഗങ്ങൾ വർദ്ധിച്ചപ്പോൾ ജ്ഞാനസ്നാനവേളയിൽത്തന്നെ എല്ലാവർക്കും സ്ഥൈര്യലേപനവും നല്കുക പ്രായോഗികമല്ലാതായിത്തീർന്നു. അങ്ങനെയാണ് പ്രായപൂർത്തിയായ അർത്ഥികളെ പ്രത്യേകമായി ഒരുക്കി സ്ഥൈര്യലേപനംനല്കുന്ന രീതി നിലവിൽവന്നത്.

## നമുക്ക് മറക്കാതിരിക്കാം

- മാമ്മോദീസ എന്നപോലെ സ്ഥൈര്യലേപനവും ഒരിക്കൽ മാത്രമേ നല്കപ്പെടുകയുള്ളൂ. കാരണം, അത് ആത്മാവിൽ "മായാത്ത മുദ്ര" പതിക്കുന്നു. തന്റെ സാക്ഷിയായിരിക്കേണ്ടതിന് യേശുക്രിസ്തു ക്രൈസ്തവനെ തന്റെ പരിശുദ്ധാത്മാവിന്റെ മുദ്രയാൽ അത്യുന്നതത്തിൽനിന്നുള്ള ശക്തി ധരിപ്പിച്ചുകൊണ്ട് അടയാളപ്പെടുത്തിയിരിക്കുന്നു എന്നതിന്റെ സൂചനയാണ് ഈ മുദ്ര (ലൂക്കാ 24:48-49).
- വിശ്വാസികൾക്ക് മാമ്മോദീസയിലൂടെ ലഭിച്ച പൊതുപൗരോഹിത്യത്തെ ഈ മുദ്ര പൂർണമാക്കുന്നു. മാത്രമല്ല, ക്രിസ്തുവിലുള്ള വിശ്വാസം ഔദ്യോഗികകർമ്മമായി ഏറ്റെടുത്ത് പരസ്യമായി പ്രഖ്യാപിക്കാനുള്ള ശക്തിയും അവർക്കു ലഭിക്കുന്നു.

## ഉത്തരം കണ്ടെത്താം

1. പ്രാരംഭകൂദാശകൾ ഏവ? അവ നമ്മിലുളവാക്കുന്ന ത്രിവിധഅനുഭവങ്ങൾ ഏതെല്ലാം?
2. ശിശുസ്നാനത്തെക്കുറിച്ച് വിശുദ്ധഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നതെന്ത്?
3. സ്ഥൈര്യലേപനകൂദാശയുടെ ഫലങ്ങൾ ഏവ?
4. ആത്മാവിന്റെ നിറവിലുള്ള ആദിമസഭാജീവിതം വിലയിരുത്തുക.
5. ആദിമസഭയെ കൂട്ടായ്മയിൽ നിലനിറുത്തുന്നതിൽ അപ്പംമുറിക്കൽ ശുശ്രൂഷ വഹിച്ച പങ്കെന്ത്?

## പ്രവർത്തനം 3

അപ്പസ്തോലന്മാരും ആദിമക്രിസ്ത്യാനികളും പരിശുദ്ധാത്മാവാൽ നിറഞ്ഞപ്പോൾ ഭയംവെടിഞ്ഞ് ക്രിസ്തുവിനുവേണ്ടി മരണംവരിക്കാൻ തയ്യാറായി. സത്യവും നീതിയും ധർമ്മവുമൊക്കെ നിഷേധിക്കപ്പെടുന്ന ലോകത്തിൽ സ്ഥൈര്യലേപനത്തിലൂടെ നമുക്കു ലഭിക്കുന്ന ദൗത്യം എപ്രകാരം നിർവഹിക്കാനാകും എന്ന് എഫേസൂസ് 6:13-17-ന്റെ വെളിച്ചത്തിൽ ഗ്രൂപ്പ് തിരിഞ്ഞ് ചർച്ചചെയ്ത് റിപ്പോർട്ട് അവതരിപ്പിക്കുക.

## ഗാനം



ജ്ഞാനസ്നാനവും സ്ഥൈര്യലേപനവും
പരമദിവ്യകാരുണ്യവും
ദൈവികജീവനിൽ പങ്കുകാരാക്കുന്ന
പ്രാരംഭകൂദാശകൾ

ക്രിസ്തുവാം ജ്ഞാനത്തിൽ സ്നാനപ്പെടുകയാൽ
ജ്ഞാനസ്നാനം എന്നുമർത്ഥപൂർണം
ദിവ്യശരീരവും രക്തവും ദാനമായ്
സ്വീകരിക്കും ദിവ്യകാരുണ്യത്തിൽ

വചനപ്രഘോഷണദൗത്യം നിറവേറ്റാൻ
പരിശുദ്ധാത്മാവേകും ദാനങ്ങളും
വിശ്വാസത്തറയിൽ നാം ചുവടുറപ്പിക്കാൻ
ധൈര്യം പകരുന്നു സ്ഥൈര്യലേപനം



# 8 സൗഖ്യദായകകൂദാശകൾ

(അനുരഞ്ജനം, രോഗീലേപനം)

**ആമുഖ പ്രവർത്തനം**

പാപം പ്രാഥമികമായി ദൈവത്തിനുനേരേയുള്ള ദ്രോഹമാണ്. ഒരുവന് സഹോദരങ്ങളോടും പ്രപഞ്ചത്തോടും തന്നോടുതന്നെയുമുള്ള ബന്ധങ്ങൾ അത് തകർക്കുന്നു. സാമൂഹിക ബന്ധങ്ങളും കുടുംബബന്ധങ്ങളും തകർക്കുന്ന തിന്മകളുടെ സ്വാധീനം ഇന്ന് എത്രമാത്രം ശക്തമാണെന്നും അവ ഉന്മൂലനം ചെയ്യാനുള്ള സാഹചര്യങ്ങളേതെന്നും ഗ്രൂപ്പുതിരിഞ്ഞ് ചർച്ചചെയ്ത് റിപ്പോർട്ടു തയ്യാറാക്കുക.

ക്രിസ്തുശിഷ്യരായ നമ്മുടെ എല്ലാപാപങ്ങളും - ഉദ്ഭവപാപവും വ്യക്തിപരമായ പാപങ്ങളും - ക്ഷമിക്കപ്പെടുന്നത് പ്രാരംഭകൂദാശയായ ജ്ഞാനസ്നാനത്തിലൂടെയാണ്. എന്നാൽ ഒരു കാര്യം നാം മറന്നുകൂടാ. ജ്ഞാനസ്നാനസ്വീകരണംവഴി നമ്മിലുള്ള പാപം ഇല്ലാതാകുന്നെങ്കിലും പാപാസക്തി അഥവാ പാപം ചെയ്യാനുള്ള പ്രവണത ഇല്ലാതാകുന്നില്ല. പത്രോസ്ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു: "നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റിനടക്കുന്നു. വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് അവനെ എതിർക്കുവിൻ'' (1 പത്രോ 5:8-9). നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ കൃപാവരത്തിൽ അനുദിനം ആശ്രയിച്ചുകൊണ്ട് പാപാസക്തിയെ നമ്മൾ കീഴടക്കണം.



ദൈവ-മനുഷ്യബന്ധത്തിൽ പാപം വരുത്തുന്ന ക്രമഭംഗങ്ങളും താളപ്പിഴകളും ശൈഥില്യവും ഭിന്നതയും പരിഹരിക്കാൻ അന്ധകാരത്തിന്റെ ആധിപത്യത്തിൽനിന്ന് നമ്മെ മോചിപ്പിച്ച ക്രിസ്തുവിനു മാത്രമേ സാധിക്കുകയുള്ളൂ (കൊളോ 1:13). കാരണം, ''അവനിലാണല്ലോ നമുക്കു രക്ഷയും പാപമോചനവും ലഭിച്ചിരിക്കുന്നത്" (കൊളോ 1:14).

## പാപത്തിന്റെ സാർവത്രികത

ആദിമാതാപിതാക്കളുടെ ജീവിതത്തിൽ സംഭവിച്ചപോലെ, പാപം ഇന്നും മനുഷ്യപ്രകൃതിയെ വ്രണപ്പെടുത്തുകയും മാനവഐക്യം മുറിപ്പെടുത്തുകയും ചെയ്യുന്നു. വിശുദ്ധ പൗലോസ് ഉദ്ബോധിപ്പിക്കുന്നതനുസരിച്ച്, "എല്ലാവരും പാപം ചെയ്ത് ദൈവമഹത്ത്വത്തിന് അയോഗ്യരായി" (റോമാ 3:23).

മനുഷ്യന്റെ എല്ലാവ്യാപാരങ്ങളിലും പാപത്തിന്റെ അംശം കാണാവുന്നതാണ്. ക്രിസ്തുവൊഴികേ ഒരു മനുഷ്യനും പാപത്തിൽ നിന്നുമുക്തനല്ല (ഹെബ്രാ 4:15). പാപത്തിന്റെ സാർവത്രികതയെക്കുറിച്ച് വിശുദ്ധഗ്രന്ഥം എപ്പോഴും നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്: "നമുക്കു പാപമില്ലെന്നു പറഞ്ഞാൽ അത് ആത്മവഞ്ചനയാകും; അപ്പോൾ നമ്മിൽ സത്യമില്ലെന്നുവരും. എന്നാൽ നാം പാപങ്ങൾ ഏറ്റുപറയുന്നെങ്കിൽ, അവിടന്നു വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലുംനിന്ന് നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും" (1 യോഹ 1:8-9).

പരസ്യജീവിതകാലത്ത് പാപങ്ങൾ മോചിച്ചും സൗഖ്യംനല്കിയും കടന്നുപോയ യേശുക്രിസ്തു, തന്റെ സുഖപ്പെടുത്തലിന്റെയും രക്ഷയുടെയും പ്രവൃത്തി പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സഭയിൽ എന്നും തുടരുന്നതിനുവേണ്ടിയാണ് സൗഖ്യദായകകൂദാശകളായ അനുരഞ്ജനവും രോഗീലേപനവും സ്ഥാപിച്ചത്.

### പാപം തീർക്കുന്ന ഭിന്നതകൾ

പ്രധാനമായും നാലു തരത്തിലുള്ള ഭിന്നതകളാണ് പാപംമൂലം സൃഷ്ടിക്കപ്പെടുന്നത:

- ദൈവ-മനുഷ്യബന്ധത്തിലുള്ള ഭിന്നത
- മനുഷ്യനും മനുഷ്യനും (സഹോദരങ്ങൾ) തമ്മിലുള്ള ഭിന്നത
- വ്യക്തിയിൽത്തന്നെയുള്ള ഭിന്നത
- മനുഷ്യനും പ്രകൃതിയുമായുള്ള ഭിന്നത

## 1. അനുരഞ്ജനം

മാനവലോകത്തെ മുഴുവൻ മാനസാന്തരത്തിലേക്കു വിളിച്ചുകൊണ്ടാണ് ക്രിസ്തു തന്റെ ദൗത്യം ആരംഭിച്ചത്. അവിടന്ന് ഉദ്ഘോഷിച്ചു: "സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ 1:15). സർവമനുഷ്യരുടെയും മാനസാന്തരത്തിനും അനുരഞ്ജനത്തിനുമുള്ള ക്രിസ്തുവിന്റെ ഈ ആഹ്വാനം ക്രിസ്തുവിശ്വാസികളായ നമ്മുടെ ജീവിതത്തിൽ ഇന്നും പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്നു.

പാപം സൃഷ്ടിക്കുന്ന ദുരവസ്ഥയിൽനിന്ന് ദൈവത്തിങ്കലേക്കുള്ള ഒരുവന്റെ ഹൃദയപരിവർത്തനമാണ് മാനസാന്തരം. മാനസാന്തരത്തെ സൂചിപ്പിക്കുന്ന ഗ്രീക്കുപദമാണ് 'മെത്തനോയിയ (metanoia).' ബാഹ്യാചാരമായി പരിtണിക്കുന്ന ചാക്കുധരിക്കലും ചാരം പൂശലും ഉപവാസവും പരിത്യാഗവുമല്ല, മറിച്ച് ഹൃദയത്തിന്റെ പരിവർത്തനം അഥവാ ആന്തരിക അനുതാപമാണ് മാനസാന്തരം. പാപകരമായ ജീവിതാവസ്ഥകളിൽ നിന്നുള്ള അനുതാപിയുടെ ഉയിർത്തെഴുന്നേല്പാണ് ഇതിലൂടെ സാധ്യമാകുന്നത്. സങ്കീർത്തകൻ പാടുന്നതു കേൾക്കുക: "ഉരുകിയ മനസ്സാണ് ദൈവത്തിനു സ്വീകാര്യമായ ബലി; ദൈവമേ, നുറുങ്ങിയഹൃദയം അങ്ങ് നിരസിക്കുകയില്ല" (സങ്കീ 51:17).

ധൂർത്തപുത്രന്റെ ഉപമയിലൂടെ, അനുതാപത്തിന്റെ മനോഭാവം എപ്രകാരമുള്ളതായിരിക്കണമെന്ന് ക്രിസ്തു നമ്മെ പഠിപ്പിക്കുന്നുണ്ട്. ധൂർത്തപുത്രന്റെ വാക്കുകൾ നോക്കുക: "ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുക്കലേക്കു പോകും" (ലൂക്കാ 15:18). തന്റെ ഗുരുവിനെ മൂന്നു പ്രാവശ്യം നിഷേധിച്ചുപറഞ്ഞ പത്രോസിനുണ്ടായ മാനസാന്തരവും ശ്രദ്ധേയമാണ്. യേശുവിന്റെഅനന്തമായ കാരുണ്യത്തിന്റെ കടാക്ഷം പത്രോസിൽ നിന്ന് അനുതാപത്തിന്റെ കണ്ണീരെഴുകാൻ ഇടയാക്കി. ഗുരുനിഷേധത്തിലൂടെ തകർക്കപ്പെട്ട ബന്ധം പുനഃസ്ഥാപിക്കുന്നതിനായി കർത്താവിന്റെ ഉത്ഥാനശേഷം അവിടത്തോടുള്ള സ്നേഹത്തിന്റെ മൂന്നു ദൃഢപ്രഖ്യാപനങ്ങൾ പത്രോസ് നടത്തുന്നുണ്ട്.

പാപം സൃഷ്ടിക്കുന്ന ഇത്തരം ഭിന്നതകൾ ഇല്ലാതാക്കി ബന്ധങ്ങൾ പുനഃസ്ഥാപിച്ചെങ്കിൽ മാത്രമേ സമൂഹത്തിലും കുടുംബത്തിലും വ്യക്തിജീവിതത്തിലുമെല്ലാം സന്തോഷവും സമാധാനവും നിലനില്ക്കുകയുള്ളൂ. പവിത്രമായിക്കരുതേണ്ട ബന്ധങ്ങളിൽ ഭിന്നിപ്പും വിടവും സൃഷ്ടിക്കുന്നവർ തങ്ങളുടെ ചെയ്തികൾക്ക് പരിഹാരം ചെയ്യേണ്ടത്, അകന്നുപോയ ബന്ധങ്ങളുടെ കണ്ണികൾ അനുരഞ്ജനത്താൽ വിളക്കിച്ചേർത്തുകൊണ്ടാകണം.

[redacted]

### മാനസാന്തരം

- പൂർണഹൃദയത്തോടെ ദൈവത്തിങ്കലേക്കുള്ള മടങ്ങിവരവാണ്.
- പാപത്തിൽ നിന്നുള്ള പിന്തിരിയലാണ്.
- നാം ചെയ്തിട്ടുള്ള തിന്മപ്രവൃത്തികളോടുള്ള വെറുപ്പും തിന്മയിൽ നിന്നുള്ള അകല്ച്ചയുമാണ്.
- അറ്റുപോയ ബന്ധങ്ങളുടെ പുനഃസ്ഥാപനമാണ്.

### പാപമോചനാധികാരം

[redacted]

രോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നവോ, അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20:21-23). അപ്പസ്തോലന്മാരിലൂടെ ലഭിച്ച പാപമോചനാധികാരം അനുരഞ്ജനകൂദാശവഴി സഭ ഇന്നും തുടർന്നുപോരുന്നു. കുമ്പസാരക്കൂട്ടിലിരിക്കുന്ന വൈദികൻ ഈ അധികാരമുപയോഗിച്ചാണ് പാപമോചനം നല്കുന്നത്.

## അനുതാപിയുടെ പ്രവൃത്തികൾ

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തു (യോഹ 1:29) അനുരഞ്ജന കൂദാശയായ കുമ്പസാരം സ്ഥാപിച്ചത് എല്ലാ സഭാമക്കൾക്കും വേണ്ടിയാണ്. ജ്ഞാനസ്നാനത്തിനു ശേഷം പാപത്തിൽ വീഴുകയും ദൈവവരപ്രസാദം (ദൈവിക ജീവൻ) നഷ്ടപ്പെടുത്തുകയും സഹോദരങ്ങളോടുള്ള ബന്ധത്തിൽ തകർച്ചവരുത്തുകയും ചെയ്തവരെ വീണ്ടെടുക്കുന്നതിനുവേണ്ടിയാണ് ഈ കൂദാശ സ്ഥാപിക്കപ്പെട്ടത്. അനുരഞ്ജന കൂദാശ ഫലപ്രദമായി നടത്തുന്നതിന് ചുവടേ ചേർത്തിരിക്കുന്ന കാര്യങ്ങൾ അത്യന്താപേക്ഷിതമാണ്:

## മനസ്താപം



അനുതാപിയുടെ പ്രവൃത്തികളിൽ ഒന്നാംസ്ഥാനം മനസ്താപത്തിനായിരിക്കണം. വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ അഭിപ്രായത്തിൽ, ദൈവത്തിന്റെ കരുണയാണ് ഓരോരുത്തരെയും അനുതാപത്തിലേക്കു നയിക്കുന്നത് (റോമാ 2:4): മനസ്താപം എന്നാൽ കുറ്റബോധമല്ല. ആത്മാവിന്റെ ദുഃഖവും ചെയ്ത പാപങ്ങളോടും പാപസാഹചര്യങ്ങളോടുമുള്ള വെറുപ്പും വീണ്ടും പാപം ചെയ്യുകയില്ലെന്നും പാപസാഹചര്യങ്ങൾ ഉപേക്ഷിക്കുമെന്നുമുള്ള പ്രതിജ്ഞയുമാണ് മനസ്താപം.

പാപബോധവും പശ്ചാത്താപവും ഉണ്ടായപ്പോഴാണല്ലോ ധൂർത്താപുത്രൻ തന്റെ കുത്തഴിഞ്ഞ ജീവിതംവഴി എത്തിച്ചേർന്ന ദുരവസ്ഥയിൽനിന്ന് പിതാവിന്റെ പക്കലേക്കു മടങ്ങിപ്പോകാൻ തീരുമാനിച്ചത്. ധൂർത്തപുത്രന്റെ ഈ അനുതാപത്തിനു പ്രേരണയായത് അവന്റെ തിരിച്ചുവരവും കാത്തിരിക്കുന്ന പിതാവിന്റെ സ്നേഹമാണ്. നിത്യശിക്ഷയെപ്പറ്റിയുള്ള ഭയത്തിൽനിന്നുണ്ടാകുന്ന അപൂർണ മനസ്താപത്തെക്കാൾ നമുക്കുണ്ടായിരിക്കേണ്ടത് ദൈവത്തോടുള്ള സ്നേഹത്തിൽ നിന്നുരുത്തിരിയുന്ന പൂർണമനസ്താപമാണ്.

പൂർണമനസ്താപത്തോടെയാണ് അനുതാപി അനുരഞ്ജനകൂദാശയ്ക്ക് അണയുന്നതെങ്കിൽ, ചെയ്തുപോയപാപങ്ങളെല്ലാം ക്രമമായി ഓർത്തിരിക്കും. ക്രമം എന്നതുകൊണ്ടുദ്ദേശിക്കുന്നത്, ഒരാൾ ദൈവപ്രമാണങ്ങളും തിരുസഭയുടെ കല്പനകളും ലംഘിച്ചിട്ടുണ്ടോയെന്നും ജീവിതാന്തസ്സിന്റെ കടമകൾ നിറവേറ്റിയിട്ടുണ്ടോ എന്നുമുള്ള പരിശോധനയാണ്. ഉപേക്ഷയാലുള്ള പാപങ്ങളും മൂലപാപങ്ങളും സന്മാർഗവികല്പങ്ങളും ഇവിടെ ആത്മശോധനയ്ക്ക് വിഷയമാകുന്നു.

ദൈവത്തിന്റെ സ്നേഹത്തിന്റെയും കരുണയുടെയും രക്ഷാകരവെളിച്ചം ഹൃദയങ്ങളിൽ

കടന്നുവരാൻ നമ്മൾ അനുവദിക്കുന്നത്, മനസ്താപത്തിന്റെ താക്കോൽകൊണ്ട് ഹൃദയം അവിടത്തെ മുമ്പിൽ തുറന്നുവയ്ക്കുമ്പോൾ മാത്രമാണ്. "അനുതപിക്കുക. ഇതാ, ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നുതന്നാൽ ഞാൻ അവന്റെ അടുത്തേക്കുവരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയും ചെയ്യും. ഞാൻ വിജയം വരിച്ച് എന്റെ പിതാവിനോടൊത്ത് അവിടത്തെ സിംഹാസനത്തിൽ ഇരിക്കുന്നപോലെ, വിജയം വരിക്കുന്നവനെ എന്നോടൊത്ത് എന്റെ സിംഹാസനത്തിൽ ഞാൻ ഇരുത്തും" (വെളി 3:19 –21).

## ഏറ്റുപറച്ചിൽ



അനുരഞ്ജനകൂദാശയുടെ സത്താപരമായ ഒരു ഘടകമാണ് ഏറ്റുപറച്ചിൽ. അനുതാപികൾ നടത്തുന്ന ആത്മപരിശോധനയ്ക്കുശേഷം തങ്ങൾ ചെയ്തിട്ടുണ്ടെന്നു ബോധ്യമുള്ള ലഘുപാപങ്ങളുൾപ്പെടെ കുമ്പസാരത്തിൽ ഏറ്റുപറയണം.

പലരെയും അനുരഞ്ജനകൂദാശയിൽനിന്നു പിന്തിരിപ്പിക്കുന്നതും പാപങ്ങൾ മറച്ചുവച്ച് കുമ്പസാരിക്കാൻ പ്രേരിപ്പിക്കുന്നതും സ്വന്തം അപരാധങ്ങൾ മറ്റൊരാളോട് ഏറ്റുപറയുന്നതിലുള്ള മാനസിക ബുദ്ധിമുട്ടായിരിക്കാം. എന്നാൽ, ഒരു കൂദാശ എന്ന നിലയിൽ, ഏറ്റുപറച്ചിലിന്റെ ആവശ്യകതയും അതിലൂടെ ലഭിക്കുന്ന രക്ഷാകരാനുഭവവും സമാധാനവും ആത്മസന്തോഷവും കണക്കിലെടുക്കുമ്പോൾ ഈ വിഷമം അത്ര ഗൗരവമുള്ളതല്ല.

സഭയുടെ കല്പനയനുസരിച്ച് "തിരിച്ചറിവിന്റെ പ്രായത്തിലെത്തിയ ഓരോ വിശ്വാസിയും വർഷത്തിലൊരിക്കലെങ്കിലും വിശ്വസ്തതാപൂർവം മാരകപാപങ്ങൾ ഏറ്റുപറഞ്ഞു കുമ്പസാരിക്കാൻ കടപ്പെട്ടിരിക്കുന്നു (CCC-1457).

### ഏറ്റുപറച്ചിലിന്റെ മാതൃക

ഏറ്റുപറച്ചിലിന്റെ ഏതാനും മാതൃകകൾ വിശുദ്ധ ഗ്രന്ഥം നമുക്കു പരിചയപ്പെടുത്തിത്തരുന്നുണ്ട്. പിതാവിന്റെയടുക്കൽ അപരാധങ്ങൾ ഏറ്റുപറയുന്ന ധൂർത്തപുത്രനും (ലൂക്കാ 15:21) ചുങ്കക്കാരനായ സക്കേവൂസും (ലൂക്കാ 19:8) പ്രാർത്ഥിക്കാൻ ദൈവാലത്തിലേക്കു പോയ ചുങ്കക്കാരനും (ലൂക്കാ 18:13) യേശുവിന്റെ വിളി സ്വീകരിച്ചമാത്രയിൽ പാപങ്ങൾ ഏറ്റുപറഞ്ഞ പത്രോസും (ലൂക്കാ 5:8) ഏറ്റുപറച്ചിലിന്റെ മകുടോദാഹരണങ്ങളാണ്. ഏറ്റുപറച്ചിലിനെക്കുറിച്ച് വിശുദ്ധ യാക്കോബ് ഉദ്ബോധിപ്പിക്കുന്നത് ഏറെ ശ്രദ്ധേയമാണ്: "നിങ്ങൾ സൗഖ്യം പ്രാപിക്കാനായി പരസ്പരം പാപങ്ങൾ ഏറ്റുപറയുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ" (യാക്കോ 5:16).

### എന്തു കൊണ്ട് പാപങ്ങൾ വൈദികനോട് ഏറ്റുപറയണം?

വിശുദ്ധഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നപോലെ, പാപം മോചിപ്പിക്കാനുള്ള അധികാരം യേശു തന്റെ അപ്പസ്തോലന്മാർക്ക് നല്കുകയുണ്ടായി. അവിടന്ന് അരുൾചെയ്തു: "പിതാവ് എന്നെ അയച്ചപോലെ, ഞാനും നിങ്ങളെ അയയ്ക്കുന്നു... നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ, അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കു

ന്നുവോ, അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20:21-23). യേശു അപ്പസ്തോലൻമാർക്കു നല്കിയ പാപമോചനാധികാരത്തിൽ തിരുപ്പട്ട കൂദാശവഴി സഭയിലെ മെത്രാന്മാരും വൈദികരും പങ്കുചേരുന്നു.

വൈദികരോട് പാപങ്ങൾ ഏറ്റുപറയുന്നതിനെക്കുറിച്ച് വിശുദ്ധ പൗലോസ് പറയുന്നത് ശ്രദ്ധിക്കുവിൻ: "ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളാണ്. ഞങ്ങൾവഴി ദൈവം നിങ്ങളോട് അഭ്യർത്ഥിക്കുന്നു: നിങ്ങൾ ദൈവത്തോട് രമ്യതപ്പെടുവിൻ" (2 കൊറി 5:18-20). പാപങ്ങൾ വൈദികനോട് ഏറ്റുപറയുന്ന രീതി അപ്പസ്തോലികകാലഘട്ടത്തിൽത്തന്നെ നിലനിന്നിരുന്നതായി അപ്പസ്തോലപ്രവർത്തനങ്ങളിൽ വിവരിക്കുന്നു: "വിശ്വാസംസ്വീകരിച്ച പലരുംവന്ന്, തങ്ങളുടെ ദുർനടപടികൾ ഏറ്റുപറഞ്ഞ് കുറ്റം സമ്മതിച്ചു" (അപ്പ 19:18).

എന്നാൽ, വൈദികർക്ക് പാപമോചനാധികാരമില്ലെന്നും തന്നെപ്പോലെതന്നെ പാപിയും ബലഹീനനുമായ വൈദികന്റെ അടുക്കൽ പാപങ്ങൾ ഏറ്റുപറയുന്നതിനുപകരം ദൈവത്തോട് നേരിട്ട് ഏറ്റുപറഞ്ഞാൽ മതിയെന്നും വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന സഭാവിരുദ്ധഗ്രൂപ്പുകളുണ്ട്. പക്ഷേഅതു ശരിയല്ല. ഇത്തരത്തിലുള്ള തെറ്റായ പ്രബോധനങ്ങൾ സഭാപാരമ്പര്യം മാത്രമല്ല, വിശുദ്ധഗ്രന്ഥ പ്രബോധനങ്ങൾതന്നെയും നിഷേധിക്കലാണ്.

ഒരുവന്റെ പാപം ദൈവ-മനുഷ്യബന്ധങ്ങളിൽ വിള്ളൽ വീഴ്ത്തുന്നതുകൊണ്ട് ദൈവ-മനുഷ്യബന്ധങ്ങളുടെ മധ്യസ്ഥനായി ക്രിസ്തുവാൽ നിയുക്തനും സഭയുടെ പ്രതിനിധിയുമായ വൈദികൻ തന്നെയാണ് പാപസങ്കീർത്തനം ശ്രവിക്കാൻ ഏറ്റവും ഉചിതനായ വ്യക്തി. അനുരഞ്ജനകൂദാശയിൽ പാപമോചനവും അനുരഞ്ജനവും സാധ്യമാകുന്നത് വൈദികന്റെ യോഗ്യതയാലല്ല, യേശുനല്കിയ പാപമോചനാധികാരത്താലാണ്.

കുമ്പസാരം ശ്രവിച്ച ഓരോ വൈദികനും, കുമ്പസാരിച്ച വ്യക്തിയും തർജ്ജമക്കാരനോ വ്യാഖ്യാതാവോ ഉണ്ടെങ്കിൽ അയാളും, സാഹചര്യവശാൽ മറ്റൊരാളുടെ കുമ്പസാരം കേൾക്കാനിടയായാൽ ആവ്യക്തിയും അനുതാപി ഏറ്റുപറഞ്ഞ പാപങ്ങൾ പരമരഹസ്യമായി സൂക്ഷിക്കണമെന്ന് അതികഠിനമായ ശിക്ഷകളുടെകീഴിൽ സഭ ആവശ്യപ്പെടുന്നു..

ആദിമസഭാസമൂഹങ്ങളിൽ വിശ്വാസികൾ തങ്ങളുടെ തെറ്റുകൾ സഭാസമൂഹത്തോട് പരസ്യമായി ഏറ്റുപറയുന്ന പതിവുണ്ടായിരുന്നു. എന്നാൽ, ഈ പരസ്യകുമ്പസാരം സാമൂഹിക ജീവിതത്തിൽ പലതരം പ്രശ്നങ്ങൾക്കും ഇടനല്കിയിരുന്നതുകൊണ്ട് വൈദികനോട് രഹസ്യമായി പാപങ്ങൾ ഏറ്റുപറയുന്ന ഇന്നത്തെ രീതി സഭ അവലംബിച്ചു.

## പ്രായശ്ചിത്തം



ക്രിസ്തുവിന്റെ പ്രതിനിധിയായ വൈദികൻ നല്കുന്ന പാപമോചനാശീർവാദം പാപിയുടെ പാപം നീക്കം ചെയ്യുന്നു. എന്നാൽ ചെയ്ത പാപം ഉണ്ടാക്കിയിട്ടുള്ള എല്ലാക്രമരാഹിത്യങ്ങളും അതു പരിഹരിക്കുന്നില്ല. പാപത്തിൽ നിന്ന് മോചിപ്പിക്കപ്പെട്ടെങ്കിലും പാപി തന്റെ ആദ്ധ്യാത്മികാരോഗ്യം പൂർണമായി വീണ്ടെടുത്തിട്ടില്ല. തന്റെ പാപാവസ്ഥയിൽനിന്നുമാറി രമ്യതയുടെ പുതിയ ജീവിതം നയി

ക്കാൻ കുമ്പസാരിച്ച വ്യക്തി തീരുമാനിക്കുമ്പോൾ, തകർന്ന ബന്ധങ്ങൾ പുനഃസ്ഥാപിക്കുന്നതിനുവേണ്ടി വൈദികൻ നിർദ്ദേശിക്കുന്ന അനുഷ്ഠാനങ്ങളാണ് പ്രായശ്ചിത്തപ്രവൃത്തികൾ.

“യേശുവിനോടുകൂടെ വസിക്കാനുള്ള” (റോമാ 8:17) അവസരമാണ് പ്രായശ്ചിത്തം ചെയ്യുന്നതിലൂടെ അനുതാപിക്കു ലഭിക്കുന്നത്.

അനുതാപിയുടെ വൈയക്തികസാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടും ആദ്ധ്യാത്മികനന്മ ലക്ഷ്യംവച്ചുകൊണ്ടുമാണ് വൈദികൻ പ്രായശ്ചിത്തം കല്പിച്ചു നല്കുന്നത്. ഉദാഹരണത്തിന്:

- അപഹരിച്ച വസ്തുക്കൾ തിരിച്ചുകൊടുക്കുക.
- അപകീർത്തി പറഞ്ഞ് നശിപ്പിച്ച സത്പേര് പുനഃസ്ഥാപിച്ചു കൊടുക്കുക.
- ചെയ്ത ദ്രോഹങ്ങൾക്ക് നഷ്ടപരിഹാരം നല്കുക.
- അയല്ക്കാരനുമായി രമ്യതപ്പെടാനുള്ള പരിശ്രമം നടത്തുക.
- കൂദാശകളുടെ നിരന്തരസ്വീകരണം.
- അയല്ക്കാരന്റെ രക്ഷയിലുള്ളതാൽപര്യം.
- ഉപവിയുടെ പരിശീലനം.
- വിശുദ്ധരുടെ മാധ്യസ്ഥ്യം തേടുക.
- നീതിയുടെയും ന്യായത്തിന്റെയും പരിശീലനം.
- സഹോദരങ്ങളോടു ചെയ്ത തെറ്റുകളുടെ ഏറ്റുപറച്ചിലും അനുരഞ്ജനവും.
- വിശുദ്ധഗ്രന്ഥപാരായണം, നിരന്തരപ്രാർത്ഥന, സുകൃതജപങ്ങൾ തുടങ്ങിയവയുടെ അനുഷ്ഠാനം.

## അനുരഞ്ജനവും കൗൺസലിങ്ങും

കൗൺസലിങ് ഇന്ന് സർവസാധാരണമായതോടെ കുമ്പസാരത്തിനുപകരം കൗൺസലിങ് മതി എന്ന തെറ്റായചിന്ത വളർന്നിട്ടുണ്ട്. കുമ്പസാരമെന്നകൂദാശയെ ഒരിക്കലും കൗൺസലിങ്ങുമായി താരതമ്യപ്പെടുത്താനോ തുല്യതപ്പെടുത്താനോ സാധ്യമല്ല. മനുഷ്യാത്മാവിന് പാപമോചനവും സൗഖ്യവും കൗദാശികവരപ്രസാദവും നല്കുന്ന കുമ്പസാരം ഏറെ ആന്തരികമാണ്. യഥാർത്ഥത്തിലുള്ള അനുരഞ്ജനവും കൃപയുടെ നിറവും അനുഭവപ്പെടുന്ന നിമിഷങ്ങളാണ് കുമ്പസാരകൂദാശയുടെ നിമിഷങ്ങൾ. സ്നേഹസ്വരൂപനായ പിതാവിന്റെ മുമ്പിൽ ഒന്നും ഒളിച്ചുവയ്ക്കാതെ ബലഹീനതകളും കുറവുകളും പാപാവസ്ഥയും തുറന്നുവയ്ക്കുമ്പോൾ അവിടന്നു നമ്മെനോക്കി ഇപ്രകാരം ഉരുവിടും: “ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത്” (യോഹ 8:11) കൗൺസലിങ്ങിൽ ഒരിക്കലും പാപമോചനമോ കൃപയുടെ നിറവോ സംഭവിക്കുന്നില്ല.

### നമുക്ക് മറക്കാതിരിക്കാം

- വീണ്ടും വീണ്ടും പാപം ചെയ്യാനുള്ള ലൈസൻസല്ല കുമ്പസാരം.
- ശരിയായ ഒരുക്കവും അനുതാപവുമില്ലാതെ അനുരഞ്ജനകൂദാശയ്ക്ക് അണയരുത്.
- കുമ്പസാരിക്കാൻ ആവശ്യമായ സൗകര്യവും സാവകാശവും കണ്ടെത്തണം.
- കുമ്പസാരവേളയിൽ ജീവിതാവസ്ഥ മുഴുവനും വൈദികന്റെ മുമ്പിൽ വെളിപ്പെടുത്തണം.
- അനുരഞ്ജനകൂദാശയുടെ മർമ്മപ്രധാനമായ ഭാഗങ്ങളാണ് അനുതാപവും ഏറ്റുപറച്ചിലും.
- തിരിച്ചറിവിന്റെ പ്രായമെത്തിയ ഓരോ വിശ്വാസിയും വർഷത്തിലൊരിക്കലെങ്കിലും മാരകപാപങ്ങൾ ഏറ്റുപറഞ്ഞ് കുമ്പസാരിക്കണം.
- മാരകപാപം ചെയ്തിട്ടുള്ള ഓരോ വ്യക്തിയും ആദ്യമായി കൗദാശികമായ പാപപ്പൊറുതി നേടാതെ, അഗാധമായ മനസ്താപം തോന്നിയാൽപ്പോലും, ദിവ്യകാരുണ്യം സ്വീകരിക്കരുത്.

### പ്രവർത്തനം 2

കുമ്പസാരം എന്നത് കത്തോലിക്കാസഭയിൽ മാത്രമുള്ള ഒരു അനുരഞ്ജന അനുഭവമാണല്ലോ. അനുരഞ്ജനകൂദാശയുടെ പ്രത്യേകതകളും ഫലങ്ങളും വ്യക്തമാക്കിക്കൊടുക്കുന്ന ഒരു കത്ത് നിങ്ങളുടെ അക്രൈസ്തവനായ t സുഹൃത്തിന് എഴുതുക.

പാപത്തിൽ വീണതുമൂലം പന്നിക്കൂട്ടിലെത്താൻ ഇടവന്ന ധൂർത്തുപുത്രനുമായുള്ള ഒരു സാങ്കല്പികഅഭിമുഖം തയ്യാറാക്കുക.

## 2. രോഗീലേപനം

രോഗികളെ സൗഖ്യപ്പെടുത്തി അവർക്ക് ശാരീരികവും ആത്മീയവുമായ ശക്തിപകരുന്ന ക്രിസ്തുവിന്റെ ചിത്രം സുവിശേഷത്തിലുടനീളം കാണാവുന്നതാണ്. യേശു പ്രവർത്തിച്ച അദ്ഭുതങ്ങളിൽ ഏറിയപങ്കും രോഗശാന്തിയുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഓരോ രോഗിയെയും വ്യക്തിപരമായി മനസ്സിലാക്കുകയും പരിചരിക്കുകയും ചെയ്യുന്ന ദിവ്യവൈദ്യനാണ് ക്രിസ്തു. ബധിരനായ മനുഷ്യനെ സുഖപ്പെടുത്തുന്ന വേളയിൽ അവിടന്നു ചെയ്യുന്നത് ശ്രദ്ധിക്കുക:

"യേശു അവനെ ജനക്കൂട്ടത്തിൽ നിന്നു മാറ്റിനിറുത്തി, അവന്റെ ചെവികളിൽ വിരലുകളിട്ടു; തുപ്പലുകൊണ്ട് അവന്റെ നാവിൽ സ്പർശിച്ചു. സ്വർഗത്തിലേക്കു നോക്കി നെടുവീർപ്പിട്ടുകൊണ്ട് അവനോടു പറഞ്ഞു: എഫ്ഫാത്ത – തുറക്കപ്പെടട്ടെയെന്നർത്ഥം. ഉടനേ അവന്റെ ചെവികൾ തുറന്നു (മർക്കോ 7:33–34).

പാപികളും ബലഹീനരും രോഗികളുമായ എല്ലാവർക്കും ആവശ്യമുള്ള ഭിഷഗ്വരനാണ് യേശു. അവിടന്ന് നമ്മെ ഉദ്ബോധിപ്പിക്കുന്നു: "ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ്, വൈദ്യനെക്കൊണ്ട് ആവശ്യം" (മത്താ 9:12).

## രോഗങ്ങൾ പാപത്തിനുള്ള ശിക്ഷയല്ല

പാപത്തിനു ലഭിക്കുന്ന ശിക്ഷയായാണ് യഹൂദർ രോഗങ്ങളെ കണ്ടിരുന്നത്. പഴയനിയമകാലത്ത് ഇത്തരം ചിന്ത വളരെയധികം പ്രബലപ്പെട്ടിരുന്നു. അതുകൊണ്ടാകണം, ജോബിനുണ്ടായ നഷ്ടങ്ങളും രോഗങ്ങളും സ്നേഹിതന്മാർ പാപത്തിന്റെ ശിക്ഷയായി വ്യാഖ്യാനിക്കുന്നത്: "നിന്റെ മക്കൾ അവിടത്തേക്കെതിരായി പാപം ചെയ്തിരിക്കാം. തക്കശിക്ഷ അവർക്കു ലഭിച്ചു" (ജോബ് 8:3). സങ്കീർത്തനങ്ങളിൽ പലയിടത്തും ഈ ചിന്ത ദർശിക്കാവുന്നതാണ്: "അങ്ങയുടെ രോഷംമൂലം എന്റെ ശരീരത്തിനു സ്വസ്ഥതയില്ല. എന്റെ പാപം നിമിത്തം അസ്ഥികളിൽ ആരോഗ്യവുമില്ല" (സങ്കീ 38:3).

രോഗത്തെയും സഹനത്തെയും ശാപമായും പാപത്തിനുള്ള ശിക്ഷയായും കരുതുന്ന യഹൂദചിന്താഗതി യേശു തിരുത്തി. ഒരിക്കൽ യേശു കടന്നുപോകുമ്പോൾ, ജന്മനാ അന്ധനായ ഒരുവനെ കണ്ടു. ശിഷ്യന്മാർ യേശുവിനോടു ചോദിച്ചു: "റബ്ബീ, ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്, ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ?" യേശു മറുപടി പറഞ്ഞു: "ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ പാപം നിമിത്തമല്ല പ്രത്യുത, ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്" (യോഹ 9:1-3).

## രോഗശാന്തിക്ക്: ദൈവത്തിന്റെ കാരുണ്യവും മനുഷ്യരുടെ വിശ്വാസവും

രോഗസൗഖ്യം യേശുവിന്റെ കരുണയുടെയും കരുതലിന്റെയും അടയാളമാണ്. രോഗം സുഖപ്പെടുത്താൻ മാത്രമല്ല, പാപങ്ങൾ മോചിക്കാനുള്ള അധികാരവും യേശുവിനുണ്ടായിരുന്നു. മനുഷ്യനെ പൂർണമായും - ആന്തരികമായും ശാരീരികമായും - സുഖപ്പെടുത്തുകയായിരുന്നു അവിടത്തെ ലക്ഷ്യം. യേശുവിന് രോഗികളോടു തോന്നിയ കരുണയുടെ അനന്തരഫലമാണ് രോഗസൗഖ്യങ്ങളെല്ലാം.

ഒരിക്കൽ ഒരു കുഷ്ഠരോഗി യേശുവിനോട് അപേക്ഷിച്ചു: "അങ്ങേക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും". യേശുവിനു കരുണതോന്നി കൈനീട്ടി സ്പർശിച്ചുകൊണ്ടു പറഞ്ഞു: "എനിക്കു മനസ്സുണ്ട്; നിനക്കു ശുദ്ധിയുണ്ടാകട്ടെ" (മർക്കോ 1:40-42). അന്ധനായ ബർത്തിമേയൂസിനെ സുഖപ്പെടുത്തിയതും (മർക്കോ 10:46-52) നായിമിലെ വിധവയുടെ മകനെ പുനർജ്ജീവിപ്പിച്ചതുമെല്ലാം (ലൂക്കാ 7:11-17) യേശുവിന് രോഗികളോടുള്ള കാരുണ്യമാണ് പ്രകടമാക്കുന്നത്.

വേറെ ചില അവസരങ്ങളിൽ രോഗികൾ യേശുവിലർപ്പിച്ച വിശ്വാസമാണ് രോഗശാന്തിക്കു നിദാനമായത്. കാനാൻകാരിയുടെ വിശ്വാസവും (മത്താ 15:21-28)രക്തസ്രാവക്കാരിയുടെ വിശ്വാസവും (മർക്കോ 5:25-34) ഇതിനുദാഹരണങ്ങളാണ്. രോഗികളുടെ കൂടെയുള്ളവരുടെ വിശ്വാസവും രോഗശാന്തിക്കു വഴിയൊരുക്കിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. തളർവാതരോഗിയെ എടുത്തുകൊണ്ടുവന്നവരുടെ വിശ്വാസവും (ലൂക്കാ 5:17-26) ഭൃത്യന്റെ സൗഖ്യത്തിനായി അപേക്ഷിക്കുന്ന ശതാധിപന്റെ വിശ്വാസവും (ലൂക്കാ 7:1-10) ഈ വസ്തുത നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്.

മിശിഹാ എന്നനിലയിൽ യേശുനല്കിയ രോഗശാന്തികളെല്ലാം ദൈവരാജ്യത്തിന്റെ അടയാളങ്ങൾ കൂടിയായിരുന്നു. യേശുവിൽ വിശ്വാസമർപ്പിച്ചവരെല്ലാം അവിടത്തെ ദൈവരാജ്യത്തിൽത്തന്നെയാണ് വിശ്വാസമർപ്പിച്ചത്.

## രോഗശാന്തി സഭയിൽ

യേശു തുടങ്ങിവച്ച രോഗശാന്തിശുശ്രൂഷ സഭയിലൂടെ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ്" (യോഹ 10:10) എന്ന് ഉദ്ഘോഷിച്ച യേശുവിന്റെ ജീവദായകദൗത്യത്തിന്റെ തുടർച്ചയാണ് രോഗീപരിപാലനവും രോഗശാന്തിയും.

കൂടെയായിരിക്കുമ്പോൾത്തന്നെ അപ്പസ്തോലന്മാരെ യേശു തന്റെ സൗഖ്യദായക ശുശ്രൂഷയിൽ പങ്കുകാരാക്കുന്നതായി വിശുദ്ധഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉത്ഥിതനായ കർത്താവ് ഈ ദൗത്യം വീണ്ടും നവീകരിക്കുകയുണ്ടായി: "അവർ എന്റെ നാമത്തിൽ... രോഗികളുടെമേൽ കൈകൾവയ്ക്കും; അവർ സുഖം പ്രാപിക്കുകയും ചെയ്യും" (മർക്കോ 16:17–18). ശിഷ്യന്മാർ പുറപ്പെട്ട്, ജനങ്ങളോട് അനുതപിക്കണമെന്നു പ്രസംഗിച്ചു. അനേകം പിശാചുക്കളെ പുറത്താക്കി; അനേകം രോഗികളെ തൈലം പൂശി സുഖപ്പെടുത്തി (മർക്കോ 6:12–13).

ആദിമസഭയിൽ പരിശുദ്ധാത്മാവ് രോഗശാന്തിയുടെ വരം സമൃദ്ധമായി വർഷിച്ചിരുന്നു എന്നതിന് ഒത്തിരി തെളിവുകളുണ്ട്. അപ്പസ്തോല പ്രമുഖനായ പത്രോസ് യേശുക്രിസ്തുവിന്റെ നാമത്തിൽ, ജന്മനാ മുടന്തനായ ഒരുവനെ സുഖപ്പെടുത്തുന്നതും (അപ്പ 13:18) പത്രോസ് കടന്നുപോകുമ്പോൾ അദ്ദേഹത്തിന്റെ നിഴലെങ്കിലും രോഗികളുടെ മേൽ പതിക്കുന്നതിനു വേണ്ടി തെരുവീഥികളിൽ കിടത്തിയതുമെല്ലാം സഭയിലൂടെ തുടരുന്ന സൗഖ്യദാനത്തിന് ഉദാഹരണങ്ങളാണ്.



അപ്പസ്തോലികകാലഘട്ടത്തിൽത്തന്നെt രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഒരു അനുഷ്ഠാനക്രമം നിലനിന്നിരുന്നതായി വിശുദ്ധ യോക്കോബ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. "നിങ്ങളിലാരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകംചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും" (യാക്കോ 5:14–15).

സൗഖ്യദായകനായ ക്രിസ്തുവിൽ നിന്ന് നിർഗളിക്കുന്നതും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ തുടർന്നുപോരുന്നതുമായ രോഗീലേപനകൂദാശ സഭയിലൂടെ ക്രിസ്തു ഇന്നും തുടരുന്നു. കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചുകൊണ്ട് രക്ഷാകരങ്ങളായ അടയാളങ്ങളിലൂടെ രോഗീലേപനകൂദാശ സഭയിൽ പരികർമ്മംചെയ്യപ്പെടുന്നു.

രോഗികൾക്ക് ആശ്വാസവും സൗഖ്യവും നല്കുന്ന കൂദാശയായതിനാലാണ് ഈ കൂദാശയ്ക്ക് രോഗീലേപനം എന്നു പേരുവരാൻ കാരണമായത്. അനുരഞ്ജനകൂദാശയോടുകൂടെയോ അല്ലാതെയോ ഈ കൂദാശ സ്വീകരിക്കാം.

രോഗാവസ്ഥയിലായതുകൊണ്ട് മരണാസന്നർക്കും രോഗീലേപനം നല്കിപ്പോന്നു. ഇക്കാരണത്താൽ, അന്ത്യകൂദാശയെന്ന് രോഗീലേപനകൂദാശയെ വിളിച്ചുപോന്നു. മാത്രമല്ല, മരിക്കുന്നവർക്കുവേണ്ടി മാത്രമുള്ള കൂദാശയാണ് രോഗീലേപനം എന്ന തെറ്റിദ്ധാരണയും ശക്തിപ്പെട്ടുപോന്നു. രോഗീലേപനകൂദാശയിൽനിന്ന് കഴിയുന്നത്ര അകലംപാലിക്കാൻ ദൈവജനത്തെ പ്രേരിപ്പിച്ചതും ഈ തെറ്റിദ്ധാരണതന്നെയാണ്.

### തിരുപ്പാഥേയം

ഭൗമികജീവിതത്തിനുശേഷം നിത്യജീവനിലേക്കു കടക്കാനൊരുങ്ങുന്നവർ സ്വീകരിക്കുന്ന വിശുദ്ധ കുർബാനയാണ് തിരുപ്പാഥേയം. ഇത് നിത്യജീവന്റെ വിത്തും ഉത്ഥാനത്തിന്റെ ശക്തിയുമാണ് (CCC-320).

### കൂദാശയുടെ ആഘോഷം

**രണ്ട് പ്രധാന കർമ്മങ്ങൾ ഉൾപ്പെടുന്നതാണ് രോഗീലേപന ശുശ്രൂഷ**

1. **രോഗികൾക്കുവേണ്ടി ശ്രേഷ്ഠന്മാർ നടത്തുന്ന സഭയുടെ ഔദ്യോഗിക പ്രാർത്ഥന**
2. **തൈലാഭിഷേകം**

- തൈലം ചതവുകൾക്കും മുറിവുകൾക്കും ശമനമരുളുന്നു. പെസഹാവ്യാഴാഴ്ചയിലെ തൈലപരികർമ്മപൂജാവേള (Chrism Mass) യിൽ ആശീർവദിക്കപ്പെടുന്ന തൈലമാണ് രോഗീലേപനത്തിനായി ഉപയോഗിക്കുന്നത്.
- രോഗീലേപനകൂദാശയ്ക്ക് ഉപയോഗിക്കുന്ന തൈലം സമൃദ്ധിയെയും സന്തോഷത്തെയും സൂചിപ്പിക്കുന്നു.
- വൈദികർ (മെത്രാന്മാരും) മാത്രമാണ് രോഗീലേപനത്തിന്റെ കാർമ്മികർ.
- രോഗീലേപനാഘോഷത്തിന്റെ കാതലായ ഭാഗം രോഗിയുടെ നെറ്റിയിലും കൈകളിലും തൈലം പൂശുന്നതും കൃപാവരം അഭ്യർത്ഥിച്ചുകൊണ്ട് വൈദികൻ പ്രാർത്ഥന ഉരുവിടുന്നതുമാണ്.
- സാധാരണ ഗതിയിലുള്ള രോഗശാന്തി മറ്റുപ്രാർത്ഥനകൾ വഴിയും നമുക്കു ലഭിക്കുന്നതാണ്. എന്നാൽ അസാധാരണമായ രോഗശാന്തിയും പാപമോചനവുമാണ് രോഗീലേപനം പ്രദാനംചെയ്യുന്നത്.

### രോഗീലേപന കൂദാശയുടെ ഫലങ്ങൾ

- ആധ്യാത്മിക രോഗശാന്തിയും പാപമോചനവും ശാരീരിക സൗഖ്യവും പ്രദാനം ചെയ്യുന്നു.
- രോഗിക്ക് അനുതാപകൂദാശയിലൂടെ പാപമോചനം നേടാൻ സാധിച്ചിട്ടില്ലെങ്കിൽ രോഗീലേപനകൂദാശയിലൂടെ പാപമോചനവും സാധ്യമാണ്.
- രോഗീലേപനം സ്വീകരിക്കുന്നയാൾ ക്രിസ്തുവിന്റെ പീഡാസഹനത്തോടും മരണത്തോടുതന്നെയും സ്വതന്ത്രമനസ്സോടെ ചേർത്തുകൊണ്ട് ദൈവജനത്തിന്റെ നന്മയ്ക്കു സഹായിക്കുന്നു.
- ജ്ഞാനസ്നാനവേളയിൽ ക്രിസ്തുവിന്റെ മരണത്തോടും തിരുവുത്ഥാനത്തോടും നമ്മൾ തുടങ്ങിയ അനുരൂപപ്പെടൽ രോഗീലേപനത്തിൽ പൂർത്തീകരിക്കപ്പെടുന്നു.

### നമുക്ക് മറക്കാതിരിക്കാം

- മരണാസന്നർക്കുവേണ്ടി മാത്രമുള്ള കൂദാശയല്ല രോഗീലേപനം. രോഗാവസ്ഥയിലായിരിക്കുന്ന വിശ്വാസികളേവർക്കും ഇതു സ്വീകരിക്കാവുന്നതാണ്.
- രോഗീലേപനം സ്വീകരിച്ച ഒരു വ്യക്തി ആരോഗ്യം വീണ്ടെടുക്കുകയും പിന്നീട് ഗുരുതരമായ രോഗാവസ്ഥയിൽ എത്തിച്ചേരുകയും ചെയ്താൽ, ഈ കൂദാശ വീണ്ടും സ്വീകരിക്കാവുന്നുതാണ്.
- രോഗീലേപനകൂദാശ വൈദ്യസഹായത്തിനു പകരമുള്ളതല്ല. ശരീരത്തിനാവശ്യമായ മരുന്നുകൾ ഉപയോഗിക്കുന്നത് ദൈവഹിതത്തിനെതിരല്ല.

### ഉത്തരം കണ്ടെത്താം

1. അനുതാപിയുടെ പ്രവൃത്തികൾ ഏവ?
2. പാപങ്ങൾ വൈദികനോട് ഏറ്റുപറയേണ്ടതിന്റെ ആവശ്യകതയെന്ത്?
3. കൗൺസലിങ് അനുരഞ്ജന കൂദാശയ്ക്കു പകരമാകുന്നുല്ല. സമർത്ഥിക്കുക.
4. രോഗശാന്തിക്ക് ദൈവത്തിന്റെ കാരുണ്യവും മനുഷ്യരുടെ വിശ്വാസവും ആവശ്യമാണെന്നു പറയുന്നതെന്തുകൊണ്ട്?
5. രോഗീലേപനകൂദാശയുടെ ഫലങ്ങൾ ഏവ?

### പ്രവർത്തനം 3

നിങ്ങളുടെ ഇടവകയിൽ കിടപ്പുരോഗികളുള്ള ഭവനങ്ങൾ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ സഹായത്തോടെ കണ്ടെത്തി അവർക്കായി വിവിധ പരിപാടികൾ ബഹുമാനപ്പെട്ട വികാരിയുടെ നിർദ്ദേശങ്ങളോടെ സംഘടിപ്പിക്കുക. അടുത്തുള്ള അഗതിമന്ദിരങ്ങൾ, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റുകൾ എന്നിവ സന്ദർശിച്ച് വേദനിക്കുന്ന സഹോദരങ്ങൾക്ക് അല്പമെങ്കിലും ആശ്വാസം പകരുന്ന പരിപാടികൾ അവതരിപ്പിക്കുക.

### ഗാനം



പാപങ്ങൾ മോചിച്ചും സൗഖ്യം നല്കിയും
യേശു കടന്നുപോയി
എന്നാൽ അവയിന്നും സഭയിൽത്തുടരുന്നു
സൗഖ്യദായകകൂദാശകളാൽ
പാപം സൃഷ്ടിക്കും ഭിന്നത തീർക്കാനും
ബന്ധങ്ങൾ പുനഃസ്ഥാപിക്കാനും
അനുതപിക്കാനും പരിഹാരം ചെയ്യാനും
വഴി; അനുരഞ്ജനകൂദാശമാത്രം
രോഗികൾക്കാശ്വാസസൗഖ്യങ്ങൾ കിട്ടുന്നു
രോഗീലേപനകൂദാശയാൽ
ക്രിസ്തുവിൻപീഡയും മരണവും സഹനവും
നന്മയ്ക്കായ് മാറുമീ കൂദാശയാൽ



# 9 യുവജനങ്ങളും കൂട്ടായ്മയുടെ കൂദാശകളും

(തിരുപ്പട്ടം, വിവാഹം)

**ആമുഖ പ്രവർത്തനം**

തിരുപ്പട്ടം, വിവാഹം എന്നീ കൂദാശകളെ കൂട്ടായ്മയുടെ ശുശ്രൂഷയ്ക്കുള്ള കൂദാശകൾ എന്നുവിളിക്കുന്നു. വ്യക്തിപരം എന്നതിലപ്പുറം ദൈവജനത്തെ പടുത്തുയർത്തുന്നതിനുള്ള ശുശ്രൂഷയ്ക്കും അതുവഴി നിത്യരക്ഷയ്ക്കും ഈ കൂദാശകൾ ഉപകരിക്കുന്നു.

തിരുപ്പട്ടകൂദാശ സ്വീകരിക്കുന്നവർ ക്രിസ്തുവിന്റെനാമത്തിൽ ദൈവവചനവും കൗദാശിക വരപ്രസാദവും കൊണ്ട് ദൈവജനത്തെയും മാനവസമൂഹത്തെത്തന്നെയും ശുശ്രൂഷിക്കുന്നതിന് പ്രതിഷ്ഠിക്കപ്പെടുന്നു. വിവാഹം എന്ന കൂദാശ സ്വീകരിക്കുന്നവരാകട്ടെ, ദാമ്പത്യത്തിന്റെ കടമകൾ നിർവഹിക്കുന്നതിനും കുടുംബജീവിതത്തിന്റെ മഹത്ത്വം കാത്തുസൂക്ഷിക്കുന്നതിനും അതുവഴി സഭയെ പടുത്തുയർത്തുന്നതിനും വിളിക്കപ്പെടുന്നു.

ഈ രണ്ടു കൂദാശകൾ സമൂഹത്തിന്റെ രൂപീകരണത്തിനും ദൈവരാജ്യത്തിന്റെ നിർമ്മിതിക്കും എത്രമാത്രം ഉപകരിക്കുന്നുണ്ടെന്നു ചർച്ചചെയ്ത് റിപ്പോർട്ട് തയ്യാറാക്കുക.

സമൂഹത്തെ കൂട്ടായ്മയുടെ ശുശ്രൂഷയിലൂടെ ക്രിസ്തുവിൽ രൂപപ്പെടുത്തുന്ന തിരുപ്പട്ടം, വിവാഹം എന്നീ കൂദാശകളെക്കുറിച്ചുള്ള പഠനമാണ് ഈ പാഠത്തിലൂടെ നാം ലക്ഷ്യം വയ്ക്കുന്നത്.

## 1. തിരുപ്പട്ടം

ക്രിസ്തു നിർവഹിച്ചതും അപ്പസ്തോലന്മാരെ ഏല്പിച്ചതുമായ സുവിശേഷ പ്രഘോഷണദൗത്യം യുഗാന്തംവരെ സഭയിൽ നിർവഹിക്കപ്പെടുന്നത് തിരുപ്പട്ടകൂദാശയിലൂടെയാണ്.

### തിരുപ്പട്ടം എന്ന പദം

‘പട്ടം’ എന്നാൽ സ്ഥാനം അഥവാ പദവി എന്നാണർത്ഥം. ‘തിരുപ്പട്ടം’ എന്നാൽ വിശുദ്ധമായസ്ഥാനം, പദവി എന്നൊക്കെ അർത്ഥമുണ്ട്. സമൂഹത്തിന്റെ വെറും തിരഞ്ഞെടുപ്പ്, നിയോഗം, സ്ഥാനം നല്കൽ, സ്ഥാപിക്കൽ എന്നിവയ്ക്കുപരിയായി തിരുപ്പട്ടം എന്ന കർമ്മം സഭയിലൂടെ ക്രിസ്തുവിൽ നിന്നുമാത്രം കൈവരുന്ന വിശുദ്ധമായ അധികാരം പ്രയോഗിക്കുന്നതിനു പ്രാപ്തമാക്കുന്ന പരിശുദ്ധാത്മാവിന്റെ വരം പ്രദാനംചെയ്യുന്നു.

പുരാതനറോമിൽ ഓർദോ (ordo) എന്ന പദം വ്യവസ്ഥാപിതമായ പൗരസമിതി അഥവാ ഭരണസമിതിയെയാണ് സൂചിപ്പിച്ചിരുന്നത്. ‘പട്ടം കൊടുക്കൽ’ (Ordination) എന്നാൽ ഈ സമിതിയിൽ പങ്കുചേർക്കുക എന്നർത്ഥം. ലത്തീനിലെ Ordiness എന്നവാക്കിൽ നിന്നാണ് ഓർദോ എന്നപദത്തിന്റെ ഉദ്ഭവം.

t

തിരുപ്പട്ടം കൊടുക്കലിനെ പ്രതിഷ്ഠാകർമ്മം (Consecration)എന്നു വിളിക്കുന്നു. ക്രിസ്തുവിന്റെ സഭയിൽ നിന്നുതന്നെ ചിലരെ പ്രത്യേകം തിരഞ്ഞെടുത്ത് സഭയ്ക്കുവേണ്ടി പൗരോഹിത്യശുശ്രൂഷയ്ക്കായി വേർതിരിച്ച് വിശുദ്ധീകരണദൗത്യം ഏല്പിക്കുന്നതാണത്.

### പൗരോഹിത്യം പഴയഉടമ്പടിയിൽ

താൻ തിരഞ്ഞെടുത്ത ഇസ്രായേൽ ജനത്തെ ദൈവം പുരോഹിതരാജ്യവും വിശുദ്ധജനതയുമായി സ്ഥാപിച്ചു (പുറ 19:5-6; 1 പത്രോ 2:9). എന്നാൽ ഇസ്രയേൽക്കാരുടെ ഇടയിൽത്തന്നെ ദൈവം പന്ത്രണ്ടുഗോത്രങ്ങളിലൊന്നായ ലേവി ഗോത്രത്തെ ദൈവാരാധനയുടെ ശുശ്രൂഷയ്ക്കായി പ്രത്യേകം നിയോഗിച്ചു: “ഇസ്രയേലിലെ ആദ്യജാതന്മാർക്കുപകരം ഞാൻ ലേവ്യരെ തിരഞ്ഞെടുത്തിരിക്കുന്നു. അവർ എനിക്കുള്ളവരാണ്” (സംഖ്യ 3:12). ലേവി ഗോത്രത്തിന്റെ അവകാശത്തിന്റെ ഓഹരി ദൈവംതന്നെയായിരുന്നു.

ദൈവികകാര്യങ്ങളിൽ മനുഷ്യർക്കുവേണ്ടി പാപങ്ങളെപ്രതി കാഴ്ചകളും ബലികളും അർപ്പിക്കാൻ നിയുക്തരായവരാണ് പഴയനിയമത്തിലെ പുരോഹിതന്മാർ (ഹെബ്രാ 5:1).

### മെൽക്കിസെദെക്കും ക്രിസ്തുവും

സാലെമിലെ (ജറുസലേമിലെ) രാജാവ് എന്നാണ് മെൽക്കിസെദെക്ക് അറിയപ്പെട്ടിരുന്നത് (ഉത്പ 14:18-20); അത്യുന്നതദൈവത്തിന്റെ പുരോഹിതനുമായിരുന്നു അദ്ദേഹം. മെൽക്കിസെദെക്കിന്റെ ക്രമപ്രകാരം നീ എന്നേക്കും നിത്യപുരോഹിതനാകുന്നു എന്ന് രാജാവിന്റെ

സ്ഥാനാരോഹണദിനത്തിൽ ജനം പാടിയിരുന്നു (സങ്കീ 110:4).



മെൽക്കിസെദെക്കിന്റെ പൂർവകാലത്തെപ്പറ്റിയോ പില്ക്കാലത്തെപ്പറ്റിയോ വിശുദ്ധഗ്രന്ഥം ഒന്നും പറയുന്നില്ല. കെദോർ ലാവോമറെയും മറ്റു രാജാക്കന്മാരെയും തോല്പിച്ചു മടങ്ങിവന്ന അബ്രാഹത്തെ എതിരേല്ക്കാൻ സോദോം രാജാവിനൊപ്പം മെൽക്കിസെദെക്കും വന്നു. അദ്ദേഹം അബ്രാഹത്തെ അപ്പവും വീഞ്ഞും കാഴ്ചവച്ച് അനുഗ്രഹിച്ചു. അബ്രാഹമിനുള്ള ആശീർവാദം മെൽക്കിസെദെക്ക് അനുഷ്ഠിച്ച പുരോഹിതധർമ്മമായി കാണുന്നു.

മെൽക്കിസെദെക്ക് എന്ന പേരിന് "എന്റെ രാജാവ് നീതിയാണ്" എന്നാണർത്ഥം. നീതിയുടെയും സമാധാനത്തിന്റെയും രാജാവായ ക്രിസ്തു നിത്യപുരോഹിതനുമാണ് (ഹെബ്രാ 5:5-10; 6:20; 7:21). മെൽക്കിസെദെക്ക് ദൈവപുത്രന്റെ മാതൃകയാണ് (ഹെബ്രാ 7:1-3) അബ്രാഹമിനെക്കാളും (ഹെബ്രാ 7:4-10) അഹറോനെക്കാളും (ഹെബ്രാ 7:11-17) ഉന്നതനായവൻ.

ക്രൈസ്തവപാരമ്പര്യം അത്യുന്നതദൈവത്തിന്റെ പുരോഹിതനായ മെൽക്കിസെദെക്കിനെ ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ പ്രതിരൂപമായി (ഹെബ്രാ 7:23-28; 8:1-10:18) പരിഗണിക്കുന്നു: "എന്തെന്നാൽ മെൽക്കിസെദെക്കിന്റെ ക്രമപ്രകാരം അവൻ നിത്യം പുരോഹിതനായി ദൈവത്താൽ നിയോഗിക്കപ്പെട്ടു" (ഹെബ്രാ 5:10).

മെൽക്കിസെദെക്കിന് മാതാവോ പിതാവോ ഇല്ല എന്നു പറയുന്നതിലൂടെ, യേശുവിന്റെ നിത്യത കൂടുതൽ വെളിവാക്കപ്പെടുന്നു (ഹെബ്രാ 7:3). ചുരുക്കത്തിൽ, മെൽക്കിസെദെക്കിനെ ക്രസ്തുവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നതിലൂടെ അനാദിമുതലുണ്ടായിരുന്ന യേശുവിന്റെ പൗരോഹിത്യവും രാജത്വവുമാണ് നമുക്കുമുമ്പിൽ വെളിവാക്കപ്പെടുന്നത്.

## ക്രിസ്തുവിന്റെ പൗരോഹിത്യം

ദൈവ-മനുഷ്യബന്ധത്തിൽ പാപംമൂലം കടന്നുവന്ന വിള്ളൽനീക്കി ആ ബന്ധം പുന:സ്ഥാപിക്കുന്നതിന് ഏറ്റവും യോഗ്യനായ വ്യക്തി ദൈവത്തോടും മനുഷ്യനോടും ഏറ്റവും കൂടുതൽ അനുരൂപനായ ഒരാളായിരിക്കണമായിരുന്നു. ദൈവത്തിന്റെ രക്ഷാകരപദ്ധതി പ്രകാരം മനുഷ്യകുലംകണ്ട ഈ ഒരേയൊരാൾ പൂർണദൈവവും പൂർണമനുഷ്യനും മുഖ്യപുരോഹിതനുമായ യേശുക്രിസ്തുവാണ്.

പഴയനിയമപൗരോഹിത്യത്തിന്റെ എല്ലാ പ്രതിരൂപങ്ങളുടെയും പൂർത്തീകരണം ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ ഏകമദ്ധ്യസ്ഥനായ (1 തിമോ 2:5) യേശുക്രിസ്തുവിലാണ്. ഹെബ്രാ 7:26-ൽ നമ്മൾ ഇപ്രകാരം വായിക്കുന്നു: "പരിശുദ്ധനും ദോഷരഹിതനും

[redacted]

## 'പുരോഹിതൻ' എന്ന പദം

[redacted]

## ശുശ്രൂഷാപൗരോഹിത്യത്തിന്റെ ത്രിവിധദൗത്യങ്ങൾ

[redacted]

[redacted]

### പ്രബോധനധർമ്മം അഥവാ പ്രവാചക ദൗത്യം

[redacted]

### ആരാധനധർമ്മം അഥവാ പൗരോഹിത്യ ദൗത്യം

[redacted]

### അജപാലനധർമ്മം അഥവാ രാജകീയ ദൗത്യം

[redacted]

സ്നേഹത്തിലും കൂട്ടായ്മയിലും ജീവിച്ച് ക്രിസ്തീയ സമൂഹം പണിതുയർത്തുന്നതിനും അജപാലകനായ പുരോഹിതൻ ശ്രദ്ധവയ്ക്കുന്നു.

## തിരുപ്പട്ട കൂദാശയുടെ മൂന്നുപദവികൾ

ദൈവസ്ഥാപിതമായ സഭാശുശ്രൂഷ, പുരാതനകാലം മുതല്ക്കേ മെത്രാന്മാർ, ഡീക്കന്മാർ എന്നിങ്ങനെ അറിയപ്പെട്ടിരുന്ന വ്യക്തികളാൽ വ്യത്യസ്തപദവികളിൽ നിർവഹിക്കപ്പെടുന്നു. കത്തോലിക്കാ പ്രബോധനമനുസരിച്ച് ക്രിസ്തുവിന്റെ പൗരോഹിത്യത്തിന് രണ്ടു പദവികളുണ്ട്: മെത്രാൻപദവിയും പുരോഹിത പദവിയും. ഇക്കാരണത്താൽ പുരോഹിതൻ എന്ന പദംകൊണ്ട് മെത്രാനെയും വൈദികനെയും മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. പൗരോഹിത്യപങ്കാളിത്തത്തിന്റെ പദവികളായ മെത്രാൻപദവിയും പുരോഹിതപദവിയും സേവനത്തിന്റെ പദവിയായ പട്ടംകൊടുക്കൽ എന്ന കൗദാശികപ്രവൃത്തിയിലൂടെ നല്കപ്പെടുന്നു. പുരോഹിതദൗത്യത്തെ സഹായിക്കാനും ശുശ്രൂഷിക്കാനുമുള്ളതാണ് ഡീക്കൻപദവി.

**തിരുപ്പട്ട കൂദാശയിലെ മൂന്നുപദവികളും നല്കുന്നത് മെത്രാനാണ്.**

### മെത്രാൻ പദവിയും ധർമ്മവും



മെത്രാഭിഷേകംവഴി ഒരാൾക്ക് തിരുപ്പട്ടകൂദാശയുടെ പൂർണത കൈവരുന്നു. മാത്രമല്ല, അദ്ദേഹം മെത്രാൻസംഘത്തിന്റെ ഭാഗമായിത്തീരുകയും തനിക്കേല്പിക്കപ്പെട്ടിരിക്കുന്ന പ്രാദേശിക സഭയുടെ ദൃശ്യതലവനായിത്തീരുകയും ചെയ്യുന്നു. അപ്പസ്തോലന്മാരുടെ പിൻഗാമിയായ പാപ്പായുടെ അധികാരത്തിൽ സഭ മുഴുവന്റെയും അപ്പസ്തോലിക ദൗത്യത്തിലും ഉത്തരവാദിത്വത്തിലും മെത്രാൻ പങ്കുചേരുന്നു. പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, ഭരിക്കുക എന്നീ ദൗത്യങ്ങൾ മെത്രാനിൽ ഭരമേല്പ്പിക്കപ്പെടുന്നു.

### പൗരോഹിത്യപദവിയും ധർമ്മവും



പൗരോഹിത്യപദവിവഴി പുരോഹിതർ മെത്രാന്മാരോടു യോജിച്ചിരിക്കുന്നു. അതേസമയം, തങ്ങളുടെ അജപാലധർമ്മ നിർവഹണത്തിൽ അവർ മെത്രാന്മാരെ ആശ്രയിച്ചുനില്ക്കുകയും ചെയ്യുന്നു. മെത്രാന്റെ വിവേകശാലികളായ സഹപ്രവർത്തകരാകാനാണ് അവർ വിളിക്കപ്പെട്ടിരിക്കുന്നത്. മെത്രാനോടൊപ്പം അവർ പ്രാദേശികസഭയുടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്ന ഒരു വൈദികസംഘമായിത്തീരുന്നു. അവർ മെത്രാനിൽ നിന്ന് ഒരു ഇടവകയുടെ ഉത്തരവാദിത്വമോ സഭാപരമായ ഒരു നിശ്ചിതധർമ്മമോ സ്വീകരിക്കുന്നു.

### ഡീക്കൻ പദവിയും ധർമ്മവും

സഭയിലെ സേവനപ്രവർത്തനങ്ങൾക്കായി നിയുക്തരായ ശുശ്രൂഷകരാണ് ഡീക്കന്മാർ. അവർ ശുശ്രൂഷാപൗരോഹിത്യമുള്ളവരല്ല. എന്നാൽ, വചനശുശ്രൂഷയിലും ദൈവാരാധന



യിലും അജപാലത്തിലും പരസ്പരസ്നേഹപ്രവർത്തനങ്ങളിലും പ്രധാനപ്പെട്ട ധർമ്മങ്ങൾ അനുഷ്ഠിക്കാൻ ഡീക്കൻപട്ടം സ്വീകരിക്കുന്നതിലൂടെ നിയോഗിക്കപ്പെടുന്നു. തങ്ങളുടെ മെത്രാന്റെ അജപാലനാധികാരത്തിനു വിധേയരായി അവർ പ്രസ്തുതധർമ്മങ്ങൾ അനുഷ്ഠിക്കണം.

## തിരുപ്പട്ടകൂദാശ നല്കുന്നവിധം

മെത്രാന്റെ കൈവയ്പും തുടർന്നുള്ള ആഘോഷപൂർവമായ കൂദാശാപ്രാർത്ഥനയും വഴിയാണ് തിരുപ്പട്ടകൂദാശ നല്കുന്നത്. പട്ടം സ്വീകരിക്കുന്നയാൾക്ക് ശുശ്രൂഷയ്ക്കാവശ്യമായ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ നല്കണമേ എന്നാണ് മെത്രാൻ വിശ്വാസിസമൂഹത്തോടൊപ്പം ദൈവത്തോടു യാചിക്കുന്നത്. തിരുപ്പട്ടം ആത്മാവിൽ മായാത്ത കൗദാശികമുദ്ര പതിക്കുന്ന കൂദാശയാണ്.

## തിരുപ്പട്ടകൂദാശ സ്വീകരിക്കുന്നവർ

ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ളവരും ശുശ്രൂഷാനിർവഹണത്തിനാവശ്യമായ യോഗ്യതയുണ്ടെന്നു വേണ്ടവിധം തെളിയിച്ചവരുമായ പുരുഷന്മാർക്കുമാത്രമാണ് സഭ തിരുപ്പട്ടകൂദാശ നല്കുന്നത്. തിരുപ്പട്ടകൂദാശ സ്വീകരിക്കാൻ ഒരാളെ വിളിക്കുന്നതിനുള്ള ഉത്തരവാദിത്വവും അവകാശവും സഭാധികാരത്തിനു മാത്രമുള്ളതാണ്.

ലത്തീൻ കത്തോലിക്കാസഭയിൽ സ്വതന്ത്രമനസ്സോടെ ബ്രഹ്മചര്യജീവിതം ആശ്ലേഷിക്കുകയും ദൈവരാജ്യത്തിനും മനുഷ്യസേവനത്തിനുംവേണ്ടി ബ്രഹ്മചാരിയായി ജീവിക്കാനുള്ള ഉദ്ദേശ്യം പരസ്യമായി പ്രകടിപ്പിക്കുയും ചെയ്യുന്ന അർത്ഥികൾക്കുമാത്രമാണ് പുരോഹിതപട്ടം നല്കുന്നത്.

## തിരുപ്പട്ടകൂദാശയുടെ ഫലങ്ങൾ

തിരുപ്പട്ടകൂദാശയ്ക്ക് പ്രധാനമായും നാലു ഫലങ്ങളാണുള്ളത്:

- ജ്ഞാനസ്നാനത്തിലും സ്ഥൈര്യലേപനത്തിലുമെന്നപോലെ ക്രിസ്തുവിന്റെ രക്ഷാകരകർമ്മത്തിലുള്ള പങ്കാളിത്തം ഒരിക്കൽ എന്നന്നേക്കുമായി ഈ കൂദാശ വഴി നല്കപ്പെടുകയാണ്. മറ്റ് രണ്ടുകൂദാശകളെയും പോലെ, തിരുപ്പട്ടകൂദാശയും സ്വീകർത്താവിൽ മായാത്ത മുദ്ര പതിക്കുന്നു. അതിനാൽ ഈ കൂദാശ ആവർത്തിക്കാനോ തൽക്കാലത്തേക്കുമാത്രമായി നല്കാനോ പാടുള്ളതല്ല.

  "ഈ ലോകത്തിൽ മനുഷ്യദൃഷ്ടിയിൽ പൗരോഹിത്യത്തോളം ശ്രേഷ്ഠവും ബഹുമാന്യവുമായ മറ്റൊന്നില്ല" (വിശുദ്ധ അഗസ്റ്റിൻ). "യേശുക്രിസ്തു പുരോഹിതരിൽ തന്റെ ശക്തി നിക്ഷേപിച്ചിരിക്കുന്നു" (വിശുദ്ധ തെർത്തുല്യൻ).

- പുരോഹിതനായ ക്രിസ്തുവിനോട് അനുരൂപപ്പെടുത്തുകയും ശിരസ്സായ ക്രിസ്തുവിന്റെ നാമത്തിൽ പ്രവർത്തിക്കാൻ കഴിവുനല്കുകയും ചെയ്യുന്നു.

  "എനിക്കുവേണ്ടി വിശ്വസ്തനായ ഒരു പുരോഹിതനെ ഞാൻ തിരഞ്ഞെടുക്കും; എന്റെ ഹൃദയാഭിലാഷമനുസരിച്ച് അവൻ പ്രവർത്തിക്കും" (1 സാമു 2:35).

- മെത്രാൻപട്ടത്തിന്റെ സഹപ്രവർത്തകർ എന്നനിലയിൽ സുവിശേഷം പ്രസംഗിക്കാനും ആരാധനക്രമത്തിന്റെ ആഘോഷത്തിനും, പ്രത്യേകിച്ച് വിശുദ്ധ കുർബാനയുടെ ആഘോഷത്തിനും, വിശ്വാസികൾക്ക് ഇടയനായിരിക്കുന്നു. വിശുദ്ധ കുർബാനയിൽ നിന്നാണ് ശുശ്രൂഷയ്ക്കുള്ളശക്തി അദ്ദേഹം സംഭരിക്കുന്നത്.

  "പരിശുദ്ധകുർബാനയാണ് പൗരോഹിത്യമെന്ന കൂദാശയുടെ രൂപീകരണത്തിന്റെ പ്രധാനപ്പെട്ടതും കേന്ദ്രവുമായ കാരണം. പൗരോഹിത്യം വിശുദ്ധകുർബാനയുടെ സ്ഥാപനത്തോടെയും അതോടൊപ്പവുമാണു സംജാതമായത്" (ജോൺപോൾ രണ്ടാമൻ പാപ്പാ).

- പരിശുദ്ധാത്മാവിന്റെ കൃപാവരംവഴി പുരോഹിതൻ തന്റെ ഗുരുവും അജപാലകനുമായ ക്രിസ്തുവിനോട് അനുരൂപപ്പെടുന്നു.

  "പുരോഹിതൻ യേശുവിന്റെ നാമത്തിൽ യേശുവിന്റെ സ്ഥാനത്ത് സഭയുടെ മുഴുവൻ നന്മയ്ക്കും പ്രവർത്തിക്കുന്ന വ്യക്തിയാണ്" (ബെനഡിക്റ്റ് പതിനാറാമൻ പാപ്പാ).

  പുരോഹിതൻ ഭൂമിയിൽ രക്ഷാകരപ്രവർത്തനം തുടരുന്നു. ലോകത്തിൽ വൈദികനാരെന്ന യഥാർത്ഥ്യം മനസ്സിലാക്കിയാൽ നാം മരിക്കും; ഭയംകൊണ്ടല്ല, സ്നേഹം കൊണ്ട്.... യേശുവിന്റെ ഹൃദയത്തിലെ സ്നേഹമാണ് പൗരോഹിത്യം (വിശുദ്ധ ജോൺ മരിയ വിയാനി).

### പ്രവർത്തനം 2

നിങ്ങളുടെ ഇടവകയിലെ അഥവാ മറ്റൊരു ഇടവകയിലെ ഒന്നോ രണ്ടോ വൈദികരുടെ മാതാപിതാക്കളെ സന്ദർശിച്ച് പ്രസ്തുത വൈദികർ വൈദികജീവിതത്തിലേക്കു വിളിക്കപ്പെടാൻ സഹായിച്ച സാഹചര്യങ്ങൾ സംബന്ധിച്ച് അഭിമുഖം നടത്തുക.

## 2. വിവാഹം

**വിവാഹം എന്ന കൂദാശയാണ് കൂട്ടായ്മയുടെ ശുശ്രൂഷയ്ക്കുള്ള കൂദാശകളിൽ രണ്ടാമത്തേത്.**

എല്ലാ സംസ്കാരങ്ങളിലും വിവാഹം എന്നും പവിത്രവും സനാതനവുമായ ബന്ധമാണ്. എന്നാൽ ക്രിസ്തീയവിവാഹം ഒരു പടികൂടിക്കടന്ന്, ത്രിത്വൈകദൈവത്തിന്റെ കൂട്ടായ്മയാകുന്നതിനും സൃഷ്ടികർമ്മത്തിൽ പങ്കുചേരുന്നതിനും സ്ത്രീപുരുഷന്മാർക്കു ലഭിക്കുന്ന ശ്രേഷ്ഠമായ ഒരു ദൈവവിളി കൂടിയാണ്. വിവാഹാന്തസ്സിലേക്ക് ദൈവം വിളിക്കുന്നവർക്ക് വിശുദ്ധീകരണത്തിനും നിത്യരക്ഷയ്ക്കുമുള്ള മാർഗവും അതുതന്നെയാണ്.

"ദമ്പതികളുടെ നന്മയ്ക്കും വിശുദ്ധീകരണത്തിനും സന്താനോദ്പാദനത്തിനും അവരുടെ ശരിയായ വിദ്യാഭ്യാസത്തിനുംവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ് വിവാഹം" (സഭ ആധുനികലോകത്തിൽ, 48).

### വിവാഹം രക്ഷാകരപദ്ധതിയിൽ

വിവാഹം വെറുമൊരു സ്ഥാപനമോ മാനുഷികമായ ഉടമ്പടിയോ അല്ല. അനാദികാലം മുതൽ നിശ്ചയിക്കപ്പെട്ട ദൈവപദ്ധതിയുടെ സാക്ഷാൽകാരമാണ് അത്. വിവാഹത്തിനും അതുവഴി സ്ഥാപിതമാകുന്ന കുടുംബത്തിനും പ്രഥമഗണനീയമായ സ്ഥാനം രക്ഷാകരപ

ദ്ധതിയിലുണ്ട്. വിവാഹം ശാശ്വതവും പവിത്രവുമായ ബന്ധമാണ്. ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധവും ക്രിസ്തുവും സഭയുമായുള്ള ബന്ധവുമെല്ലാം വിവാഹം എന്ന ബിംബത്തിലൂടെയാണ് ബൈബിളിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്.

മനുഷ്യന്റെ പതനത്തോടെ ദൈവം നല്കുന്ന പരോക്ഷമായ രക്ഷാവാഗ്ദാനം (ഉൽപ 3: 15) അബ്രാഹത്തിന്റെ തിരഞ്ഞെടുപ്പോടെ പ്രത്യക്ഷഭാവം കൈവരിക്കുകയും പൂർവപിതാക്കന്മാരിലൂടെ മുന്നേറുകയും ചെയ്യുന്നത് കുടുംബങ്ങളുടെ ചരിത്രത്തിലൂടെയാണ്. നസ്രത്തിലെ കുടുംബത്തിൽ ഈ മുന്നേറ്റം മകുടമണിയുന്നു.

"ദാമ്പത്യ ജീവിതത്തിന്റെയും സ്നേഹത്തിന്റെയും ഗാഢമായ കൂട്ടായ്മ സ്രാഷ്ടാവു സ്ഥാപിച്ചതും അവിടന്നു നല്കിയ നിയമങ്ങളിൽ അധിഷ്ഠിതവുമാണ്. വിവാഹത്തിന്റെ കർത്താവ് ദൈവം തന്നെയാണ്" (സഭ ആധുനികലോകത്തിൽ, 48).

## വിവാഹം ഒരു കൂദാശ

ജ്ഞാനസ്നാനം സ്വീകരിച്ച രണ്ടു വ്യക്തികൾ തമ്മിലുള്ള വിവാഹഉടമ്പടി യേശു ഒരു കൂദാശയായി ഉയർത്തി. സഭയിൽ എക്കാലത്തും കുടുംബജീവിതാന്തസ്സിനാവശ്യമായ അദൃശ്യകൃപാവരം ലഭിക്കുന്ന ഉപാധിയായിരുന്നു വിവാഹം. എങ്കിലും, 1139-ൽ രണ്ടാം ലാറ്ററൻ സൂനഹദോസിൽവച്ചാണ് വിവാഹം ഒരു കൂദാശയാണെന്നസത്യം സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചത്. മഹത്തായ ഈ കൂദാശയിലൂടെ വർഷിക്കപ്പെടുന്ന പ്രസാദവരമാണ് സ്വയം വിശുദ്ധീകരണത്തിനും പരസ്പരമുള്ള വിശുദ്ധീകരണത്തിനും ദമ്പതികളെ പ്രാപ്തരാക്കുന്നത്.

t

ഭാര്യാഭർത്താക്കന്മാർ മരണത്തോളം പിരിഞ്ഞുകൂടാത്തവിധത്തിൽ തമ്മിൽ ബന്ധിക്കുന്നതും വിവാഹത്തിലുണ്ടാകുന്ന മക്കളെ പുണ്യമാർഗത്തിൽ വളർത്തുന്നതിനു സഹായിക്കുന്നതുമായ കൂദാശയാണ് ക്രിസ്തീയവിവാഹം.

ദമ്പതികളുടെ പരസ്പരമുള്ള സ്വീകരണവും സമർപ്പണവുമാണ് വിവാഹം എന്ന കൂദാശയിലെ കാതലായഭാഗം. മറ്റുകൂദാശകളിൽ നിന്നു വ്യത്യസ്തമായി ഈ കൂദാശയുടെ കാർമ്മികർ വധൂവരന്മാരും കർമ്മവസ്തുക്കൾ അവരുടെ മനസ്സും ശരീരവുമാണ്. വിവാഹം എന്ന കൂദാശയിലെ കർമ്മവസ്തുക്കളായ ദമ്പതികൾ തങ്ങളുടെ മനസ്സും ശരീരവും പരസ്പരം സമർപ്പിക്കുകവഴിയാണ് ഈ കൂദാശയിലെ കാർമ്മികരായിത്തീരുന്നത്.

## ക്രിസ്തുവും സഭയും പോലെ

വിവാഹത്തിൽ ദമ്പതികളുടെ പരസ്പരസമർപ്പണവും അതിനുള്ള സത്താപരമായ സ്വഭാവവും അതിന്റെ ശാശ്വതഭാവവും തിരിച്ചറിഞ്ഞു കൊണ്ട് സഭ ഈ സമർപ്പണത്തെ ക്രിസ്തുവും സഭയും തമ്മിലുള്ള ശാശ്വതമായ സ്നേഹബന്ധത്തിന്റെ പ്രതീകമായി കാണുന്നു.

"ഭാര്യമാരേ, നിങ്ങൾ കർത്താവിന് എന്നപോലെ ഭർത്താക്കന്മാർക്കു വിധേയരായിരിക്കുവിൻ. എന്തെന്നാൽ, ക്രിസ്തു തന്റെ ശരീരമായ സഭയുടെ ശിരസ്സായിരിക്കുന്നപോലെ, ഭർത്താവ് ഭാര്യയുടെ ശിരസ്സാണ്; ക്രിസ്തുതന്നെയാണ് ശരീരത്തിന്റെ രക്ഷകനും. ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻ വേണ്ടി

തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തപോലെ, നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം" (എഫേ 5: 22-23, 25).

ശിരസ്സായ ക്രിസ്തുവിനോട് സഭാശരീരം ഗാഢമായി ഐക്യപ്പെട്ടിരിക്കുന്നപോലെ ദമ്പതികളും പര്സ്പരം ഐക്യപ്പെട്ടിരിക്കുന്നു. ക്രിസ്തു തന്റെ മണവാട്ടിയായ സഭയെ സ്വന്തം ജീവൻ നല്കി സ്നേഹിക്കുകയും സഭ തന്റെ മണവാളനായ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നപോലെ, ഭാര്യാഭർത്താക്കന്മാർ ഉപാധികൾ കൂടാതെ പരസ്പരം സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും വേണം. ക്രിസ്തുവിന്റെ ഈ ലോകത്തിലുള്ള സജീവസാന്നിധ്യവും തിരുസഭയുടെ സമർപ്പണസ്വഭാവവും സകലജനങ്ങൾക്കും വെളിപ്പെടുന്നത് ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹത്തിന്റെ ഉടമ്പടിയിലൂടെയാണ്. അതുപോലെ, ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സ്നേഹം, സന്താനലബ്ധി, പരസ്പരഐക്യം, വിശ്വസ്തത, കുടുംബത്തിലെ മറ്റ് അംഗങ്ങൾ തമ്മിലുള്ള സഹവർത്തിത്വം എന്നിവവഴിയും ഇതുതന്നെ നിർവഹിക്കപ്പെടുന്നു (സഭ ആധുനികലോകത്തിൽ, 48).

## വിവാഹ സമ്മതം

വിവാഹപങ്കാളികളുടെ സമ്മതമാണ് വിവാഹത്തിന്റെ അടിസ്ഥാനം. വിവാഹ ഉടമ്പടിയിൽ പ്രവേശിക്കുന്ന സ്തീയും പുരുഷനും പൂർണഅറിവോടും ഉത്തമബോധ്യത്തോടും ആരുടെയും സമ്മർദ്ദം കൂടാതെയും നല്കുന്ന പരസ്പരസമ്മതമാണ് വിവാഹബന്ധം സാധുവാക്കുന്നത്. ബുദ്ധിപരമായ കഴിവില്ലായ്മ, തെറ്റിദ്ധരിപ്പിക്കൽ, പുറമേ നിന്നുള്ള സമർദ്ദം തുടങ്ങിയകാര്യങ്ങൾ ശരിയായ സമ്മതത്തിനു പ്രതിബന്ധമാണ്. "വിവാഹഉടമ്പടിയിൽ ഏർപ്പെടുന്നവർ സ്വാതന്ത്ര്യമുള്ളവരും സ്വതന്ത്രമായി തങ്ങളുടെ സമ്മതം പ്രകടിപ്പിക്കുന്നവരും ജ്ഞാനസ്നാനം സ്വീകരിച്ചവരുമായ പുരുഷനും സ്ത്രീയുമായിരിക്കണമെന്ന് സഭ നിഷ്കർഷിക്കുന്നു. സ്വതന്ത്രമായിരിക്കുകയെന്നാൽ സമർദ്ദത്തിനുവഴങ്ങാതിരിക്കുക, പ്രകൃതിനിയമത്തിന്റെയും സഭാനിയമത്തിന്റെയും തടസ്സങ്ങൾ ഇല്ലാതിരിക്കുക എന്നാണുദ്ദേശിക്കുക" (CCC 1625).

വിവാഹം ആശീർവദിക്കുന്ന വൈദികൻ സഭയുടെ നാമത്തിൽ ദമ്പതികളുടെ സമ്മതം സ്വീകരിച്ചശേഷമാണ് സഭയുടെ ആശീർവാദം നല്കുന്നത്. സഭാശുശ്രൂഷകന്റെയും സാക്ഷികളുടെയും സാന്നിധ്യം, വിവാഹം ഒരു സഭാത്മകയാഥാർത്ഥ്യമാണെന്ന സത്യം വെളിവാക്കുന്നു.

## വൈവാഹികകൂദാശയിലെ വരപ്രസാദം

പരസ്പരം സ്നേഹിച്ചും ആദരിച്ചും ജീവിതാന്തം വരെ വേർപിരിയാതെ ഒരുമിച്ചു ജീവിക്കാനുള്ള കൃപാവരം ക്രിസ്തീയ ദമ്പതികൾക്കു ലഭിക്കുന്നത് വിവാഹം എന്ന കൂദാശയിലൂടെയാണ്. വിവാഹത്തിന്റെ കൗദാശികസ്വഭാവത്തെക്കുറിച്ച് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ഇപ്രകാരം പറയുന്നു: "ദൈവം തന്റെ സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും ഉടമ്പടിയിലൂടെ തന്റെ ജനത്തെ കണ്ടുമുട്ടിയപോലെ, രക്ഷകനും തിരുസഭയുടെ മണവാളനുമായ യേശു വിവാഹമെന്ന കൂദാശയിലൂടെ ക്രൈസ്തവദമ്പതികളെ കണ്ടുമുട്ടുന്നു. ക്രിസ്തു അവരോടൊത്തുവസിക്കുന്നു.

ദമ്പതികൾ തങ്ങളുടെ കുരിശെടുത്ത് ക്രിസ്തുവിനെ അനുഗമിക്കാനും വീഴ്ചയിൽ എഴുന്നേല്ക്കാനും പരസ്പരം ക്ഷമിക്കാനും പരസ്പരം ഭാരങ്ങൾ വഹിക്കാനും പരസ്പരം വിധേയപ്പെടാനും വിവാഹം എന്ന കൂദാശവഴി പ്രാപ്തരാകുന്നു. പ്രകൃത്യാതീതവും പരിശുദ്ധവും ഫലദായകവും നിഷ്കളങ്കവുമായ പരസ്പരസ്നേഹത്തിൽ വളരാൻ ക്രിസ്തു അവർക്ക് ശക്തിനല്കുന്നു. തങ്ങളുടെ സ്നേഹത്തിന്റെയും കുടുംബജീവിതത്തിന്റെയും സന്തോഷത്തിൽ കുഞ്ഞാടിന്റെ വിവാഹത്തിന്റെ മുന്നാസ്വാദനം അവർക്ക് അനുഭവപ്പെടുന്നു" (CCC 1642).

## ദാമ്പത്യ വിശ്വസ്തത

പാവനമായ വിവാഹബന്ധം അലംഘനീയമായ വിശ്വസ്തത ആവശ്യപ്പെടുന്നു. ദമ്പതികളുടെ പരസ്പരവിശ്വാസവും വിശ്വസ്തതയുമാണ് അവരെ ഐക്യത്തിലും സ്നേഹത്തിലും നിലനിറുത്തുന്നത്. ഈ വിശ്വസ്തത നഷ്ടമാകുമ്പോൾ പരസ്പര സ്നേഹം നശിക്കുകുയും കുടുംബം തകരുകയുംചെയ്യുന്നു. സഭയോടുള്ള ക്രിസ്തുവിന്റെ വിശ്വസ്തതയാണ് ദമ്പതികളുടെ പരസ്പരവിശ്വസ്തതയ്ക്ക് പ്രേരകമാകുന്ന ഘടകം. വിവാഹകൂദാശയിലൂടെ ദമ്പതികൾ ഈ വിശ്വസ്തത പ്രതിഫലിപ്പിക്കുന്നതിനും അതിനുസാക്ഷ്യം നല്കുന്നതിനും പ്രാപ്തരാകുന്നു. പരസ്പര വിശ്വസ്തതയിലൂടെ ദമ്പതികൾ ദൈവത്തിന്റെ വിശ്വസ്തസ്നേഹത്തിനു സാക്ഷ്യംനല്കുന്നു.

## വിവാഹത്തിന്റെ ഏകത്വവും അവിഭാജ്യതയും

ഏകത, അവിഭാജ്യത, ഫലപുഷ്ടിയോടുള്ള തുറന്ന മനസ്സ് എന്നിവ വിവാഹത്തിന് അത്യാവശ്യമായ ഘടകങ്ങളാണ്.

### ഏകത

പരിപൂർണമായ സ്നേഹവും സമർപ്പണവും ആവശ്യപ്പെടുന്ന വിവാഹബന്ധം സ്വാഭാവികമായും ഒരു ഭർത്താവിന് ഒരു ഭാര്യ എന്ന ജീവിതക്രമം ആവശ്യപ്പെടുന്നു. ഭാര്യയെ തന്റെ അസ്ഥിയിൽനിന്നുള്ള അസ്ഥിയെന്നും മാംസത്തിൽ നിന്നുള്ള മാംസമെന്നും ആദം അഭിസംബോധന ചെയ്യുന്നത് ഉത്പത്തിപ്പുസ്തകത്തിൽ (ഉത്പ 2:23) നാം കണ്ടു. ഏകഭാര്യത്വവും ഏകഭർത്തൃത്വവുമാണ് ഇത് വ്യക്തമായും സൂചിപ്പിക്കുന്നത്. ബഹുഭാര്യത്വവും ബഹുഭർത്തൃത്വവും വിവാഹത്തിന്റെ ഏകതയ്ക്കു വിരുദ്ധമാണ്.

### അവിഭാജ്യത

"ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ" എന്നാണ്, ഏതെങ്കിലും കാരണത്താൽ ഒരുവൻ തന്റെ ഭാര്യയെ ഉപേക്ഷിക്കുന്നത് നിയമാനുസൃതമാണോ എന്നു ചോദിക്കുന്ന ഫരിസേയരോട് ക്രിസ്തുപറയുന്നത് (മത്താ 19:3-6). ദൈവം യോജിപ്പിക്കുന്ന ബന്ധമാണ് വിവാഹം. അതിനാൽ ഈ ബന്ധം വേർപെടുത്താൻ മനുഷ്യന് ഒരിക്കലും അവകാശമോ അധികാരമോ ഇല്ല. ഇതിനെയാണ് വിവാഹത്തിലെ അവിഭാജ്യത എന്നു വിളിക്കുന്നത്. ഭാര്യയും ഭർത്താവും ജീവിച്ചിരിക്കുന്നിടത്തോളംകാലം നിലനില്ക്കുന്ന ബന്ധമാണ് നിയമാനുസൃതം വിവാഹിതരാകുന്ന ക്രൈസ്തവദമ്പതികളുടേത്. ഭാര്യ ഭർത്താവിൽ നിന്ന് ഒരിക്കലും വേർപിരിയരുതെന്നും ഭർത്താവു ഭാര്യയെ ഒരിക്കലും ഉപേക്ഷിക്കരുതെന്നും

വിശുദ്ധ പൗലോസ് അപ്പസ്തോലൻ നിഷ്കർഷിക്കുന്നു (1 കൊറി 7:10–11).

വിവാഹത്തിന്റെ അവിഭാജ്യത ആരംഭകാലം മുതൽതന്നെ ഒരുവിധ വിട്ടുവീഴ്ചയുമില്ലാതെ തിരുസഭ മുറുകെപ്പിടിക്കുന്നു. ശാരീരികബന്ധത്തിലൂടെ പൂർണമാക്കപ്പെട്ട വിവാഹബന്ധം ഒരു കാരണവശാലും വേർപെടുത്താവുന്നതല്ല.

### ഫലപുഷ്ടിക്കായുള്ള തുറന്ന മനസ്സ്

വിവാഹമെന്ന സ്ഥാപനവും വൈവാഹികസ്നേഹവും പ്രകൃത്യാ സന്താനോദ്പാദനത്തിനും മക്കളുടെ വിദ്യാഭ്യാസത്തിനും വേണ്ടി നിയോഗിക്കപ്പെട്ടതാണ്. മക്കൾ വിവാഹത്തിന്റെ പരമമായ ദാനവും മാതാപിതാക്കളുടെ നന്മയ്ക്ക് നിദാനവുമാണ്. മക്കളില്ലാത്ത ദമ്പതികൾക്കും മാനുഷികവും ക്രൈസ്തവവുമായ തലങ്ങളിൽ അർത്ഥപൂർണമായ ദാമ്പത്യ ജീവിതം നയിക്കാൻ കഴിയും.

## വിവാഹത്തിന്റെ ലക്ഷ്യങ്ങൾ

ഉത്പത്തിപ്പുസ്തകത്തിൽ വിവാഹത്തിന്റെ സ്ഥാപനവുമായി ബന്ധപ്പെട്ട് രണ്ടു വിവരണങ്ങളുണ്ട്. ഒന്നാം വിവരണം സന്താനോദ്പാദനത്തിന്റെയും രണ്ടാം വിവരണം സ്ത്രീപുരുഷസഖിത്വത്തിന്റെയും പ്രാധാന്യം സൂചിപ്പിക്കുന്നു.

"ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഛായയിൽ അവിടന്ന് അവനെ സൃഷ്ടിച്ചു; സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു: സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ" (ഉൽപ. 1:27–28). ദൈവത്തിന്റെ ഈ കല്പനയിൽ, മക്കൾക്കു ജന്മംനല്കിക്കൊണ്ട് ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാകാനുള്ള ദമ്പതികളുടെ ഉത്തരവാദിത്വം അടങ്ങിയിരിക്കുന്നു.

സ്ത്രീപുരുഷസഖിത്വം സൂചിപ്പിക്കുന്ന രണ്ടാംവിവരണം ആരംഭിക്കുന്നത്, "മനുഷ്യൻ ഏകനായിരിക്കുതു നന്നല്ല; അവനു ചേർന്ന ഇണയെ ഞാൻ നല്കും" (ഉത്പ 2:18) എന്ന വചനത്തോടെയാണ്. ദൈവം മുമ്പിൽ കൊണ്ടുവന്ന എല്ലാ മൃഗങ്ങൾക്കും ആകാശത്തിലെ പറവകൾക്കും മനുഷ്യൻ പേരിട്ടു (ഉത്പ 2:19). എന്നാൽ തനിക്കിണങ്ങിയ തുണയെ അവൻ കണ്ടെത്തിയില്ല. "അതുകൊണ്ട്, ദൈവമായ കർത്താവ് മനുഷ്യനെ ഗാഢനിദ്രയിലാഴ്ത്തി, ഉറങ്ങിക്കിടന്ന അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്തതിനുശേഷം അവിടം മാംസംകൊണ്ടുമൂടി. മനുഷ്യനിൽ നിന്ന് എടുത്ത വാരിയെല്ലുകൊണ്ട് അവിടന്ന് ഒരു സ്ത്രീക്കു രൂപം കൊടുത്തു. അവളെ അവന്റെ മുമ്പിൽ കൊണ്ടുവന്നു. അപ്പോൾ അവൻ പറഞ്ഞു : ഒടുവിൽ, ഇതാ എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും" (ഉൽപ 2:21–23). അങ്ങനെ ദൈവം പുരുഷനു സ്ത്രീയെ അവന്റെ ഇണയും തുണയും സഹകാരിയുമായി നല്കി. ഈ കാരണത്താലാണ്, പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരുന്നതും അവർ ഒന്നായിത്തീരുന്നതും. പരസ്പരപൂരകങ്ങളായ അവർ ദൈവത്തിന്റെ സ്നേഹത്തിൽ വളരാൻ ക്ഷണിക്കപ്പെട്ടവരാണ്.

സൃഷ്ടികർമ്മത്തിലെ പങ്കാളിത്തം, സ്നേഹത്തിലുള്ള വളർച്ച എന്നീ മനുഷ്യസൃഷ്ടിയുടെ അടിസ്ഥാനപരമായ രണ്ടു ലക്ഷ്യങ്ങളും വിവാഹത്തിൽ സഫലമാകണം.

പുതിയ ഉടമ്പടിയുടെ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ യേശുവിന്റെ മൗതികശരീരമായ സഭ പടുത്തുയർത്തുക എന്ന ദൗത്യമാണ് ക്രൈസ്തവദമ്പതികൾക്കുള്ളത്. ക്രിസ്തു സഭയെ സ്നേഹിച്ചപോലെ ദമ്പതികൾ പരസ്പരം ഗാഢമായി സ്നേഹിക്കുകയും സന്താനങ്ങൾക്ക് ജന്മംനല്കി അവരെ സഭയ്ക്കും സമൂഹത്തിനും നന്മചെയ്യുന്നവരും വിശുദ്ധിയിൽ നിലനില്ക്കുന്നവരുമായി വളർത്തുകയും ചെയ്യുമ്പോഴാണ് ഈ ലക്ഷ്യം പൂർത്തിയാകുക.

## വിവാഹത്തിന്റെ ഫലങ്ങൾ

സന്താനം, വിശ്വസ്തത, കൂദാശ എന്നിവയാണ് ദാമ്പത്യത്തിന്റെ ഫലങ്ങളെന്ന് വിശുദ്ധ അഗസ്തീനോസിനെ ഉദ്ധരിച്ചുകൊണ്ട് സഭ പഠിപ്പിക്കുന്നു.

വിവാഹമെന്ന കൂദാശയിലൂടെ ലഭിക്കുന്ന പ്രസാദവരംവഴി പരസ്പരം വിശ്വസ്തത പുലർത്തുന്നതിനും സ്നേഹിക്കുന്നതിനും ക്ഷമിക്കുന്നതിനും സഹിക്കുന്നതിനും മക്കളെ സഭയ്ക്കും സമൂഹത്തിനും ഉപകരിക്കുന്നവരായി വളർത്തുന്നതിനും ദമ്പതികൾ പ്രാപ്തരാകുന്നു.

"വിവാഹവും ദാമ്പത്യസ്നേഹവും അവയുടെ സ്വഭാവത്താൽത്തന്നെ മക്കളെ ജനിപ്പിക്കാനും അവരെ വളർത്താനുമായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു" (സഭ ആധുനികലോകത്തിൽ, 50). വെറും സന്താനോദ്പാദനമല്ല, ഉത്തരവാദിത്വപൂർണമായ മാതൃത്വവും പിതൃത്വവുമാണ് സഭ ക്രൈസ്തവദമ്പതികളിൽ നിന്നാവശ്യപ്പെടുന്നത്.

## വിവാഹം സാധുവാക്കുന്ന ഘടകങ്ങൾ

- വിവാഹം സാധുവാകുന്നതിന് ചില നിയമങ്ങൾ അനുസരിക്കേണ്ടതുണ്ട്. ക്രൈസ്തവരുടെ വിവാഹത്തിന് സഭയുടെ അംഗീകാരം ആവശ്യമാണ്. കാനോൻനിയമപ്രകാരം വിവാഹിതനാകുന്ന പുരുഷന് 16 വയസ്സും സ്ത്രീക്ക് 14 വയസ്സും പൂർത്തിയായിരിക്കണം. എന്നാൽ മറ്റാരെയുംപോലെ രാഷ്ട്രനിയമം നാം പാലിക്കേണ്ടതാണ്. ഇൻഡ്യയിൽ നിലവിലിരിക്കുന്ന നിയമമനുസരിച്ച് പുരുഷന് 21 വയസ്സും സ്ത്രീക്ക് 18 വയസ്സും തികഞ്ഞിരിക്കണം.
- മുൻവിവാഹബന്ധം നിലനില്ക്കേ പുനർവിവാഹം അനുവദനീയമല്ല. രാഷ്ട്രനിയമമനുസരിച്ച് അത്തരം വിവാഹം ശിക്ഷാർഹവുമാണ്.
- ജ്ഞാനസ്നാനം സ്വീകരിക്കാത്തവർക്കും വൈദികപട്ടമോ ഡീക്കൻപട്ടമോ നിത്യവ്രതവാഗ്ദാനമോ സ്വീകരിച്ചവർക്കും പ്രത്യേക അനുവാദം കൂടാതെ വിവാഹബന്ധത്തിൽ ഏർപ്പെടാൻ സാധ്യമല്ല.
- രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹം സഭാനിയമമനുസരിച്ച് അസാധുവാണ്.
- വിവാഹത്തിനു മുമ്പു തുടങ്ങി വിവാഹാനന്തരവും നീണ്ടു നില്ക്കുന്ന ലൈംഗിക കഴിവില്ലായ്മ വിവാഹം അസാധുവാക്കുന്നു.
- ക്രൈസ്തവവിവാഹത്തിന് നിയമാനുസൃതം അധികാരമുള്ള വൈദികന്റെ സാന്നിധ്യവും ആശീർവാദവും കൂടിയേതീരൂ. രണ്ടു സാക്ഷികളുടെ മുൻപിൽവച്ചുവേണം വിവാഹം നടത്തേണ്ടത്.
- വിവാഹത്തിനുമുമ്പു തുടങ്ങി വിവാഹാവസരത്തിലും തുടരുന്ന ഗൗരവതരമായ മാന

[redacted]

## വിവാഹമോചനം

[redacted]

**രണ്ടാം വത്തിക്കാൻ കൗൺസിൽ വിവാഹമോചനത്തിനെതിരായി കാണുന്നത് പ്രധാനമായും നാലു കാരണങ്ങളാണ്:**

- ദമ്പതികളുടെനന്മ : വിവാഹമോചനം സ്നേഹൈക്യം നശിപ്പിക്കുകയും ദമ്പതികളുടെ അഭിവൃദ്ധിക്കാവശ്യമായ പരസ്പരസഹായം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു.
- കുട്ടികളുടെ നന്മ : വിവാഹമോചനം കുട്ടികളുടെ ഭാവിക്ക് ദൂഷ്യം ചെയ്യുന്നു. തന്മൂലം അപരിഹാര്യമായ നഷ്ടം അവർക്കുണ്ടാകുന്നു.
- സമൂഹത്തിന്റെ നന്മ : നല്ല കടുംബങ്ങളാണ് നല്ല സമൂഹത്തിന്റെ രൂപീകരണത്തിനാവശ്യം. വിവാഹമോചനം കുടുംബത്തിന്റെ സുസ്ഥിരത നശിപ്പിക്കുന്നതിനാൽ അതു സമൂഹത്തിന്റെ ഉന്നമനം തടസ്സപ്പെടുത്തുന്നു.
- അവിഭാജ്യത : ക്രിസ്തുവിന് തിരുസഭയോടുള്ള അവിഭാജ്യമായ ബന്ധമാണ് ക്രൈസ്തവ ദാമ്പത്യത്തിന്റെ അടിസ്ഥാനം. അതിനാൽ, ക്രൈസ്തവവിവാഹബന്ധവും അവിഭാജ്യമായിരിക്കണം.

## വിവാഹത്തിനുള്ള ഒരുക്കം

[redacted]

പ്രധാനമായും മൂന്നു കാര്യങ്ങളാണ് ഇവിടെ ശ്രദ്ധിക്കേണ്ടത്:

- വിവാഹമെന്ന കൂദാശ സ്വീകരിക്കുന്നവർ പ്രസാദവരാവസ്ഥയിലായിരിക്കണം.
- വിവാഹജീവിതത്തിന്റെ കടമകൾ മനസ്സിലാക്കിയിരിക്കണം.
- വിവാഹസംബന്ധമായ നിയമങ്ങൾ പൂർണമായും അനുസരിക്കണം.

വിവാഹിതരാകുന്നതിന് ആധ്യാത്മികമായും ബൗദ്ധികമായും ഒരുക്കം വേണമെന്ന് മേല്പറഞ്ഞ മൂന്നുകാര്യങ്ങളും സൂചിപ്പിക്കുന്നു. ശരീരത്തെക്കാൾ രണ്ടു ഹൃദയങ്ങളുടെ കൈമാറ്റമാണ് വിവാഹം എന്നതിനാൽ ആത്മാവിന്റെ തലത്തിലുള്ള ഒരുക്കമാണ് ബാഹ്യമായ ഒരുക്കത്തെക്കാൾ അനിവാര്യം.

വിവാഹത്തിലെ ബാഹ്യമായ ആഘോഷം അവിസ്മരണീയമാക്കാൻ അമിതമായി ശ്രദ്ധിക്കുമ്പോഴും കാതലായ ഇത്തരം കാര്യങ്ങൾ മറന്നുപോകുന്നത് വിവാഹമെന്ന കൂദാശയുടെ പവിത്രതയെയും കുടുംബത്തെത്തന്നെയും തകർക്കുന്നതാണെന്ന് നാം മറക്കരുത്.

## ഉത്തരമെഴുതുക

1. ക്രിസ്തുവിന്റെ പൗരോഹിത്യം പഴയനിയമ പൗരോഹിത്യത്തിൽനിന്ന് വ്യത്യസ്തമായിരിക്കുന്നതെങ്ങനെ?
2. ശുശ്രൂഷാപൗരോഹിത്യത്തിന്റെ ത്രിവിധദൗത്യങ്ങൾ ഏവ? അവ എങ്ങനെയെല്ലാമാണ് പ്രാവർത്തികമാക്കേണ്ടത്?
3. വിവാഹകൂദാശയുടെ ഫലങ്ങളും ലക്ഷ്യങ്ങളും ഏവ?
4. വിവാഹത്തിന്റെ സാധുത എന്നാലെന്ത്?
5. വിവാഹമോചനം സഭയിൽ അനുവദനീയമല്ലാത്തത് എന്തുകൊണ്ട്?

## പ്രവർത്തനം

മുൻകാലങ്ങളെ അപേക്ഷിച്ച് വിവാഹമോചനം തേടുന്നവരുടെ എണ്ണം നമ്മുടെ ഇടയിൽ വർദ്ധിച്ചുവരികയാണല്ലോ. ഈയൊരു അപകടസാധ്യതയെക്കുറിച്ച് നാം പുലർത്തേണ്ട ജാഗ്രതയെന്തെന്നു വിലയിരുത്തുകയും ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുക.

## ഗാനം



വൈദികപട്ടവും വിവാഹവും
കൂട്ടായ്മക്കൂദാശകൾ
ദൈവജനത്തെ പടുത്തുയർത്താൻ
രൂപംകൊടുത്തവയാണിവ രണ്ടും
ക്രിസ്തുവിൻ രക്ഷാകരം ബലി തുടരാനും
മാനവശുശ്രൂഷ ചെയ്യുവാനും
ആത്മസമർപ്പണവേദിയായ്ത്തീരുന്നു
അത്രമേൽ ശ്രേഷ്ഠമീ പൗരോഹിത്യം
ദൈവവും ഇസ്രേലുമായുള്ള ബന്ധംപോൽ
ഏറെ ദൃഢമാണു വിവാഹവും
അന്യോന്യമുള്ള സമർപ്പണത്താലിതു
ശാശ്വത സ്നേഹപ്രതീകമാകും

# 10 യുവജനങ്ങളും വിശുദ്ധ കുർബാനയും



**ആമുഖ പ്രവർത്തനം**

വിശുദ്ധ കുർബാന ടെലിവിഷനിലൂടെ 'കാണുന്ന' പതിവ് ഇന്ന് വർദ്ധിച്ചുവരുന്നു. കൂടാതെ, ദൈവാലയത്തിൽ പ്രവേശിക്കുമ്പോൾ പലരും ക്രിസ്തുവിന്റെ സജീവസാന്നിധ്യമുള്ള സക്രാരിയെ വണങ്ങാതെ കടന്നുപോകുന്നു; വിശുദ്ധ കാർബാനയിൽ പങ്കെടുക്കുമെങ്കിലും കാഴ്ചക്കാരായി നിലകൊള്ളുകയും ദിവ്യകാരുണ്യം സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നു.

ഇത്തരം വീഴ്ചകളെക്കുറിച്ചും അവയ്ക്ക് എങ്ങനെ പരിഹാരം കാണാനാകുമെന്നതിനെക്കുറിച്ചും ഗ്രൂപ്പുതിരിഞ്ഞ് ചർച്ച ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുക.

കൂടാതെ, പഴയകാലത്ത് വിശുദ്ധ കുർബാനയോടുള്ള ഭക്തിയും ആദരവും പ്രകടിപ്പിച്ചിരുന്ന രീതികൾ നമ്മുടെ വൃദ്ധരായ മാതാപിതാക്കളോട് ചോദിച്ചറിയുകയും ദിവ്യകാരുണ്യഭക്തിയിൽ ഇന്നുണ്ടായിട്ടുള്ള ഏറ്റക്കുറച്ചിലുകൾ വിലയിരുത്തുകയും ചെയ്യുക.

ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രമാണ് വിശുദ്ധ കുർബാന. രക്ഷകനായ ക്രിസ്തു വിശുദ്ധ കുർബാനവഴി നമ്മുടെ മുമ്പിൽ സദാ സന്നിഹിതനാകുന്നു. വിശുദ്ധ കുർബാന നമ്മുടെ ആത്മാവിന്റെ ഭോജനവും ഭാവിമഹത്ത്വത്തിന്റെ അച്ചാരവുമാണ്. ദിവ്യകാരുണ്യത്തിൽ സദാ സന്നിഹിതനാകുന്ന ക്രിസ്തു നമ്മുടെ ജീവനും പ്രത്യാശയുമാണ്.

വിശുദ്ധ കുർബാന സ്ഥാപിച്ചുനല്കുകവഴി ദിവ്യഭോജനത്തിൽ വിശ്വാസസമൂഹം മുഴുവൻ പങ്കുചേരുവാനും അതുവഴി തന്റെ മൗതികശരീരമായ സഭയിലെ സജീവ അംഗങ്ങളായി ഏവരും വർത്തിക്കാനും ക്രിസ്തു നമ്മെ ക്ഷണിക്കുന്നു.

വിശുദ്ധ കുർബാന ഒരേസമയം ബലിയും വിരുന്നും കൂദാശയും അനുസ്മരണവും ആഘോഷവും ആരാധനയുമാണ്.

## വിശുദ്ധ കുർബാന: ക്രിസ്തുവിന്റെ ബലി

ക്രിസ്തുവിന്റെ കുരിശിലെ ബലിയും അനുദിനം നാം അർപ്പിക്കുന്ന വിശുദ്ധ കുർബാനയാകുന്ന ബലിയും ഒരേ ബലിയാണ്; ബലിവസ്തുവും ഒന്നുതന്നെയാണ്. കുരിശിലെ ബലിയിൽ ബലിയർപ്പകനും ബലിവസ്തുവും യേശുതന്നെയാണ്. കുരിശിൽ സ്വയം അർപ്പിച്ച യേശുതന്നെയാണ് വിശുദ്ധകുർബാനയിൽ പുരോഹിതന്മാരുടെ ശുശ്രൂഷയിലൂടെ സ്വയം അർപ്പിക്കുന്നത്. മറ്റു വിധത്തിൽ പറഞ്ഞാൽ, കുരിശാകുന്ന അൾത്താരയിൽ സ്വയം അർപ്പിച്ചവൻ ദൈവാലയത്തിലെ അൾത്താരയിൽ സന്നിഹിതനാകുകയും രക്തരഹിതമായ വിധത്തിൽ അർപ്പിക്കുകയും ചെയ്യുന്നു (ഹെബ്രാ 9:14,27).

ക്രിസ്തുവിന്റെ ഈ ബലിയിൽ പഴയനിയമത്തിലെ എല്ലാബലികളും (ആബേലിന്റെ ബലി (ഉത്പ 4:4), അബ്രാഹത്തിന്റെ ബലി (ഉത്പ 22:1-17), മെൽക്കിസെദെക്കിന്റെ ബലി (ഉത്പ 14:18) തുടങ്ങിയവ) പൂർത്തിയാക്കപ്പെടുകയും അവയ്ക്ക് അതീതമായി നിലകൊള്ളുകയും ചെയ്യുന്നു. പഴയനിയമത്തിലെ എല്ലാ ബലികളും പൂർത്തീകരിക്കുന്ന ക്രിസ്തുവിന്റെ ബലിയുടെ സ്വഭാവം വിശുദ്ധ കുർബാനയുടെ സ്ഥാപനവാക്കുകളിൽത്തന്നെ പ്രകടമാണ്: "നിങ്ങൾക്കായി നല്കപ്പെടുന്ന എന്റെ ശരീരമാണിത്," "ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്" (ലൂക്കാ 22:19-20). ക്രിസ്തു കുരിശിൽ സമർപ്പിച്ച അതേ ശരീരമാണ് കുർബാനയിൽ അവിടന്നു നമുക്കു നല്കുന്നത്. പാപപരിഹാരാർത്ഥം "അനേകർക്കായി ചിന്തിയ" (മത്താ 26:28) അതേരക്തം നമുക്കു നല്കുന്നു.

വിശുദ്ധ കുർബാന സഭയുടെയും ബലിയാണ്. ക്രിസ്തുവിന്റെ ശരീരമാകുന്നസഭ തന്റെ ശിരസ്സിന്റെ സമർപ്പണത്തിൽ ഭാഗഭാക്കാകുന്നു. അവിടത്തോടുകൂടെ അവൾ മുഴുവനായും സമർപ്പിക്കപ്പെടുന്നു.

"നമ്മുടെ ആന്തരികനിലപാടിന്റെ ബാഹ്യവും ആരാധനാപരവുമായ ബഹിർസ്ഫുരണമാണ് ബലി" -വിശുദ്ധ അഗസ്റ്റിൻ.

## ബലിയും ലക്ഷ്യങ്ങളും

ദൈവത്തോടുള്ള ബന്ധത്തിന്റെയും ഐക്യത്തിന്റെയും അടയാളമായി ഒരാളോ സമൂ

ഹമോ അവിടത്തേക്കു നല്കുന്ന അർച്ചനയാണു ബലി. ബലിയർപ്പണത്തിന്റെ ലക്ഷ്യങ്ങൾ താഴേ പറയുന്നവയാണ്:

- ദൈവത്തിന്റെ കർത്തൃത്വം ഏറ്റുപറയുക.
- ദൈവത്തെ ആരാധിക്കുക, സ്തുതിക്കുക, കൃതജ്ഞതയർപ്പിക്കുക.
- ദൈവത്തിൽനിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുക.
- ചെയ്തുപോയ പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കുക.

## രക്തം ചിന്തിയുള്ള ബലി

രക്തം ജീവന്റെ ഇരിപ്പിടമാണെന്നു വിശ്വസിച്ച യഹൂദജനം "രക്തം ചിന്തൽ കൂടാതെ പാപമോചനമില്ല' (ഹെബ്രാ 9:22) എന്നു പഠിപ്പിച്ചുപോന്നു. പാപമോചനത്തിനായി ആടുമാടുകളുടെ രക്തം ബലിക്കല്ലിൽ അവരൊഴുക്കി. എന്നാൽ ക്രിസ്തു സ്വയം ബലിവസ്തുവായിക്കൊണ്ട് കുരിശിൽ ചിന്തിയ തിരുരക്തംമൂലം മനുഷ്യകുലത്തിന്റെ മുഴുവൻ പാപവും ഇല്ലാതാക്കി.

## വിശുദ്ധ കുർബാന: സ്നേഹവിരുന്ന്

സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പമായ ക്രിസ്തു (യോഹ 6) തന്നെത്തന്നെ മുറിച്ച് ഏവർക്കും നല്കി. അഞ്ചപ്പംകൊണ്ട് അയ്യായിരംപേരെ തീറ്റിപ്പോറ്റിയവൻ, തന്റെ ദിവ്യകാരുണ്യമാകുന്ന ഏകഅപ്പത്തിന്റെ പരമമായസമൃദ്ധി വിശുദ്ധ കുർബാനയിലൂടെ ഒരുക്കുന്നു (മത്താ 14:13-21; 15:32-39). അവിടന്ന് അനുദിനമൊരുക്കുന്ന ഈ വിരുന്ന് ആസ്വദിക്കാൻ നമ്മെ ക്ഷണിക്കുകയും ചെയ്യുന്നു: "വാങ്ങി ഭക്ഷിക്കുവിൻ... വാങ്ങി പാനം ചെയ്യുവിൻ..." ദിവ്യകാരുണ്യം സ്വീകരിക്കേണ്ടത് കുർബാനയിലെ പങ്കാളിത്തത്തിന്റെ പൂർണതയ്ക്ക് ആവശ്യമാണ്: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾക്ക് ജീവൻ ഉണ്ടായിരിക്കുകയില്ല" (യോഹ 6:53).

### വിശുദ്ധ കുർബാന യോഗ്യതയോടെ സ്വീകരിക്കാൻ വേണ്ട കാര്യങ്ങൾ:

- പ്രസാദവരം ഉണ്ടായിരിക്കുന്നത്.
- ദിവ്യകാരുണ്യസ്വീകരണത്തിനു മുമ്പ് ഒരുമണിക്കൂർ നേരത്തേക്ക് ഉപവസിക്കുന്നത്.
- വേണ്ടത്ര ഭക്തിയും ഒരുക്കവും ഉണ്ടായിരിക്കുന്നത്.

ഗൗരവമുള്ള പാപം ചെയ്തിട്ടുണ്ടെന്ന് ബോധ്യമുള്ളവർ വിശുദ്ധ കുർബാന സ്വീകരണത്തിനുമുമ്പ് അനുരഞ്ജനകൂദാശ സ്വീകരിക്കണം.

കുർബാനയിൽ പങ്കുചേരുന്ന ഓരോ പ്രാവശ്യവും ദിവ്യകാരുണ്യം സ്വീകരിക്കാൻ സഭ വിശ്വാസികളെ ഉപദേശിക്കുന്നുണ്ട്. എന്നാൽ വിശുദ്ധ കുർബാന അയോഗ്യതയോടെ സ്വീകരിക്കാൻ പാടില്ല.

"ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും

രക്തത്തിനുമെതിരേ തെറ്റു ചെയ്യുന്നു. അതിനാൽ, ഓരോരുത്തരും ആത്മശോധന ചെയ്തശേഷം ഈ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്യട്ടെ" (1 കൊറി 11:27-28).

### ദിവ്യകാരുണ്യസ്വീകരണത്തിന്റെ ഫലങ്ങൾ (CCC 1396)

- ക്രിസ്തുവിനോടുള്ള നമ്മുടെ ഐക്യം വളർത്തുന്നു.
- ഉത്ഥിതനായ ക്രിസ്തുവിന്റെ ശരീരവുമായുള്ള സംസർഗം സാധ്യമാക്കുന്നു.
- നമ്മെ പാപത്തിൽ നിന്ന് അകറ്റുന്നു.
- നമ്മുടെ പരസ്പരസ്നേഹം ശക്തിപ്പെടുത്തുന്നു.
- ഭാവിയിൽ ഉണ്ടാകാനിടയുള്ള മാരകപാപങ്ങളിൽ നിന്ന് സംരക്ഷിക്കുന്നു.
- ഭൗതികശരീരമായ സഭയോട് ഐക്യപ്പെടുത്തുന്നു.
- ദരിദ്രരോട് നമ്മെ കടപ്പാടുള്ളവരാക്കുന്നു.

### വിശുദ്ധ കുർബാന: സ്നേഹത്തിന്റെയും ഐക്യത്തിന്റെയും കൂദാശ

സഭയിൽ പരികർമ്മംചെയ്യുന്ന എല്ലാ കൂദാശകളും സഭയുടെ എല്ലാ ശുശ്രൂഷകളും പ്രേഷിതദൗത്യപ്രവൃത്തികളും വിശുദ്ധ കുർബാനയോടു ബന്ധപ്പെട്ടിരിക്കുന്നു. കുർബാനയിൽ കേന്ദ്രീകൃതമായിരിക്കുന്നു. കാല്വരിയിലെ ബലി രക്തംചിന്തിയുള്ളതായിരുന്നു; അൾത്താരയിലെ ബലി രക്തരഹിതവും. സാരാംശത്തിൽ രണ്ടും ഒന്നുതന്നെ; എന്നാൽ അർപ്പണരീതിയിൽ വ്യത്യസ്തത പുലർത്തുന്നു. അന്ത്യ അത്താഴബലിയുടെ അടയാളങ്ങളിലൂടെയുള്ള (അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യം) പുനരവതരണമായതുകൊണ്ട് വിശുദ്ധ കുർബാന ഒരു കൂദാശയായി മാറുന്നു. സഭയുടെ ആദ്ധ്യാത്മിക സമ്പത്ത് മുഴുവൻ അടങ്ങിയിരിക്കുന്ന വിശുദ്ധകുർബാന കൂദാശകളുടെ കൂദാശയാണ്. അത് സ്നേഹത്തിന്റെയും ഐക്യത്തിന്റെയും കൂദാശയാണ്.

വിശ്വാസികൾക്ക് ദൈവികജീവനിലുള്ള സംസർഗം സാധ്യമാക്കുന്നു എന്നു മാത്രമല്ല, സഭയെ എന്നേക്കും നിലനിറുത്തുന്നതും ദൈവജനത്തിന്റെ പരസ്പര സ്നേഹവും ഐക്യവും യാഥാർത്ഥ്യമാക്കുന്നതും വിശുദ്ധ കുർബാനായാണ്. ക്രിസ്തുവിന്റെ ദിവ്യസ്നേഹത്താൽ നല്കപ്പെടുന്ന തിരുശരീരരക്തങ്ങളിൽ ഭാഗമാകുകവഴി വിശ്വാസികളെല്ലാവരും ക്രിസ്തുവിൽ ഒരേശരീരമായിത്തീരുന്ന ഐക്യത്തിലേക്ക് വളരുന്നു (1 കൊറി 10:16-17). അനേകം ഗോതമ്പുമണികൾ ചേർന്ന് ഒരു അപ്പമായിത്തീരുന്നതുപോലെ സഭാഗാത്രം ക്രിസ്തുവിൽ ഒന്നായിത്തീരുന്നതുവഴി അപ്പസ്തോലവിശ്വാസപ്രമാണത്തിലെ 'പുണ്യവാന്മാരുടെ ഐക്യം' എന്ന പ്രസ്താവം യഥാർത്ഥമാക്കപ്പെടുന്നു.

വിശ്വാസികളുടെ ഇടയിൽ നിലനില്ക്കേണ്ട കൂട്ടായ്മയെപ്പറ്റി വിശുദ്ധ പൗലോസ് ഓർമ്മിപ്പിക്കുന്നു: "ശരീരം ഒന്നാണെങ്കിലും അതിൽ പല അവയവങ്ങളുണ്ട്. അവയവങ്ങൾ പലതെങ്കിലും അവയെല്ലാംചേർന്ന് ഏകശരീരമായിരിക്കുന്നു... നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്" (1 കൊറി 12:12,27). ശരീരത്തിൽ ഭിന്നിക്കാതെ അവയവങ്ങൾ പരസ്പരം തുല്യശ്രദ്ധയോടെ വർത്തിക്കേണ്ടതാണെന്ന്

പൗലോസ് പഠിപ്പിക്കുന്നു: "ഒരു അവയവം വേദന അനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദന അനുഭവിക്കുന്നു. ഒരു അവയവം പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും സന്തോഷിക്കുന്നു" (1 കൊറി 12:26).

സഭാഗ്രാത്രത്തിന്റെ ഐക്യത്തിനുവേണ്ടി യേശു പ്രാർത്ഥിക്കുന്നുണ്ട്: "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. നാം ഒന്നായിരിക്കുന്നപോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്കു തന്ന മഹത്ത്വം അവർക്കു ഞാൻ നലികിയിരിക്കുന്നു" (യോഹ 17: 21-22).

## വിശുദ്ധ കുർബാന: അനുസ്മരണം

അന്ത്യഅത്താഴസമയത്താണ് യേശു വിശുദ്ധ കുർബാനയാകുന്ന ബലി സ്ഥാപിച്ചത്. അന്ത്യഅത്താഴസമയത്ത് അപ്പമെടുത്ത് വാഴ്ത്തിയശേഷം യേശുപറഞ്ഞു: "നിങ്ങൾക്കായി അർപ്പിക്കപ്പെടുന്ന എന്റെ ശരീരമാണിത്." അനന്തരം വീഞ്ഞു നിറച്ച പാനപാത്രമെടുത്തുകൊണ്ട് അവിടന്നു പറഞ്ഞു: "ഈ പാനപാത്രം നിങ്ങൾക്കായി ചിന്തപ്പെടുന്ന എന്റെ രക്തത്തിലെ പുതിയ ഉടമ്പടിയാകുന്നു" (ലൂക്കാ 22:19-20). "ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" (1 കൊറി 11:24-25) എന്ന അവിടത്തെ കല്പനയനുസരിച്ചാണ് വിശുദ്ധ കുർബാന അനുദിനം നാം അർപ്പിക്കുന്നത്.

വിശുദ്ധ കുർബാനയിൽ 'അനുസ്മരണം' എന്ന കഴിഞ്ഞസംഭവങ്ങൾ ഓർമ്മിക്കൽ മാത്രമല്ല, ദൈവം മനുഷ്യനുചെയ്ത വിസ്മയനീയമായ കാര്യങ്ങളുടെ പ്രഘോഷണം കൂടിയാണ് (പുറ 13:3). കഴിഞ്ഞകാലസംഭവങ്ങൾ പ്രത്യേക രീതിയിൽ ഇന്ന് സന്നിഹിതവും യഥാർത്ഥവുമായിത്തീരുന്നു (ഹെബ്രാ 7:25-27; LG 3; 1 കൊറി 5:7).

കാല്വരിയിൽ പൂർത്തിയാകാനിരുന്ന ബലിയുടെ കൗദാശികരൂപമാണ് അന്ത്യഅത്താഴസമയത്ത് യേശു അർപ്പിച്ച ബലിയിൽ നിറവേറിയത്. ഇത് പെസഹാരഹസ്യങ്ങളുടെ അനുസ്മരണമാണ്. അതായത്, യേശുക്രിസ്തുവിന്റെ ജീവിതത്തിന്റെയും സഹനത്തിന്റെയും മരണത്തിന്റെയും തിരുവുത്ഥാനത്തിന്റെയും സ്വർഗാരോഹണത്തിന്റെയും രണ്ടാം വരവിന്റെയും പിതാവിന്റെ സന്നിധിയിലെ അവിടത്തെ മാധ്യസ്ഥ്യത്തിന്റെയും അനുസ്മരണം (1 കൊറി 11:26).

വിശുദ്ധ കുർബാന 'അനുസ്മരണം' എന്ന നിലയിൽ 'പുനരവതരണം' (Re-enactment) കൂടിയാണ്. ക്രിസ്തുവിന്റെ പെസഹാബലി ആവർത്തിക്കാനാകാത്തതിനാൽ, ഓരോ ബലിയിലും ക്രിസ്തു സ്വയം പുനരവതരിക്കുന്നു. കൂദാശചെയ്യപ്പെട്ട അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ സജീവനും മഹത്ത്വപൂർണ്ണനുമായ ക്രിസ്തുതന്നെ, സത്യമായും യഥാർത്ഥമായും സന്നിഹിതനായിരിക്കുന്നു.

### പെസഹാക്കുഞ്ഞാട്

'പെസഹാ'എന്ന വാക്കിന് 'കടന്നു പോകൽ' എന്നാണർത്ഥം. ഈജിപ്തിലെ ആദ്യജാതന്മാരെ സംഹരിച്ചുകൊണ്ട് അർദ്ധരാത്രിയിൽ ദൈവദൂതൻ കടന്നുപോയി. ആ അവസര

ത്തിൽ ഈജിപ്തിനുമേൽ ദൈവമയച്ച പത്താമത്തെ ബാധയനുസരിച്ച് ഇസ്രായേൽഭവനങ്ങൾ രക്ഷപ്പെട്ടത് വാതില്പ്പടിയിൻമേൽ തളിച്ച കുഞ്ഞാടിന്റെ രക്തം മൂലമാണ് (പുറ 12-13). ദൈവം ഇസ്രായേലിനെ അദ്ഭുതകരമായി രക്ഷിച്ച പ്രസ്തുതദിനത്തിന്റെ ഓർമ്മ വർഷംതോറും കൊണ്ടാടണമെന്ന് നിയമമുണ്ടായിരുന്നു (പുറ 12:14). സീനായ് മലയുടെ അടിവാരത്തിൽ കൂടാരമടിച്ചിരുന്നപ്പോഴാണ് ഇസ്രായേൽക്കാർ രണ്ടാമത്തെ പെസഹാ ആചരിച്ചത് (സംഖ്യ 9:1-5).



- പെസഹാത്തിരുനാളിൽ യഹൂദർ തീർത്ഥാടനം നടത്തിയിരിന്നു.
- യേശുവും ഈ തിരുനാളിന് ജറുസലേമിൽ പോയിരുന്നു (ലൂക്കാ 2:42; യോഹ 2:13; 6:4).
- ശിഷ്യന്മാരോടൊത്ത് യേശു ഭക്ഷിച്ച അന്ത്യഅത്താഴം പെസഹാഭക്ഷണമായിരുന്നു (മത്താ 26:17-30; മർക്കോ 14:12-26; ലൂക്കാ 22:36; 1520).
- യേശു മരിച്ചത് പെസഹാക്കാലത്താണ് (യോഹ 13:1).
- യേശുവിനെ പെസഹാക്കുഞ്ഞാടായാണ് പൗലോസ് ചിത്രീകരിക്കുന്നത് (1 കൊറി 5:7).
- "ദൈവത്തിന്റെ കുഞ്ഞാട്" എന്ന ശീർഷകം സ്നാപകയോഹന്നാൻ യേശുവിനു നല്കുന്നു (യോഹ 1:29,36).
- പത്രോസ് യേശുവിനെ ബലിക്കുവേണ്ടിയുള്ള കുഞ്ഞാടായും പെസഹാക്കുഞ്ഞാടായും അവതരിപ്പിക്കുന്നുണ്ട് (1 പത്രോ 1:19).
- കുഞ്ഞാട് എന്ന ശീർഷകം 28 പ്രാവശ്യം വെളിപാടു പുസ്തകത്തിൽ ക്രിസ്തുവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നു (വെളി 5:6,12; 7:14; 12:11; 13:8)

## വിശുദ്ധ കുർബാന: ദൈവജനത്തിന്റെ ആഘോഷം

ഈ ലോകത്തിൽ നിന്ന് പിതാവിന്റെ പക്കലേക്കു പോകാനുള്ള സമയമായി എന്നറിഞ്ഞുകൊണ്ട്, പെസഹാഭക്ഷണസമയത്ത് യേശു ശിഷ്യരുടെ പാദങ്ങൾ കഴുകുകയും സ്നേഹത്തിന്റെ കല്പന അവർക്കു നല്കുകയും ചെയ്തു (യോഹ 13:1-17, 34-39). തന്നിൽവിശ്വസിക്കുന്നവർക്ക് സ്നേഹത്തിന്റെ അച്ചാരം നല്കാനും തന്റെ സ്വന്തമായുള്ളവരിൽനിന്ന് ഒരിക്കലും വേർപിരിയാതിരിക്കാനും അവരെ തന്റെ പെസഹായിൽ പങ്കുകാരാക്കാനും തന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സ്മാരകമായ വിശുദ്ധകുർബാന തന്റെ പുനരാഗമനം വരെ ആഘോഷിക്കാനും യേശു അപ്പസ്തോലന്മാരോട് കല്പിച്ചു.

യേശുവിന്റെ കല്പന ശിരസ്സാവഹിച്ചുകൊണ്ട് അപ്പസ്തോലന്മാരുടെ കാലംമുതൽ ദൈവജനം അവിടത്തെ ബലി ആഘോഷിച്ചുപോരുന്നു. അവർ അപ്പസ്തോലൻമാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവം പങ്കുചേർന്നു (അപ്പ 2:42). ആഴമാർന്ന വിശ്വാസത്തോടും സഹോദരസ്നേഹത്തോടും ഐക്യ

ത്തോടും കൂടെ (അപ്പ 4:32) ഒത്തുചേരുന്ന ദൈവജനം അവരുടെ രക്ഷകനും കർത്താവുമായ യേശുക്രിസ്തു വിശുദ്ധ കുർബാനയിൽ സന്നിഹിതനാകുന്നത് അനുദിനം അനുഭവിച്ചറിയുന്നു.

## വിശുദ്ധ കുർബാന: സ്വർഗീയ ആരാധനയിലുള്ള പങ്കുചേരൽ

സഭ അടിസ്ഥാനപരമായി ആരാധനാസമൂഹമാണ്. വിശുദ്ധ കുർബാന സഭയുടെ പരമോന്നതമായ ആരാധനയുമാണ്. ശിരസ്സായ ക്രിസ്തുവിനോടും ഭൂവാസികളോടും സ്വർഗവാസികളോടും സഭാഗാത്രം ഒന്നായിച്ചേർന്ന് പിതാവായ ദൈവത്തിനർപ്പിക്കുന്ന ആരാധനയാണ് വിശുദ്ധ കുർബാന.

ക്രിസ്തുവിനും അവിടന്നുവഴി പരിശുദ്ധാത്മാവിൽ പിതാവിനും മനുഷ്യർ നല്കുന്ന ആരാധനയുടെ അത്യുച്ചസ്ഥാനമാണ് വിശുദ്ധ കുർബാനയ്ക്കുള്ളത്. സഭയുടെ ആരാധനക്രമം മുഴുവന്റെയും കേന്ദ്രമായ ദിവ്യബലിയുടെ ആഘോഷംവഴി നാം നമ്മെത്തന്നെ സ്വർഗീയ ആരാധനയുമായി ഒന്നിപ്പിക്കുന്നു.

ശിരസ്സായ ക്രിസ്തു സഭാശരീരത്തിനുവേണ്ടി പിതാവിനർപ്പിക്കുന്ന നിത്യവും പരിശുദ്ധവുമായ ആരാധനയാണ് വിശുദ്ധ കുർബാന (ആരാധനക്രമം, 7).

## വിശുദ്ധ കുർബാനയ്ക്കു നല്കുന്ന വിവിധ പേരുകൾ

വ്യത്യസ്ത പേരുകളിൽ വിളിക്കപ്പെടുന്നതിലൂടെ വിശുദ്ധ കുർബാനയുടെ അക്ഷയമായ സമ്പന്നത വ്യക്തമാകുന്നു.

t

### കൃതജ്ഞതാസ്തോത്രം

വിശുദ്ധ കുർബാന ദൈവത്തോടുള്ള കൃതജ്ഞതാ പ്രകടനമാണ്. കൃതജ്ഞതാസ്തോത്രം ചെയ്യുക (eucharistein - ലൂക്കാ 22:19; 1 കൊറി 11:24), ആശീർവദിക്കുക (eulogein - മത്താ 26:26; മർക്കോ 14:22) എന്നീ ക്രിയാപദങ്ങൾ യഹൂദ ആശീർവാദങ്ങളിൽ പ്രത്യേകിച്ച് ഭക്ഷണസമയത്തുള്ള അനുസ്മരണങ്ങളിലൂള്ളതാണ് (ദൈവത്തിന്റെ സൃഷ്ടികർമ്മം, വീണ്ടെടുപ്പ്, വിശുദ്ധീകരണം എന്നിവ ഈ ആശീർവാദപ്രാർത്ഥനകളിൽ അനുസ്മരിക്കുന്നു).

### കർത്താവിന്റെ അത്താഴം

കർത്താവ് തന്റെ പീഡാനുഭവത്തിന്റെ തലേരാത്രിയിൽ ശിഷ്യന്മാരോടൊത്തു കഴിച്ച അത്താഴ സമയത്താണ് വിശുദ്ധ കുർബാന സ്ഥാപിച്ചത്. സ്വർഗീയ ജറുസലേമിലെ കുഞ്ഞാടിന്റെ വിവാഹവിരുന്നിന്റെ മുന്നാസ്വാദനം കൂടിയാണ് വിശുദ്ധ കുർബാന (1 കൊറി 11:20; വെളി 19:9).

### അപ്പം മുറിക്കൽ

യഹൂദ ഭക്ഷണമേശയിലെന്നപോലെ അന്ത്യഅത്താഴവേളയിൽ യേശു അപ്പം ആശീർവദിക്കുകയും മുറിച്ചു വിളമ്പുകയും ചെയ്യുന്നു (മത്താ 26:26; 1 കൊറി 11:2324). അപ്പംമുറിക്കൽ പ്രവൃത്തിവഴിയാണ് തിരുവുത്ഥാനത്തിനുശേഷം ശിഷ്യന്മാർ യേശുവിനെ തിരിച്ചറിയുന്നത് (ലൂക്കാ 24:1335). ആദിമക്രിസ്ത്യാനികൾ തങ്ങളുടെ ദിവ്യകാരുണ്യസമ്മേളനങ്ങൾ പരാമർശിക്കാൻ 'അപ്പംമുറിക്കൽ' എന്ന പേരാണ് ഉപയോഗിച്ചിരുന്നത് (മർക്കോ 2:42,46; 20:7,11).

### സൂചനാക്ഷര മുദ്രകൾ

**IHC** - യേശുക്രിസ്തുവിനെ സൂചിപ്പിക്കുന്ന സൂചനാക്ഷരമുദ്രയാണിത്. Jesus IHCOUC എന്ന ഗ്രീക്കുപദത്തിലെ ആദ്യത്തെ രണ്ടക്ഷരങ്ങളും (IH) അവസാനത്തെ അക്ഷരവും ചേർത്ത് (C) രൂപപ്പെടുത്തിയതാണ് IHC എന്ന മോണോഗ്രാം.

**IHS** - ഗ്രീക്കു പദത്തിലെ C യ്ക്കുപകരം ലത്തീൻ ഭാഷയിലെ S പ്രചാരത്തിൽവന്നു. Iesus homminum salvator എന്നീ പദങ്ങളുടെ ആദ്യാക്ഷരങ്ങളാണ് IHS, "യേശു മനുഷ്യരുടെ രക്ഷകനാണ്" (Jesus The Saviour of Men) എന്നാണർത്ഥം.

**INRI** - ഈ നാല് അക്ഷരങ്ങൾ നാല് ലാറ്റിൻ പദങ്ങളുടെ ആദ്യാക്ഷരങ്ങളാണ്, Jesus Nazarenus Rex Iudaeorum. നസ്രായനായ യേശു യഹൂദരുടെ രാജാവ് - Jesus of Nazareth King of Jews എന്നാണ് അർത്ഥം. യേശുവിനെ കുരിശിൽ തറച്ചപ്പോൾ പീലാത്തോസ് കുരിശിൽ എഴുതിവച്ച മേലെഴുത്താണിത് (യോഹ 19:19).

### ഉത്തരം കണ്ടെത്താം

1. വിശുദ്ധ കുർബാനയിലെ ബലിയുടെ മാനങ്ങൾ വിവരിക്കുക?
2. വിശുദ്ധ കുർബാന അനുസ്മരണം ആകുന്നതെങ്ങനെ?
3. ദൈവജനത്തിന്റെ ആഘോഷമാണ് വിശുദ്ധ കുർബാന എന്നു പറയുന്നതെന്തുകൊണ്ട്?
4. ദിവ്യകാരുണ്യസ്വീകരണത്തിന്റെ ഫലങ്ങൾ ഏവ?
5. വിശുദ്ധ കുർബാനയ്ക്കു നല്കുന്ന വിവിധ പേരുകൾ വിവരിക്കുക?

### പ്രവർത്തനം

വിശുദ്ധ കുർബാന നിത്യജീവന്റെ ഭോജനവും പരമമായ ആരാധനയുമാണ്. വിശുദ്ധ കുർബാനയുമായി ബന്ധപ്പെട്ട് ധാരാളം അദ്ഭുതങ്ങൾ നടന്നിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടാകും. അത്തരം അദ്ഭുതങ്ങളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും വിലയിരുത്തുകയും ചെയ്യുക.

### ഗാനം



ക്രൈസ്തവജീവിതകേന്ദ്രം - നമ്മുടെ
ആത്മാവിൻ തിരുഭോജനം
സഭയിൽ സജീവമംഗത്വം
നേടാനുതകും ദിവ്യബലി
ആബേലബ്രാം മെൽക്കിസെദെക്ക്
ഏകിയ ബലിയുടെ പൂരണം
യേശുശരീരം മനുജർക്കായ്
നല്കിയ ബലിയുടെ സാഫല്യം!
പാപവിമോചകമീബലിയിൽ
അനുദിനവും നാം ചേരേണം
വരദായകമീ ബലിവഴി നാം
സ്വർഗപഥങ്ങളിലെത്തേണം



# 11 യുവജനങ്ങളുടെ അമ്മയായ മറിയം

**ആമുഖ പ്രവർത്തനം:**

“ഈശ്വരന് എല്ലായിടത്തും എത്താൻ സാധ്യമല്ലാത്തതുകൊണ്ടാണ് അമ്മമാരെ തന്നത്” എന്നാണ് ഒരു യഹൂദപഴമൊഴി. നമ്മുടെ ജീവിതം കരുപ്പിടിക്കുന്നതിൽ അമ്മമാർക്കുള്ള സ്ഥാനം ഈ പഴമൊഴി വ്യക്തമാക്കുന്നു. നമ്മുടെ അമ്മമാർക്ക് മാതൃകയായ പരിശുദ്ധകന്യകാമറിയത്തിൽ നിങ്ങൾ കാണുന്ന മാതൃഗുണസവിശേഷതകളുടെ ലിസ്റ്റ് തയ്യാറാക്കുക.

ദൈവദൂതൻ മറിയത്തെ അഭിസംബോധന ചെയ്തതു സംബന്ധിച്ച് വിശുദ്ധഗ്രന്ഥത്തിൽ നമുക്കുലഭിക്കുന്ന സാക്ഷ്യം ഇപ്രകാരമാണ്: "ദൈവകൃപനിറഞ്ഞവളേ! സ്വസ്തി, കർത്താവു നിന്നോടുകൂടെ!" (ലൂക്കാ 1:28). ഒരു സാധാരണ ഗ്രാമീണകന്യകയായ മറിയം തന്റെ യൗവനകാലത്ത് ദൈവതിരുമുമ്പിൽ എത്രമാത്രം മഹത്ത്വമുള്ളവളായി കാണപ്പെട്ടു എന്ന വസ്തുത ദൈവത്തിന്റെ ഈ അഭിസംബോധനയിൽനിന്ന് നമുക്കു വ്യക്തമാകുന്നു.

ദൈവകൃപനിറഞ്ഞവളായ മറിയം എപ്രകാരമാണ് തന്റെ ജീവിതത്തിലെ വിവിധങ്ങളായ സാഹചര്യങ്ങളിൽ പ്രലോഭനങ്ങളും വെല്ലുവിളികളും അതിജീവിച്ച് തന്റെ നന്മനിറഞ്ഞ വ്യക്തിത്വത്തെ ദൈവികകാര്യങ്ങൾക്കായി സമർപ്പിച്ചതെന്നും സഹരക്ഷകയായി വർത്തിച്ചതെന്നും നമുക്ക് ഈ പാഠത്തിലൂടെ മനസ്സിലാക്കാം. അതുവഴി മറിയത്തെ യുവതീയുവാക്കളായ നമ്മുടെ ജീവിതത്തിൽ മാതൃകയും സംരക്ഷകയുമായി സ്വീകരിക്കാം.

## മറിയം ദൈവമാതാവ്

മറിയത്തെ സർവാദരണീയയും മഹത്ത്വമേറിയവളുമാക്കുന്നത് അവളിലെ ദൈവമാതൃത്വമാണ്. ഈ അത്യുന്നതപദവിയിലേക്ക് ആദിയിൽത്തന്നെ അവൾ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടു. നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം മൂന്നാംപാദം ഈ യാഥാർത്ഥ്യം സംശയലേശമെന്യേ ഏറ്റുപറയുന്നു: "അവിടന്നുവഴി സകലതും സൃഷ്ടിക്കപ്പെട്ടു. മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും അവിടന്ന് സ്വർഗത്തിൽ നിന്ന് ഇറങ്ങി പരിശുദ്ധാത്മാവാൽ കന്യകാമറിയത്തിൽ നിന്നു ശരീരം ധരിച്ച്, മനുഷ്യനായിപിറന്നു."

t

ഉത്പത്തിപുസ്തകം 3:14-15-ൽ ദൈവം നല്കുന്ന രക്ഷയുടെ സൂചന ഇപ്രകാരമാണ്: "നീയും 'സ്ത്രീയും' തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തലതകർക്കും." ഏശയ്യാ 7:14-ൽ പറയുന്നു: "യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും." ഉത്പത്തിപ്പുസ്തകത്തിൽ പറയുന്ന 'സ്ത്രീ'യും ഏശയ്യാ പ്രവാചകൻ സൂചിപ്പിക്കുന്ന 'യുവതിയും' യേശുവിന്റെ അമ്മയായ പരിശുദ്ധകന്യകാമറിയവും ഒരാൾതന്നെയാണ്.

- ദൈവം തന്നെയായ വചനം മാംസംധരിച്ച് നമ്മോടുകൂടെവസിച്ചു (യോഹ 1:14). 'ദൈവം നമ്മോടുകൂടെ' എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു വിളിക്കപ്പെട്ടു (മത്താ 1:23). ഇമ്മാനുവേലായ ക്രിസ്തു മറിയത്തിൽ നിന്നു പിറന്നതിനാലാണ് മറിയം ദൈവമാതാവായിത്തീരുന്നത്.

- സഭ നൂറ്റാണ്ടുകളായി ഉപയോഗിക്കുന്ന വിശേഷണങ്ങളാണ് "യേശുവിന്റെ അമ്മ," "കന്യകാമാതാവ്," "ദൈവത്തിന്റെ അമ്മ" എന്നിവ. പരിശുദ്ധകന്യാകാമറിയത്തിന്റെ മാതൃത്വം മനുഷ്യാവതാരരഹസ്യവുമായി ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഈ വിശേഷണങ്ങൾ വ്യക്തമാക്കുന്നു.

- മറിയത്തെ ദൈവമാതാവ് എന്നുവിളിച്ചുതുടങ്ങിയത് മൂന്നാം നൂറ്റാണ്ടുമുതലാണ്. ദൈവത്തിന്റെ അമ്മ എന്ന മറിയത്തിനുള്ള വിശേഷണം ക്രൈസ്തവജനതയുടെ വിശ്വാസജ്ഞാനത്തിൽ നിന്നുദ്ഭവിച്ചതാണെന്ന് ജോൺപോൾ രണ്ടാമൻ പാപ്പാ പഠിപ്പിക്കുന്നു.

(പരിശുദ്ധ അമ്മ, വാല്യം രണ്ട്).

- ഏ.ഡി. 431-ലെ എഫേസൂസ് സൂനഹദോസാണ് "ദൈവത്തിന്റെ അമ്മ" (Theotokos) എന്നവിശേഷണം ഔദ്യോഗികമായി മറിയത്തിന് അംഗീകരിച്ചുനല്കിയത്.
- പാശ്ചാത്യ-പൗരസ്ത്യ സഭകൾ മറിയത്തിന്റെ ദൈവമാതൃത്വത്തെക്കുറിച്ചുള്ള സ്തുതിപ്പുകൾ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനുമുള്ള സ്തുതിപ്പുകളോടു കൂട്ടിച്ചേർത്തിരുന്നു.

കെരൂബിമാലാഖമാരെക്കാൾ മഹത്ത്വമിയന്നവളേ,
സെറാഫിമാലാഖമാരെക്കാൾ മഹത്ത്വമിയന്നവളേ,
അങ്ങയെ ഞങ്ങൾ മഹത്ത്വപ്പെടുത്തുന്നു.
അങ്ങ് കന്യാത്വം നഷ്ടമാകാതെ
ദൈവവചനത്തിനു ജന്മമേകി.
അങ്ങാണ് യഥാർത്ഥ ദൈവമാതാവ് (രക്ഷകന്റെ അമ്മ, 32)

## അമലോദ്ഭവയായ മറിയം

പരിശുദ്ധ കന്യകാമറിയം ഉദ്ഭവപാപമില്ലാതെ ജനിച്ചവളാണെന്ന സത്യം ആരംഭകാലം മുതലേ കത്തോലിക്കാവിശ്വാസത്തിന്റെ ഭാഗമായിരുന്നു. കത്തോലിക്കാവിശ്വാസികൾ ദൃഢമായി വിശ്വസിച്ചിരുന്ന ഈ സത്യം തന്റെ പ്രബോധനാധികാരമുപയോഗിച്ച് 1854-ൽ ഇൻഎഫാബിലിസ് ദേവൂസ് (Ineffabilis Deus) എന്ന പ്രബോധനത്തിലൂടെ 9-ാം പീയൂസ് പാപ്പാ വിശ്വാസസത്യമായി പ്രഖ്യാപിച്ചു. പ്രഖ്യാപനത്തിന്റെ രത്നച്ചുരുക്കം ഇതായിരുന്നു: "ഏറ്റവും അനുഗൃഹീതയായ കന്യകാമറിയം ലോകരക്ഷകനായ മിശിഹായുടെ യോഗ്യതകളാൽ ദൈവത്തിന്റെ വരപ്രസാദത്താലും ആനുകൂല്യത്താലും തന്റെ ഉദ്ഭവത്തിന്റെ ആദ്യക്ഷണത്തിൽത്തന്നെ ജന്മപാപത്തിന്റെ ഒരുവിധ മാലിന്യവും ബാധിക്കാതെ കാത്തുസൂക്ഷിക്കപ്പെട്ടുവെന്നത് ദൈവാവിഷ്കൃത സത്യമാണെന്നും ആകയാൽ എല്ലാവരും ഈ സത്യം നിരന്തരം ഉറച്ചു വിശ്വസിക്കണമെന്നും നാം പ്രഖ്യാപിക്കുകയും വിളംബരം ചെയ്യുകയും ചെയ്യുന്നു" .



പാപരഹിതനായ ദൈവപുത്രനു ജന്മം കൊടുക്കാൻ പാപരഹിതയായ ഒരു മാതാവുതന്നെ വേണമായിരുന്നു. അതുകൊണ്ട് ഉദ്ഭവനിമിഷം മുതൽതന്നെ ജന്മപാപത്തിന്റെ കറയില്ലാതെ ദൈവം മറിയത്തെ സംരക്ഷിച്ചു. അതുകൊണ്ടാണ് 'മിശിഹായുടെ യോഗ്യതകളാൽ' എന്ന് പാപ്പായുടെ പ്രഖ്യാപനത്തിൽ എടുത്തുപറഞ്ഞിരിക്കുന്നത്. 'അമലോദ്ഭവ' എന്ന ഈ പദവി പരിശുദ്ധ മറിയത്തിനു ദൈവം നല്കിയ സവിശേഷ

ദാനമാണ്; ദൈവത്തിന്റെ പ്രസാദവരത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ പ്രകടനവുമാണ്.

മറിയത്തെ ലോകരക്ഷകന്റെ മാതാവായി ദൈവം തിരഞ്ഞെടുത്തത് മംഗലവാർത്താവേളയിലല്ല, ആദിയിൽത്തന്നെ ഉണ്ടായിരുന്ന ദൈവവചനം മനുഷ്യനായി (യോഹ 1:1) അവതരിക്കണമെന്നു ദൈവം അനാദിയിലേ നിശ്ചയിച്ചതു മുതലാണ് എന്നു രണ്ടാംവത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു (തിരുസഭ,-56). അനാദികാലം മുതലേ ദൈവം മറിയത്തെ രക്ഷകന്റെ മാതാവായി തിരഞ്ഞെടുത്തെന്നാണ് ഇതുസൂചിപ്പിക്കുന്നത്. അതിനാലാണ് ദൈവദൂതൻ 'നന്മനിറഞ്ഞവളേ സ്വസ്തി, നീ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാകുന്നു' എന്ന് അഭിസംബോധന ചെയ്തത്.

“ദൈവത്തിന്റെ മണവാട്ടിയായ അല്ലയോ കന്യകാമറിയമേ, നീ അമലയാണ്. പരമപരിശുദ്ധയാണ്; പാപത്തിന്റെ അഖിലമാലിന്യങ്ങളിലും നിന്ന് പരിപൂർണമായി മുക്തയാണ്” (വിശുദ്ധ എഫ്രേം).

“ക്രിസ്തുവിന്റെ ശരീരം മറിയത്തിന്റെ ശരീരമാകയാൽ മറിയം ഉദ്ഭവപാപത്തോടെ ജനിച്ചിരുന്നെങ്കിൽ അതു ക്രിസ്തുവിനുതന്നെ അപമാനകരമാകുമായിരുന്നു” (വിശുദ്ധ അഗസ്റ്റിൻ).

- 1830-ൽ പാരീസിൽ കാതറൈൻ ലബോൾ എന്ന സന്ന്യാസിക്കു പ്രത്യക്ഷപ്പെട്ട മറിയം താൻ അമലോദ്ഭവയാണെന്ന് അരുൾചെയ്യുകയുണ്ടായി.
- 1858-ൽ ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ട അവസരത്തിലും പരിശുദ്ധകന്യക ഈ സത്യം ആവർത്തിച്ചു.
- സിക്സ്റ്റസ് നാലാമൻ പാപ്പായാണ് അമലോദ്ഭവമാതവിന്റെ തിരുന്നാൾ (ഡിസംബർ 8) സ്ഥാപിച്ചത്.
- അലക്സാണ്ടർ ഏഴാമൻ പാപ്പാ അമലോദ്ഭവത്തിരുനാളിന്റെ അർത്ഥത്തെയും ഉദ്ദേശ്യത്തെയും കുറിച്ച് ഒരു പ്രബോധനം പുറപ്പെടുവിച്ചു.

ഉദ്ഭവപാപത്തോടെ ജനിക്കുന്ന നമുക്ക് ജ്ഞാനസ്നാനത്തിലൂടെയും മറ്റുകൂദാശകളിലൂടെയും ലഭിക്കുന്ന പ്രസാദവരം കാത്തുസൂക്ഷിച്ചുകൊണ്ട് നിത്യ വിശുദ്ധയായ കന്യാമറിയത്തിന്റെ അമലോദ്ഭവത്തിന്റെ കൃപകളിൽ പങ്കുചേരാം.

## നിത്യകന്യകയായ മറിയം

രക്ഷാകരപദ്ധതിപ്രകാരം തന്റെ പുത്രൻ ഒരു കന്യകയിൽ നിന്നു ജനിക്കണമെന്ന് ദൈവം അനാദിയിലേ നിശ്ചയിച്ചിരുന്നതാണ്. യേശുവിന്റെ ജനനത്തെക്കുറിച്ചു ലൂക്കാ സുവിശേഷകൻ നല്കുന്ന വിവരണത്തിൽ ഇക്കാര്യം സ്പഷ്ടമാക്കുന്നു:

“ആറാം മാസം ഗബ്രിയേൽ ദൂതൻ ഗലീലിയിൽ നസ്രത്ത് എന്ന പട്ടണത്തിൽ ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫ് എന്നു പേരുള്ള പുരുഷനുമായി വിവാഹനിശ്ചയം ചെയ്തിരുന്ന കന്യകയുടെ അടുത്തേക്ക്, ദൈവത്താൽ അയയ്ക്കപ്പെട്ടു. അവളുടെ പേര് മറിയം എന്നായിരുന്നു. ദൂതൻ അവളോടു പറഞ്ഞു: “മറിയമേ നീ ഭയപ്പെടേണ്ട; ദൈവസന്നിധി



യിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും നീ അവന് യേശു എന്നു പേരിടണം." മറിയം ദൂതനോടു പറഞ്ഞു: "ഇത് എങ്ങനെ സംഭവിക്കും; ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ" (ലൂക്ക 1:26–34).

പിന്നീട് ജോസഫിന് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ദൈവദൂതൻ മറിയത്തെ സംബന്ധിച്ചുള്ള ദൈവത്തിന്റെ പദ്ധതി അറിയിച്ചു: "ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ടാ. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം. എന്തെന്നാൽ, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിക്കും" (മത്താ 1:20–21) തന്റെ കന്യകാത്വത്തെക്കുറിച്ചുള്ള മറിയത്തിന്റെ തന്നെ സാക്ഷ്യവും (ലൂക്കാ 1:34) മറിയത്തിന്റെ കന്യകാത്വത്തെക്കുറിച്ച് ദൈവം നല്കുന്ന സാക്ഷ്യവുമാണ് (മത്താ 1:20–21) നാമിവിടെ കാണുന്നത്.

വിശുദ്ധഗ്രന്ഥത്തിലൂടെ വെളിവാക്കപ്പെട്ട പരിശുദ്ധ മറിയത്തിന്റെ കന്യാത്വം ആരംഭകാലം മുതലേ സഭയുടെ വിശ്വാസത്തിന്റെ ഭാഗമായി സഭയും ഏറ്റുപറയുന്നു: "പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മാത്രമാണ് കന്യകാമാതാവിന്റെ ഉദരത്തിൽ യേശു സംജാതനായത്" (CCC,496).

സഭയുടെ ആരാധനക്രമത്തിൽ മറിയത്തെ നിത്യകന്യക എന്നാണ് പ്രകീർത്തിക്കുന്നത് (തിരുസഭ, 52). ദൈവപുത്രനു ജന്മം നല്കിയശേഷവും മറിയത്തിന്റെ കന്യകാത്വത്തിനു ഭംഗം വന്നിട്ടില്ല എന്നത് ഒരുവിശ്വാസസത്യമായി സഭ പഠിപ്പിക്കുന്നു (തിരുസഭ, 57 കാണുക).

വിശുദ്ധ ഇരണേവൂസ്, അലക്സാണ്ട്രിയായിലെ വിശുദ്ധ ക്ലെമെന്റ്, നൈസീനിനിലെ വിശുദ്ധ ഗ്രിഗറി, വിശുദ്ധ ജെറോം മുതലായ സഭാപിതാക്കന്മാരും പണ്ഡിതന്മാരും മറിയത്തിന്റെ നിത്യകന്യാത്വം വിശ്വാസസത്യമായി ഏറ്റുപറഞ്ഞവരും പഠിപ്പിച്ചവരുമാണ്.

മറിയം, "പുത്രനെ ഗർഭം ധരിച്ചപ്പോഴും പ്രസവിച്ചപ്പോഴും നിത്യകന്യകയായി തുടർന്നു" (വിശുദ്ധ അഗസ്റ്റിൻ).

ക്രിസ്തുവിന്റെ ജനനത്തിനുമുമ്പും (pre-natum) ജനനസമയത്തും (in-natum) ജനനത്തിനുശേഷവും (post-natum) മറിയം നിത്യകന്യകയാണെന്ന വിശ്വാസത്തിന് പരിശുദ്ധ പിതാവ് പോൾ നാലാമൻ മാർപാപ്പാ 1555–ൽ സ്ഥിരീകരണം നല്കുകയുണ്ടായി.

മറിയത്തിന്റെ നിത്യകന്യാത്വം ഒരു വിശ്വാസസത്യമായി സ്വീകരിച്ച് ഒരു ദൈവികരഹസ്യമെന്നനിലയിൽ അതിന്റെ അർത്ഥം ഗ്രഹിക്കാനാണ് നാം ശ്രമിക്കേണ്ടത്. വിശ്വാസത്തിന്റെ ഉൾക്കണ്ണാണ് ഇവിടെ നമുക്കുവേണ്ടത്.

## മറിയം സഹരക്ഷക

ക്രിസ്തു തന്റെ കുരിശുമരണത്തിലൂടെയാണ് ലോകത്തിന്റെ രക്ഷ സാധ്യമാക്കിയത്. അവിടത്തെ അമ്മയായ മറിയം മംഗലവാർത്താസമയത്ത് ദൈവതിരുമുമ്പിൽ നടത്തിയ ആത്മസമർപ്പണം മുതൽ ജീവിതാവസാനംവരെ യേശുവിന്റെ പീഡാസഹനങ്ങളിൽ പങ്കാളിയാകുന്നത് സുവിശേഷങ്ങളിൽ നമുക്കു കാണാം. ഇപ്രകാരം ലോകത്തെ രക്ഷിക്കാനുള്ള ക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനത്തിൽ പങ്കുകാരിയാകുന്നതുവഴി മറിയം സഹരക്ഷകയാകുന്നു.



ലോകരക്ഷകനായ ക്രിസ്തുവിന്റെ ക്ലേശങ്ങൾനിറഞ്ഞ ജീവിതയാത്രയിൽ നിഴൽ പോലെ അവിടത്തെ പിന്തുടരുന്ന ത്യാഗമൂർത്തിയായ അമ്മയെയാണ് സുവിശേഷങ്ങളിൽ നാം കണ്ടുമുട്ടുന്നത്. ദൈവപുത്രനെ ഉദരത്തിൽ സംവഹിച്ച നിമിഷം മുതൽ മറിയത്തിന്റെ ജീവിതവും ക്ലേശപൂർണമായിരുന്നു. രക്ഷകനോടൊപ്പം സഹിച്ചുകൊണ്ട് അമ്മയും ജീവിതാവസാനംവരെ മകനോടൊത്തുനീങ്ങുന്നു. സ്വപുത്രൻ കുരിശിൽ പിടഞ്ഞുമരിക്കുന്ന ഹൃദയഭേദകമായ കാഴ്ച നുറുങ്ങിയ ഹൃദയത്തോടെ നോക്കിനില്ക്കുന്ന അമ്മ! അവസാനം, മകന്റെ ചേതനയറ്റ ശരീരം കുരിശിൽ നിന്നിറക്കി മടിയിൽ കിടത്തുമ്പോൾ ആ അമ്മയുടെ ഹൃദയത്തിലൂടെ കടന്നുപോയ വികാരവിചാരങ്ങൾ എന്തൊക്കെയായിരിക്കും! ശിശുവിന്റെ പരിച്ഛേദനത്തിനുള്ള എട്ടാംദിവസം മകനെ ദൈവാലയത്തിൽ സമർപ്പിച്ചപ്പോൾ മഹാത്മാവായ ശിമയോൻ പ്രവചിച്ചതു പൂർത്തിയായി: “ഇവൻ ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. ഇവൻ വിവാദവിഷയമായ അടയാളവുമായിരിക്കും. അങ്ങനെ, അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടും. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറുകയും ചെയ്യും” (ലൂക്കാ 2:34-35).

രക്ഷകനായ പുത്രൻ സ്വശരീരത്തിൽ ഏറ്റുവാങ്ങിയ കഠോരപീഡനങ്ങളത്രയും അമ്മ തന്റെ ഹൃദയത്തിൽ ഏറ്റുവാങ്ങി.

1935- ൽ പതിനൊന്നാം പീയൂസ് മാർപാപ്പായാണ് ആദ്യമായി സഹരക്ഷക എന്നവിശേഷണം മറിയത്തിനു നല്കിയത്. മറിയം ദൈവത്തിന്റെ കരങ്ങളിൽ വെറുമൊരു നിഷ്ക്രിയമായ ഉപകരണമായിരുന്നില്ല. സ്വതന്ത്രമായ തീരുമാനത്തിലൂടെ, വിശ്വാസത്തോടും അനുസരണത്തോടും കൂടെ അവൾ മനുഷ്യരക്ഷാകർമ്മത്തിൽ സജീവമായി പങ്കെടുത്തു എന്ന് സഭാപിതാക്കൻമാരെ ഉദ്ധരിച്ചുകൊണ്ട് രണ്ടാം വത്തിക്കാൻകൗൺസിൽ ഉദ്ബോധിപ്പിക്കുന്നു (തിരുസഭ, 61).

## ‘രണ്ടാമത്തെ ഹവ്വ’

ആദിമാതാവായ ഹവ്വ സാത്താന്റെ വചനംകേട്ട് പാപത്തിനടിപ്പെടുകയും ദൈവത്തിൽ നിന്നകലുകയും ചെയ്തു. തന്മൂലം അവളിൽ നിന്നുണ്ടായ മനുഷ്യകുലം മുഴുവൻ ഉദ്ഭവ പാപത്തിന് അടിമകളായി. എന്നാൽ മറിയമാകട്ടെ, ‘ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ’ എന്നു പറഞ്ഞുകൊണ്ട് ദൈവികപദ്ധതിക്കുമുമ്പിൽ സ്വയം സമർപ്പിച്ചു.

ആദിപാപത്തിന് ഒരു സ്ത്രീ (ഹവ്വ) കാരണമായെങ്കിൽ, തിരഞ്ഞെടുക്കപ്പെട്ട മറ്റൊരുസ്ത്രീ (മറിയം) പാപത്തിന്റെ അടിമത്തത്തിൽ നിന്നുള്ള വീണ്ടെടുപ്പിനു കാരണമാകുന്നു. അങ്ങനെ മറിയം ‘രണ്ടാമത്തെ ഹവ്വ’ എന്നു വിളിക്കപ്പെടുകയും ചെയ്യുന്നു.

രക്ഷകന്റെ സഹരക്ഷകയായി മാറിയ മറിയം ഇന്നും സഭയുടെ രക്ഷാകരപ്രവർത്തനങ്ങളിൽ സഭയോടൊത്തുണ്ട്. ഈ അമ്മയോടൊത്ത് യുഗാന്തത്തിൽ പൂർത്തിയാകേണ്ട മനുഷ്യരക്ഷാദൗത്യത്തിൽ നമുക്കും പങ്കുകാരാകാം. മറ്റുള്ളവരുടെ നന്മയ്ക്കു വേണ്ടി നിലകൊള്ളുമ്പോൾ നമ്മുടെ ജീവിതത്തിലുണ്ടാകുന്ന സഹനങ്ങൾ ക്രിസ്തുവിന്റെ സഹനങ്ങളോടു ചേർന്ന് ഏറ്റെടുക്കാൻ യുവജനങ്ങളായ നമുക്ക് മറിയം മാതൃകയാണ്.

## സ്വർഗാരോപിതയായ മറിയം

ലോകരക്ഷകനോടൊപ്പം മനുഷ്യകുലത്തിന്റെ രക്ഷാകരപദ്ധതിയിൽ പങ്കുചേർന്ന മറിയം തന്റെ ഈ ലോകജീവിതം അവസാനിച്ചപ്പോൾ ആത്മശരീരങ്ങളോടെ സ്വർഗത്തിലേക്കു സംവഹിക്കപ്പെട്ടു എന്നാണ് ക്രൈസ്തവവിശ്വാസം. പാപലേശമെന്യേ ജനിച്ച് പാപരഹിതയായി ജീവിച്ചവളും ദൈവത്തിന്റെ അമ്മയുമായ പരിശുദ്ധകന്യകാമറിയത്തിന്റെ പൂജ്യശരീരം മണ്ണിൽ ലയിക്കുക സാധ്യമല്ല; അത് യുക്തിക്കും വിശ്വാസത്തിനും നിരക്കുന്നതുമല്ല.



വിശുദ്ധ പൗലോസ് അപ്പസ്തോലൻ പഠിപ്പിക്കുന്നതനുസരിച്ച്, “ഒരു മനുഷ്യൻമൂലം പാപവും പാപംമൂലം മരണവും ലോകത്തിൽ പ്രവേശിച്ചു. അപ്രകാരം എല്ലാവരും പാപം ചെയ്തതുകൊണ്ട് മരണം എല്ലാവരിലും വ്യാപിച്ചു” (റോമാ 5:12). എന്നാൽ, അമലോദ്ഭവയും ദൈവകൃപനിറഞ്ഞവളുമായ മറിയം പാപത്തിന്റെ അനന്തരഫലമായ മരണത്തിനോ ശരീരത്തിന്റെ നാശത്തിനോ വിധേയയാകാതെ സ്വർഗാരോപിതയായി.

അഞ്ചാം നൂറ്റാണ്ടുമുതൽ മറിയത്തിന്റെ സ്വർഗാരോപണത്തിരുനാൾ സഭയിൽ

[redacted]

### മറിയം സഭയുടെ മാതാവ്

[redacted]

വിശ്വാസികളാണ് ആദ്യം മറിയത്തെ 'ദൈവമാതാവ്' എന്നും 'വിശ്വാസികളുടെ അമ്മ'യെന്നും 'നമ്മുടെ അമ്മ' എന്നുമൊക്കെ വിളിച്ചുതുടങ്ങിയതെന്ന് ജോൺ പോൾ രണ്ടാമൻ പാപ്പാ പറയുന്നു.

**പരിശുദ്ധകന്യകാമറിയത്തിന് സഭയുമായുള്ള മാതൃബന്ധം പുതിയനിയമഗ്രന്ഥങ്ങളിൽ:**

- കാനായിലെ കല്യാണവിരുന്നിൽ യേശു പ്രവർത്തിച്ച പ്രഥമ അദ്ഭുതം മറിയത്തിന്റെ ഇടപെടലിലൂടെയായിരുന്നെന്ന് നാം കണ്ടു. അങ്ങനെ ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ പ്രഥമസമൂഹം ശിഷ്യന്മാരിലൂടെ രൂപപ്പെടാൻ മറിയത്തിന്റെ ഇടപെടൽ കാരണമായി. ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു (യോഹ 2:11).
- ക്രിസ്തുവിന്റെ രക്ഷാകരയാത്രയിൽ ഉടനീളം, പ്രത്യേകിച്ച് അവിടത്തെ സഹനത്തിന്റെ വേളകളിൽ, പതറാതെ അവിടത്തെ അടുത്ത് അനുഗമിച്ചുകൊണ്ട് മറിയം സഭയുടെ പ്രതീകവും സഭാമക്കൾക്ക് മാതൃകയുമായി.
- ഒടുവിൽ തന്റെ കുരിശുമരണത്തിന്റെ അനുഗൃഹീത നിമിഷങ്ങളിൽ "ഇതാ, നിന്റെ അമ്മ" എന്നുപറഞ്ഞ് വിശ്വാസിസമൂഹത്തിന്റെ പ്രതിനിധിയായ യോഹന്നാന് തന്റെ അമ്മയെയും "ഇതാ, നിന്റെ മകൻ" എന്നു പറഞ്ഞ് സഭാമക്കളെ മറിയത്തിനും ഭരമേല്പിക്കുന്ന ക്രിസ്തുവിനെ നാം കാണുന്നു (യോഹ 19:26-27).
- അമ്മ എന്നനിലയിൽ സഭയുടെ സംരക്ഷണമേറ്റെടുത്ത മറിയം സഭയുടെ ശൈശവദശയിൽത്തന്നെ അപ്പസ്തോലന്മാർക്കും മറ്റുള്ളവർക്കും ധൈര്യം പകർന്നുകൊണ്ട് കൂടെയുണ്ടായിരുന്നു: "ഇവർ ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു" (അപ്പ 1:14).
- അപ്പസ്തോലന്മാർക്ക് ശക്തിയും മാതൃകയുമായി കൂടെയുണ്ടായിരുന്ന മറിയം സഭയുടെ വളർച്ചയുടെ എല്ലാഘട്ടങ്ങളിലും സഭയോടൊപ്പമുണ്ടായിരുന്നു. സഭയുടെ മാതാവും മദ്ധ്യസ്ഥയുമായ മറിയം ഇന്നും നമുക്ക് ശക്തിയും മാതൃകയുമാണ്.

മറിയത്തെ നമ്മുടെ അമ്മയായിക്കാണുന്ന നാം യാഥാർത്ഥത്തിൽ അവിടത്തെ നമ്മുടെ ഓരോരുത്തരുടെയും അമ്മയായി സ്വീകരിക്കുകയും ഏറ്റുപറയുകയുമാണു ചെയ്യുന്നത്. ഈ വിശ്വാസം സഭയോട് സ്നേഹവും കൂറും പുലർത്തി ജീവിക്കാൻ നമ്മെ ആഹ്വാനം ചെയ്യുന്നു.

## പ്രാർത്ഥനയുടെയും സേവനത്തിന്റെയും മാതൃകയായ മറിയം

### പ്രാർത്ഥനയുടെ മാതൃക

ക്രിസ്തുവിനെപ്പോലെ മറിയവും നമുക്ക് പ്രാർത്ഥനയുടെ വലിയ മാതൃകയാണ്. തന്റെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രാർത്ഥനാനിരതയായ മറിയത്തെ നാം കാണുന്നു.

**മറിയത്തിന്റെ ജീവിതത്തിലെ പ്രാർത്ഥനയുടെ സുപ്രധാനമുഹൂർത്തങ്ങൾ**

- മംഗലവാർത്ത (ലൂക്കാ 26:38)
- സ്തോത്രഗീതം (ലൂക്കാ 1:46-53)

- സിനഗോഗിലും ജറുസലേംദൈവാലയത്തിലും (ലൂക്കാ 2:21-24)
- പതിവുപോലെയുള്ള പെസഹാത്തിരുനാൾ ആഘോഷവേളയിൽ (ലൂക്കാ 2:41-52)
- കുരിശിൻചുവട്ടിൽ (യോഹ 13:25-27)
- പെന്തക്കോസ്താ (അപ്പ 1:14)

### സേവനത്തിന്റെ മാതൃക

"മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നല്കാനുമത്രേ" (മർക്കോ 10:45) എന്നു പറഞ്ഞ സ്വപുത്രന്റെ വാക്കുകൾ മറിയം തന്റെ ജീവിതത്തിലും പ്രാവർത്തികമാക്കുന്നത് നമുക്കുകാണാനാകും:

- 'ഇതാ കർത്താവിന്റെ ദാസി!' എന്നു പറഞ്ഞ് ദൈവശുശ്രൂഷയ്ക്കായി സ്വയംദാസിയായിത്തീർന്നു (ലൂക്കാ 1:38).
- എലിസബത്തിനെ സന്ദർശിച്ച് ഒരു ദാസിയെപ്പോലെ ശുശ്രൂഷിച്ചു (ലൂക്കാ 1:39-45).
- കാനായിലെ കല്യാണവിരുന്നിലെ സേവനം (യോഹ 2:1-11).
- ഭാര്യയായി, അമ്മയായി, കുടുംബിനിയായി മറിയം സേവനമനുഷ്ഠിച്ചു.
- സഭയുടെ മുഴുവൻ മാതാവായി ഇന്നും മറിയം സേവനസന്നദ്ധയായി നിലകൊള്ളുന്നു.

തന്റെ ഭവനത്തിലും ദൈവാലയത്തിലും നിരന്തരം പ്രാർത്ഥിച്ചും ദൈവവചനം ധ്യാനിച്ചും ജീവിതം ദൈവാനുഭവമാക്കി മാറ്റിയ മറിയം തന്റെ മക്കൾക്കുള്ള ശുശ്രൂഷയും ദൈവാരാധനയുടെ ഭാഗമാക്കി മാറ്റി. അവൾ പ്രാർത്ഥനയ്ക്കും സേവനത്തിനും നമുക്കേവർക്കും മാതൃകയുമായി.

നിരന്തരം പ്രാർത്ഥിച്ചുകൊണ്ടും തിരുവചനം ധ്യാനിച്ചുകൊണ്ടും ഇടവിടാത്ത ശുശ്രൂഷയിലൂടെ വിശ്വാസം പ്രഘോഷിച്ചുകൊണ്ടും യുവതീയുവാക്കളായ നമ്മെയും ദൈവമഹത്വത്തിനും ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കും വേണ്ടി ജീവിക്കാൻ മറിയം ഇന്നും ആഹ്വാനം ചെയ്യുന്നു. ദൈവമാതാവും അമലോദ്ഭവയുമായ കന്യാമറിയം പാപലേശമേശാത്ത തന്റെ ജീവിതം വഴിയും ദൈവപിതാവിന്റെ മകളും ക്രിസ്തുവിന്റെ അമ്മയും പരിശുദ്ധാത്മാവിന്റെ മണവാട്ടിയുമായി ദൈവഹിതത്തിനു നിരന്തരം കീഴ്പ്പെട്ടുകൊണ്ടും നമുക്കെന്നും മാതൃകയും സംരക്ഷകയുമായി നിലകൊള്ളുന്നു.

"രക്ഷകന്റെ പ്രിയജനനീ
സ്വർഗത്തിൻ കവാടമേ,
സാഗരതാരമേ,
വീണുപോയവരെങ്കിലുമെഴുന്നേല്ക്കാൻ
കഠിനമായ് യത്നിക്കും
നിൻ തനയരെ സഹായിക്കണമേ
വിസ്മയമാർന്നീ പ്രകൃതി നോക്കിനില്ക്കവേ
സ്വസ്രഷ്ടാവിനെ നീ സംവഹിച്ചു" (രക്ഷകന്റെ അമ്മ)

## ഉത്തരം കണ്ടെത്താം

1. മറിയം നിത്യകന്യകയാണ് എന്നതിന് വിശുദ്ധഗ്രന്ഥം നല്കുന്ന സൂചന എന്ത്?
2. മറിയത്തിന്റെ നിത്യകന്യാത്വത്തെക്കുറിച്ച് വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതെന്ത്?
3. മറിയം സഹരക്ഷകയാകുന്നതെങ്ങനെ?
4. മറിയത്തെ 'രണ്ടാമത്തെ ഹവ്വ' എന്നു വിളിക്കുന്നതെന്തുകൊണ്ട്?
5. മറിയം നല്കുന്ന സേവനത്തിന്റെ മാതൃകയ്ക്ക് എന്തുതെളിവുനല്കാനാകും?

## പ്രവർത്തനം

- മറിയത്തിന്റെ വിവിധ നാമധേയങ്ങൾ കണ്ടുപിടിച്ച് രേഖപ്പെടുത്തുക
- യേശുവിന്റെ സ്വർഗാരോഹണവും മറിയത്തിന്റെ സ്വർഗാരോപണവും തമ്മിലുള്ള വ്യത്യാസമെന്തെന്നു കണ്ടെത്തുക.
- മറിയം പ്രത്യക്ഷപ്പെട്ട സ്ഥലങ്ങളും വർഷങ്ങളും പ്രത്യേകതകളും കണ്ടുപിടിച്ചു രേഖപ്പെടുത്തുക.
- പരിശുദ്ധ മറിയത്തിന്റെ ജീവിതം നല്കുന്ന പ്രചോദനത്തെക്കുറിച്ച് ഒരു പ്രബന്ധം തയ്യാറാക്കുക.

## ഗാനം



മറിയമേ, നിന്റെ നിത്യകന്യാത്വം
വിശ്വസിക്കുന്നു സത്യമായ്
പരിശുദ്ധാത്മാവിൻ ശക്തിയാലേ നീ
യേശുനാഥന്റെ അമ്മയായ്

ദിവ്യസൂനുവിൻ രക്ഷാകർമ്മത്തിൽ
അമ്മേ, നീയെന്നും പങ്കാളി
അതിനാൽ ഞങ്ങളും വാഴ്ത്തിപ്പാടുന്നു:
മറിയം, നീ, സഹരക്ഷക!

മരണത്തിൻശേഷം ദൈവത്താലമ്മ
സ്വർഗാരോപിതയായല്ലോ
ദൈവത്താൽ മുടി ചൂടിക്കയാലേ
സ്വർഗറാണിയായ്ത്തീർന്നല്ലോ!





# 12 യുവജനങ്ങളും മാധ്യമങ്ങളും

**ആമുഖ പ്രവർത്തനം**

ന്യൂയോർക്കിലെ മിടുക്കനായ ഒരു ഹൈസ്കൂൾവിദ്യാർത്ഥിയായിരുന്നു റോ ഗാർസി. മണിക്കുറുകൾ ടെലിവിഷൻ കാണുക അവന്റെ ശീലമായിരുന്നു. അവന്റെ ഭാവിക്ക് ഇതു ദോഷമായിത്തീരുമെന്നുകരുതിയ പിതാവ് ടി.വി കാണുന്നതിൽ നിന്ന് അവനെ വിലക്കി. കോപിഷ്ടനായ ഗാർസി സ്വയം വെടിവെച്ചുമരിച്ചു. പോക്കറ്റിൽ സൂക്ഷിച്ചിരുന്ന ആത്മ ഹത്യക്കുറിപ്പിൽ അവൻ ഇപ്രകാരം എഴുതിയിരുന്നു, "ഞാൻ എന്നോടൊപ്പം എന്റെ ഹൃദ യത്തിൽ എന്റെ ടെലിവിഷൻസെറ്റും കൊണ്ടുപോകുന്നു; ഞാൻ നിന്നെ സ്നേഹിക്കുന്നു". സമാനമായ ഒട്ടേറെ സംഭവങ്ങൾ നിങ്ങൾ കേട്ടിട്ടുണ്ടാവാം.

മാധ്യമം ചെലുത്തുന്ന നല്ലതും ദോഷകരവുമായ കാര്യങ്ങൾ ഇന്നത്തെ യുവതലമു റയെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് മേല്പ്പറഞ്ഞ സംഭവത്തിന്റെ വെളിച്ചത്തിൽ ഗ്രൂപ്പു തിരിഞ്ഞ് ചർച്ചചെയ്യുക.

"ലോകമൊന്നായിരിക്കുന്നു,

കമ്പികൊണ്ടും കമ്പിയില്ലാകമ്പികൊണ്ടും,

കരളുകൊണ്ടല്ല!

ഈ കുഞ്ഞുകവിത സമ്പർക്കമാധ്യമങ്ങളുടെ നേട്ടവും കോട്ടവും എടുത്തുകാട്ടുന്നു. മാധ്യമങ്ങളുടെ കുതിച്ചുചാട്ടത്തിൽ ലോകം ആഗോളഗ്രാമ(global village)മായിരിക്കുന്നു. സമയവും ദൂരവും ഇന്ന് ഒരു പ്രശ്നമല്ല. ഒരു വിരൽത്തുമ്പിൽ... ഒരു കൊച്ചു സ്ക്രീനിൽ ലോകത്തിന്റെ ഒരു പരിച്ഛേദം..... മഹത്തായ ഈ നേട്ടം തള്ളിപ്പറയുന്നത് അബദ്ധം തന്നെ. അതുകൊണ്ട് മാധ്യമങ്ങളെക്കുറിച്ച് വിശദമായി ചർച്ചചെയ്ത് അതിലെ നന്മ ഉൾക്കൊള്ളുകയാണ് കരണീയം.

## മാധ്യമം: ഒരു നിർവചനം

ഒരുവന്റെ ഉള്ളിലുള്ള കാര്യം വിശ്വസനീയവും സ്വീകാര്യവുമായരീതിയിൽ മറ്റൊരാളിലേക്ക് എത്തിക്കാനുള്ള ഉപാധിയാണ് മാധ്യമം.

മനുഷ്യന്റെ ചിന്തയെയും സംസ്കാരത്തെയും മൂല്യങ്ങളെയും ആഴത്തിൽ സ്വാധീനിക്കാൻ മാധ്യമങ്ങൾക്കു സാധിക്കും. പത്രമാസികകൾ, റേഡിയോ, ടെലിവിഷൻ, കമ്പ്യൂട്ടർ, ടെലിഫോൺ, സെൽഫോൺ, ഇന്റർനെറ്റ് തുടങ്ങി മാധ്യമങ്ങൾ നിരവധിയുണ്ട്.

വിവരങ്ങൾ കൈമാറുക എന്നതിലുപരി, പുതിയൊരു ഭാഷയും (മാധ്യമഭാഷ) ജീവിതശൈലിയും രൂപപ്പെടുത്താൻ മാധ്യമങ്ങൾക്കു സാധിച്ചിരിക്കുന്നു. മാധ്യമങ്ങൾ സൃഷ്ടിക്കുന്ന പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും സഞ്ചരിക്കാൻ നാം ഇന്ന് നിർബന്ധിതരാണ്. വൻകരകളെയും സമുദ്രങ്ങളെയും അത് ഒന്നാക്കിത്തീർത്തിരിക്കുന്നു. വിരലൊന്നമർത്തിയാൽ ആയിരക്കണക്കിനു കിലോമീറ്റർ ദൂരത്തുള്ള ഉറ്റവരുമായി മുഖാമുഖം കണ്ടു സുഖദുഃഖങ്ങൾ കൈമാറാം. ഐക്യദാർഢ്യം പ്രഖ്യാപിക്കാം. മനുഷ്യരാശിക്കു ദൈവം കനിഞ്ഞു നല്കിയ മഹാനുഗ്രഹമാണിവയെല്ലാം. പക്ഷേ, ഏദൻതോട്ടത്തിന്റെ നടുവിൽ നട്ടുപിടിപ്പിച്ച ചെറിയ വൃക്ഷത്തിന്റെ പരിമിതി ഇവയുടെ കാര്യത്തിലുമുണ്ട്.

1992-ലെ ലോക മാധ്യമദിനസന്ദേശത്തിൽ ജോൺ പോൾ രണ്ടാമൻ പാപ്പാ ഇപ്രകാരം എഴുതി: "നമ്മുടെ ഹൃദയത്തിൽ നിന്നുയരുന്ന ചിന്തകളും വികാരങ്ങളും ചുറ്റുപാടുള്ളവരുമായി വിനിമയം ചെയ്യുന്നതും നമ്മുടെ ഒറ്റപ്പെടലിലും ഏകാന്തതയിലും നിന്ന് പുറത്തുവരാൻ നമ്മെ പ്രാപ്തരാക്കുന്ന സംസാരത്തിന്റെയും കേൾവിയുടെയും കാഴ്ചയുടെയും അനുഗ്രഹങ്ങൾ നാം ആഘോഷിക്കുന്നതും മാധ്യമങ്ങളിലൂടെയാണ്." ഇന്നത്തെ ലോകത്ത മാധ്യമങ്ങൾക്കുള്ള പ്രസക്തി എത്ര വലുതാണെന്ന് പാപ്പായുടെ ഈ വാക്കുകൾ നമ്മെ അനുസ്മരിപ്പിക്കുന്നു.

ആശയവിനിമയം (Communication) നടത്തുകയാണ് മാധ്യമങ്ങളുടെ പൊതുവായ ധർമ്മം. വിവരങ്ങൾ അറിയുകയും അറിയിക്കുകയും ചെയ്യുന്നതിലൂടെ പരസ്പരം ബന്ധപ്പെടാനും കൂട്ടായ്മയ്ക്കുള്ള വേദികളൊരുക്കാനും സമ്പർക്കമാധ്യമങ്ങൾ സഹായിക്കുന്നു.

## മാധ്യമങ്ങളുടെ ലക്ഷ്യവും ധർമ്മവും

**മാധ്യമങ്ങൾക്കുള്ളത് മൂന്ന് ലക്ഷ്യങ്ങളാണന്നുപറയാം:**

- അറിവുനല്കുക (Information)
- പഠിപ്പിക്കുക (Education)
- വിനോദം പ്രദാനം ചെയ്യുക (Entertainment)

### അറിവു നല്കുക

രാഷ്ട്രീയ, സാമൂഹിക, സംസ്കാരിക, ആത്മീയ, വിദ്യാഭ്യാസ, ശാസ്ത്രീയ, സാമ്പത്തിക രംഗങ്ങളിലുണ്ടാകുന്ന നേരിയ ചലനങ്ങൾപോലും താമസംവിനാ നമ്മിൽ എത്തിക്കാൻ മാധ്യമങ്ങൾക്കു കഴിയുന്നു. മനുഷ്യനെ എപ്പോഴും അറിവിന്റെ ലോകവുമായി അവ ബന്ധപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

### പഠിപ്പിക്കുക

കുടുംബത്തിൽ നിന്നും വിദ്യാലയങ്ങളിൽ നിന്നും മറ്റു സാമൂഹിക, സാംസ്കാരിക, ആത്മീയ രംഗങ്ങളിൽ നിന്നും ലഭിക്കുന്ന അറിവ് അനുദിനം വികസിപ്പിക്കുന്നതിനും കാലഘട്ടത്തിനു ചേർന്നവിധം ആളുകളെ വളർത്തുന്നതിനും മാധ്യമങ്ങൾക്കു കഴിയുന്നു.

### വിനോദം പ്രദാനം ചെയ്യുക

ആരോഗ്യകരമായ മനസ്സു രൂപപ്പെടുത്തുന്നതിന് വിനോദം ആവശ്യമാണ്. അനുദിന ജിവിത പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മനസ്സിന്റെ പിരിമുറുക്കത്തിന് അയവുവരുത്തി സ്വസ്ഥത കൈവരിക്കാൻ വിനോദം കൂടിയേതീരൂ. മാധ്യമങ്ങൾ ഒരുക്കുന്ന വിനോദത്തിന്റെ വർണ വിസ്മയങ്ങൾ ആധുനികമനുഷ്യന് നവോന്മേഷവും ഉണർവും പ്രദാനം ചെയ്യുന്നതിൽ ഒരു വലിയ പങ്കുവഹിക്കുന്നു.

### മാധ്യമസാക്ഷരത (Media Education)

മാധ്യമങ്ങളുടെ അനന്തമായ സാധ്യത മനസ്സിലാക്കി അവയെ പൂർണമായും തള്ളിക്കളയാതെ ഉചിതമായതു തിരഞ്ഞെടുത്ത് മനുഷ്യന്റെ സമഗ്രമായ വളർച്ചയ്ക്ക് ഉപയോഗിക്കാൻ സഹായിക്കുന്ന മാധ്യമഅവബോധമാണ് മാധ്യമസാക്ഷരത.

തള്ളേണ്ടത് തള്ളാനും സ്വീകരിക്കേണ്ടത് സ്വീകരിക്കാനും മാധ്യമസാക്ഷരത യുവജനങ്ങളെ പ്രാപ്തരാക്കുന്നു.

**മാധ്യമസാക്ഷരതയ്ക്ക് അഞ്ച് ഘടകങ്ങളാണുള്ളത്:**

- അവബോധം സൃഷ്ടിക്കുക (Awareness)
- അവലോകനം ചെയ്യുക (Analysis)
- വ്യാഖ്യാനിക്കുക (Interpretation)
- സ്വാംശീകരിക്കുക (Interrogation)
- പ്രതികരിക്കുക (Intervention)

[redacted]

## മാധ്യമസ്വാധീനം യുവജനങ്ങളിൽ

[redacted]

### മാധ്യമങ്ങളുടെ ചില ദോഷവശങ്ങൾ

- യുവജനങ്ങളുടെ സൃഷ്ടിപരമായ കഴിവ് നഷ്ടപ്പെടുത്തുന്നു.
- ദുശ്ശീലങ്ങൾക്ക് അടിമപ്പെടാനുള്ള സാധ്യത സൃഷ്ടിക്കുന്നു.
- ഉപഭോഗസംസ്കാരം വളർത്തുന്നു.
- മനോഭാവങ്ങളെയും തീരുമാനങ്ങളെയും ദോഷകരമാംവിധം സ്വാധീനിക്കുന്നു
- വായനലോകത്തുനിന്ന് പിന്തിരിപ്പിക്കുന്നു.
- കുടുംബബന്ധങ്ങൾ ശിഥിലീകരിക്കുന്നു.
- മാനസികവിഭ്രാന്തി വളർത്തുന്നു.
- കുടംബങ്ങളുടെയും വ്യക്തികളുടെയും ആത്മീയഅടിത്തറ തകർക്കുന്നു.
- വിദ്യാർത്ഥികളെ അലസരാക്കുന്നു.
- അന്ധമായ വീരാരാധനയും ഫാഷൻഭ്രമവും വളർത്തുന്നു.
- കുടുംബങ്ങളിലുള്ളതും കുടുംബങ്ങൾ തമ്മിലുള്ളതുമായ ബന്ധങ്ങൾ തകർക്കുന്നു.
- ലൈംഗിക അരാജകത്വം, അക്രമാവാസന എന്നിവ വളർത്തുന്നു.

മാധ്യമങ്ങളെ പാടേ നിഷേധിക്കുന്നതും തള്ളിക്കളയുന്നതും മൗഢ്യമാണ്. വിവേകത്തോടും ജാഗ്രതയോടുംകൂടെ അവ ഉപയോഗിക്കുകയാണു വേണ്ടത്.

### മാധ്യമങ്ങളും യുവജനമനസ്സാക്ഷി രൂപീകരണവും

നന്മചെയ്യാനും തിന്മചെയ്യാതിരിക്കാനും ആന്തരികവും സ്വാഭാവികവുമായ ഒരാഹ്വാനം ഓരോ വ്യക്തിയിലുമുണ്ട്. മനസ്സാക്ഷി അഥവാ ദൈവത്തിന്റെ സ്വരമാണിത്. വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹികജീവിതത്തിലും ഈ അവബോധം വളർത്തിയെടുക്കുന്നതിൽ, മനസ്സാക്ഷിയെ ശരിയാംവണ്ണം രൂപപ്പെടുത്തുന്നതിൽ മാധ്യമങ്ങൾക്കുവലിയൊരു പങ്കുണ്ട്. മനസ്സാക്ഷിയുടെ പ്രേരണാശക്തിക്ക് എതിരായി മാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ നന്മചെയ്യാനുള്ള സ്വതഃസിദ്ധമായ ഉൾവിളി അടിച്ചമർത്തപ്പെടുന്നു. നന്മതിന്മകൾ വിവേചിച്ചറിയാനുള്ള സ്വാഭാവികമായ കഴിവുപോലും നശിക്കുന്നു. ആധുനിക യുവത്വത്തിന്റെ ഗുരുതരമായ പ്രശ്നങ്ങളിൽ ഒന്നാണിതെന്നു പറയാം. മരവിച്ച മനസ്സാക്ഷിയുടെ ഉടമകളായി മാറുന്ന ഇത്തരക്കാർ അക്രമവാസനകളിലേക്കും കുറ്റകൃത്യങ്ങളിലേക്കും തീവ്രവാദത്തിലേക്കും തിരിയുന്നതിൽ അദ്ഭുതമില്ല. ചാവേറുകളാകാനും സ്വജീവിതം നശിപ്പിക്കാനും തക്കവിധം അവർക്കു വിവേകം നശിക്കുന്നു, അവർ നാശത്തിലേക്കു നയിക്കപ്പെടുന്നു. അതുകൊണ്ട് മാധ്യമങ്ങളുടെ ശരിയായ ഉപയോഗത്തിലൂടെ യഥാർത്ഥ മനസ്സാക്ഷി രൂപീകരിക്കാനും സഭയിലും സമൂഹത്തിലും നന്മയുടെ വക്താക്കളാകാനും യുവജനങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

### മാധ്യമങ്ങളും മൂല്യബോധനവും

മനസ്സാക്ഷി രൂപീകരണപ്രക്രിയയിൽ മാധ്യമങ്ങൾ നല്കുന്ന മൂല്യബോധത്തിന് വലിയ പങ്കുണ്ട്. രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക, ആത്മീയ, വിദ്യാഭ്യാസമണ്ഡലങ്ങളിലെ

മൂല്യച്യുതിക്കെതിരായി പോരാടിക്കൊണ്ട് മാധ്യമങ്ങൾ ഈ ധർമ്മം നിർവഹിക്കുന്നു. സത്യവും നീതിയും ധർമ്മവും ചവിട്ടിമെതിക്കപ്പെടുന്നിടത്ത് മാധ്യമങ്ങൾ നോക്കുകുത്തികളാകുന്ന കാഴ്ചയും നമ്മളിന്നു കണ്ടുവരുന്നു. സനാതനമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് മനുഷ്യമഹത്ത്വം ഉയർത്തിക്കാട്ടാൻ ബാധ്യതയുള്ള മാധ്യമങ്ങൾതന്നെ മൂല്യച്യുതിക്കു വഴിയൊരുക്കുന്നത് ശരിയല്ല. ഈ ദുഷ്പ്രേരണകളെല്ലാം അതിജീവിക്കാൻ മനുഷ്യമനസ്സാക്ഷി ഉണർത്തേണ്ടത് യുവജനങ്ങളുടെ കടമയാണ്.

## മാധ്യമങ്ങളും സഭയും

സുവിശേഷം ലോകത്തെ അറിയിക്കാൻ മാധ്യമങ്ങൾ വഹിക്കുന്നപങ്ക് ഇന്നു വളരെ വലുതാണ്. സകലജനതയ്ക്കും സുവിശേഷമെത്തിക്കാനുള്ള സഭയുടെ സുവിശേഷ പ്രഘോഷണദൗത്യം മാധ്യമങ്ങൾ ഏളുപ്പവും ഫലപ്രദവുമാക്കുന്നു.

കാലാകാലങ്ങളിൽ പാപ്പാമാരുടെ പ്രബോധനങ്ങൾ ഫലപ്രദമായി ലോകമെങ്ങും എത്തിക്കാൻ മാധ്യമങ്ങൾ അസാമാന്യമായ പങ്കു വഹിക്കുന്നു. അതുപോലെതന്നെ സഭാപരമായ വിജ്ഞാനശേഖരങ്ങളും പരിശുദ്ധപിതാവിന്റെ പൊതുപരിപാടികളുമെല്ലാം ഇന്റർനെറ്റിലൂടെയും മറ്റും ഏവർക്കും ലഭ്യമാക്കപ്പെട്ടുന്നു. പ്രസിദ്ധീകരണങ്ങൾ, ചിത്രീകരണങ്ങൾ, കാർട്ടൂണുകൾ, സംഗീത സൃഷ്ടികൾ, കലാസാഹിത്യ സൃഷ്ടികൾ, സുവിശേഷമൂല്യങ്ങളടങ്ങിയ ഇതര പ്രസിദ്ധീകരണങ്ങൾ എന്നിവ വഴി ക്രിസ്തീയമൂല്യങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് ജീവിതം കൂടുതൽ ധന്യമാക്കാൻ മാധ്യമങ്ങൾ സഹായിക്കുന്നു.

t

മാധ്യമങ്ങളുടെ വർദ്ധിച്ചുവരുന്ന പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് പോൾ ആറാമൻ പാപ്പാ Communio et Progressio എന്ന പ്രബോധനം പ്രസിദ്ധപ്പെടുത്തിയത്. മാധ്യമങ്ങളോടുള്ള സഭയുടെ മനോഭാവങ്ങളും നിലപാടുകളും മനസ്സിലാക്കാൻ കഴിയുന്ന സുപ്രധാന രേഖയാണിത്. 2002-ൽ പ്രസിദ്ധപ്പെടുത്തിയ 'The Ethics in Internet', 'The Church and Internet' എന്നീ രേഖകളും ഇന്റർനെറ്റിനെ സംബന്ധിച്ച് സഭനേരിടുന്ന വെല്ലുവിളികൾ പ്രതിപാദിക്കുന്നു. മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ മനസ്സിലാക്കി വേണ്ട ക്രമീകരണങ്ങൾ വരുത്താൻ സഭ നിർബന്ധിതമായിരിക്കുന്നു എന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു. മാധ്യമരംഗത്തുനിന്ന് അകന്നു നില്ക്കുകയല്ല, വേണ്ടരീതിയിൽ അത് ഉപയോഗിക്കുകയാണു കരണീയം എന്നും സഭ പഠിപ്പിക്കുന്നു.



**മാധ്യമങ്ങൾ സംബന്ധിച്ച് സഭയ്ക്ക് പ്രധാനപ്പെട്ട ചില ചുമതലകൾ നിർവഹിക്കാനുണ്ട്:**

- മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ മനസ്സിലാക്കി അവയെ മനുഷ്യന്റെ വളർച്ചയ്ക്ക് ഉപയോഗിക്കുക.
- രാഷ്ട്രങ്ങളുടെയും ജനതകളുടെയും ഐക്യത്തിനും പുരോഗതിക്കുമായി മാധ്യമങ്ങൾ ഉപയോഗപ്പെടുത്തുക.
- അടിച്ചമർത്തപ്പെട്ടവരുടെയും നീതി നിഷേധിക്കപ്പെട്ടവരുടെയും ശബ്ദമായിത്തീരാനുള്ള മാധ്യമങ്ങളുടെ ദൗത്യം നിരന്തരം ഓർമ്മിപ്പിക്കുക.
- മാധ്യമങ്ങൾ പ്രചരിപ്പിക്കുന്ന മരണസംസ്കാരത്തിൽനിന്ന് യുവജനങ്ങളെ പിന്തിരിപ്പിച്ച് ജീവന്റെ സംസ്കാരത്തിന്റെ വക്താക്കളാക്കുക.
- വ്യക്തിജീവിതത്തിന്റെയും കുടുംബജീവിതത്തിന്റെയും അടിത്തറയായ ആദ്ധ്യാത്മികത വളർത്താനും മാനവികത പരിപോഷിപ്പിക്കാനും മാധ്യമങ്ങൾ വേണ്ടവിധം ഉപയോഗപ്പെടുത്തുക
- നമ്മൾ വായിക്കുന്നതെന്താണ്, കാണുന്നതെന്താണ് എന്നതിനെക്കുറിച്ച് കരുതലുണ്ടായിരിക്കുക.
- പ്രാർത്ഥനാജീവിതത്തിലേക്ക് യുവമനസ്സുകൾ തിരിച്ചുകൊണ്ട് മാധ്യമങ്ങളിലൂടെ ലഭ്യമാകുന്ന മരണസംസ്കാരം മാറ്റാൻ കഴിയണം.

## മാധ്യമങ്ങളും സുവിശേഷ പ്രഘോഷണവും

സുവിശേഷപ്രഘോഷണത്തിന് മാധ്യമങ്ങൾ ഫലപ്രദമായി ഉപയോഗിക്കപ്പെടണമെന്ന് സഭ നിഷ്കർഷിക്കുന്നു: "വിശ്വാസത്തിന്റെ ആദ്യപ്രഘോഷണവും അതിന്റെ ആഴപ്പെടുത്തലും വിനിമയമാധ്യമങ്ങൾ കൂടാതെ സാധ്യമല്ല... മനുഷ്യപ്രയത്നം അനുദിനം കൂടുതൽ പൂർണമാക്കുന്ന ശക്തമായ ഈ മാധ്യമങ്ങൾ ഉപയോഗിച്ചില്ലെങ്കിൽ സഭ കർത്താവിന്റെ മുമ്പിൽ കുറ്റക്കാരിയായി നില്കേണ്ടിവരും" (സുവിശേഷപ്രഘോഷണം, 45).

അച്ചടിമാധ്യമങ്ങൾക്കു പുറമേ ദൃശ്യശ്രവ്യമാധ്യമങ്ങളും സുവിശേഷ പ്രചാരണത്തിന് ഫലപ്രദമായി ഉപയോഗിക്കാൻ സഭ സദാ ശ്രദ്ധാലുവാണ്. ഇന്ന് വളർന്നുകൊണ്ടിരിക്കുന്ന സൈബർ സ്പെയ്സ്, വീഡിയോ ചിത്രങ്ങൾ എന്നിവ ഉപയോഗിച്ച് സുവിശേഷ സന്ദേശങ്ങൾ നല്കാനുള്ള സാധ്യതകൾ നാം തള്ളിക്കളയരുത്. അത് കാലഘട്ടത്തിന്റെ ആവശ്യവുമാണ്.

"സമയവും സാഹചര്യവും ആവശ്യപ്പെടുന്നപോലെ പ്രേഷിതത്വത്തിന്റെ എല്ലാ തുറകളിലും മാധ്യമങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ സഭയുടെ മക്കൾ ഒറ്റക്കെട്ടായി ഉത്സാഹപൂർവം ശ്രമിക്കട്ടെ. അജപാലകർ ദൈവവചനപ്രഘോഷണമെന്ന അവരുടെ ഔദ്യോഗിക ചുമതലയോട് വളരെയധികം ബന്ധപ്പെട്ടാണിരിക്കുന്നത്. മാധ്യമങ്ങളോടുബന്ധമുള്ള എല്ലാ അല്മായരും തങ്ങളുടെ കർത്തവ്യങ്ങൾ വിദഗ്ധമായും പ്രേഷിതചൈതന്യത്തോടു

കൂടെയും നിർവഹിച്ചുകൊണ്ട് ക്രിസ്തുവിനു സാക്ഷ്യം വഹിക്കാൻ ശ്രമിക്കണം" (സാമൂഹികമാധ്യമങ്ങൾ, 13).

"അന്ധകാരത്തിൽ നിങ്ങളോടു ഞാൻ പറഞ്ഞവ, പ്രകാശത്തിൽ പറയുവിൻ. ചെവിയിൽ മന്ത്രിച്ചത് പുരമുകളിൽ നിന്ന് പ്രഘോഷിക്കുവിൻ" (മത്താ 10:27) എന്ന ക്രിസ്തുവചനത്തോടു നീതിപുലർത്താൻ ഇതുവഴി നമുക്കു സാധിക്കും.

### ഉത്തരം കണ്ടെത്താം

1. മാധ്യമങ്ങൾ എന്നാലെന്ത്?
2. എന്താണ് മാധ്യമസാക്ഷരത? അവയുടെ ഫലങ്ങൾ ഏവ?
3. മാധ്യമങ്ങളുടെ ലക്ഷ്യവും ധർമ്മവും വിവരിക്കുക.
4. യുവജന മനസ്സാക്ഷി രൂപീകരണത്തിൽ മാധ്യമങ്ങളുടെ പങ്കെന്ത്?
5. സുവിശേഷ പ്രഘോഷണരംഗത്തെ മാധ്യമങ്ങളുടെ ധർമ്മം വിലയിരുത്തുക.

### പ്രവർത്തനം

- ഇന്റർനെറ്റ് അപകടകാരിയാകുന്നുണ്ടോ? ചർച്ച ചെയ്യുക.
- മൊബൈൽഫോൺ വിദ്യാർത്ഥികൾക്ക് ആവശ്യമില്ല: ഡിബേറ്റ് നടത്തുക.

t

### ഗാനം



ആഗോളഗ്രാമമായ്, ലോകത്തെമാറ്റുവാൻ
ശക്തിയുള്ളൊരായുധം മാധ്യമങ്ങളോർക്കുവിൻ
വിനിമയം നടത്തുവാൻ, തത്സമയം കിട്ടുവാൻ
മാധ്യമങ്ങൾ മാത്രമാണിന്നു മാർഗമറിയുവിൻ

മാധ്യമങ്ങൾ നമ്മുടെ ചേതനയുണർത്തിടും
മഹിതമായി നമ്മുടെ ഭാവന വളർത്തിടും
ജ്ഞാനചക്രവാളസീമ വിപുലമാക്കി മാറ്റിടും
നമ്മൾ നീങ്ങിടേണ്ട പാത, ദൃശ്യമാക്കിത്തന്നിടും

എങ്കിലും വിവേകവും ശ്രദ്ധയും പുലർത്തണം
പതിയിരിക്കും ചതികളിൽ വീണിടാതെ നോക്കണം
നന്മ കണ്ടെടുക്കണം, ഗുണഫലങ്ങൾ കൊയ്യണം
അവയിലൂടെ നേടണം, ദൈവരാജ്യവിപുലനം!

# വിശുദ്ധ തോമസ് മൂർ (1478-1535)



ക്രിസ്തു സ്വജീവൻ നല്കി സ്ഥാപിച്ച സഭയ്ക്കു പോഷണമായിത്തീർന്നത് രക്തസാക്ഷികളുടെ ചുടുനിണമാണ്. 16-ാം നൂറ്റാണ്ടിൽ സഭയ്ക്കും സഭയുടെ ദൃശ്യതലവനായ പാപ്പായുടെ പരമാധികാരത്തിനും വേണ്ടി ജീവനർപ്പിച്ച ധീര രക്തസാക്ഷിയാണ് വിശുദ്ധ തോമസ് മൂർ.

ഹെൻറി ഏഴാമന്റെ ഭരണകാലത്ത് ഇംഗ്ലണ്ടിലെ ന്യായാധിപസംഘത്തിലെ ഒരു പ്രമുഖാംഗമായിരുന്ന സർ ജോൺ മൂറിന്റെയും ആഗ്നസ് ഗ്രാംഗറിന്റെയും ഏകപുത്രനായി 1478-ഫെബ്രുവരി 7- നു തോമസ് മൂർ ജനിച്ചു. പിതാവായ ജോൺ മൂർ ദൈവഭക്തനും സദ്ഗുണസമ്പന്നനുമായിരുന്നു. ഈ നന്മകൾ തോമസിനും പകർന്നുകിട്ടി.

ത്രെഡ് നീഡിൽ സ്ട്രീറ്റിലെ സെന്റ് ആന്റണീസ് സ്കൂളിൽ തോമസ് പ്രാഥമിക വിദ്യാഭ്യാസം ആരംഭിച്ചു.

16-ാം വയസ്സിൽ തോമസ് ഉന്നത വിദ്യാഭ്യാസത്തിനായി ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ ചേർന്നു. 1494-ൽ യൂണിവേഴ്സിറ്റിവിട്ട അദ്ദേഹം പിതാവിന്റെ നിർദ്ദേശമനുസരിച്ചു നിയമവിദ്യാഭ്യാസം ആരംഭിച്ചു.

t

26-ാമത്തെ വയസ്സിൽ തോമസ് മൂർ ഇംഗ്ലണ്ടിലെ പ്രജാസഭയുടെ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. പ്രജാസഭാംഗമെന്ന നിലയിൽ ഹെൻറി ഏഴാമൻ രാജാവിന്റെ വഴിവിട്ട പ്രവർത്തനങ്ങളെ ശക്തമായി എതിർക്കാൻ തോമസ് മൂർ കാണിച്ച അസാമാന്യധീരത അദ്ദേഹത്തെ പ്രസിദ്ധനാക്കി.

ഇക്കാലത്ത് എസെക്സിലെ പ്രഭുവായ കോൾട്ട് ഓഫ് നെത്തർഹാളിന്റെ പുത്രിയെ തോമസ് വിവാഹം ചെയ്തു. സന്തോഷകരമായിരുന്നു അവരുടെ കുടുംബജീവിതം. പക്ഷേ, ആ സൗഭാഗ്യം അധികനാൾ അനുഭവിക്കാൻ അവർക്കു കഴിഞ്ഞില്ല. ആറു വർഷത്തിനിടയിൽ മൂന്നു പുത്രിമാരെയും ഒരു പുത്രനെയം തോമസിനു നല്കിയിട്ട് ആ നല്ല ഭാര്യ ഇഹലോകവാസം വെടിഞ്ഞു.

വീണ്ടും ഒരു ദാമ്പത്യബന്ധത്തിനുള്ള ആഗ്രഹമില്ലായിരുന്നെങ്കിലും പ്രാണനുതുല്യം സ്നേഹിച്ചിരുന്ന മക്കളുടെ നന്മയെക്കരുതി അദ്ദേഹം പുനർവിവാഹത്തിനു തയ്യാറായി. എല്ലാവർക്കും മാതൃകയായ ഒരുകുടുംബനാഥനായിരുന്നു തോമസ് മൂർ.

1509-ൽ ഹെൻറി എട്ടാമൻ ഇംഗ്ലണ്ടിലെ രാജാവായി സ്ഥാനാരോഹണം ചെയ്തു. ഏറെത്താമസിയാതെ തോമസ് മൂർ രാജാവിന്റെയും മന്ത്രിയായ കർദ്ദിനാൾ വുൾസിയുടെയും പ്രീതിക്കുപ്രാത്രമായി.

1529-ൽ ഹെൻറി എട്ടാമൻ തോമസ് മൂറിനെ ലോർഡ് ചാൻസലർ ഓഫ് ദി എക്സ്ച്ചെക്കർ ആയി നിയമിച്ചു.

ലൂഥറൻ പാഷണ്ഡതയ്ക്ക് പ്രചാരം സിദ്ധിച്ചുവരുന്ന സമയമായിരുന്നു അത്. തോമസ് മൂർ തന്റെ സാഹിത്യരചനകളിലൂടെ ലൂഥറൻ പാഷണ്ഡതയ്ക്കെതിരേ ശക്തമായി പ്രതികരിക്കുകയും ലൂഥറിന്റെ വാദമുഖങ്ങളുടെ നിരർത്ഥകത തുറന്നു കാണിക്കുകയും ചെയ്തു. ഇംഗ്ലണ്ടിൽ നിലവിലുണ്ടായിരുന്ന നിയമസംഹിതയിലെ തിന്മകൾ ചൂണ്ടിക്കാണിക്കുന്ന 'ഉട്ടോപ്പിയ' എന്ന ഗ്രന്ഥവും

റിച്ചാർഡ് മൂന്നാമൻ രാജാവിന്റെ ജീവചരിത്രവും തോമസ് മൂറിന്റെ സാഹിത്യസംഭാവനകളിൽ പ്രധാനപ്പെട്ടവയാണ്. നിരവധി വിഷയങ്ങളിൽ പാണ്ഡിത്യമുണ്ടായിരുന്ന അദ്ദേഹം മാതൃഭാഷയിലെന്നപോലെ ലത്തീനിലും അവഗാഹം നേടിയിരുന്നു.

തികഞ്ഞ പിതൃഭക്തനായിരുന്നു തോമസ് മൂർ. ഇംഗ്ലണ്ടിന്റെ ചാൻസലറായ അദ്ദേഹം രാജസദസ്സിലേക്കു പോയിരുന്നത് തന്റെ പിതാവായ ജോൺമൂർ ന്യായാധിപനായി ജോലി ചെയ്തിരുന്ന കീഴ്ക്കോടതി പ്രവർത്തിച്ചിരുന്ന വെസ്റ്റ് മിനിസ്റ്റർ ഹാളിലൂടെയായിരുന്നു. അതിലേ കടന്നുപോകുമ്പോഴെല്ലാം തോമസ് മൂർ പിതാവിന്റെ മുമ്പിൽ മുട്ടുകുത്തി അദ്ദേഹത്തിന്റെ അനുഗ്രഹാശിസ്സുകൾ വാങ്ങുമായിരുന്നു.

ദരിദ്രരോടും അഗതികളോടുമുള്ള കാരുണ്യം മനസ്സിൽ ഒതുക്കിവയ്ക്കാൻ തോസ് മൂറിനു കഴിയുമായിരുന്നില്ല. സമയം ലഭിക്കുമ്പോഴെല്ലാം അദ്ദേഹം ദരിദ്രർ താമസിച്ചിരുന്ന തെരുവുകൾ സന്ദർശിച്ച്, അവരുടെ ആവശ്യങ്ങൾ അന്വേഷിച്ചറിഞ്ഞ് അവരെ സഹായിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ജോലിത്തിരക്കുമൂലം അതിനു സാധിക്കാതെവരുമ്പോൾ, കുടുംബാംഗങ്ങളെ അതിനായി അദ്ദേഹം നിയോഗിച്ചിരുന്നു. തന്റെ ഭവനത്തിനടുത്ത് ഒരു കെട്ടിടം വാടകയ്ക്കെടുത്ത് അഗതികളെയും രോഗികളെയും വൃദ്ധരെയും അതിൽ താമസിപ്പിച്ച് അവർക്കു വേണ്ട ശുശ്രൂഷ അദ്ദേഹം തന്നെ ചെയ്തുകൊടുത്തിരുന്നു.

ദിവസവും വിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ നിഷ്കർഷ കാണിച്ചിരുന്ന തോമസ് മൂർ ഗായകസംഘത്തോടൊപ്പം ചേർന്ന് പാടുക പതിവായിരുന്നു.

ഹെൻറി എട്ടാമൻ രാജാവിന്റെ വക്രബുദ്ധി ആരംഭത്തിലേ മനസ്സിലാക്കാൻ തോമസ് മൂറിനു കഴിഞ്ഞിരുന്നു. രാജാവ് വിവാഹം ചെയ്തിരുന്നത് സ്വന്തം സഹോദരന്റെ ഭാര്യയായിരുന്ന കാതറയിനിനെയാണ്. പോപ്പിന്റെ പ്രത്യേകാനുവാദവും അംഗീകാരവും ആ വിവാഹത്തിനുണ്ടായിരുന്നു. 20 വർഷം അവരൊരുമിച്ചു ജീവിച്ചു. ആയിടയ്ക്കാണ് സുന്ദരിയായ ആൻബോളിൽ രാജാവിനു താൽപര്യം ജനിച്ചത്. അവളെ വിവാഹം ചെയ്യാൻ അദ്ദേഹം തന്ത്രങ്ങൾ മെനഞ്ഞു. തന്ത്രശാലിയായ രാജാവ് തന്റെ ആദ്യവിവാഹം നിയമവിരുദ്ധവും സഭാവിരുദ്ധവുമാണെന്നു വരുത്തിത്തീർക്കാനുള്ള ശ്രമം തുടങ്ങി. ഒടുവിൽ ആ വിവാഹം നിയമവരുദ്ധമായിരുന്നെന്ന് അദ്ദേഹം തന്നെ പ്രഖ്യാപിക്കുകയും ആൻബോളിനെ വിവാഹം ചെയ്യാനുള്ള അനുവാദത്തിനു പോപ്പിനെ സമീപിക്കുകയും ചെയ്തു. എന്നാൽ പോപ്പ് ഈ ആവശ്യം ശക്തമായി നിഷേധിച്ചു.

സംഭവങ്ങൾ സൂക്ഷ്മതയോടെ പഠിച്ചു വിലയിരുത്തുന്ന തോമസ് മൂർ ഇനിയും ഉദ്യോഗത്തിൽ തുടർന്നാൽ മനസ്സാക്ഷിക്കു വിരുദ്ധമായ തെറ്റിനു കൂട്ടുനില്ക്കാൻ നിർബന്ധിതനാകുമെന്ന നിഗമനത്തിലെത്തി. ഭൗതികസ്ഥാനമാനങ്ങളെക്കാൾ ധാർമ്മികതയ്ക്കും സത്യത്തിനും വിലകല്പിച്ച അദ്ദേഹം 1532-ൽ ചാൻസലർ സ്ഥാനം രാജിവച്ചു. വാസ്തവത്തിൽ സ്ഥാനത്യാഗം അദ്ദേഹത്തിന് ആഹ്ലാദം പകരുന്നതായിരുന്നു. എന്നാൽ ഭാര്യയായ ആലീസിന് ഇതുൾക്കൊള്ളാൻ കഴിയുമായിരുന്നില്ല.

1533-ൽ ഹെൻറി എട്ടാമൻ, പാപ്പായുടെ വിലക്കു ലംഘിച്ച് ആൻബോളിനെ രഹസ്യമായി വിവാഹം കഴിക്കുകയും താമസിയാതെ അവളെ ഇംഗ്ലണ്ടിന്റെ രാജ്ഞിയായി കിരീടം ധരിപ്പിക്കുകയും ചെയ്തു. പാപ്പാ ഹെൻറിക്കു മഹറോൻ ശിക്ഷ കല്പിച്ചു.

രാജാവ് പേപ്പസിയുമായുള്ള എല്ലാ ബന്ധങ്ങളും അവസാനിപ്പിക്കുകയും ഇംഗ്ലണ്ടിലെ സഭയുടെ തലവനായി സ്വയം പ്രഖ്യാപിക്കുകയും ചെയ്തു. തന്നെ അനുസരിക്കാത്തവരെ പലതരത്തിലും രാജാവ് ഉപദ്രവിച്ചു. തന്റെ പുനർവിവാഹത്തിനു പരിരക്ഷനല്കാനും പാപ്പായുടെ പരമാധികാരത്തിന് ഇംഗ്ലണ്ടിൽ അറുതി വരുത്താനും പറ്റിയ നിയമനിർമ്മാണം നടത്തിച്ചു. ആ നിയമം അംഗീകരിച്ചു ശപഥം ചെയ്യാത്തവരെ വധശിക്ഷയ്ക്കു വിധേയരാക്കാനുള്ള വ്യവസ്ഥയും അതിലുണ്ടാ

യിരുന്നു.

പാപ്പായുടെ പരമാധികാരം നിഷേധിക്കുന്ന ഒരു നിയമവും അംഗീകരിക്കാൻ തോമസ് മൂർ തയ്യാറായിരുന്നില്ല. 1534 ഏപ്രിൽ 13- ന് അദ്ദേഹം കൊട്ടാരത്തിലേക്കു വിളിപ്പിക്കപ്പെട്ടു. തന്നെ കാത്തിരിക്കുന്ന വിധി മനസ്സിലാക്കിയ തോമസ് മൂർ വിശുദ്ധ കുർബാനയിൽ സംബന്ധിച്ചു ദിവ്യകാരുണ്യം സ്വീകരിച്ചശേഷം കൊട്ടാരത്തിൽ ഹാജരായി. രാജകല്പന അനുസരിച്ചു ശപഥം ചെയ്യാൻ വിസമ്മതിച്ച അദ്ദേഹം ജയിലിലടയ്ക്കപ്പെട്ടു. രാജകീയ കമ്മീഷനിലെ അംഗങ്ങൾ നാലുദിവസത്തിനുശേഷം വീണ്ടും അദ്ദേഹത്തെ സമീപിച്ചു ശപഥം ചെയ്യിക്കാൻ പരമാവധി ശ്രമിച്ചു. എന്നാൽ അദ്ദേഹം തന്റെ നിലപാടിൽ ഉറച്ചുതന്നെ നിന്നു. തുടർന്ന് രാജദ്രോഹികളെ പാർപ്പിച്ചിരുന്ന ലണ്ടൻ ടവറിലേക്ക് (ജയിൽ) അദ്ദേഹം മാറ്റപ്പെട്ടു.

രാജശാസന അനുസരിച്ച് ശപഥം ചെയ്തു സൗഭാഗ്യങ്ങൾ വീണ്ടെടുക്കാൻ നിർബന്ധിച്ച ഭാര്യയോട് അദ്ദേഹം പറഞ്ഞു: "ഒരായിരം കൊല്ലത്തെ സൗഭാഗ്യകരമായ ജീവിതത്തിനു വേണ്ടിപ്പോലും ഞാൻ നിത്യസൗഭാഗ്യം നഷ്ടമാക്കിക്കളയുമോ?"

ക്ലേശപൂർണമായ ദിനങ്ങളായിരുന്നു ജയിലിൽ അദ്ദേഹം പിന്നിട്ടത്. 1535 ജൂലൈ ഒന്നിന് അവശനായ തോമസ് കോടതിയിൽ ഹാജരാക്കപ്പെട്ടു. കള്ളസാക്ഷികളുടെ സഹായത്തോടെ അദ്ദേഹം കുറ്റക്കാരനാണെന്നു സ്ഥാപിച്ചു. ബന്ധിച്ച് കൊലസ്ഥലമായ ടൈബേണിലേക്കു വലിച്ചിഴച്ചുകൊണ്ടുപോയി അവിടെവച്ചു തൂക്കിലേറ്റാനായിരുന്നു വിധി. എന്നാൽ രാജാവ് ഇടപെട്ടു ശിക്ഷ ശിരച്ഛേദമാക്കി. മരണശിക്ഷയ്ക്കു വിധിച്ചെങ്കിലും തോമസ് മൂർ മരിക്കുന്നത് രാജാവിന് ഇഷ്ടമല്ലായിരുന്നു. അതിനാൽ മതമുപേക്ഷിക്കാൻ തോമസിനെ പ്രേരിപ്പിക്കാനായി പലരെയും രാജാവു നിയോഗിച്ചു. എന്നാൽ കത്തോലിക്കാസഭയെയും പോപ്പിന്റെ പരമാധികാരത്തെയും തള്ളിപ്പറയുന്നതിനെക്കാൾ മരണം വരിക്കാൻ തോമസ് മൂർ ഒരുങ്ങിക്കഴിഞ്ഞിരുന്നു.

t

1535 ജൂലൈ 6- നു തോമസ് മൂർ കൊലക്കളത്തിലേക്ക് ആനയിക്കപ്പെട്ടു. അദ്ദേഹം ശാന്തനും നിർഭയനും സന്തോഷവാനുമായിരുന്നു. കൊലത്തട്ടിൽ വച്ച് അദ്ദേഹം പറഞ്ഞു: "ദൈവഭക്തനും രാജഭക്തനുമായി ഞാൻ മരിക്കുന്നു. എല്ലാവരും എനിക്കു വേണ്ടി പ്രാർത്ഥിക്കണം." കത്തോലിക്കാസഭയിലെ അംഗമായി സഭയ്ക്കുവേണ്ടി താൻ ജീവൻ ത്യജിക്കുന്നതിനു സാക്ഷ്യം വഹിക്കണമെന്ന് അവിടെ കൂടിയിരുന്നവരോട് അദ്ദേഹം അഭ്യർത്ഥിച്ചു. സങ്കീർത്തനം ചൊല്ലി ദൈവത്തെ സ്തുതിച്ചു മരണത്തിനു തയ്യാറായി. ആരാച്ചാർ തോമസ് മൂറിന്റെ ശിരസ്സു ഛേദിച്ചു. ഗളച്ഛേദം ചെയ്യപ്പെടുന്നവരുടെ ശിരസ്സ് ലണ്ടൻപാലത്തിൽ കുന്തത്തിൽ കുത്തി നിർത്തുകയായിരുന്നു പതിവ്. തോമസ് മൂറിന്റെ ശിരസ്സും അപ്രകാരം തന്നെ ചെയ്തു. ശരീരം അദ്ദേഹത്തിന്റെ പുത്രി മാർഗരറ്റ് ഏറ്റുവാങ്ങി ലണ്ടൻ ടവറിലെ വിശുദ്ധ പത്രോസിന്റെ ദൈവാലയത്തിൽ സംസ്കരിച്ചു. ശിരസ്സ് ഒരു മാസം കഴിഞ്ഞ് മാർഗരറ്റ് സേവകർക്കു പണംകൊടുത്തു വീണ്ടെടുത്ത് സ്വഭവനത്തിൽ പൂജ്യമായി സൂക്ഷിച്ചുവച്ചു.

ആരും കൊതിച്ചുപോകുന്ന സൗഭാഗ്യങ്ങളും ഉന്നതസ്ഥാനമാനങ്ങളും നിസ്സാരമായി അവഗണിച്ച് ക്രിസ്തുവിന്റെ സഭയെയും അതിന്റെ പരമാദ്ധ്യക്ഷനായ പാപ്പായുടെ പരമാധികാരത്തെയും പ്രതി ജീവൻ സമർപ്പിച്ച ഈ മഹാരക്തസാക്ഷി എക്കാലത്തെയും സഭാംഗങ്ങൾക്ക് ഉത്തമ മാതൃകയാണ്.

1886 ഡിസംബർ 29-നു ലെയോ പതിമൂന്നാമൻ പാപ്പാ തോമസ് മൂറിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. 1935 മെയ് 19-ന് പതിനൊന്നാം പീയൂസ് പാപ്പാ അദ്ദേഹത്തെ വിശുദ്ധപദവിയിലേക്കുയർത്തി.

തിരുസഭ ജൂൺ 22-ന് ഈ വിശുദ്ധന്റെ തിരുനാൾ ആചരിക്കുന്നു.